## കുർക്കഞ്ചേരി ഗ്രാമപഞ്ചായത്ത്

### ജനകീയാസൂത്രണം

# സമഗ്ര വികസന രേഖ




OFFICE OF THE KOORKANCHERY GRAMA PANCHAYAT

90-3



കൂർക്കഞ്ചേരി ഗ്രാമപഞ്ചായത്ത് ഓഫീസ്

11-11-96 ൽ കൂടിയ
ഗ്രാമപഞ്ചായത്ത് സമിതി യോഗത്തിൽ
498/96 തീരുമാനപ്രകാരം
വികസനറിപ്പോർട്ട് അംഗീകരിച്ചു.

ശ്രീമതി കെ.എൻ.സത്യഭാമ
പ്രസിഡൻറ്

ശ്രീ. സി.സി.സുബ്രഹ്മണ്യൻ
സെക്രട്ടറി

എഡിറ്റർ വി.എ.ത്യാഗരാജൻ


എഡിറ്റോറിയൽ ബോർഡ്

1. കെ.എൻ. സത്യഭാമ
2. എ.പി. ബാലകൃഷ്ണൻ
3. എം.കെ. ബാലകൃഷ്ണൻ
4. വി.കെ. സത്യശീലൻ
5. സി.ജെ. റാഫേൽ
6. കെ.പി. ചന്ദ്രഹാസൻ
7. രാജൻ പാറമേൽ
8. ടി.യു. അനിൽ
9. എം.ഡി. ത്രേസ്
10. കെ.എസ്സ്. തങ്കമണി
11. എം. എൻ. കേശവൻ
12. എൻ. സുകുമാരനാശാരി
13. ടി.വി. സുകുമാരൻ
14. കെ.ജി. ശ്രീനിവാസൻ
15. കെ.എ. സുലോചന
(കൃഷി ഓഫീസർ)

# ഉള്ളടക്കം


1 ആമുഖം

2 പഞ്ചായത്ത് പൊതുവിവരണം

3 സാമൂഹ്യ സാംസ്കാരിക ചരിത്രം

4 ഭൂപ്രകൃതിയും വിഭവങ്ങളും

5 സാമൂഹ്യ സാമ്പത്തിക മേഖലകൾ

5.1 കൃഷിയും ജലസേചനവും.

5.2 മൃഗസംരക്ഷണവും മത്സ്യബന്ധനവും

5.3 വ്യവസായം

5.4 വിദ്യാഭ്യാസം

5.5 കുടിവെള്ളവും പൊതുജനാരോഗ്യവും

5.6 ഊർജ്ജം, ഗതാഗതം, മാർക്കറ്റ്

5.7 പാർപ്പിടം സാമൂഹ്യക്ഷേമം

5.8 സംസ്കാരം

5.9 സ്ത്രീ പദവി

5.10 സഹകരണം

5.11 പട്ടികജാതി പട്ടികവർഗ്ഗ വികസനം

5.12 വിഭവസമാഹരണം

6 ഉപസംഹാരം

# മുൻകാല സാരഥികൾ



യശ:ശരീരനായ
ശ്രീ.ടി.വി.വേലായുധൻ



യശ:ശരീരനായ
ശ്രീ.കെ.വാസുദേവമേനോൻ



ശ്രീ.പി.വി.പ്രഭാകരൻ



ശ്രീ.എ.പി.ബാലകൃഷ്ണൻ



26 വർഷം പഞ്ചായത്ത് വൈസ് പ്രസിഡൻറായി സേവനമനുഷ്ടിച്ച
ശ്രീ. പി.കെ.ജയദേവൻ

# നിലവിലുള്ള ഭരണസമിതി


ശ്രീമതി. കെ.എൻ.സത്യഭാമ
പ്രസിഡൻറ്


ശ്രീ.കെ.കെ.ബാബു
വൈസ് പ്രസിഡൻറ്


ശ്രീ. എ.പി.ബാലകൃഷ്ണൻ
സ്ററാൻഡിംഗ് കമമിററി
ചെയർമാൻ


ശ്രീ. പി.എ.വർഗ്ഗീസ്
വാർഡ് 2


ശ്രീ. കുമാർ പുതുവീട്ടിൽ
വാർഡ് 3


ശ്രീമതി കെ.എസ്,തങ്കമണി
വാർഡ് 4


ശ്രീമതി അജിത ലോഹിതാക്ഷൻ
വാർഡ് 6


ശ്രീമതി രേണുക
വാർഡ് 7


ശ്രീ ഇ.എം.അഷ്റഫ്
വാർഡ് 8


ശ്രീ. എൻ.സുകുമാരനാശാരി
വാർഡ് 9


ശ്രീ റപ്പായി പാലമററം
വാർഡ് 11


ശ്രീമതി എം.ഡി.ഗ്രേസ്
വാർഡ് 12


ശ്രീ പി.പി.ഡേവീസ്
വാർഡ് 13


ശ്രീമതി റീനാ ജോസ്
വാർഡ് 14


ശ്രീ കെ.കെ.കണ്ണൻ
വാർഡ് 15




# 1

# ആമുഖം

സ്വതന്ത്രഭാരതത്തിൻെറ അമ്പതാണ്ടുകൾ; നാം സുവർണ്ണ ജൂബിലിയുടെ പ്രഭാത വേളയിലാണ്. അരനൂറ്റാണ്ടെന്നത് ഒരു ജനതയുടെ കുറഞ്ഞ കാലയളവല്ല. എന്നിട്ടും നമ്മുടെ ദീർഘനിശ്വാസങ്ങളിലിപ്പോഴും ഗതകാല നഷ്ടബോധങ്ങൾ. "ജനങ്ങൾക്കു വേണ്ടി, ജനങ്ങൾ ഭരിക്കപ്പെടുന്ന ജനങ്ങളുടെ സർക്കാർ; മതനിരപേക്ഷ ജനാധിപത്യ സോഷ്യലിസ്റ്റ് റിപ്പബ്ലിക്ക്; ഗ്രാമങ്ങൾ സ്വയം പര്യാപ്തമാവുക" അർത്ഥപൂർണ്ണവും, മൗലികവുമായ ഈ വാക്കുകൾ ഔപചാരികതയിലൊതുങ്ങി നിന്നുവെന്നത് നഗ്ന സത്യമാണ്. വാഗ്ദാനങ്ങൾ മുഴുവൻ സഫലമായില്ലെന്നും, അല്പം നേടിയെങ്കിൽ ആ നേട്ടങ്ങൾ ആർക്കൊക്കെ ലഭിച്ചുവെന്നും, ദാരിദ്ര്യരേഖയുടെ വരകൾ ഇപ്പോഴും നമ്മുടെ തലകൾക്ക് മുകളിലാണെന്നും, ഉണ്ണാത്തവർ ഉണ്ണാതെ മുറുക്കിയുടുത്ത് നടക്കുകയാണെന്നും, ഉണ്ണുന്നവർ ഉണ്ടു കഴിഞ്ഞ് ഉറക്കം നടിച്ച് കിടക്കുകയാണെന്നുമുള്ള തിരിച്ചറിവിൽ നാം എത്തിയിരിക്കുന്നു. പക്ഷെ നമ്മുടെ തലമുറയിലെ ശാപവാക്കുകളിൽ നിരക്ഷരത സ്ഥാനം പിടിച്ചിരിക്കുകയാണിപ്പോഴും.

അധികാരവും ആസൂത്രണവും എന്നും മുകളിലായിരുന്നു. അതുകൊണ്ടതിന് അതിൻേറതായ ദൗർബല്ല്യങ്ങളിൽ കുടുങ്ങി കിടക്കേണ്ടി വന്നു. ഇതെല്ലാം പരിഹരിച്ചുകൊണ്ട് എങ്ങിനെ ശരിയാം വണ്ണം ആസൂത്രണം നടത്താമെന്ന് പലതുകൊണ്ടും ഭാരതത്തിനും, ലോകത്തിനും മാതൃക കാട്ടിയ പ്രബുദ്ധ കേരളത്തിൻെറ അതുല്ല്യ പ്രതിഭകൾ ചിന്തിക്കുകയുണ്ടായി. ഒമ്പതാം പദ്ധതി ജനകീയ പദ്ധതിയാക്കണമെന്നും , അധികാരം ജനങ്ങളിലേക്കിറങ്ങി വരണമെന്നും, ആസൂത്രണം ചുവട്ടിൽ നിന്നാരംഭിക്കണമെന്നും ഇതിന് ബഹുജന പങ്കാളിത്തം അനിവാര്യമാണെന്നും നിർദ്ദേശിച്ച ഈ മനീഷികളുടെ വിദഗ്ദോപദേശം സംസ്ഥാനസർക്കാരും പ്ലാനിങ്ങ് ബോർഡും അംഗീകരിക്കുകയാണുണ്ടായത്. കുറച്ചുദ്യോഗസ്ഥരും വിരലിലെണ്ണാവുന്ന ജനപ്രതിനിധികളും കൂടി സംസ്ഥാനത്താകെ എന്താസൂത്രണം നടത്തണമെന്നാലോചിച്ച് തീരുമാനമെടുക്കുക എന്ന പഴയ മാമൂൽ പരിപാടികളിൽ മാറ്റം വരുത്തി കൂടുതൽ കാര്യക്ഷമമായ തീരുമാനങ്ങൾ അതാത് ഗ്രാമത്തിലെ ജനങ്ങൾ കൈകൊള്ളുന്നുവെന്നതാണിതിൻെറ സവിശേഷത. കാരണം ഗ്രാമവിഷയങ്ങൾ നന്നായറിയുന്നത് തദ്ദേശവാസികൾക്കാണല്ലോ. അവരെടുക്കുന്ന തീരുമാനങ്ങൾ പിന്നീട് സ്കീം പ്രൊപ്പോസലുകളായി മാറുന്നത് നിരവധി വിദഗ്ധരുടെ കൈകളിൽ

കൂടിയാണ്. പദ്ധതിയിൽ അനുവദിക്കുന്ന തുകയും, വിഭവസമാഹരണവും, ബഹുജനപങ്കാളിത്തവുംകൂടി ഒന്നിയ്ക്കുമ്പോൾ പദ്ധതികൾ മൂല്യവത്താകുന്നു. ഏതിനാണ് കൂടുതൽ മുൻഗണനയെന്ന് തീരുമാനിക്കുന്നത് ആ ഗ്രാമവാസികൾ തന്നെ. ഉടനെ നടപ്പിലാക്കേണ്ട അടിയന്തിര പ്രാധാന്യമുള്ള കാര്യങ്ങൾ ഗ്രാമപഞ്ചായത്ത് സമിതി തീരുമാനിക്കുകയും നടപ്പിൽ വരുത്താനുള്ള പരിപാടികൾ കൈകൊള്ളുകയും ചെയ്യുന്നു. നിർമ്മാണ പ്രവർത്തനങ്ങൾ സുതാര്യമായതിനാൽ അഴിമതിയുടെ കറപുരളാത്ത ചുവപ്പ് നാടയുടെ കുരുക്കുകളിൽപ്പെടാത്ത പ്രവർത്തന ശൈലി രൂപപ്പെടുന്നു. ഗ്രാമപഞ്ചായത്ത് സമിതി അംഗങ്ങൾ സന്നദ്ധ പ്രവർത്തകർ, വിദഗ്ദ്ധർ, ഉദ്യോഗസ്ഥർ, റിട്ടയർ ചെയ്ത ഉദ്യോഗസ്ഥർ, ബഹുജനങ്ങൾ എന്നിവർ ഈ പദ്ധതിയുടെ ജീവനാഡികളാണ്. ഇവരുടെയെല്ലാം സേവനത്വര ഏകദിശയിലേക്കെത്തിക്കുക ക്ഷിപ്രസാദ്ധ്യവുമാണ്.

ലോകത്താദ്യമായാണ് ഇത്തരം പദ്ധതി സമാരംഭിക്കുന്നത്. അതുകൊണ്ട് നമുക്ക് മുന്നിൽ അനുകരണീയ മാതൃകയില്ല ഇതൊരു പരീക്ഷണം മാത്രമാണ്. നൂറുമേനി കൊയ്തെടുക്കുമെന്ന് ആരും മോഹിയ്ക്കാനില്ലല്ലോ. എങ്കിലും നാമിന്നഭിമുഖീകരിക്കുന്ന വികസന പ്രതിസന്ധിക്ക് തെല്ലൊരു പരിഹാരം കാണാൻ കഴിയുമെന്ന് നമുക്ക് പ്രത്യാശിക്കാം.

ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് ശ്രീമതി കെ. എൻ. സത്യഭാമ ചെയർപേഴ്സനായും, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ ശ്രീ എ. പി. ബാലകൃഷ്ണൻ കൺവീനറായും എല്ലാവാർഡ് മെമ്പർമാരും അംഗങ്ങളായും രൂപീകരിച്ച് ജനകീയാസൂത്രണപദ്ധതിയുടെ ഊർജ്ജസ്വലമായ പ്രവർത്തനങ്ങൾ നടന്നു വരികയാണ്. സെപ്തംബർ 5,6,7 തിയ്യതികളിൽ മണ്ണുത്തിയിൽ നടന്ന ജില്ലാ ക്യാമ്പിൽ പഞ്ചായത്തിൽ നിന്നും 20 പേർ പങ്കെടുക്കുകയുണ്ടായി

1996 സെപ്തംബർ 14 നാണ് കൂർക്കഞ്ചേരി ഗ്രാമപഞ്ചായത്തിലെ ജനകീയാസൂത്രണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുന്നത്. കമ്മ്യൂണിറ്റി ഹാളിൽ സംഘടിപ്പിച്ച ഏകദിന പരിശീലന ക്യാമ്പിൽ വിവിധ ഗ്രാമസഭകളിൽ നിന്നും 250 പേർ പങ്കാളികളായി. അന്നുകൈകൊണ്ട തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ സെപ്തംബർ 22 മുതൽ ഒക്ടോബർ 13 വരെ ഒഴിവു ദിവസങ്ങളിൽ രാവിലെ 10 മുതൽ ഉച്ചയ്ക്ക് 1 മണിവരെയും ഉച്ചയ്ക്ക് 2 മണിമുതൽ 6 മണിവരെയും വിവിധ വാർഡുകളിൽ വിശേഷാൽ ഗ്രാമസഭകൾ ചേരുകയുണ്ടായി. 200നും 300നും ഇടയിൽ ഗ്രാമസഭകളിൽ ജനപങ്കാളിത്തം ഉണ്ടായിരുന്നു. കൃഷി, വ്യവസായം, ഊർജ്ജം, ഗതാഗതം, പട്ടികജാതി- പട്ടികവർഗ്ഗ വികസനം, വനിതാക്ഷേമം, വിദ്യാഭ്യാസം, കുടിവെള്ളം, പൊതുജനാരോഗ്യം, സംസ്ക്കാരംതുടങ്ങി വികസന മേഖലയിലെ 12 വിഷയങ്ങളെ പുരസ്ക്കരിച്ച് ചർച്ചകൾ നടക്കുകയുണ്ടായി. എല്ലാ നിർദ്ദേശങ്ങളും ക്രോഡീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

ഇതിനകം തന്നെ സെക്കൻഡറി ഡാറ്റ ശേഖരിക്കുവാനും പ്രവർത്തനങ്ങൾ കുറെക്കൂടി ത്വരിതപ്പെടുത്താനും കഴിഞ്ഞിട്ടുണ്ട്. 23 -10 -96 ൽ പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ ഓരോ ഗ്രാമസഭകളിൽ നിന്നും ഓരോ ഗ്രൂപ്പിനെയും പ്രതിനിധാനം ചെയ്തുകൊണ്ട് 2 പേർവീതവും കൺവീനർ, ജോ: കൺവീനർ എന്നിവരെയും സംഘടിപ്പിച്ചു കൊണ്ട് 12 വിഷയങ്ങൾക്കും കോർ ഗ്രൂപ്പ് രൂപീകരിച്ച് ഗ്രാമസഭാ റിപ്പോർട്ടുകൾ ചർച്ച ചെയ്ത് വികസന റിപ്പോർട്ടിൻെറ കരടുരേഖയ്ക്കുള്ള കരട് രേഖ തയ്യാറാക്കുകയും ചെയ്തു.

ഒക്ടോബർ 25, 26, 27 തിയ്യതികളിൽ മണ്ണുത്തിയിൽ നടന്ന രണ്ടാം ഘട്ട ജില്ലാ തല പരിശീലന ക്യാമ്പിൽ 23 പേർ പഞ്ചായത്തിൽ നിന്നും പങ്കെടുക്കുകയുണ്ടായി. തുടർന്ന് പഞ്ചായത്ത് തലത്തിൽ 29.10.96 ൽ ചേർന്ന 2-ാം ഘട്ട ഏകദിന പരിശീലനക്യാമ്പിൽ വിവിധ ഗ്രാമസഭകളിൽ നിന്നുള്ള പങ്കാളിത്തം ശ്രദ്ധേയമായിരുന്നു. പിന്നീടുള്ള ദിവസങ്ങളിൽ വിദഗ്ദ്ധസംഘം ഇടയ്ക്കിടെ സമ്മേളിക്കുകയും വികസന റിപ്പോർട്ട് പൂർത്തിയാക്കുന്നതിനുള്ള ശ്രമകരമായ പ്രവർത്തനങ്ങളിൽ മുഴുകുകയായിരുന്നു. 3 ദിവസങ്ങളിലായി ഗ്രാമപഞ്ചായത്ത് പ്രസിഡൻറിൻെറ നേതൃത്വത്തിൽ വാർഡ് മെമ്പർമാർ, വിദഗ്ദ്ധർ, കൃഷിഓഫീസർ, പ്രധാനപ്പെട്ട പ്രവർത്തകർ തുടങ്ങിയ ഒരു സംഘം പഞ്ചായത്തിൻെറ തലങ്ങും വിലങ്ങും നടന്ന് ഭൂപ്രകൃതിയെക്കുറിച്ച് ഗ്രാഫുകൾ തയ്യാറാക്കുകയുണ്ടായി.

2. 11. 96 ൽ പഞ്ചായത്ത് തലത്തിൽ വികസന സെമിനാർ സാഘോഷം നടത്തുന്നതിനു വേണ്ടി കമ്മ്യൂണിറ്റി ഹാളിൽ സ്വാഗത സംഘ രൂപീകരണ യോഗം ചേരുകയുണ്ടായി. 101

പേരുള്ള കമ്മറ്റിയെയും, എക്സിക്യൂട്ടീവ് കമ്മറ്റിയെയും തെരഞ്ഞെടുക്കുകയുണ്ടായി.

സെമിനാറിന്റെ വിജയകരമായ പ്രവർത്തനങ്ങൾക്കു വേണ്ടി വിവിധ സബ് - കമ്മറ്റികൾ രൂപീകരിച്ചിട്ടുണ്ട്. കേരള പിറവി ദിനമായ നവംബർ 1 ന് പല വാർഡുകളിലും പുനരർപ്പണദിനമായാചരിക്കുകയും നിർമ്മാണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുകയും ചെയ്തിട്ടുണ്ട്. ഈ പ്രവർത്തനങ്ങളുടെ പരിസമാപ്തി എന്ന നിലയിൽ സെമിനാറിൽ ചർച്ചചെയ്യാനുള്ള കരട് വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിനും അതിനു ശേഷവും നിരന്തരമായി രാപ്പകൽ പ്രവർത്തിച്ച നിരവധി വിദഗ്ദ്ധരും പ്രവർത്തകരുമുണ്ട്. ഏറ്റവും പ്രശംസനീയമായ അവരുടെ സേവനങ്ങൾ സ്തുത്യർഹമാണ്. ഇനിയും നിരവധി പ്രവർത്തനങ്ങൾ പൂർത്തീകരിക്കേണ്ടതുണ്ട്. പ്രാരംഭഘട്ടത്തിന്റെ ഗുണാത്മകമായ ഫലമാണ് ഈ റിപ്പോർട്ട്.

പ്രിയമുള്ളവരെ- " ഉറങ്ങുന്നതിന് മുമ്പ് എത്രയോ പോകേണ്ടതുണ്ട് " എന്ന പണ്ഡിതമൊഴി ഓർമ്മിക്കുക. നാം ജീവിതത്തിൽ ചെയ്തു തീർക്കേണ്ട കടമകളും ബാധ്യതകളും എത്രയോ ബാക്കിയാണെന്നുള്ള ഈ സൂചന ഇത് നൽകുന്നു. ഇതുൾക്കൊള്ളുകയാണെങ്കിൽ നാം എത്രയോ ധന്യരായി.

ചരിത്ര യാഥാർത്ഥ്യങ്ങളുടെ ദശാസന്ധിയിൽ കാലം നമ്മെ ഏൽപ്പിച്ചിരിക്കുന്ന ഈ വെല്ലുവിളികളെ നേരിടാൻ കൂർക്കഞ്ചേരി ഗ്രാമ പഞ്ചായത്തിന്റെ സമഗ്ര വികസന രേഖ, നാളെയുടെ സ്വർണ്ണ ലിപികളിൽ വിരചിതമാകേണ്ട മഹത് സംഭവത്തിന്റെ മാറ്റൊലികളായി മനസിലേറ്റുക. നമുക്കെല്ലാം ഇതിൽ പങ്കാളികളാകാം. ജനശക്തിക്ക് നേടാൻ കഴിയാത്തതൊന്നുമില്ലെന്ന് പ്രതിജ്ഞ ചെയ്ത് കൊണ്ട് നമുക്കീ ദൗത്യം പൂർണ്ണമാക്കാം.

സമൂഹം അനശ്വരത തേടി പോകുന്നില്ല. കാരണം, അതനശ്വരമാണ്. എന്നാൽ വ്യക്തി മറ്റുള്ളവരുടെമേൽ അവന്റെ മേൽക്കോയ്മ അടിച്ചേൽപ്പിച്ചപ്പോൾ അവന്റെ അന്തരാത്മാവിൽ സ്വാഭാവികമായി അനശ്വരതക്കുള്ള ദാഹം വളരാൻ തുടങ്ങി.

(മാക്സിംഗോർക്കി)

# 2
# പഞ്ചായത്ത് പൊതുവിവരണം




**പഞ്ചായത്തിന്റെ പേര്**
കുർക്കഞ്ചേരി ഗ്രാമപഞ്ചായത്ത്

**ഉൾപ്പെടുന്ന വില്ലേജുകൾ**
കണിമംഗലം, കുർക്കഞ്ചേരി,
ചിയ്യാരം, തൃശൂർ (ഭാഗം)

**ബ്ലോക്ക് പഞ്ചായത്ത്**
ചേർപ്പ്

**താലൂക്ക്**
തൃശൂർ

**അസംബ്ലിമണ്ഡലം**
ചേർപ്പ്

**വിസ്തീർണ്ണം**
16.26 ച.കി.മി.

**അതിരുകൾ**
വടക്ക് തൃശൂർ മുനിസിപ്പാലിറ്റി
കിഴക്ക് യൂണിറ്റിറോഡ്,
ചേലക്കോട്ടുകര ശ്രീനാരായണക്ഷേത്രം, NH 47,
ചിറാച്ചിപാലം, ഒല്ലൂർ ഗ്രാമപഞ്ചായത്ത്
തെക്ക് പെരുഞ്ചാൽ (K.L.D.C കനാൽ
അവിണിശ്ശേരി ഗ്രാമപഞ്ചായത്ത്
പടിഞ്ഞാറ് പാറളം, അരിമ്പൂർ, അയ്യന്തോാം
ഗ്രാമപഞ്ചായത്തുകാം

**ജനസംഖ്യ**
48056

**പുരുഷൻ**
23476

**സ്ത്രീ**
24580

**ജനസാന്ദ്രത**
2955

**സാക്ഷരത**
നൂറ് ശതമാനം

**അക്ഷരാഭ്യാസമുള്ളവർ**
39030

**വാർഡുകൾ**
15

**പ്രസിഡണ്ടിന്റെ പേര്**
ശ്രീമതി. കെ.എൻ. സത്യഭാമ

**വൈ. പ്രസിഡണ്ട്**
ശ്രീ. കെ.കെ. ബാബു

**സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ**
ശ്രീ. എ.പി. ബാലകൃഷ്ണൻ

# 3

# സാമൂഹിക സാംസ്കാരിക ചരിത്രം




ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൻെറയും, നവോത്ഥാനത്തിൻെറയും ഉൽബുദ്ധമായ ഒരു സാംസ്കാരിക പൈതൃകം എന്നും നിറഞ്ഞു നിന്നിരുന്ന ഈ പഞ്ചായത്തിന് കൂർക്കഞ്ചേരി യെന്ന് നാമധേയം നൽകിയതിൽ പല ഐതി ഹ്യങ്ങളുമുണ്ട്. സർവ്വവിധ ഐശ്വര്യങ്ങളോടെയും നിലനിന്നിരുന്ന 'കൂർക്കഞ്ചേരി മന' എന്ന പേ രിൽ നിന്നായിരിക്കാം ഇതുണ്ടായതെന്ന് പഴമ ക്കാർ അവകാശപ്പെടുന്നു. കുറും (ചെറിയ) ചേരി കളായി ജനങ്ങൾ തിങ്ങിപാർത്തിരുന്നതുകൊണ്ട് കുറുക്കഞ്ചേരിയും പിന്നീട് കൂർക്കഞ്ചേരിയുമാ യെന്നും അഞ്ചേരി എന്ന വിശാലമായ സ്ഥല ത്തേയ്ക്ക് പോകാനുള്ള കുറുക്കുവഴി ഇതിലൂ ടെയുള്ളതിനാൽ കൂർക്കഞ്ചേരിയെന്നും അവകാ ശവാദമുണ്ട്.

ദേശീയപ്രസ്ഥാനത്തിൻെറ ആവേശതി മിർപ്പുകളിൽ സ്വാതന്ത്ര്യത്തിനുവേണ്ടി അടർക്ക ളത്തിൽ അടരാടിയ ധീരദേശാഭിമാനികളും അവ രുടെ ഹൃദയത്തുടിപ്പുകളുടെ നിശ്ശബ്ദവീചികളും ഇവിടെ അലയടിക്കുന്നു. നമുക്കവരെ പ്രണമി ക്കാം. സർവ്വശ്രീ ടി.കെ. ഭാസ്കരൻ, കെ.കെ. മാധവൻ, കുട്ടൻവൈദ്യർ, എൻ.വി. ശ്രീധരൻ, ടി. എൽ.കൊച്ചപ്പൻ, സി.എസ്.ഗംഗാധരൻ [എക്സ്. എം.എൽ.എ], പി.വി.കൃഷ്ണൻകുട്ടി, കെ.സി. കു മാരൻ, കെ എൻ. രാമൻ, ടി.കെ.കരുണൻ എന്നി വർ ഗ്രാമാഭിമാന സ്തംഭങ്ങളാണ്.

മഹാത്മാഗാന്ധിയുടെ സെക്രട്ടറിയായി രുന്ന യശഃശരീരനായ ശ്രീ. ജോർജ്ജും, അദ്ദേഹ ത്തിൻെറ പത്നി മേരിയും കൂർക്കഞ്ചേരിയിലെ കസ്തൂർബാഗ്രാമിലാണ് താമസിച്ചിരുന്നത്. പഴയ തലമുറയിലെ പ്രഗത്ഭ ന്യായാധിപനായി രുന്ന അയ്യാക്കുട്ടി ജഡ്ജി, സഹോദരൻ അയ്യപ്പ ൻെറ സഹധർമ്മിണി ശ്രീമതി പാർവ്വതി അയ്യാ ക്കുട്ടി ജഡ്ജിയുടെ മകളാണ്. സുപ്രസിദ്ധ സാമ്പത്തിക ശാസ്ത്രജ്ഞൻ ഡോ. കെ.എൻ. രാജ്, എവറസ്റ്റ് കൊടിമുടി കയറിയ ആദ്യ മല യാളി ശ്രീ. സി. ബാലകൃഷ്ണൻ, ഇന്ത്യൻ ഫുട് ബോൾരംഗത്തെ പ്രശസ്ത കളിക്കാരൻ ശ്രീ. പി. ആർ. ആൻറണി എന്നിവർ നമ്മുടെ ഗ്രാമത്തി ൻെറ ആവേശമാണ്. പുരാതനകാലത്ത് രാജഭര ണത്തിൻേറ കീഴിൽ പ്രത്യേക അധികാരങ്ങളോ ടുകൂടിയ മാളിയേക്കൽ കുടുംബങ്ങൾ ഈ പഞ്ചാ യത്തിൽ ഉണ്ടായിരുന്നു. പ്രഗത്ഭനും സത്യ സന്ധനുമായ ശ്രീ. കോട്ടയിൽ രാവുണ്ണിമേനോൻ കൊച്ചി രാജ്യത്തെ വനം വകുപ്പ് മേധാവി ആയി രുന്നു.

മഹദ് വ്യക്തികളുടെ പാദസ്പർശം പല പ്പോഴും നമ്മെയൊക്കെ ഹർഷപുളകിതരാക്കിയി ട്ടുണ്ട്. നമ്മുടെ രാഷ്ട്രശില്പി പണ്ഡിറ്റ് ജവ ഹർലാൽനെഹ്റു, ഇന്ത്യൻ പ്രസിഡണ്ട് ബഹു.



ശങ്കർദയാൽശർമ്മ, ഇന്ത്യൻ രാഷ്ട്രീയ ചരിത്രത്തിൽ വീരേതിഹാസം നിർമ്മിച്ച ശ്രീ. എ.കെ.ജി., രാഷ്ട്രീയ സമുന്നതനായ ഇ.എം.എസ്., മുൻ പ്രധാനമന്ത്രി ചന്ദ്രശേഖർ തുടങ്ങിയവരും അഭിവന്ദ്യനായ ഭൂദാന പ്രസ്ഥാന നായകൻ വിനോബഭാവയും ഇവിടെ സന്ദർശിച്ചിട്ടുണ്ട്.

ആത്മീയാനുഭൂതികൾ ഉളവാക്കികൊണ്ട് നമുക്കും നമ്മുടെ ഗ്രാമമണ്ണിനും ധന്യത പകർന്നു തന്ന നിരവധി പുണ്യാത്മാക്കൾ ദർശനം നൽകിയ ഗ്രാമമാണിത്. ശ്രീനാരായണ ഗുരുദേവൻെറ പാദസ്പർശനമേൽക്കുകയും അദ്ദേഹത്തിൻെറ മഹത്വചനങ്ങൾ ഉള്ളിലേറ്റിയവരുമാണ് നാം. അതുകൊണ്ടുതന്നെ സാമൂഹിക, സാംസ്കാരിക, വിദ്യാഭ്യാസ മണ്ഡലങ്ങളിൽ നാമെത്രയോ മുന്നോട്ട് പോയിരിക്കുന്നു. ഗുരുദേവൻ പ്രതിഷ്ഠ നടത്തിയ കൂർക്കഞ്ചേരി ശ്രീ. മാഹേശ്വരക്ഷേത്രവും പരിസരവും ജനജീവിതത്തിൻെറ മുഖ്യധാരകളിലൊന്നാണ്. അഭിവന്ദ്യപോപ്പ് [തിരുമേനി] ജോൺ പോൾ രണ്ടാമൻ കേരള സന്ദർശനത്തിനെത്തിയത് പഞ്ചായത്ത് അതിർത്തിക്കരുകിലാണ്. അദ്ദേഹത്തിൻെറ ആർദ്രവും ഊഷ്മളവുമായ വചനങ്ങൾ നമ്മെ പുളകമണിയിക്കുന്നു. ബഹു. കിഴക്കിൻെറ പർത്രിയാർക്കീസ് ബാവ തിരുമേനിയും നമ്മെ അനുഗ്രഹിക്കുവാൻ എത്തിയത് ഈ മണ്ണിനെ പുണ്യഭൂമിയാക്കിയിട്ടുണ്ട്. ബ്രഹ്മശ്രീ ബോധാനന്ദ സ്വാമികൾ, രാമാനന്ദ സ്വാമികൾ, ഗോവിന്ദ സ്വാമികൾ അങ്ങിനെ എണ്ണിയെണ്ണിപ്പറയാവുന്ന നിരവധി മഹാത്മാക്കളുടെ സാമീപ്യം ഗ്രാമമനസ്സിനെ പരിപാവനമാക്കിയിട്ടുണ്ട്. സാംസ്ക്കാരികമൂല്യങ്ങൾ ചേക്കേറിയ നിരവധി നാടൻ കലാരൂപങ്ങളും, കലാകാരന്മാരും ഈ ഭൂമികയിലെ മുതൽക്കൂട്ടായിരുന്നു. ഇന്നും അവയിൽ പലതും നിലനിൽക്കുന്നുണ്ട്.

ഈ പഞ്ചായത്ത് രൂപീകരിച്ചത് 1945–46 കാലഘട്ടത്തിലാണെന്ന് രേഖകൾസൂചിപ്പിക്കു

ന്നു. ഇപ്പോഠം ഇത് കണിമംഗലം, കൂർക്കഞ്ചേരി, ചിയ്യാരം; (തൃശൂരിൻെറ ചില ഭാഗങ്ങഠം) എന്നീ വില്ലേജുകളിലായി വ്യാപിച്ചുകിടക്കുന്നു. 16.26 ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണവും, ജനസംഖ്യ 1991 ലെ കാനേഷുമാരി കണക്കനുസരിച്ച് 48056. ഇതിൽ 24580 സ്ത്രീകളും, 23476 പുരുഷൻമാരുമാണ്. വടക്ക് – തൃശൂർ മുനിസിപ്പാലിറ്റി, കിഴക്ക് – യൂണിറ്റി റോഡ്, ചേലക്കോട്ടുകര ശ്രീനാരായണ ക്ഷേത്രം, N.H.47 ചീരാച്ചിപ്പാലം, ഒല്ലൂർ ഗ്രാമപഞ്ചായത്ത്; തെക്ക് – പെരുമ്പാൽ [K.L.D.C കനാൽ], അവിണിശ്ശേരി ഗ്രാമപഞ്ചായത്ത്, പടിഞ്ഞാറ് – പാറളം, അരിമ്പൂർ, അയ്യന്തോഠം ഗ്രാമപഞ്ചായത്തുകഠം എന്നിവ നാലതിരുകളാണ്.

1953 ലാണ് ഈ പഞ്ചായത്തിലാദ്യമായി തെരഞ്ഞെടുപ്പ് നടത്തി ഭരണസമിതി നിലവിൽവന്നത്. അതിനു മുമ്പ് പട്ടയ വോട്ട് സമ്പ്രദായമായിരുന്നു നിലവിലിരുന്നത്. യശ; ശരീരനായ ശ്രീ. കെ. രാമൻമേനോനായിരുന്നു അന്നത്തെ പ്രസിഡണ്ട്. അതിനു മുൻപ് സർവ്വശ്രീ കോശ്ശേരിമന നമ്പൂതിരി, കാട്ടൂക്കാരൻ വാറു, കോട്ടിയാട്ടിൽ വേലുണ്ണി എന്നിവർ പ്രസിഡണ്ടുമാരായിരുന്നുവെന്ന് പറയപ്പെടുന്നു. 1953ൽ ശ്രീ.പി.കെ. ജയദേവൻ വൈ: പ്രസിഡണ്ടായിരുന്നു. ഈ മാന്യദേഹം പഞ്ചായത്തിൻെറ ചിരത്രത്തിൽ 25 വർഷത്തിലധികം വാർഡ് മെമ്പറായി തൻെറ സേവനം നൽകിയിട്ടുണ്ട് എന്നത് അഭിമാനപൂർവ്വം രേഖപ്പെടുത്തുന്നു. പിന്നീട് നടന്ന തെരഞ്ഞെടുപ്പുകളിൽ വിവിധ കാലഘട്ടങ്ങളിലായി പല പ്രഗത്ഭമതികളും നേതൃത്വനിരയിലേക്ക് ഉയർന്നുവന്നിട്ടുണ്ട്. ശ്രീ. ടി.വി. വേലായുധൻെറ നിര്യാണത്തെതുടർന്ന് ശ്രീ.കെ. വാസുദേവമേനോൻ പ്രസിഡണ്ടായും ശ്രീമാൻമാർ, പി.വി.പ്രഭാകർ, എ.പി. ബാലകൃഷ്ണൻ എന്നിവർ പ്രസിഡണ്ടുമാരായും, പി.കെ. ജയദേവൻ, പി.എസ്സ്. വാസു, സി.എസ്സ്. ഗംഗാധരൻ എന്നിവർ വൈ: പ്രസിഡണ്ടുമാരായും പഞ്ചായത്തിന് നേതൃത്വം നൽകിയിട്ടണ്ട് 1979 വരെയുള്ള കാലഘട്ടം കോൺഗ്രസ്സിൻേറയും, 79 മുതൽ 84 വരെ ശ്രീ. പി.വി. പ്രഭാകരൻെറ നേതൃത്വത്തിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി ഭരണവുമായിരുന്നു. 1984 മുതൽ 1988 വരെ ഉദ്യോഗസ്ഥഭരണം; 1988 മുതൽ 1995 വരെ ഇടതുപക്ഷജനാധിപത്യമുന്നണി അധികാരത്തിലേറുകയും ശ്രീ. എ.പി.ബാലകൃഷ്ണൻ പ്രസിഡണ്ടായും ഭരണസമിതി നിലവിൽ വരുകയും ചെയ്തു. തുടർച്ചയായ് ഈ മുന്നണി സംവിധാനം നിലനിൽക്കുന്നു. 1995 ഒക്. 1 മുതൽ പുതിയ പഞ്ചായത്ത്രാജ് നിയമപ്രകാരം വനിതാ പ്രസിഡണ്ടായി ശ്രീമതി കെ.എൻ. സത്യഭാമ തെരഞ്ഞെടുക്കപ്പെട്ടു. വൈ: പ്രസിഡണ്ടായി ശ്രീ. കെ.കെ. ബാബുവും, സ്റ്റാൻഡിംഗ്കമ്മറ്റി ചെയർമാനായി ശ്രീ. എ.പി. ബാലകൃഷ്ണനും അടങ്ങിയ കമ്മറ്റിയാണ് ഇപ്പോഴുള്ളത്. ശ്രീ. സി. സി. സുബ്രഹ്മണ്യൻ ഇപ്പോഴത്തെ സെക്രട്ടറിയായി ചുമതല വഹിക്കുന്നു. ജൂനിയർ സൂപ്രണ്ട്, ഓവർസീയർ, 4 യു.ഡി.ക്ളകാർക്കുമാർ, 4 എൽ.ഡി.ക്ളാർക്കുമാർ, 2 പ്യൂൺമാർ. 4 ഫുഠംടൈം സ്വീപ്പർമാർ, 1 പാർട്ട് ടൈം സ്വീപ്പർ എന്നിങ്ങനെ മൊത്തം 18 സ്റ്റാഫംഗങ്ങളാണ് ഈ സ്പെഷൽ ഗ്രേഡ് പഞ്ചായത്തിൽ ജോലിചെയ്യുന്നത്.

കണിമംഗലം സൗത്തിൽ ആദ്യകാലത്ത് പ്രവർത്തനമാരംഭിച്ച പഞ്ചായത്താഫീസ് പിന്നീട് S N ഹൈസ്ക്കൂളിനു മുൻവശം മെയിൻ റോഡിൽ പ്രവർത്തിക്കുകയും ഇപ്പോഠം വലിയാലുക്കലിൽ സ്വന്തം കെട്ടിടത്തിലുമാണ് പ്രവർത്തിക്കുന്നത്. ആദ്യകാലത്ത് 9 വാർഡുകളും പിന്നീട് 11, 14 വാർഡുകളും ഇപ്പോഠം 15 വാർഡുകളുമായും നിലനിൽക്കുന്നു.

വികസന മേഖലയിൽ നിരവധി സ്ഥാപനങ്ങഠം, മഹാരഥൻമാർ, വ്യക്തികഠം, സന്നദ്ധ മേഖലയിലെ അറിയുന്നതും അറിയപ്പെടാത്തതുമായ നിരവധി പ്രതിഭകഠം ഇവിടെയുണ്ട്. അത്തരം പൂർവ്വസൂരികളെ വിനയപൂർവ്വം സ്മരിച്ചുകൊണ്ട് സാമൂഹിക സാംസ്ക്കാരിക ചരിത്രം ഇവിടെ ചുരുക്കുന്നു.

✧

നാടുണരട്ടെ, ജനമുണരട്ടെ
നാട്ടാരെല്ലാമുണരട്ടെ....
നാമൊന്നായി പണിചെയ്തിടും
പുതിയൊരു ലോകം നേടിടും.




# 4

# ഭൂപ്രകൃതിയും വിഭവങ്ങളും

ഗ്രാമ സൗന്ദര്യവും പ്രകൃതി രമണീയതയും നിറഞ്ഞു നില്ക്കുന്ന ഭൂപ്രദേശമാണിത്. കുന്നുകളില്ല, താഴ്‌വാരങ്ങളില്ല, അല്പം ഉയർന്ന പ്രദേശം കഴിഞ്ഞാൽ പൂർണ്ണമായും സമതലങ്ങൾ. പഞ്ചായത്തിന്റെ കിഴക്കും തെക്കും പടിഞ്ഞാറും നെൽപാടങ്ങളാൽ ചുറ്റപ്പെട്ടു കിടക്കുന്നു. ആലങ്കാരികമായി പറഞ്ഞാൽ മരതകപ്പട്ടുചേലയുടുത്ത ഒരു ഗ്രാമീണ കന്യകയുടെ ശാലീന സൗന്ദര്യം ഈ ഗ്രാമഭംഗിയൽ തുളുമ്പി നില്ക്കുന്നു.

തൃശൂർ പട്ടണത്തിന്റെ തെക്കു വശത്ത് തൊട്ടുരുമ്മി നില്ക്കുന്ന ഈ പഞ്ചായത്ത് കൂർക്കഞ്ചേരി, കണ്ണൻകുളങ്ങര, കുരിയച്ചിറ, ചിയ്യാരം, കണിമംഗലം, പനമുക്ക്, നെടുപുഴ, വടൂക്കര എന്നീ പ്രദേശങ്ങളിൽ വ്യാപിച്ചു കിടക്കുന്നു. പഞ്ചായത്തിന്റെ വിസ്തൃതി കണിമംഗലം, കൂർക്കഞ്ചേരി, ചിയ്യാരം വില്ലേജുകളും തൃശൂർ

### ട്രാൻസെക്ട് -1

| | | | | | | |
|---|---|---|---|---|---|---|
| ഭൂപ്രകൃതി | ചെറിയ കുന്ന് | ചെറിയ ചെരിവ് | സമതലം | ഉയരം കുറഞ്ഞ സമതലം | ചെറിയ ചെരിവ് | താഴ്ന്ന സമതലം |
| മൺതരം | ചെങ്കൽ | വെട്ടുക്കല്ല് | പശിമരാശി മണ്ണ് | പശിമരാശി മണ്ണ് | ചെങ്കൽ | കളിമണ്ണു ചേർന്ന പശിമരാശിമണ്ണ് |
| സസ്യാവരണം | തെങ്ങ് ഇടവിളകൾ | തെങ്ങ് ഫലവൃക്ഷങ്ങൾ | നെല്ല് | തരിശ് ഭൂമി | തെങ്ങ് ഇടവിളകൾ | തെങ്ങ് ഫലവൃക്ഷങ്ങൾ |
| പരിസ്ഥിതി പ്രശ്നങ്ങൾ | | | | മാലിന്യങ്ങൾ അടിഞ്ഞുകൂടുന്നു | കുടിവെള്ള ദൗർല്ലഭ്യം | |

വില്ലേജിന്റെ ചില ഭാഗങ്ങളും കൂടിയുൾപ്പെട്ടതാണ്. 16.26 ചതുരശ്ര കിലോ മീറ്റർ വിസ്തീർണ്ണമുണ്ട് പഞ്ചായത്തിന്.

കാലാവസ്ഥയിൽ ഒരു മാറ്റവുമില്ലാതെ കാലാകാലങ്ങളിൽ മാറിമാറി വരുന്ന പ്രകൃതിദത്തമായ കാലാവസ്ഥാനുഭവങ്ങൾ മാത്രമെ ഇവിടെയുള്ളൂ. രണ്ട് മൺതരങ്ങൾ കര പ്രദേശങ്ങളിൽ ചെങ്കല്ലും ചരലും പാടശേഖരങ്ങളിൽ പശിമരാശി മണ്ണും.

### പരിസ്ഥിതി പ്രശ്നങ്ങൾ

പാടശേഖരങ്ങളായ കോൾ പ്രദേശങ്ങളിൽ വർഷക്കാലങ്ങളിൽ വെള്ളം സമൃദ്ധമായി ലഭിയ്ക്കുന്നു. അത്തരം സമയങ്ങളിൽ ഒരു വിഹഗ വീക്ഷണത്തിൽ പഞ്ചായത്ത് ഒരു ഉപദ്വീപായി തോന്നും. അതു കഴിഞ്ഞാൽ വെള്ളമെല്ലാം ചോർന്നു പോകുന്ന അനുഭവമുണ്ട്.

വേനൽക്കാലങ്ങളിൽ ചിമ്മിണിഡാമിൽ നിന്ന് പഴുചാലിൽ കൂടി കുറച്ചുവെള്ളം ഇവിടേക്ക് ഒഴുകിയെത്തുന്നു. കൂടാതെ K.L.D.E' കനാൽ, കുളങ്ങൾ, കിണറുകൾ, കുഴൽകിണറുകൾ ഇവ ജലസ്രോതസ്സുകളാണ്. ഫലഭൂയിഷ്ടമായ ഒരു പ്രദേശമാണിത്. വരിവെള്ളം ഒഴുകി വരുന്നതു കൊണ്ട് അതിൽ നിന്നു ലഭിയ്ക്കുന്ന വളക്കൂറും കിട്ടുന്നു. എന്നിരുന്നാലും ആധുനിക വള പ്രയോഗം നിമിത്തം മണ്ണിന്റെ ഗുണനിലവാരം കുറഞ്ഞു വരുന്നത് സ്വാഭാവികമാണ്. കാലാകാലങ്ങളിൽ കൃഷി വകുപ്പിൽ നിന്നും മറ്റും അതാതിടത്ത് മണ്ണു പരിശോധന നടത്തി ഫലങ്ങൾ ബന്ധപ്പെട്ട ആപ്പീസുകളിൽ സൂക്ഷിക്കാറുണ്ട്.

ഭൂമിയിൽ നിന്ന് ഖനിജങ്ങൾ ഒന്നും ഇല്ലാത്തതും, ക്വാറികൾ, മണൽവാരൽ സംബന്ധിയായ കാര്യങ്ങൾ ഈ പഞ്ചായത്തിലില്ലാത്തതുമാണ്. പക്ഷേ പഞ്ചായത്തിന്റെ കിഴക്കൻ പ്രദേശങ്ങളിൽ നെൽപ്പാടങ്ങൾ മണ്ണിട്ടുനികത്തി വീടുകൾ പണിയുന്ന പ്രവണതയുണ്ട്. അനതി വിദൂര ഭാവിയിൽ ഇതൊരു പരിസ്ഥിതി പ്രശ്നമായി രൂപം പ്രാപിക്കാൻ ഇടയുണ്ട്. വില്ലേജു ആഫീസുകളിൽ നിന്നും ലഭ്യമായ കണക്കുകൾ പരിശോധിച്ചാൽ 625.7189 ഹെക്ടർ പുരയിടവും 192.4836 ഹെക്ടറിൽ പുറമ്പോക്ക് സ്ഥലവും 0.7676 ഹെക്ടർ കൃഷിയോഗ്യ തരിശു ഭൂമിയുമാണ് വിനിയോഗിച്ചിട്ടുള്ളത്.

ഒന്നാം വിളയായും രണ്ടാം വിളയായും നെല്ലുല്പാദിപ്പിക്കുന്നു. തെങ്ങ്, കവുങ്ങ്, വാഴ, കുരുമുളക് മറ്റ് ഇടവിളകളായ പയർ തുടങ്ങിയ പച്ചക്കറികളും നട്ടുവളർത്തുന്നുണ്ട്.

പഞ്ചായത്ത് പ്രസിഡന്റ്, വൈസ്പ്രസിഡന്റ്, സ്റ്റാൻറിങ്ങ് കമ്മിറ്റി ചെയർമാൻ, വാർഡ് മെമ്പർമാർ, വിദഗ്ദ്ധർ, ഉദ്യോഗസ്ഥന്മാർ തുടങ്ങിയവരുടെ നേതൃത്വത്തിൽ മൂന്ന് ദിവസങ്ങളിലായി തലങ്ങും വിലങ്ങും നടത്തിയ ഭൂപ്രകൃതി പര്യടന പരിപാടിയുടെ അടിസ്ഥാനത്തിൽ ലഭിച്ച വിവരങ്ങളനുസരിച്ച് ഗ്രാഫുകൾ മുകളിൽ ചേർത്തിരിക്കുന്നു.

പഞ്ചായത്തിന്റെ കിഴക്കൻ അതിർത്തിയിലെ ഗോസായിക്കുന്നിൽ നിന്നും (പണ്ടു

### ട്രാൻസെക്ട് -2



| | | | | | | |
|---|---|---|---|---|---|---|
| ഭൂപ്രകൃതി | ചെറിയ കുന്ന് | സമതലം | ചെറിയ ചെരിവ് | സമതലം | ചെരിവ് | താഴ്ന്ന സമതലം |
| മൺതരം | ചെങ്കൽ ചരൽ | പശിമയുള്ള മണ്ണ് | ചെങ്കൽ | പശിമരാശി മണ്ണ് | ചെങ്കൽ ചരൽ | പശിമരാശി മണ്ണ് |
| സസ്യാവരണം | തെങ്ങ് ഇടവിളകൾ | നെല്ല് | തെങ്ങ് ഫലവൃക്ഷങ്ങൾ | നെല്ല് | തെങ്ങ് ഇടവിളകൾ | നെല്ല് |
| പരിസ്ഥിതി പ്രശ്നങ്ങൾ | | | | | | |

കാലത്ത് പറങ്കികൾ വന്ന് ടെൻറ് അടിച്ച് താമസമാക്കിയ കുന്നിൻ പുറത്തിനെ പിന്നീട് പ്രഖ്യാപിതമായ ഗോസായിക്കുന്നെന്ന് പേരിട്ടു). ആരംഭിച്ച് അഞ്ചാം വാർഡിലെ പടിഞ്ഞാറെ അറ്റത്ത് മദാമതോപ്പിൽ (പണ്ട് മദാമകൾ സുഖവാസകേന്ദ്രമായി ഉപയോഗിച്ചിരുന്ന പ്രദേശത്തെ പിന്നീട് മദാമത്തോപ്പെന്ന പേരിൽ അറിയപ്പെട്ടു) അവസാനിച്ച ഒരു നടത്തവും തെക്കു കിഴക്ക് 14-ാം വാർഡ് മുനമ്പ് എന്ന മുനയത്തു നിന്നും വടക്കു പടിഞ്ഞാറ് കോച്ചേരി പാടശേഖരങ്ങളിൽ അവസാനിക്കുന്ന നടത്തവും വിജ്ഞാനപ്രദമായിരുന്നു.

മേൽപറഞ്ഞ സ്ഥിതിവിവരക്കണക്കുകളെ അടിസ്ഥാനമാക്കി ഭൂപ്രകൃതിയെ ചെറിയകുന്ന് ,ചെറിയ ചരിവ്, സമതലം, ഉയരം കുറഞ്ഞ സമതലം എന്നിങ്ങനെ വിഭജിക്കാവുന്നതാണ്. ഇവിടങ്ങളിലെ മൺതരങ്ങൾ പരിശോധിച്ചപ്പോൾ ചെങ്കല്ല്, വെട്ടുകല്ല്, മണൽ കലർന്ന പശിമരാശി മണ്ണ് എന്നിവ ദൃശ്യമായി. എല്ലാ വാർഡുകളിലും ഈ രീതിയിലുള്ള മൺതരമാണ് കണ്ടുവരുന്നത്

സസ്യാവരണത്തിൻെറ പട്ടികയിൽ ചെറിയ കുന്നിൻപ്രദേശങ്ങളിലും ചരിവ് പ്രദേശങ്ങളിലും സമതലങ്ങളിലും വ്യാപകമായി നെൽകൃഷിയും, തെങ്ങു കൃഷിയും, ഫലവൃക്ഷങ്ങളും കാണാവുന്നതാണ്. ഇവിടങ്ങളിൽ നിരവധി ഇടവിളകൾ നട്ടുവളർത്തിയിട്ടുണ്ട്. ഇവയിൽ പ്രധാനപ്പെട്ടവ പയർ, പച്ചക്കറികൾ, വാഴ, മരച്ചീനി, കുരുമുളക്, ജാതി, ചേന, ചേമ്പ്, കറുകപ്പട്ട, കരയാംപൂ എന്നിവയാണ്. പക്ഷെ കൂർക്കഞ്ചേരി പഞ്ചായത്തിലെ ജനങ്ങൾക്ക് സുലഭമായി ലഭിക്കുന്ന രീതിയിലുള്ള ഇടവിളകൃഷി ഉയർന്നു വന്നിട്ടില്ല. ആയതിനാൽ ആയിരക്കണക്കിനാളുകൾ ഇപ്പോഴും പച്ചക്കറികൾക്ക് ആശ്രയിക്കുന്നത് പട്ടണത്തിലെ വലിയ മാർക്കറ്റുകളെയാണ്.

പഞ്ചായത്ത് അതിർത്തികളിലുണ്ടാകുന്ന പച്ചക്കറികൾ പട്ടണത്തിലെ മാർക്കറ്റിൽ വില്പന നടത്തുകയും ഈ പച്ചക്കറികൾ പഞ്ചായത്തിലെ കച്ചവടക്കാർ പട്ടണത്തിലെ മാർക്കറ്റിൽനിന്നും വാങ്ങി വീണ്ടും പഞ്ചായത്തിൽ തന്നെ വില്ക്കുന്ന അനാരോഗ്യകരമായ പ്രവണത ഈ രംഗത്ത് നിലനിൽക്കുന്നു. ഈ പ്രതിഭാസത്തിൻെറ പരിണതഫലം രണ്ടിടത്തട്ടുകാരുടെ ചൂഷണത്തിന് കൃഷിക്കാരും ഉപഭോക്താക്കളും ഒരു പോലെ വിധേയരാകുന്നുവെന്നതാണ്. ഇവിടെ ഉൽപ്പന്നങ്ങൾക്ക് വില നിശ്ചയിക്കുന്നത് ചൂഷകവർഗ്ഗ പ്രതിനിധികളാണ്. ഈ പ്രക്രിയയിൽ നിന്നും കൃഷിക്കാരെയും ജനങ്ങളെയും രക്ഷിക്കുന്നതിനാവശ്യമായ സംവിധാനമുണ്ടാക്കി മേൽപറഞ്ഞവരെ ചൂഷണവിമുക്തരാക്കേണ്ടത് ആവശ്യമാണ്. ആയതിനാൽ വാർഡുകൾതോറും ഉൽപ്പന്ന വിതരണ കേന്ദ്രങ്ങൾ സ്ഥാപിക്കണമെന്ന നിർബന്ധ ബുദ്ധിക്ക് നാം വശംവദരാകേണ്ടിയിരിക്കുന്നു.

പരിസ്ഥിതി പ്രശ്നങ്ങളിൽ പ്രധാനപ്പെട്ടത് തൃശൂർ മുൻസിപാലിറ്റി നടത്തിവരുന്ന അറവുശാലയിൽ നിന്നും 12, 9, 10 വാർഡുകളിൽ അടിഞ്ഞു കൂടുന്ന മാലിന്യങ്ങളാണ്. മാത്രവുമല്ല പട്ടണത്തിൽ നിന്നും 9, 8 വാർഡുകളിലെ പാർശ്വ ഭാഗങ്ങളിലേക്ക് ഒഴുകിയെത്തുന്ന മാലിന്യങ്ങളും നിരവധിയാണ്. കണ്ണംകുളങ്ങര തുരുത്തിനു തൊട്ടു കിടക്കുന്ന പാടശേഖരങ്ങളാണ് അറവുശാലമാലിന്യങ്ങൾ അടിഞ്ഞുകൂടുന്നത്. ഡ്രെയിനേജ് നല്ല രീതിയിൽ ഇല്ലാത്തതിനാൽ ചോരയും മാംസാവശിഷ്ടങ്ങളും ദുർഗന്ധം വമിപ്പിക്കുക മാത്രമല്ല സാംക്രമിക രോഗങ്ങളും ഇതിൻെറ പ്രത്യാഘാതമാണ്. ശക്തൻതമ്പുരാൻ നഗറുമായി ബന്ധിപ്പിച്ചുകൊണ്ട് റോഡ് വരുന്നതു മൂലം ഇവിടം ഫ്രീസ് ചെയ്തിരിക്കുകയും തൽഫലമായി കൃഷിയിറക്കുകയും ചെയ്യുന്നില്ല. ഇപ്പോൾ ഇതിൻെറ പല ഭാഗങ്ങളും ചതുപ്പ് നിലമായി മാറിക്കൊണ്ടിരിക്കുന്നു. അഴുക്കു ജലം കുമിഞ്ഞു കൂടുന്നതു മൂലം തൊട്ടടുത്ത കരകളിലെ കുളങ്ങളും കിണറുകളും കുടിവെള്ളത്തിനായി ഉപയോഗിക്കുന്നില്ല. ഇവിടത്തുകാർ പൊതു വെള്ള ടാപ്പുകളെ ആശ്രയിക്കേണ്ടി വരുന്നു. എന്നാൽ വേണ്ടത്ര പൊതുടാപ്പുകൾ ഇല്ലാത്ത അവസ്ഥയിൽ കുടിവെള്ളക്ഷാമമനുഭവപ്പെടുന്നുണ്ട്. ഇതൊരു വലിയ പരിസ്ഥിതി പ്രശ്നമായി ഉയർന്നു വന്നിരിക്കയാണ്. പഞ്ചായത്ത് അധികാരികളും ജനപ്രതിനിധികളും കൂട്ടായി ശ്രമിക്കുന്നതിൻെറ ഫലമായി ഈ പരിസ്ഥിതി പ്രശ്നം പരിഹരിക്കുവാൻ സത്വര നടപടികളെടുത്തു വരികയാണ്. എങ്കിലും ഈ പ്രശ്നം പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ യുദ്ധകാലാടിസ്ഥാനത്തിൽ ചെയ്തു തീർക്കേണ്ടിയിരിക്കുന്നു.

പഞ്ചായത്തിലെ പല പ്രദേശങ്ങളിലും ഉള്ള വെള്ളച്ചാലുകളിലും കോൾപാടങ്ങളിലും ചണ്ടികളും, പായലുകളും മൂടികിടക്കുന്നുണ്ട്. കാർഷികമേഖലകളെയും, സാമൂഹ്യ ആരോഗ്യമേഖലകളെയും ഒരു പോലെ ബാധിക്കുന്ന പ്രശ്നമാണിത്. വെള്ളച്ചാലുകളിൽ ചണ്ടിയും, പായലും മൂടി കിട

ന്നാൽ വെള്ളം ഒഴുകുന്നതിന് പ്രയാസമുണ്ടാവു മെന്ന് പറയേണ്ടതില്ലല്ലോ. ഇത് കാർഷികമേഖ ലയെ ആകെയും ഉൽപ്പാദനക്ഷമതയെയും ബാധി ക്കുന്നുണ്ട്. ചിലയിടങ്ങളിൽ ബഹുജനപങ്കാളി ത്തത്തോടു കൂടി നീക്കംചെയ്യാനുള്ള ശ്രമങ്ങൾ നടന്നു വരുന്നുണ്ട്.

കൃഷിയിടങ്ങളിലെ കീടനാശിനികളുടെ യും രാസവസ്തുക്കളുടെയും അശാസ്ത്രീയമായ പ്രയോഗങ്ങൾ ഗുണാത്മകമായ വശത്തേക്കാൾ നിഷേധാത്മകമായ വശവും പരിസ്ഥിതി പ്രശ്ന ങ്ങൾക്ക് കാരണമാകുന്നുണ്ട്. ഇത്തരം അത്യാ ധുനികവും, മാരകവുമായ മരുന്നുകളുടെയും വള ങ്ങളുടേയും അവശിഷ്ടങ്ങൾ ആരോഗ്യപ്രശ്ന ങ്ങൾ രൂക്ഷമാക്കുന്നു. അതുകൊണ്ട് ഈ രംഗത്ത് കുറെകൂടി ബോധവൽക്കരണം അനിവാര്യമാണ്. പഞ്ചായത്തിൽ ജലസേചനത്തിന്റെ കാര്യ ത്തിൽ നാം വളരെ മുന്നോട്ടു പോയിട്ടുണ്ടെങ്കിലും ഇനിയും നാമെത്രയോ അകലെയാണ്.

പട്ടിക 1991 ലെ ആണെങ്കിലും ഇന്ന് വീടു കളുടെ എണ്ണം 12295 വരും. അതുപോലെ ജനസം ഖ്യയിലും വർദ്ധനവുണ്ടായിട്ടുണ്ട്. കണക്കനുസ രിച്ച് സ്ത്രീകളാണ് മുന്നിൽ. എണ്ണത്തിൽ കൂടു തലാണെങ്കിലും അസ്പൃശ്യതയിൽ അവർ ഇപ്പോഴും മുഴുകിയിരിക്കുന്നു. സാമൂഹ്യരംഗങ്ങ ളിൽ അവരിപ്പോഴും പുറകിൽ തന്നെ. എന്തു കൊണ്ട് എന്ന് ഉറക്കെ ചിന്തിക്കേണ്ടിയിരിക്കു ന്നു.

ശാസ്ത്രീയമായ രീതിയിൽ ഭൂപ്രകൃതിയെ പരിസ്ഥിതി പ്രശ്നമാകാത്ത രീതിയിൽ ചൂഷണം ചെയ്യുവാൻ സാധിത പ്രദേശമാണിതെങ്കിലും ജനം കൃഷിയിൽ നിന്നും പ്രകൃതിയിൽ നിന്നുപോലും അകന്നുപോകുന്നുണ്ടോ എന്ന് സംശയിക്കേണ്ടി യിരിക്കുന്നു. കാർഷികമേഖലക്ക് ഒരു വൻ ഭീഷ ണിയാണിത്. ഇത്തരം പ്രശ്നങ്ങളുടെ സുദീർഘ മായതും പഠനാർഹവുമായ സുചിന്തനങ്ങൾ വികസനമേഖലയുടെ ചർച്ചകളിൽ ഉയർന്നു വന്നിട്ടുണ്ട്. അതിനാൽ ഹ്രസ്വമായ ഈ ചർച്ച ഇവിടെ അവസാനിപ്പിക്കുന്നു.

**1991 ലെ കാനേഷുമാരി കണക്കനുസരിച്ച് പട്ടിക താഴെ കൊടുക്കുന്നു.**

| വിസ്തീർണ്ണം | വീടുകൾ | ജനസംഖ്യ | പുരു | സ്ത്രീ | കുട്ടികൾ 6 വയസ്സുവരെ | അഭ്യസ്ഥവിദ്യർ പു. | അഭ്യസ്ഥവിദ്യർ സ്ത്രീ |
|---|---|---|---|---|---|---|---|
| 6.26ച.കി | 9150 | 48056 | 23476 | 24588 | 5702 | 19862 | 19968 |

**എല്ലാവരുടെയും അത്യാവശ്യങ്ങൾ നിറവേറ്റാൻ വേണ്ട വിഭവങ്ങൾ ഈ പ്രകൃതിയിലുണ്ട് എന്നാൽ, ആരുടെയും ദുരയെ തൃപ്തിപ്പെടുത്താൻ വിഭവങ്ങളില്ല താനും.**

**മഹാത്മാഗാന്ധി**



# 5

# സാമൂഹ്യ സാമ്പത്തിക മേഖലകൾ

# 5-1

# കൃഷിയും ജലസേചനവും




ഈ നൂറ്റാണ്ടിൻെറ ആരംഭത്തിൽ ഈ പഞ്ചായത്തിൽപ്പെട്ട സ്ഥലം കാർഷിക മേഖല യായിരുന്നു. കൊല്ലവർഷം 1099ലെ വെള്ളപ്പൊക്കവും 1116 ലെ കൊടുംകാറ്റും ഈ പഞ്ചായത്തിലെ കാർഷിക വിളകളെ നശിപ്പിക്കുക മാത്രമല്ല ധാരാളം വീടുകളും നശിപ്പിക്കുകയുണ്ടായി. കൃഷിക്കുനേരിട്ട നാശത്തിൽ നിന്നും മുക്തി നേടാൻ അനവധികാലം എടുത്തു. പഴമക്കാർക്ക് ഇന്നും ഈ സംഭവങ്ങൾ ഒരു പേടി സ്വപ്നം പോലെയാണ്.അത്രയും വലിയ വിനാശമാണ് ഈ പ്രദേശത്തിന് നേരിട്ടത്.

അക്കാലങ്ങളിൽ കരപ്രദേശത്തും പാടങ്ങളിലും പലതരത്തിലുള്ള കൃഷിയുണ്ടായിരുന്നു. ഏകദേശം 700 ഏക്കർ സ്ഥലത്ത് നെൽകൃഷിയും മറ്റുസ്ഥലങ്ങളിൽ വിവിധതരത്തിലുള്ള വിളകളും കൃഷിചെയ്തിരുന്നു. നെൽകൃഷിയെ സംബന്ധിച്ചിടത്തോളം വിരിപ്പ്, മുണ്ടകൻ,പുഞ്ച, കുട്ടാടൻ എന്നീ നാലുതരത്തിലുള്ളതായിരുന്നു. പഞ്ചായത്തിൻെറ തെക്കുപടിഞ്ഞാറെ ഭാഗത്തായിരുന്നു പുഞ്ച കൃഷിചെയ്തിരുന്നത്. കുട്ടാടൻ അഥവാ വൈലത്തൂർ കൃഷി കണിമംഗലം പാലത്തിനു കിഴക്കുവശത്താണ് കൃഷിചെയ്തിരുന്നത്. മഴയ്ക്കു മുൻപ് വിത്തിടുകയും തുലാമാസത്തിൽ വെള്ളത്തിൽ നിന്നു കൊയ്തെടുക്കുകയും ചെയ്യുന്നതരം കൃഷിയായിരുന്ന വൈലത്തൂർ. ഈ സ്ഥലം പിന്നീട് പുഞ്ചനില മായിമാറി.

കാർഷിക ബന്ധത്തിന് വളരെയധികം മാറ്റം ഇപ്പോൾ ഉണ്ടായിട്ടുണ്ട്. പഞ്ചായത്തിലെ ഭൂമികളുടെ ഉടമസ്ഥർ വടക്കുന്നാഥൻ, കാരമുക്ക് എന്നീ ദേവസ്വങ്ങളും കൊപ്പറമ്പിൽ മന, പാറെക്കാട്ട്മന, കൂർക്കഞ്ചേരി മന, മുണ്ടാരപ്പിള്ളിമന, കോശ്ശേരി മന, വട്ടേക്കാട്ട്മന തുടങ്ങിയമനകളും മറ്റു ജന്മികളുമായിരുന്നു. കൃഷിക്കാർ കുടിയാന്മാരായിരുന്നു. പാട്ടവ്യവസ്ഥയിലാണ് കൃഷിഭൂമി പണിതിരുന്നത്. ഒരുപറവിത്തിന് രണ്ടു പറ മുതൽ പന്ത്രണ്ടു പറ വരെ പാട്ടം പിരിച്ചിരുന്നു. കാർഷിക ബന്ധനിയമം പാസ്സാക്കിയതിനു ശേഷമാണ് ഭൂമി കുടിയാൻമാർക്കു സ്വന്തമായത്.

നെൽപ്പാടങ്ങളിൽ 220 ഹെക്ടർ സ്ഥലത്ത് വിരിപ്പും മുണ്ടകനും 300 ഹെക്ടർ സ്ഥലത്ത് പുഞ്ചയും കൃഷിചെയ്തിരുന്നു. വിരിപ്പു കൃഷി ഇപ്പോൾ 47 ഹെക്ടറായി കുറഞ്ഞു. ബാക്കിസ്ഥലങ്ങൾ കുറെ നികത്തിയും തരിശായും കിടക്കുന്നു. മാനാഞ്ചേരി കാപ്പൊഴികെ മറ്റ് കോൾ നിലങ്ങൾ ചിറകെട്ടി വറ്റിച്ചാണ് പുഞ്ചകൃഷി ഇറക്കിയിരുന്നത്. മുളയും ഓലയും ഉപയോഗിച്ച് മാട്ടം കെട്ടി ഓയിൽ എഞ്ചിനുക

ംവെച്ച് കോാം നിലങ്ങളിലെ വെള്ളം വറ്റിച്ചിരുന്നു. ചില പാടശേഖരങ്ങളിൽ ചക്രം ചവിട്ടിയും വെള്ളം വറ്റിച്ചിരുന്നു. പൂർണ്ണമായും മനുഷ്യാദ്ധ്വാനത്തെ ആശ്രയിച്ചാണ് കൃഷി നടന്നുപോന്നിരുന്നത്. ഇത്തരം കോാംനിലങ്ങളിൽ മടവീണ് കൃഷിക്ക് നാശം സംഭവിക്കുന്നത് സാധാരണമായിരുന്നു. സ്ഥിരം ബണ്ട് വരുന്നതുവരെ കോാംനിലങ്ങളിലെ കൃഷി സുരക്ഷിതമായിരുന്നില്ല. സ്ഥിരം ബണ്ട് വന്നതിനുശേഷവും മുഴുവൻ സുരക്ഷിതമായിട്ടില്ല. ചീര, ചിറ്റേനി എന്നീ വിളവുകുറഞ്ഞ നെല്ലിനങ്ങളായിരുന്നു കൃഷി ചെയ്തിരുന്നത്. എന്നാൽ കൃഷിക്ക് രോഗബാധ ഉണ്ടായിരുന്നില്ല എന്നു തന്നെ പറയാം. ഒരുതരം പുഴു നെല്ലിനെ വെട്ടി നശിപ്പിച്ചിരുന്നതാണ് പ്രധാന കൃഷിനാശമായി ഉണ്ടായിരുന്നത്. കൃഷിയിടങ്ങാം വെള്ളത്തിൽ മുക്കി ഈ പുഴുക്കളെ ചൂലുകൊണ്ടടിച്ചുവാരി കുമ്മായമിട്ട് കുഴിച്ചുമൂടി നശിപ്പിക്കുകയായിരുന്നു. ജനുവരി, ഫെബ്രുവരി മാസങ്ങളിലാണ് (മകരമാസം) പുഞ്ചകൃഷി ഇറക്കുന്നത്.

കോാം പാടശേഖരങ്ങളിൽ മാനാഞ്ചേരി കാപ്പ് ആദ്യകാലത്ത് മറ്റു പടവുകളോടൊപ്പം കൃഷിചെയ്തിരുന്നില്ല. കുറേ കുടുംബങ്ങാംക്ക് പ്രത്യേകിച്ചും പട്ടികജാതിക്കാർക്ക് അതിൽനിന്നും മത്സ്യം പിടിക്കുന്നതിനുള്ള അവകാശം കൊടുത്തിരുന്നു. പിന്നീട് 1970 ൽ കടുംകൃഷി തുടങ്ങിയതോടുകൂടി ഒരുപൂപണിതിരുന്ന കോാംനിലങ്ങളിൽ രണ്ടുപൂകൂടി കൃഷിചെയ്തുപോന്നു. കാപ്പ് കോാം നിലം കൃഷിചെയ്യുന്നതിന് പതിച്ചു നൽകുകയുണ്ടായി.കോാം നിലങ്ങളിൽ അയ്യപ്പൻ കോാം, ആട്ടോക്കാരൻ എന്നീ കോാം നിലങ്ങാം വളരെ വർഷങ്ങളായി തരിശിട്ടിരിക്കയാണ്. ഇത് ഏകദേശം 25 ഹെക്ടർ വരും. മറ്റുനിലങ്ങളിൽ391 ഹെക്ടർ സ്ഥലത്ത് മുണ്ടകനും പുഞ്ചയും കൃഷിചെയ്ത് വന്നിരുന്നു. എന്നാൽ കഴിഞ്ഞ രണ്ടുവർഷമായി ഇവിടങ്ങളിൽ ഒരുപ്പൂ കൃഷിമാത്രമേ ചെയ്യുന്നുള്ളൂ. കൂടാതെകൃഷിക്ക് ഉപയോഗിക്കാവുന്ന 113 ഹെക്ടർ സ്ഥലം പഞ്ചായത്തിന്റെ പലഭാഗങ്ങളിലായി തരിശായികിടക്കുന്നു.

കരഭൂമിയിൽ മുൻകാലങ്ങളിൽ പ്രധാനമായും തെങ്ങും കവുങ്ങുമാണ് കൃഷിചെയ്തിരുന്നത്. ഇടവിളകളായി വാഴ, ചേന, ചേമ്പ്, കൂർക്ക, ചെറുകിഴങ്ങ്, പയറുവർഗ്ഗങ്ങാം എന്നിവ കൃഷിചെയ്തിരുന്നു. കൊയ്ത്ത് കഴിഞ്ഞ പാടശേഖരങ്ങളിൽ എള്ള് കൃഷിയുമുണ്ടായിരുന്നു. കടുംകൃഷി നടപ്പിലായതോടുകൂടി കോാം നിലങ്ങളിലെ വെള്ളം ഒക്ടോബർ, നവമ്പർ മാസങ്ങളിൽ വറ്റിക്കുകയും ഈ വെള്ളം ഏനാമാവ് റെഗുലേറ്റർ വഴി കടലിലേക്ക് പോകുകയും ചെയ്യുന്നു. പറമ്പുകളിലെ കിണറുകളിൽ ജലലഭ്യത കുറയുന്നതിന് ഇത് പ്രധാന കാരണമായി. തന്മൂലം പറമ്പുകൃഷിക്ക് കോട്ടം തട്ടുകയും ക്രമേണ ഇടവിള കൃഷി കുറഞ്ഞു വരികയും ചെയ്തു. കൂടാതെ ജലസേചന കുറവ് കാരണം ദീർഘകാല വിളവുകളായ തെങ്ങ്,കവുങ്ങ് എന്നിവയിൽ നിന്നുള്ള ഉൽപ്പാദനം ഗണ്യമായി കുറയുകയും ചെയ്തു. കടുംകൃഷി നെല്ലുല്പാദനത്തിന് സഹായകരമായെങ്കിലും മററു സ്ഥായിയായ കൃഷികാംക്ക് ദോഷകരമായി ബാധിച്ചു. കൂർക്കഞ്ചേരി, അവിണിശ്ശേരി, പാറളം എന്നീ പഞ്ചായത്തുകളിലും കുടിവെള്ള ക്ഷാമത്തിന് ഇതൊരു കാരണമായി.

നെൽകൃഷിയെ സംബന്ധിച്ചിടത്തോളം കൃഷിരീതിയിലും വളപ്രയോഗത്തിലും സാരമായ മാറ്റം സംഭവിച്ചു. കന്നും കലപ്പയും ഉപയോഗിച്ച് നടത്തിയിരുന്ന ഉഴവ്, ടില്ലറും ട്രാക്ടറും നടത്തുന്നു. കാളകളെ ഉപയോഗിച്ച് കിണറുകളിൽ നിന്ന് വെള്ളം തേവി പറമ്പുകാം നനച്ചിരുന്നതിനു പകരം വൈദ്യുത മോട്ടോർ പമ്പുസെറ്റുകാം വന്നു. രാസവളത്തിന്റെപ്രയോഗത്തിനുള്ള സൗകര്യവും പെട്ടെന്ന് വിള വർദ്ധിപ്പിക്കാനുള്ള കഴിവും കാരണം ജൈവവളങ്ങളുടെ പ്രയോഗം കുറഞ്ഞുവന്നു. ഇതിപ്പോാം മണ്ണിന്റെ ഘടനയേയും ഫലഭൂയിഷ്ടതയേയും സാരമായി ബാധിച്ചു എന്നതിരിച്ചറിവിൽ വീണ്ടും ജൈവവള പ്രയോഗത്തിലേക്ക് തിരിച്ചുപോകാൻ കർഷകനെ പ്രേരിപ്പിക്കുന്നു. അതുപോലെ തന്നെ അമിതമായ കീടനാശിനി പ്രയോഗം മിത്രകീടങ്ങളേയും ശത്രുകീടങ്ങളേയും ഒരുമിച്ച് നശിപ്പിച്ച് കൊണ്ടിരിക്കുന്നു. രാസവള പ്രയോഗത്തിലും കീടനാശിനി പ്രയോഗത്തിലും നിയന്ത്രണം വേണമെന്ന ഘട്ടത്തിലാണ് ആധുനിക കൃഷിരീതി എത്തിനില്ക്കുന്നത്.

വിവിധയിനം കൃഷികളുടെ ഇന്നത്തെ അവസ്ഥയെക്കുറിച്ച് പരിശോധിക്കാം.

പട്ടിക.

**വിള വിസ്തീർണ്ണവും ഉത്പാദനവും**

| വിള | വിസ്തീർണം ഹെക്ടറിന് | മൊത്തം ഉത്പാദനം | ഉത്പാദനക്ഷമത ഹെക്ടറിൽ |
|---|---|---|---|
| നെല്ല് (ഒന്നാംവിള) | 19 | 53.2Mt | 2800 Kg |
| നെല്ല് (രണ്ടാംവിള) | 350.93 | 1684Mt | 4800Kg |
| നെല്ല് (മൂന്നാംവിള) | 280.21 | 1120.84Mt | 4000Kg |
| പയർ | 2 | 500Kg | 250Kg |
| എള്ള് | - | | |
| പച്ചക്കറികൾ | 15 | 9 Mt | 600 Kg |
| തെങ്ങ് | 697 | 69.7 ലക്ഷംഎണ്ണം | 10,000എണ്ണം |
| വാഴ | 5 | 80 Mt | 16000Kg |
| മരച്ചീനി | 0.5 | 250 Kg | 250 Kg |
| കുരുമുളക് | 10 | 2000Kg | 200Kg |
| പ്ലാവ് | 0.5 | 2 Mt | 2 Mt |
| കശുമാവ് | - | - | |
| മാവ് | 0.5 | 3 Mt | 3 Mt |
| റബ്ബർ | - | | - |
| കവുങ്ങ് | 20 | 30 ലക്ഷം എണ്ണം | 1.5 ലക്ഷം എണ്ണം |

പട്ടിക

| നമ്പർ | ഭൂപരിധി | കുടുംബങ്ങളുടെ എണ്ണം |
|---|---|---|
| 1 | നാമമാത്ര കർഷകർ ഹെക്ടറിന് താഴെ | 12019 |
| 2 | ചെറുകിടകർഷകർ ഒരു ഹെക്ടറിനും രണ്ടുഹെക്ടറിനും ഇടയിൽ | 225 |
| 3 | വൻകിട കർഷകർ രണ്ടുഹെക്ടറിനു മുകളിൽ | 51 |
| | ആകെ | 12295 |

പട്ടിക

| നമ്പർ | പാടശേഖര സമിതികൾ | കോൾനിലം | കോൾനിലമല്ലാത്തത് |
|---|---|---|---|
| 1 | കണിമംഗലം പാടശേഖരസമിതി | | |
| 2 | മതാമതോപ്പ് കിഴക്ക് | | |
| 3 | മതാമതോപ്പ് പടിഞ്ഞാറ് | | |
| 4 | അക്കരപ്പറ്റി | | |
| 5 | ചിയ്യാരം സമാജം | | |
| 6 | തുരുത്തും പാടം | | |

| നമ്പർ | പാടശേഖര സമിതികാം | കോാംനിലം | കോാംനിലമല്ലാത്തത് |
|---|---|---|---|
| 7 | കോച്ചേരി കോാം | | |
| 8 | കോടന്നൂർ തരിശ് | | |
| 9 | കരിമ്പറ്റ | | |
| 10 | ഓലക്കട | | |
| 11 | കിഴക്കൻ കോാം | | |
| 12 | മുപ്പാടം | | |
| 13 | മുകാംപ്പാടം | | |
| 14 | വടൂക്കര പാടം | | |

**പാടശേഖര സമിതിയും വിള ക്രമങ്ങളും**

| നമ്പർ | പാടശേഖരത്തിൻെറ പേര് (കോാം) | ഒന്നാംവിള | രണ്ടാംവിള | മൂന്നാംവിള |
|---|---|---|---|---|
| 1 | കണിമംഗലം പാടശേഖരം | - | നെല്ല് | - |
| 2 | മതാമതോപ്പ് കിഴക്ക് പാടശേഖരം | - | നെല്ല് | നെല്ല് |
| 3 | മതാമതോപ്പ് പടിഞ്ഞാറ് | - | നെല്ല് | നെല്ല് |
| 4 | അക്കരപ്പറ്റി പാടശേഖരം | - | - | നെല്ല് |
| 5 | ചിയ്യാരം സമാജം പാടശേഖരം | - | നെല്ല് | നെല്ല് |
| 6 | കോച്ചേരി കോാം | - | നെല്ല് | നെല്ല് |
| 7 | കോടന്നൂർ തരിശ് | - | നെല്ല് | നെല്ല് |
| 8 | കരിമ്പറ്റ പാടശേഖരം | - | - | നെല്ല് |
| 9 | ഓലക്കട | - | - | നെല്ല് |
| 10 | കിഴക്കൻ കോാം | - | - | നെല്ല് |

**കോൾ അല്ലാത്തത്**

| നമ്പർ | പാടശേഖരത്തിൻെറ പേര് (കോാം) | ഒന്നാംവിള | രണ്ടാംവിള | മൂന്നാംവിള |
|---|---|---|---|---|
| 1 | തുരുത്തും പാടം | - | നെല്ല് | - |
| 2 | മുപ്പാടം | - | നെല്ല് | - |
| 3 | മുകാംപാടം | - | നെല്ല് | - |
| 4 | വടൂക്കര പാടം | നെല്ല് | - | |

| പട്ടിക ഭൂമിസംബന്ധിച്ച വിവരങ്ങൾ | |
|---|---|
| ഇനം | വിസ്തീർണം |
| നിലം | 625.7189 |
| പുരയിടം | 810.6312 |
| പുറംമ്പോക്ക് | 192.4836 |
| കൃഷിയോഗ്യ തരിശ് | 0.7676 |
| കൃഷിയോഗ്യമല്ലാത്ത തരിശ് | |
| ആകെ | 1629.6013 |

### നെൽകൃഷി

ഈ പഞ്ചായത്തിൽ മൊത്തം 626 ഹെക്ടർ കൃഷി ഭൂമിയിൽ നെല്ല് കൃഷി ചെയ്യുന്നത് 350 ഹെക്ടർ സ്ഥലത്താണ്. ഇതിൽ 250 ഹെക്ടർ സ്ഥലത്ത് 2 പൂവ് കൃഷിയിറക്കുന്നു. ബാക്കിയുള്ള സ്ഥലത്ത് ഒരുപൂ കൃഷിചെയ്യുന്നു. മൂന്നുപൂ കൃഷിചെയ്യുന്ന സ്ഥലം ഇല്ല.മൊത്തം നെല്ല് ഉത്പാദനം 2857 മെട്രിക്ടൺ (3,57,100 പറ ഏകദേശം) ആണ്. ഇപ്പോഠം അത്യുല്പാദന ശേഷിയുള്ള വിത്തുകളാണ് ഉപയോഗിക്കുന്നത്. ഉദാഹരണം - മട്ടത്രിവേണി, കുഞ്ഞുകുഞ്ഞു, കാഞ്ചന തുടങ്ങിയവ.

പഴയ വിത്തുകളിൽ ചിലത് ഉദാഹരണം ചീര, ചിറ്റേനി തുടങ്ങിയവ കുറച്ചു സ്ഥലങ്ങളിൽഇന്നും കൃഷിചെയ്യുന്നു. അത്യുല്പാദനശേഷിയുള്ള നെല്ലുകഠംക്ക് 100 മുതൽ 120 ദിവസം വരെ മൂപ്പുണ്ട്. അതുകൊണ്ട് ഇത്തരം വിത്തുകഠം കോഠംനിലങ്ങളിൽ രണ്ടുപൂ കൃഷിചെയ്യുമ്പോഠം ജല ദൗർലഭ്യം നേരിടാറുണ്ട്.

### വളം

ആദ്യകാലങ്ങളിൽ പച്ചില, ചാണകം, ചാരം തുടങ്ങിയ ജൈവ വളങ്ങളാണ് ഉപയോഗിച്ചിരുന്നത്. എന്നാൽ കൂടുതൽ നെല്ലുല്പാദനത്തിനുവേണ്ടി രാസവളങ്ങഠം ഉപയോഗിക്കാൻ കൃഷിക്കാർ തയ്യാറായതിൻെറ അടിസ്ഥാനത്തിൽ ഉൽപ്പാദനം വർദ്ധിച്ചെങ്കിലും മണ്ണിൻെറ ഘടനയിലും മേന്മയിലും സാരമായ മാറ്റം സംഭവിച്ചു. ഇത് കാർഷിക മേഖലയിൽ പ്രവർത്തിക്കുന്ന വിദഗ്ദൻമാർക്ക് ബോധ്യമായതിനെ തുടർന്ന് ജൈവവളപ്രയോഗം വർദ്ധിപ്പിക്കണമെന്ന് കണ്ടെത്തിയിരിക്കുകയാണ്.

നെൽപാടങ്ങളിൽ കണ്ടുവരുന്ന പ്രധാന രോഗങ്ങളിൽ റെഡ്ലീഫ് (ഇലചുകപ്പൻ), മഞ്ഞളിപ്പ് തുടങ്ങിയവയും ഓലചുരുട്ടിപുഴു മുതലായ കീടങ്ങളുടെ ആക്രമണങ്ങളുമാണ്. ഇതിന് പ്രതിവിധിയായി നിർദ്ദേശിച്ചിട്ടുള്ള കീടനാശിനികളും ഉപയോഗിക്കാറുണ്ട്. സബ്സിഡി നിർത്തലാക്കിയതും വിലവർദ്ധനയും മൂലം കീടനാശിനികളുടെ ഉപയോഗം വേണ്ടത്രയിപ്പോളില്ല.

മുൻകാലങ്ങളിൽ കന്നുകാലികളെയും നാടൻകലപ്പയെയും ഉപയോഗിച്ചിരുന്ന സ്ഥാനത്ത് യന്ത്രവത്കൃത ഉപകരണങ്ങളുപയോഗിച്ച് വരുന്നു. എന്നാൽ വേണ്ടത്ര ഉപകരണങ്ങഠം തക്ക സമയത്ത് ലഭ്യമല്ലാത്തതിനാൽ കൃഷിയിറക്കാൻ കാലതാമസം നേരിടാറുണ്ട്. കൃഷിപ്പണിക്ക് ആവശ്യമായ കർഷകതൊഴിലാളികളെ ലഭിക്കുന്നില്ല. താരതമ്യേന മെച്ചപ്പെട്ടവേതനം ലഭിയ്ക്കുന്ന കെട്ടിട നിർമ്മാണം തുടങ്ങിയ തുറകളിലേയ്ക്ക് ആകർഷിക്കപ്പെടുന്നതുകൊണ്ടാണ് കാർഷിക വൃത്തിക്ക് ഈ തൊഴിൽ ക്ഷാമമനുഭവിക്കുന്നത്. ഇതിനുള്ള പ്രതിവിധി യന്ത്രവല്ക്കരണമാണ്. യന്ത്രവല്ക്കരിച്ച കാർഷിക വൃത്തിക്ക് അഭ്യസ്തരായ തൊഴിലില്ലാത്തവരെ ആകർഷിക്കാൻ കഴിയും.

### തെങ്ങ്

ഈ പഞ്ചായത്തിൽ 697 ഹെക്ടർ സ്ഥലത്താണ് തെങ്ങുകൃഷി ചെയ്തു വരുന്നത്. ഏകദേശം 60 ലക്ഷം നാളികേരം ഒരു വർഷത്തിൽ ഉൽപ്പാദിപ്പിക്കപ്പെടുന്നു. തോട്ടം എന്ന രീതിയിൽ തെങ്ങുകൃഷി ഈ പഞ്ചായത്തിൽ കുറവാണ്. നഗരത്തിനോടു ചേർന്നു കിടക്കുന്ന പഞ്ചായത്തായതുകൊണ്ട് പുരയിടങ്ങളുടെ വിസ്തീർണ്ണം വളരെ കുറവാണ്. പുരയിടങ്ങളിലാണ് പ്രധാനമായി തെങ്ങ് കൃഷി ചെയ്യുന്നത്. ഉല്പാദനക്ഷമത കുറയുന്നതിന് പ്രധാന കാരണം ജലസേചനസൗകര്യത്തിൻെറ കുറവാണ്. മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിൽ പഞ്ചായത്തിൻെറ ബഹുഭൂരിപക്ഷം പ്രദേശങ്ങളിലും വരഠംച്ചയനുഭവപ്പെടുന്നു.

ചെന്നീരൊലിപ്പ്, കൂമ്പ് ചീയൽ എന്നീ രോഗങ്ങഠം പഞ്ചായത്തിൻെറ ചിലയിടങ്ങളിൽ കണ്ടുവരുന്നു. ഇതിന് ഫലപ്രദമായ പ്രതിവിധി കണ്ടെത്തിയിട്ടില്ല.

തെങ്ങിന് പ്രധാനമായും ജൈവവളമാണ്

ചെയ്തു വരുന്നത്. മിക്കവാറും വർഷത്തിൽ ഒരിക്കൽ മാത്രമാണ് വളപ്രയോഗം നടത്തുന്നത്. വർഷാവസാനം തെങ്ങിൻ പറമ്പുകളിലെകിള എന്ന കൃഷി രീതി കുറഞ്ഞു വരികയാണ്. തെങ്ങിൻ പറമ്പുകളിലെ ഇടവിള കൃഷി കുറഞ്ഞു വരുന്നതിൻെറ കാരണവുമിതാണ്.

ചില ഭാഗങ്ങളിൽ തെങ്ങ് കയറ്റ തൊഴിലാളികളുടെ ലഭ്യത കുറവുണ്ട്.

**പട്ടിക**

**തെങ്ങ് കൃഷി സംബന്ധിച്ച വിവരങ്ങൾ**

| വാർഡ് നമ്പർ | തെങ്ങ് എണ്ണം | | | രോഗം ബാധിച്ച തെങ്ങ് | | | | | |
|---|---|---|---|---|---|---|---|---|---|
| | കായ്ക്കാത്തത് | കായ്ക്കുന്നത് | ആകെ | റൂട്ട് വിൽറ്റ് | ലീഫ് റോട്ട് | ബഡ് റൂട്ട | സ്റ്റെം ബ്ലീഡിംഗ് | മറ്റുള്ളവ | ആകെ |
| 1 | 1028 | 3200 | 4228 | - | - | 70 | 110 | - | 180 |
| 2. | 1989 | 6250 | 8239 | - | - | 60 | 12 | 200 | 372 |
| 3. | 2101 | 5168 | 7269 | - | - | 45 | 162 | 325 | 532 |
| 4. | 2201 | 6527 | 8728 | - | - | 15 | 80 | 18 | 113 |
| 5. | 1800 | 7030 | 8830 | - | - | 8 | 82 | 102 | 192 |
| 6 | 910 | 1862 | 2772 | - | - | - | 175 | | 175 |
| 7 | 908 | 3612 | 4020 | - | - | - | 152 | - | 152 |
| 8. | 1902 | 5602 | 7504 | - | - | 5 | 84 | - | 89 |
| 9. | 1076 | 3069 | 4145 | - | - | - | 30 | - | 30 |
| 10 | 891 | 5208 | 6099 | - | - | 5 | 12 | - | 17 |
| 11. | 1110 | 2782 | 3892 | - | - | 3 | 8 | | 11 |
| 12. | 1596 | 4898 | 6494 | - | - | 4 | 11 | - | 15 |
| 13. | 1096 | 4792 | 5882 | - | - | 15 | 6 | - | 21 |
| 14. | 2742 | 8259 | 11001 | - | - | 25 | - | 20 | 45 |
| 15. | 1110 | 6527 | 7637 | - | - | 35 | - | - | 35 |

**കവുങ്ങ്**

പഞ്ചായത്തിൽ 20 ഹെക്ടർ സ്ഥലത്ത് കവുങ്ങ് കൃഷി ചെയ്യുന്നു. 20 ലക്ഷം അടയ്ക്ക പ്രതിവർഷം ഉല്പാദിപ്പിക്കപ്പെടുന്നു. ഉല്പാദന ക്കുറവിൻെറ പ്രധാന കാരണം ജലസേചനസൗകര്യ കുറവാണ്. ചൊവ്വക്കേട് എന്ന രോഗം പിടിപ്പെട്ട് കവുങ്ങുകൾ നശിച്ചു വരുന്നു.ഇതിനു ഫലപ്രദമായ പ്രതിവിധികൾ കണ്ടെത്തിയിട്ടില്ല. അടയ്ക്കയ്ക്ക് ബാധിക്കുന്ന പ്രധാനരോഗം മഹാളിയാണ്. എന്നാൽ അതിനെ നിയന്ത്രിയ്ക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ലഭ്യമാണ്.കവുങ്ങ് കൃഷിയുടെ നാശം കൃഷിയേയും കുരുമുളക് കൃഷിയേയും സാരമായി ബാധിച്ചിട്ടുണ്ട്. നേരത്തെ തെങ്ങു കൃഷിയെ സംബന്ധിച്ച് സൂചിപ്പിച്ചിട്ടുള്ളതുപോലെപറമ്പ് കിളയ്ക്കാത്തത് ഉൽപ്പാദനത്തെ ബാധിച്ചിട്ടുണ്ട്. പ്രധാനമായും ജൈവവളമാണ് ഉപയോഗിക്കുന്നത്. വളപ്രയോഗം വർഷത്തിലൊരിക്കൽ മാത്രമാണ് മിക്കവാറും തോട്ടങ്ങളിൽ ചെയ്തു വരുന്നത്.

**വാഴ**

ഉദ്ദേശം 5 ഹെക്ടർ സ്ഥലത്ത് വാഴ കൃഷി ചെയ്തു വരുന്നു. 70 മെട്രിക്ക് ടൺ കായ ഉൽപ്പാദിപ്പിക്കപ്പെടുന്നു. തോട്ടം എന്ന നിലയിൽ ഈകൃഷി വ്യാപകമായില്ല. നേന്ത്രപാളയം കോട

ൻ, കുന്നൻ എന്നിവയാണ് പ്രധാന ഇനങ്ങൾ. കൂമ്പടപ്പൻ, തങ്ങു തുരപ്പൻപുഴു തുടങ്ങിയ രോഗങ്ങൾ ഈ കൃഷിയിൽ കണ്ടു വരുന്നു. ഇതിനും 100% വും വിജയ പ്രദമായ രോഗനിവാരണമില്ല. വാഴയ്ക്ക് ജൈവവളവും രാസവളവും ഉപയോഗിക്കുന്നുണ്ട്. നെൽകൃഷി കഴിഞ്ഞാൽ ഏറ്റവും കൂടുതൽ ജലം ആവശ്യമുള്ളത് വാഴ കൃഷിയ്ക്കാണ്. അതു കൊണ്ടു തന്നെ ജലസേചന സൗകര്യക്കുറവ് ഈ കൃഷിയെ സാരമായി ബാധിച്ചിട്ടുണ്ട്.

### പച്ചക്കറി

പഞ്ചായത്തിൽ 15 ഹെക്ടർ സ്ഥലത്താണ് പച്ചക്കറി കൃഷി ചെയ്യുന്നത്. ഉദ്ദേശം 9 മെട്രിക്ക് ടൺ പച്ചക്കറി പ്രതിവർഷം ഉൽപ്പാദിപ്പിക്കുന്നു. വലിയ തോതിൽ തോട്ടങ്ങൾ എന്ന് പറയാവുന്ന സ്ഥലങ്ങൾ ഇവിടെയില്ല. എന്നാൽ കുറച്ചെങ്കിലും ജലലഭ്യതയുള്ള പഞ്ചായത്തിന്റെ പടിഞ്ഞാറൻ മേഖലകളിൽ ചെറിയ തോതിലുള്ള തോട്ടങ്ങളും പഞ്ചായത്തിലെ ചില ഭാഗങ്ങളിലെ പുരയിടങ്ങളിൽ പ്രധാനമായും പാവക്ക, കുമ്പളം, പയർ, വെള്ളരി, ചേന, കൂർക്ക, വെണ്ട, പടവലം, ഗോവയ്ക്ക തുടങ്ങിയവ ചെറിയ തോതിൽ കൃഷി ചെയ്യുന്നു.

ജൈവവളവും , രാസവളവും ഈ കൃഷിക്കുവേണ്ടി ഉപയോഗിയ്ക്കുന്നു. ചിലതരം പുഴുക്കളും ഗാം ഈയ്യുകളും പച്ചക്കറിയ്ക്ക് കൃഷി നാശം വിതയ്ക്കുന്നു. ഇവയെ നിയന്ത്രിക്കുന്നതിന് കീടനാശിനികൾ ഉപയോഗിക്കാറുണ്ട്. വെണ്ട കൃഷിയെ ബാധിയ്ക്കുന്ന 'നര' എന്ന കേട് എടുത്തു പറയേണ്ടതാണ്. ഉൽപാദനം തുടങ്ങുന്നതിനും തൊട്ടുമുൻപോ പിൻപോ ഈ രോഗം ബാധിക്കാറുണ്ട്. ഇതിനു നിയന്ത്രിക്കുന്നതിനു ഫലപ്രദമായ മാർഗ്ഗങ്ങളില്ലാത്തതിനാൽ വെണ്ട കൃഷിയെ കർഷകർ അകറ്റി നിറുത്തുന്നതിനു കാരണമാവുന്നു. ജലസേചന സൗകര്യക്കുറവ് പച്ചക്കറിയെ സാരമായി ബാധിയ്ക്കുന്നു.

### കുരുമുളക്

ഏകദേശം 10 ഹെക്ടർ സ്ഥലത്ത് കുരുമുളക് കൃഷി ചെയ്യുന്നു. 2000 കിലോ ഗ്രാം കുരുമുളക് ഒരു വർഷത്തിൽ ഉൽപ്പാദിപ്പിക്കപ്പെടുന്നു. മുൻകാലങ്ങളിൽ കവിങ്ങിൻമേലാണ് കുരുമുളക് പടർത്തിയിരുന്നത്. കവുങ്ങിന് രോഗം ബാധിച്ചതോടു കൂടി അതിൽ പടർത്തിയിരുന്ന കുരുമുളകും വെറ്റിലക്കൊടിയും നശിച്ചു. കുരുമുളക് കൃഷി കുറയുന്നതിന് ഇതൊരു കാരണമാണ്. തോട്ടം എന്ന നിലയിൽ ഈ കൃഷി ചെയ്യുന്നതിന്ഇതൊരു കാരണമാണ്. പഞ്ചായത്തിൽ അനുഭവപ്പെടുന്ന വരൾച്ച ഈ കൃഷിയെ ബാധിച്ചിട്ടുണ്ട്. ധ്രുതവാട്ടം എന്ന രോഗം ഈ കൃഷിയിൽ കണ്ടു വരുന്നു. സാധാരണയായിഈ കൃഷിയ്ക്കു വളപ്രയോഗം നടത്താറില്ല. നാടൻ, കരിമുണ്ട, പന്നിയൂർ ഒന്ന് എന്നീ ഇനങ്ങളാണ് കൃഷി ചെയ്തു വരുന്നത്.

### മരച്ചീനി

ഒരു ഹെക്ടർ സ്ഥലത്ത് മരച്ചീനി കൃഷി ചെയ്യുന്നു. വ്യാപകമായി ഈ കൃഷി ചെയ്യുന്നില്ലമുൻ കാലങ്ങളിൽ തെങ്ങിൻ തോപ്പുകളിൽ ഇടവിളയായി ഈ കൃഷി ചെയ്തിരുന്നു. എലിയുടെ ശല്യമാണ് ഈ കൃഷിയ്ക്കു നേരിടുന്ന പ്രധാന നാശം. ജൈവവളവും രാസവളവും ഇതിനുപയോഗിക്കുന്നു.

### മറ്റു വിളകൾ

പഞ്ചായത്തിൽ മുൻകാലങ്ങളിൽ സുലഭമായിരുന്നു കശുമാവ്, പ്ലാവ്, മാവ് തുടങ്ങിയ ഫലവൃക്ഷങ്ങൾ. ജനസംഖ്യാ വർദ്ധനയ്ക്കനുസരിച്ച് ഫലവൃക്ഷങ്ങളുടെ എണ്ണത്തിന് സാരമായ കുറവ് സംഭവിച്ചു. പുരയിടങ്ങൾ ചെറുതായപ്പോൾ ഫലവൃക്ഷങ്ങൾക്ക് പകരംതെങ്ങ് നടുന്നതിന് ജനങ്ങൾ താൽപര്യം പ്രകടിപ്പിച്ചു.

1980 കളിൽ വളരെയധികം പ്രചാരം കൊടുത്ത കൊക്കോ നമ്മുടെ പഞ്ചായത്തിൽ ധാരാളംകൃഷി ചെയ്യുകയുണ്ടായി. എന്നാൽ സംസ്ക്കരണത്തിനും വിപണനത്തിനുമുള്ള സൗകര്യക്കുറവു മൂലം ഈ കൃഷി ഉപേക്ഷിക്കാൻ ജനങ്ങൾ നിർബന്ധിതരായി. ആസൂത്രണത്തിലുള്ള പോരായ്മയായിരുന്നു ഇതിനു കാരണം. മറ്റു ഇടവിളകൾ നശിപ്പിച്ചു കൊണ്ടാണ് കൊക്കോ കൃഷി തുടങ്ങിയതെന്നുള്ളതാണ് കൃഷിക്കാർക്ക് വൻനഷ്ടത്തിനുമിടയാക്കി. ജാതി, കരയാമ്പൂ, കറുവപ്പട്ട തുടങ്ങിയവ ചെറിയ തോതിലാണെങ്കിലും കൃഷി ചെയ്തു വരുന്നു.

### ഔഷധ സസ്യങ്ങൾ

പഞ്ചായത്തിൽ പനമുക്ക് പ്രദേശത്ത് സീതാറാം ആഗ്ലോ ആയുർവേദിക്ക് ഫാർമസിയുടെ വകയായി ഉദ്ദേശം മൂന്ന് ഏക്കർ സ്ഥ

ലത്ത് ഔഷധത്തോട്ടമുണ്ടായിരുന്നു. എന്നാൽ ഇപ്പോൾ പഞ്ചായത്തിൽ തോട്ടം എന്ന രീതിയിൽ ഔഷധച്ചെടികൾ വളർത്തുന്നില്ല. ചെറിയ തോതിൽ പുരയിടങ്ങളിൽ ഔഷധച്ചെടികൾ വളർത്തി വരുന്നു.

പഞ്ചായത്തിലെ ഗ്രാമസഭകളിൽ നടന്ന ചർച്ചകളുടേയും ശേഖരിച്ച വിവരങ്ങളുടേയും അടിസ്ഥാനത്തിൽ കാർഷിക രംഗത്ത് പരിഗണിക്കേണ്ട പ്രധാന പ്രശ്നങ്ങളും നിർദ്ദേശിച്ച പരിഹാരമാർഗങ്ങളും താഴേ ചേർക്കുന്നു.

## പ്രശ്നങ്ങളും പരിഹാരങ്ങളും

### 1. നെല്ല്

നെൽകൃഷി നേരിടുന്ന മറ്റൊരു പ്രശ്നം തൊഴിലാളികളുടെ ലഭ്യത കുറവാകുന്നതാണ്. ഈ മേഖലയിൽ പണിയെടുക്കുന്ന പുരുഷതൊഴിലാളികൾക്ക് 100 (നൂറ് രൂപയും) രൂപയുംസ്ത്രീ തൊഴിലാളികൾക്ക് 60 (അറുപത്) രൂപയും കൊടുത്തു കൊണ്ടിരിക്കുന്നുണ്ട്. എന്നിരുന്നാലും കെട്ടിടനിർമ്മാണരംഗത്ത് ഇതിനേക്കാൾ ഉയർന്ന കൂലി ലഭിക്കുന്നതു മൂലം തൊഴിലാളികൾ ആ രംഗത്തേക്ക് ആകർഷിക്കപ്പെടുന്നു.

ഇതിന് പരിഹാരമായി തൊഴിലാളികളുടെ ലഭ്യത ഉറപ്പു വരുത്തുകയോ യന്ത്രവല്ക്കരണം നടപ്പാക്കുകയോ ചെയ്യേണ്ടതാണ്. ഇതിന് പുറമെ കാർഷികമേഖലയിലെ കൂലി ഏകീകരിക്കേണ്ടതാണ്.

### 2. നെല്ല് രോഗങ്ങൾ

രോഗനിവാരണത്തിന് ആവശ്യമായ നിർദ്ദേശങ്ങൾ കൃഷിഭവൻ വഴി ലഭിക്കുന്നുണ്ടെങ്കിലും മരുന്നുകൾ വേണ്ടത്ര ലഭിക്കുന്നില്ല.

രണ്ടാഴ്ച കൂടുമ്പോൾ കൃഷി വകുപ്പ് ഉദ്യോഗസ്ഥന്മാർ കൃഷിയിടങ്ങളിൽ നിർബന്ധമായും സന്ദർശിച്ചിരിക്കണം.

### നെല്ല് വിപണനം

പ്രശ്നങ്ങൾ- ഇപ്പോൾ അത്താണിയിലുള്ള സഹകരണമില്ലിൽ സർക്കാർ നിശ്ചയിക്കുന്ന നിരക്കിൽ നെല്ല് എടുക്കുന്നുണ്ട്. എന്നാൽ ഇക്കാര്യത്തിൽ കൃഷിക്കാർ ചില പ്രശ്നങ്ങൾ നേരിടുന്നു. അതിൽ (ഒന്ന്) കൃഷിച്ചിലവുമായി താരതമ്യപ്പെടുത്തിയ വില കൃഷിക്കാരന് ലഭിക്കുന്നില്ല. (രണ്ട്) ലഭിക്കുന്ന നെല്ല് സ്റ്റോക്ക് ചെയ്യുന്നതിനുള്ള സൗകര്യം ഇല്ല. (മൂന്ന്)

നെല്ലിൻെറ വില അപ്പപ്പോൾ ലഭിക്കുന്നില്ല. ചിലപ്പോൾ നാല് മാസം വരെ താമസിക്കാറുണ്ട്. (നാല്) നെല്ല് കമ്പനിയിൽ എത്തിക്കുന്നതിന് ട്രാൻസ്പോർട്ടിനുള്ള ബുദ്ധിമുട്ട്.

### നിർദ്ദേശങ്ങൾ

(ഒന്ന്) സഹകരണാടിസ്ഥാനത്തിൽ പഞ്ചായത്തിലോ ബ്ലോക്ക് അടിസ്ഥാനത്തിലോ സംഭരണ- സംസ്ക്കരണ മില്ല് സ്ഥാപിക്കുക. (രണ്ട്) കൃഷിച്ചിലവുമായി ബന്ധപ്പെടുത്തി കാലാകാലങ്ങളിൽ വില പുനർ നിർണ്ണയം ചെയ്യുക. (മൂന്ന്) അളക്കുന്ന നെല്ലിൻെറ വിലഅപ്പോൾ തന്നെ കൃഷിക്കാരന് ലഭിക്കുന്നതിനാവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുക. (നാല്)

നെല്ല് സംഭരിക്കുന്നതിന് പഞ്ചായത്ത് അടിസ്ഥാനത്തിൽ ഒന്നോ രണ്ടോ കേന്ദ്രങ്ങൾ തുറക്കുക.

### 2. തെങ്ങ്

പ്രശ്നം 1. തെങ്ങുകയറ്റ തൊഴിലാളികളുടെ കുറവു മൂലം മാസാമാസങ്ങളിൽ കൃത്യമായി തേങ്ങ ലഭിക്കുന്നില്ല. ഇതു കൃഷിക്കാരന് സാമ്പത്തിക ബുദ്ധിമുട്ടുണ്ടാക്കുന്നു.

### നിർദ്ദേശം

വേണ്ടത്ര പരിശീലനം കൊടുത്ത് കൂടുതൽ തൊഴിൽരഹിതരെ ഈ തൊഴിലിലേക്ക് ആകർഷിക്കണം. തെങ്ങു കയറ്റത്തിനുള്ള യന്ത്രം ലഭ്യമാക്കണം.

പ്രശ്നം 2. നാളികേരത്തിനു ന്യായമായ വില ലഭിക്കുന്നില്ല.

നിർദ്ദേശം - ചിലവുമായി ബന്ധപ്പെടുത്തിയ വില താങ്ങുവിലയായി കാലാകാലങ്ങളിൽ നിശ്ചയിക്കുക. സഹകരണമേഖലയിൽ കൊപ്രസംഭരണ സംസ്ക്കരണ മില്ലുകൾ ആരംഭിക്കുക. തകിരി, ചിരട്ട, മുതലായവ ഉപയോഗിച്ചുള്ള വ്യവസായങ്ങൾ ആരംഭിക്കുക.

പ്രശ്നം 3. ചെന്നീരൊലിപ്പ്, കൂമ്പുചീയൽ എന്നീ രോഗങ്ങൾ മൂലം തെങ്ങുകൾ നശിക്കുന്നു.

നിർദ്ദേശം - കേടുവന്ന തെങ്ങുകൾ മുറിച്ചു മാറ്റുന്നതിനും പകരം നല്ല തൈകൾ വെയ്ക്കുന്നതിനും കൃഷിഭവൻ വഴി സാമ്പത്തിക

സഹായം ചെയ്യുക.

പ്രശ്നം 4. ജലസേചനസൗകര്യം വേണ്ടത്ര യില്ല. പ്രത്യേകിച്ച് വേനൽക്കാലത്ത് നനക്കുന്ന തിനുള്ള വെള്ളം ലഭിക്കുന്നില്ല.

നിർദ്ദേശം- പഞ്ചായത്തിൻെറ എല്ലാ ഭാഗ ത്തേക്കും വെള്ളം ലഭിക്കുന്ന തരത്തിലുള്ള ലിഫ്ട് ഇറിഗേഷൻ സൗകര്യങ്ങൾ ഏർപ്പെടുത്താവുന്ന താണ്. ഇതിന് ഈ റിപ്പോർട്ടിൻെറ അന്യത്ര പറ ഞ്ഞിട്ടുള്ളതുപോലെ ചിമ്മിനി ഡാമിലെ വെള്ളം ഉപയോഗിക്കാവുന്നതാണ്.

കേര സംരക്ഷണ സമിതി പുനഃസംഘടി പ്പിച്ച് പ്രവർത്തിപ്പിക്കേണ്ടതാണ്.

## 3. കവുങ്ങ്

പ്രശ്നം -(1) കവുങ്ങു കയറ്റ തൊഴിലാളി കളുടെ കുറവ്.

നിർദേശം - തെങ്ങുകയറ്റ തൊഴിലാളിക ളുടെ കാര്യത്തിൽ ചെയ്തതുപോലെ ഇവിടെയും ചെയ്യാവുന്നതാണ്.

പ്രശ്നം (2) ചൊവ്വക്കേടു മൂലം കവുങ്ങു നശിക്കുന്നു.

നിർദേശം - കേടുവന്ന കവുങ്ങ് മുറിച്ചു മാറ്റുന്നതിനും പുതിയ തൈകൾ വച്ചു പിടിപ്പി ക്കുന്നതിനും സാമ്പത്തിക സഹായം ലഭ്യമാക്കു ക. 'മംഗള' തുടങ്ങിയ പുതിയ അത്യുല്പാദനശേ ഷിയുള്ള കവുങ്ങിൽ തൈകൾ സൗജന്യ നിര ക്കിൽ ലഭ്യമാക്കുന്നതിന് കൃഷിഭവൻ തയ്യാറാവ ണം.

പ്രശ്നം (3) അടയ്ക്കക്ക് ന്യായമായ വില ലഭിക്കുന്നില്ല.

നിർദേശം - അടയ്ക്ക സംസ്ക്കരിക്കുന്ന തിനുള്ള സ്ഥാപനങ്ങൾ സഹകരണാടിസ്ഥാ നത്തിൽ സ്ഥാപിക്കുക. കർണ്ണാടകത്തിലുള്ള സ്വകാര്യ സ്ഥാപനങ്ങളാണ് ഇപ്പോൾ അടയ്ക്ക യുടെവില നിശ്ചയിക്കുന്നത്. വിലനിർണ്ണയ ത്തിൽ സർക്കാർ ഇടപെടേണ്ടതാണ്.

## 4. വാഴ

പ്രശ്നം( 1) ജലസേചനസൗകര്യം വേണ്ടത്ര ലഭ്യമല്ല.

നിർദേശം - തെങ്ങിൻെറയും മറ്റും കാര്യ ത്തിൽ പറഞ്ഞതുപോലെ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ നടപ്പിലാക്കി വെള്ളം ലഭ്യമാക്കാവു ന്നതാണ്. കിണറുകളിൽ മോട്ടറും പമ്പും വെയ്ക്കുന്നതിനുള്ള സാമ്പത്തിക സഹായം പുര യിടത്തിൻെറ വിസ്തീർണ്ണം കണക്കാക്കാതെ കൊടുക്കേണ്ടതാണ്.

പ്രശ്നം (2) - കുറുനാമ്പ്, തണ്ടുതുരപ്പൻ മുതലായ രോഗങ്ങൾ വാഴകൃഷിക്കു നാശം വരുത്തുന്നു.

നിർദേശം - ഇതിനു ഫലപ്രദമായ മരുന്നു കൾ കണ്ടെത്തിയിട്ടില്ല. നശിക്കുന്ന വാഴക്കുപകരം വാഴ നടുന്നതിനുള്ള സഹായം കൃഷിഭവൻ വഴി ലഭ്യമാക്കണം.

പ്രശ്നം (3) ന്യായമായ വില . എല്ലാക്കാ ലത്തും ലഭ്യമല്ല

നിർദേശം - ഇടത്തട്ടുകാരെ ഒഴിവാക്കി വിപണന രംഗത്ത് സഹകരണ സ്ഥാപനങ്ങൾ സ്ഥാപിക്കേണ്ടതാണ്.

## 5. പച്ചക്കറി

പ്രശ്നം (1) ജലദൗർലഭ്യം ഈ കൃഷിയേയും ബാധിച്ചിരിക്കുന്നു.

നിർദേശം - ഇതിനു മുൻപ് തെങ്ങി ൻേറയും കവുങ്ങിൻേറയും കാര്യത്തിൽ പറഞ്ഞ പ്രകാരമുള്ള പരിഹാരമാർഗ്ഗം ഇതിലും അവലം ബിക്കാവുന്നതാണ്.

പ്രശ്നം (2) പലവിധ രോഗങ്ങൾ പിടിപ്പെ ടുന്നു.

നിർദേശം - രോഗങ്ങൾക്കുള്ള മരുന്നു തളി ക്കുന്നതിന് കേന്ദ്രീകൃതമായ ഒരു സംവിധാനം ഏർപ്പെടുത്തണം. പുരയിടങ്ങളിലെ ചെറുകിട കൃഷിയിടങ്ങളിൽ ഇങ്ങനെ ഉള്ള കേന്ദ്രീകൃത സംവിധാനം വളരെ ഫലപ്രദമായിരിക്കും. കൃഷി ഭവൻേറയോ പഞ്ചായത്തിൻേറയോ കീഴിൽ ഇതി നുള്ള സംവിധാനം ഏർപ്പെടുത്താവുന്നതാണ്. കൊതുകു നിവാരണത്തിന് ചെയ്യുന്നതുപോലെ വാർഡ് അടിസ്ഥാനത്തിൽ വീടുകളിലും കൃഷിസ്ഥലങ്ങളിലുംമരുന്നു തളിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തണം.

പ്രശ്നം(3) പച്ചക്കറിക്ക് ന്യായമായവില എല്ലാക്കാലത്തും ലഭ്യമല്ല.

നിർദേശം- പഞ്ചായത്തിൽ പച്ചക്കറി വിപ ണനത്തിനുള്ള മാർക്കറ്റുകളോ രണ്ടോ മൂന്നോ വാർഡുകൾ ബന്ധപ്പെടുത്തി സന്ധ്യച്ചന്തകളോ ഏർപ്പെടുത്താവുന്നതാണ്.

നമുക്ക് ലഭ്യമാകുന്ന പച്ചക്കറികളുടെ ഭൂരി ഭാഗവും അന്യസംസ്ഥാനങ്ങളിൽ നിന്ന് വരുന്ന താണ്. അത് കൊണ്ട് തന്നെ ഈ കൃഷിയുടെ പ്രാധാന്യം വളരെയേറെ വർദ്ധിക്കുന്നു.ഇതിന് പരിഹാരമായി എല്ലാ വീടുകളിലും അടുക്കളത്തോട്ടങ്ങൾ നിർബന്ധമാക്കാവുന്നതാണ്. അതിനു വേണ്ട നല്ലയിനം വിത്തും ആവശ്യമായ രാസവളവും സൗജന്യനിരക്കിൽ നൽകുകയും വീടുകളിൽ തന്നെ കൃഷിക്കാവശ്യമായ കമ്പോസ്റ്റ് വള നിർമ്മാണത്തിന് വേണ്ട പ്രോത്സാഹനവും സാമ്പത്തിക സഹായവും നൽകണം. വീടുകളിലെ സ്ത്രീകൾക്ക് ഇതിനുവേണ്ട നിർദേശങ്ങൾ കൊടുക്കുന്നതിന് കൃഷിഭവൻ സഹായിക്കേണ്ടതാണ്.

ഗ്രാമസഭകളിൽ നിന്ന് ലഭിച്ച
മറ്റു നിർദ്ദേശങ്ങൾ

### 1 ബണ്ടുകൾ

a വാർഡ് 5ൽ അക്കരപ്പറ്റി, മദാമ്മത്തോപ്പ് പാടശ്ശേഖരത്തിൻെറ ബണ്ടുകൾ ബലപ്പെടുത്തേണ്ടതാണ്.

b 2,14 വാർഡുകളിൽ കിടക്കുന്ന കിഴക്കൻ കോൾ പോർകോർ പാടശേഖരത്തിൻെറ കിഴക്ക് ഭാഗത്തുള്ള ബണ്ടിൻെറ ഉയരം കൂട്ടുകയാണെങ്കിൽ ഇപ്പോൾ ഒരുപ്പൂകൃഷി ചെയ്യുന്നത് ഇരുപ്പൂകൃഷി ചെയ്യാവുന്നതാണ്. മാത്രമല്ല കെ. എൽ.ഡി. സി. ചാലുകളിൽ തടയണകൾ നിർമ്മിച്ചാൽ കൃഷിക്ക് ആവശ്യമായ ജലം ലഭിക്കും.

c മണ്ണൊലിപ്പ് തടയുന്നതിന് ബണ്ടുകൾ കരിങ്കൽ കൊണ്ട് കെട്ടി സംരക്ഷിക്കണം.

### 2. ഫാംറോഡ്

2,3,4,5,7,8,14 എന്നീ വാർഡുകളിൽ പാറച്ചാലിലേക്കും പാടശേഖരത്തിലേക്കും മറ്റു ആവശ്യമായ കോൾപ്രദേശങ്ങളിലേക്കും വിത്തും വളവും എത്തിക്കുന്നതിനും വിളകൊയ്ത് കൊണ്ടു വരുന്നതിനും സഹായകരമായ വിധത്തിൽ ഫാംറോഡുകൾ നിർമ്മിക്കണം.

### 3. തരിശ് നിലങ്ങൾ

1. നിലം തരിശിടുന്നതും മണ്ണ് ഇട്ട് നികത്തുന്നതും കർശനമായി തടയണം. ഇതിനാവശ്യമായനിയമ ഭേദഗതികൾ സർക്കാർ കൊണ്ടു വരേണ്ടതാണ്.

2. കൃഷിയോഗ്യമായ തരിശ് ഭൂമികൾ പഞ്ചായത്ത് ഏറ്റെടുത്ത് താല്പര്യമുള്ള കർഷക തൊഴിലാളികളെ ഏൽപ്പിച്ച് കൃഷി നടത്തുകയും ഇതിനുവേണ്ടി ഭൂവുടമയുമായി കരാർ ഉണ്ടാക്കാവുന്നതുമാണ്.

3. തൃശൂർ നഗരവികസന അതോറിറ്റി മരവിപ്പിച്ചിട്ടുള്ള കണ്ണംക്കുളങ്ങര പാടം ഇപ്പോൾ തരിശായി കിടക്കുകയാണ്. അവിടെ നടത്താനുദ്ദേശിക്കുന്ന വികസനപരിപാടികൾ വരുന്നതുവരെ ഈ സ്ഥലം സാധ്യതയുള്ള കൃഷിക്കായി ഉപയോഗിക്കണം.

### 4. ഗ്രൂപ്പ് ഫാമിങ്ങ്

പാടശേഖരങ്ങളിൽ ഗ്രൂപ്പ് ഫാമിങ്ങ് സംവിധാനം ഏർപ്പെടുത്തണം. ഇതിനായി സംഘങ്ങൾ രൂപീകരിക്കുന്നതിന് കർഷകസമിതികൾ മുൻകൈ എടുക്കണം.

### 5. വായ്പകൾ

ഇന്നുലഭിക്കുന്ന കാർഷികവായ്പയുടെ തുക വർദ്ധിപ്പിക്കുകയും വായ്പ ലഭിക്കുന്നതിനുള്ള നടപടികൾ ലഘൂകരിക്കുകയും വേണം.

### 6. പരിശീലനം

1. വിവിധതരം കൃഷികൾക്കുള്ള ശാസ്ത്രീയമായ പരിശീലനം നൽകുന്നതിനുള്ള സംവിധാനം കൃഷിഭവൻെറ ആഭിമുഖ്യത്തിൽ നടത്തണം.

2. പഞ്ചായത്ത് അടിസ്ഥാനതത്തിൽ തൊഴിലില്ലാത്ത യുവാക്കളെ സംഘടിപ്പിച്ച് കൃഷിഭവന് സഹായകരമായുള്ള പരിശീലനം കൊടുത്ത് അവരുടെ സേവനം കൃഷിഭവന് ഉപയോഗിക്കാവുന്നതാണ്. സേവനത്തിന് പ്രതിഫലമായി ഒരു നിശ്ചിത തുക പഞ്ചായത്തിൽ നിന്ന് നൽകേണ്ടതാണ്.

### 7. സബ്സിഡി

1. നെല്ല് കൃഷിക്കാർക്ക് ലഭ്യമായിരുന്ന വളം, കുമ്മായം, മരുന്നുകൾ എന്നിവയുടെ സബ്സിഡികൾ വീണ്ടും ഏർപ്പെടുത്തണം.

2. കാർഷിക ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള സബ്സിഡിയുടെ നിരക്ക് വർദ്ധിപ്പിക്കണം.

3. 10 (പത്ത്) സെൻറ് വരെ ഭൂമിയുള്ള

വർക്ക് കാർഷിക ആവശ്യത്തിനായി കിണർക്കുഴിക്കുവാനും പമ്പ്സെറ്റ് വാങ്ങുന്നതിനും സബ്സിഡി അനുവദിക്കണം.

4. കാർഷിക ആവശ്യങ്ങൾക്കുള്ള വൈദ്യുതി സൗജന്യമായി നൽകുന്നതിനും വൈദ്യുതി കണക്ഷൻ കാലതാമസം കൂടാതെ ലഭിക്കുന്നതിനും ഉള്ള തീരുമാനം ഉണ്ടാകണം.

### നൂതനകൃഷി മേഖലകൾ

**1. പുഷ്പകൃഷി.**

ആന്തൂറിയം, ഓർക്കിഡ്, കുറ്റിമുല്ല, ജമന്തി, സെൻറ്മല്ലി തുടങ്ങിയ പൂക്കളുടെ കൃഷി പ്രോത്സാഹിപ്പിക്കേണ്ടതാണ്. ഇതിന് സൗകര്യപ്രദമായ വീടുകൾ കണ്ടെത്തി അവർക്കുവേണ്ട പരിശീലനം നൽകേണ്ടതാണ്. പൂക്കൾ വിറ്റഴിക്കുന്നതിന് ആവശ്യമായ സംവിധാനം പഞ്ചായത്ത് തലത്തിൽ ഏർപ്പെടുത്തേണ്ടതാണ്.

**2. കൂൺകൃഷി**

ഒരു കുടിൽ വ്യവസായം എന്ന നിലയിൽ കൂൺകൃഷിയെ പ്രോത്സാഹിപ്പിക്കേണ്ടതാണ്. ഏറ്റവും എളുപ്പത്തിൽ കൃഷി ചെയ്ത് വിളവെടുക്കാവുന്ന ഈ കൃഷിക്ക് വേണ്ടതായവിത്തും പരിശീലനവും കൃഷിഭവൻ വഴി ചെയ്തു കൊടുക്കേണ്ടതാണ്.

**3. പട്ടുനൂൽകൃഷി**

പട്ടുനൂൽകൃഷി കുടുംബവരുമാന വർദ്ധനവിനുള്ള ഒരു മാർഗ്ഗമാണ്. ഇതിന് സന്നദ്ധരായവരെ കണ്ടുപിടിച്ച് പ്രോത്സാഹിപ്പിക്കേണ്ടതാണ്.

പട്ടുനനൂൽക്ഷി മുൻകാലങ്ങളിൽ ഈ പഞ്ചായത്തിൽ ഉണ്ടായിരുന്നു. ഒരു സംഘവും രൂപീകരിച്ചിരുന്നു. എന്നാൽ വിപണന സൗകര്യത്തിൻെറ കുറവു മൂലം ആ സംരംഭം പരാജയപ്പെടുകയാണുണ്ടായത്. വിപണന സൗകര്യങ്ങൾ ഉറപ്പു വരുന്ന പക്ഷം ഈകൃഷിക്ക് ധാരാളം സാദ്ധ്യതകൾ ഉണ്ടാകുന്നതിനുവേണ്ട പരിശീലനവും ലഭ്യമാക്കേണ്ടതുണ്ട്.

**4. തേയിച്ച**

തേനീച്ചകൃഷി മുൻകാലങ്ങളിലെ പോലെ പ്രോത്സാഹിപ്പിക്കേണ്ടതാണ്. അതിനുവേണ്ടതായ കൂടും മറ്റുപകരണങ്ങളും സൗജന്യനിരക്കിൽ ലഭ്യമാക്കുകയും പുതിയ സംരംഭകർക്ക് വേണ്ട പരിശീലനം നൽകുകയും വേണം.

**5. സുഗന്ധ · ഔഷധ സസ്യങ്ങൾ**

ധാരാളം വിപണന സാധ്യതയുള്ള സുഗന്ധ ഔഷധ സസ്യങ്ങൾ വീട്ടുവളപ്പിലും വേലിപടർപ്പുകളിലും അധികം ചിലവില്ലാതെ കൃഷിചെയ്യാവുന്നതാണ്. ഇതിനുവേണ്ടനടീൽ വസ്തുക്കൾ കൃഷിഭവൻ മുഖേന ലഭ്യമാക്കേണ്ടതാണ്.

## ജലസേചനം

പഞ്ചായത്തിലെ നെൽകൃഷി വയലുകൾ പീച്ചി ജലസേചന പദ്ധതിയുടെ ആയക്കെട്ടിൽ പെടുന്നതാണ്. പീച്ചി വലതു കനാലിൻെറ ഒരു ശാഖ പഞ്ചായത്തിൻെറ കിഴക്കു ഭാഗത്തിലൂടെ 11-ാം വാർഡിൽ പ്രവേശിച്ച് 10,13, 15, 1, എന്നീ വാർഡുകളിൽ കൂടിഎസ്. എൻ ഹൈസ്ക്കൂളിന് സമീപത്തുള്ള കാരമുക്ക് പാടത്ത് അവസാനിക്കുന്നു. വർഷങ്ങൾക്കു മുമ്പ് ഈ കനാലിൽ കൂടി വിരിപ്പ് കൃഷിക്ക് വെള്ളം ലഭ്യമായിരുന്നുവെങ്കിലും ഇപ്പോൾ ഈ കനാലിൽ കൂടി ജലസേചനം നടക്കുന്നില്ല. പലഭാഗത്തും മണ്ണു വീണ് തളർന്ന കനാൽ ഉപയോഗശൂന്യമായി തീർന്നിരിയ്ക്കയാണ്. ഈകനാൽ വൃത്തിയാക്കി കൃഷിയ്ക്ക് വെള്ളം ലഭ്യമാക്കാൻ ശ്രമിക്കേണ്ടതാണ്. കോൾ നിലങ്ങളിലേക്ക് വളരെ കുറഞ്ഞ തോതിൽ പടിഞ്ഞാറു ഭഗത്തേയ്ക്ക് പീച്ചിവെള്ളം ലഭിക്കാറുണ്ട്. എന്നാൽ ഇത് പര്യാപ്തമല്ലാത്തതിനാൽ ചില വർഷങ്ങളിൽ നെൽകൃഷിക്ക് ഉണക്കം സംഭവിക്കാറുണ്ട്. പൂർണ്ണമായും തൃശൂർ കോൾ നിലങ്ങളെ ഉദ്ദേശിച്ച് തുടങ്ങിയചിമ്മിനി പദ്ധതി വളരെ താമസിച്ചാണെങ്കിലും കമ്മീഷൻ ചെയ്തിരിക്കുന്നു. എന്നാൽ ചിമ്മിനിഡാമിലെ വെള്ളം കോൾ മേഖലയിലെ പടിഞ്ഞാറ് ഭാഗത്ത് മാത്രമെ ഉപയോഗ പ്രദമാക്കുന്നുള്ളൂ. ഇതിൻെറ കാരണം കെ. എൽ. ഡി.സി. കനാലിൻെറ പടിഞ്ഞാറോട്ടുള്ള ചെരിവാണ്. ഇതു മൂലം മാനാഞ്ചേരി കനാലിന് കിഴക്കു വശത്തായി കിടക്കുന്ന ഉദ്ദേശം 1000 ഏക്കർ നെൽകൃഷി ഒരു പൂവ് പണിയുന്നതിനു പോലും ജലക്ഷാമം നേരിടുന്നു. ഇതിൻെറ പരിഹാരം ചിമ്മിനി ഡാമിലെ വെള്ളം കിഴക്കു ഭാഗത്തു നിന്ന് (ഒല്ലൂർ പടവരാട്ടുതോടു വഴി) കോൾ നിലങ്ങളിലേക്ക് പ്രവേശിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക

യാണ്. കൂടാതെ ഒല്ലൂർ, അറിണിശ്ശേരി, കൂർക്കഞ്ചേരി, പാറളം, എന്നീ പഞ്ചായത്തുകളിലെ കരപ്രദേശത്ത് കാർഷിക വിളകൾക്ക് ഉപകരിക്കുന്ന ധാരാളം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളും നടപ്പിലാക്കാവുന്നതാണ്. കിണറുകളിലെ ജലനിരപ്പ് ഉയരുന്നതുമൂലം ഈ പഞ്ചായത്തുകളിലെ കുടിവെള്ള ക്ഷാമത്തിനു പരിഹാരമാകുകയും ചെയ്യുന്നു.

ജലസേചനത്തിന് ഈ പഞ്ചായത്തിൽ കിട്ടാവുന്ന മറ്റു മാർഗ്ഗം ചില കുളങ്ങളാണ്.

## പ്രശ്നങ്ങളും നിർദേശങ്ങളും

### ജലസേചനം

ഗ്രാമ സഭകളിൽ നടന്ന ചർച്ചകളുടേയും ശേഖരിച്ച വിവരങ്ങളുടേയും അടിസ്ഥാനത്തിൽ കാർഷികരംഗത്ത് പരിഗണിക്കേണ്ട പ്രധാന പ്രശ്നങ്ങൾ താഴേ ചേർക്കുന്നു.

1. നെൽകൃഷിയ്ക്കും മറ്റു കാർഷിക വിളകൾക്കും നേരിടുന്ന ജലദൗർലഭ്യം ഏറ്റവുംപ്രധാന പ്രശ്നമായി ഗ്രാമസഭയിൽ ഉയർന്നു വന്നു. നിലവിലുള്ള സൗകര്യങ്ങളുപയോഗിച്ച് ജലക്ഷാമം പരിഹരിയ്ക്കുന്നതിനുള്ള പല നിർദേശങ്ങളും വന്ന കൂട്ടത്തിൽ ഏറ്റവും പ്രധാന നിർദേശങ്ങൾ താഴെ ചേർക്കുന്നു.

1. ചിമ്മിണി - മുപ്ലി പദ്ധതിയിലെ ജലം പഞ്ചായത്തിലെ കോൾ മേഖലയുടെ കിഴക്കു വശത്തായി കിടക്കുന്ന ഒല്ലൂർ പടവരാട് തോട്ടിൽ കൂടി ലഭ്യമാക്കേണ്ടതാണ്. ഇതിനാവശ്യമായ തടയണയും കനാലുകളും നിർമ്മിക്കേണ്ടതാണ്.

ഇത് സാദ്ധ്യമായാൽ എല്ലാ കോൾ നിലങ്ങൾക്കാവശ്യമായ വെള്ളം ലഭിയ്ക്കുന്നതിനു പുറമെ കൂർക്കഞ്ചേരി, ഒല്ലൂർ, അറിണിശ്ശേരി, പാറളം, അയ്യന്തോൾ എന്നീ പഞ്ചായത്തുകളിൽ നിലവിലുള്ള ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾക്കും നിർദേശിക്കപ്പെട്ട പുതിയ പദ്ധതികൾക്കും ആവശ്യാനുസരണം വെള്ളം ലഭിയ്ക്കും.

ഇതിൻെറ ഫലമായി പഞ്ചായത്തിൽ ഒരു പൂവ് കൃഷി ചെയ്യുന്ന 1000 ഏക്കർ നിലത്ത്ഇരുപ്പു കൃഷി ഇറക്കാവുന്നതും അതുമൂലം മൂന്ന് ലക്ഷം പറനെല്ല് കൂടുതൽ ഉല്പാദിപ്പിക്കാവുന്നതുമാണ്. ലിഫ്റ്റ് മൂലം ലഭിക്കുന്ന വെള്ളം മറ്റു കാർഷിക വിളകളുടെ വർദ്ധനവിന് സഹായകമാകും. ഉദാഹരണത്തിന് തെങ്ങ്, കവുങ്ങ്, വാഴ, പച്ചക്കറികൾ തുടങ്ങിയവയ്ക്കും പുതിയയായി നിർദേശിക്കപ്പെട്ട പൂക്കൾ -സുഗന്ധ വിളകൾ, ഔഷധ സസ്യങ്ങൾ, തുടങ്ങിയവയുടെ വർദ്ധനവിനും സഹായിക്കും.

2. പഞ്ചായത്തിലെ 11, 10, 13, 15, 1 എന്നീ വാർഡുകളിൽ കൂടി കടന്നു പോകുന്ന പീച്ചി ഇറിഗേഷൻകനാൽ വൃത്തിയാക്കി നെൽകൃഷിക്കും പറമ്പുകളിലെ ഇടവിള കൃഷികൾക്കും വെള്ളമെത്തിക്കണം.

3. പഞ്ചായത്തിൽ നിലവിലുള്ള പൊതുകുളങ്ങൾ വൃത്തിയാക്കി ജലസേചനത്തിന് സൗകര്യപ്രദമാക്കണം. കൂടാതെ പഞ്ചായത്തിലുള്ള അമ്പലക്കുളങ്ങൾ സ്വകാര്യകുളങ്ങൾ എന്നിവയും ജലസേചനത്തിന് ഉപയോഗ്യപ്രദമാക്കണം.

4. പഞ്ചായത്തിലുള്ള പ്രധാനപ്പെട്ട ചാലുകളും തോടുകളും വൃത്തിയാക്കുകയും ആവശ്യമായ സ്ഥലങ്ങളിൽ ബണ്ടുകൾ നിർമ്മിച്ചും കൃഷിക്ക് ജലം ലഭ്യമാക്കണം.

5. മുപ്പാടം പാടശേഖരത്തിൻെറ (വാർഡ് -2) ജലസേചനത്തിനുവേണ്ടി തേറാത്ത് കോളിൻെറ കിഴക്കു വശത്തു കൂടി കനാൽ ഉണ്ടാക്കി റെയിൽവെ ലൈൻ വരെ എത്തിക്കണം.

6. മാമ്പഴക്കാട് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയിൽ (വാർഡ്-3) ഇപ്പോൾ പുത്തൻ തോടു വരെവന്നു നിൽക്കുന്ന ചിമ്മിണി ഡാമിലെ ജലം നിലവിലുള്ള കനാൽ വൃത്തിയാക്കി മാമ്പഴക്കാട് കുളത്തിൽ എത്തിക്കണം. അവിടെ നിന്നും പമ്പു ചെയ്യുന്ന വെള്ളം കോളിൻെറ ഉയർന്ന പ്രദേശത്തെ നെൽകൃഷിക്കും പറമ്പുകൾക്കും ഗുണകരമാണ്.

7. കോടമ്പയുടെ (വാർഡ്-4) മുകൾ ഭാഗത്തു കൂടി വരുന്ന ചാൽ പുത്തൻ കോൾ-ചാമക്കോൾ -താവർണ്ണ എന്നിവയുടെ മുകൾ ഭാഗത്തു കൂടി ചാല് വീതി കൂട്ടി പുത്തൻവെട്ടി കായലിൽ എത്തിയ്ക്കുകയും അവിടെ നിന്ന് മാമ്പഴക്കാട്ട് കുളം വരെ എത്തിക്കണം.

8. കരിമ്പറ്റ കോൾ (വാർഡ്- 5) മുതൽ വടൂക്കര പാടം വരെ കാനൽ വീതി കൂട്ടണം.

9. കോൾ പടവ് ചാലിൽ നിന്ന് പാറച്ചാലിലേയ്ക്ക് (വാർഡ്-7) വരുന്ന വെള്ളത്തെ ശേഖരിച്ച് പമ്പ് ചെയ്ത് കൃഷി ചെയ്യുവാൻ സാധിക്കും.

10. വാർഡ് -8 ലെ കോൾ പടവിലെ വെള്ളം പുറത്തേയ്ക്ക് അടിച്ചു കളയുന്നതിനു

പട്ടിക

**പൊതുകുളങ്ങളെ സംബന്ധിച്ച വിവരം**

| കുളത്തിൻെറ പേര് | ഉപയോഗ്യം/ അല്ലാത്തത് | വാർഡ് |
|---|---|---|
| 1 പെരുമ്പുള്ളി കുളം | ഉപയോഗ്യം | 1 |
| 2. മണ്ണാത്തിക്കുളം | അല്ലാത്തത് | 2 |
| 3. ആദിത്യൻകുളം | ഉപയോഗ്യം | 2 |
| 4. മാമ്പഴക്കാട്ട് കുളം | ഉപയോഗ്യം | 3 |
| 5. കടാം കുളം | ഉപയോഗ്യം | 3 |
| 6. വേട്ടുവൻ കുളം | ഉപയോഗ്യമല്ല | 3 |
| 7. പുത്തൻ കുളം | ഉപയോഗ്യം | 3 |
| 8. പുത്തൻവെട്ടിക്കുളം | ഉപയോഗ്യം | 4 |
| 9. മുപ്പാടം കുളം | അല്ലാത്തത് | 3 |
| 10. ലിഫ്റ്റ് ഇറിഗേഷൻ കുളം | അല്ലാത്തത് | 4 |
| 11. പുള്ളിത്താഴം കുളം | അല്ലാത്തത് | 5 |
| 12. പുത്തൻകുളം | ഉപയോഗ്യം | 8 |
| 13. കുന്നത്തും കുളം | അല്ലാത്തത് | 8 |
| 14. പടുതലകുളം | അല്ലാത്തത് | 9 |
| 15. തെക്കേ വളപ്പിൽ കുളം | അല്ലാത്തത് | 10 |
| 16. കാഞ്ഞിരക്കുളം | ഉപയോഗ്യം | 11 |
| 17. ചോരാം കുളം | അല്ലാത്തത് | 12 |
| 18. മുടപ്പിലായി കുളം | ഉപയോഗ്യം | 13 |
| 19. വള്ളി കുളം | അല്ലാത്തത് | 13 |
| 20. വേട്ടുവൻ കുളം | അല്ലാത്തത് | 14 |
| 21. പരിയാരത്ത് കുളം | അല്ലാത്തത് | 15 |

പകരംലിഫ്റ്റ് ഇറിഗേഷൻ വഴി മുകളിലേയ്ക്ക് പമ്പ് ചെയ്ത് കാർഷിക വിളകൾക്കായി ഉപയോഗിക്കാം.

11. വാർഡ് 14 ൽ പറമ്പു വിളകളായ കവുങ്ങ് വാഴ, തെങ്ങ്, പച്ചക്കറികൃഷി, നെല്ല്, കുരുമുളക് എന്നിവയ്ക്ക് ഉപകരിക്കുവാൻ ചിയ്യാരം നസ്രാണിപ്പാലത്തിനടുത്ത് ടാങ്ക് നിർമ്മിച്ച് കെ. എൽ. ഡി. സി. കനാലിൽ നിന്ന് വെള്ളം പമ്പ് ചെയ്ത് ശേഖരിക്കാവുന്നതാണ്

12.പാമ്പക്കോാം (വാർഡ്-4) വടക്കേകരയിലുള്ള ലിഫ്റ്റ് ഇറിഗേഷന് ഇപ്പോാം വേണ്ടത്രവെള്ളം ലഭ്യമല്ല. പാമ്പക്കോാം പന്തിച്ചാലിൽ നിന്ന് തെക്ക് വടക്ക് കിടക്കുന്ന വരമ്പിൻെറ മധ്യത്തിൽ കൂടി ഏകദേശം ഒരു മീറ്റർ താഴ്ത്തി ലിഫ്റ്റ് ഇറിഗേഷൻെറ കുളം വരെ പൈപ്പിട്ടാൽ കോാം നിലങ്ങളിലെ വെള്ളം (മെയിൻ ചാലിലെ വെള്ളം) റീപമ്പിങ്ങ് കൂടാതെ എടുക്കാനും കൂടുതൽ മേഖലകളിലേക്ക് വെള്ളം വിതരണം ചെയ്യാവുന്നതുമാണ്.

13. വാർഡ് -5 ലെ ശ്രീധരൻ മംഗലംകുളവും വാർഡ് -7 ലെ അയ്യപ്പൻ കാവ് അമ്പലക്കുളവും ഉപയോഗപ്പെടുത്തി നെൽകൃഷിക്ക് ജലസേചനം നടത്തി ഒരു പൂവ് കൃഷി എന്നത് രണ്ടു പൂവായി നടത്താവുന്നതാണ്.

14. വാർഡ് 2, 14 ൽ കണിമംഗലം പാലത്തി നടുത്ത് കെ. എൽ. ഡി.സി. കനാലിൽ ഒരു ഷട്ടർ നിർമ്മിക്കുകയാണെങ്കിൽ കിഴക്കൻ കോൾ സമാജം പടവ്, മുകാം പാടശേഖരം എന്നീ നില ങ്ങളിൽ ഒരു പൂ ഇരുപൂ കൃഷി ചെയ്യാവുന്ന താണ്. മുകാം പാടശേഖരത്തിൻേറ ബണ്ട് ഇതി നായി ഉയർത്തേണ്ടതാണ്.

15. വാർഡ് -4 ൽ തിരുത്തം പാടത്ത് ഒരു കുളം നിർമ്മിച്ച് ജലസേചന സൗകര്യം ഏർപ്പെടു ത്തിയാൽ 13 ഏക്കർ വരുന്ന ഒരു പൂ നിലം ഇരു പൂവാക്കാവുന്നതാണ്.

16. പടിഞ്ഞാറെ പാടത്ത് (വാർഡ് -4 ൽ) വെള്ള ചാൽ താഴ്ത്തി വെള്ളത്തിൻെറ ശക്തി കൂട്ടണം.

**പട്ടിക കാർഷികോപകരണങ്ങൾ**

| വാർഡ് | ഉഴവുപകരണങ്ങൾ | | | മരുന്ന് തെളിയുപകരണങ്ങൾ | | | മെതി | തെങ്ങു | പോർട്ടബിൾ |
|---|---|---|---|---|---|---|---|---|---|
| നമ്പർ | ട്രാക്ടർ | ട്രില്ലർ | നാടൻ കലപ്പ | റോക്കർ സ്പ്രെയർ | നാപ്സാക്ക് സ്പ്രെയർ | മറ്റുള്ളവ | യന്ത്രം | കയറ്റയന്ത്രം | പമ്പുസെറ്റ് |
| 1 | | | | | | | | | 2 |
| 2 | | | | | 2 | | | | 3 |
| 3 | | | | | 8 | | | 2 | 3 |
| 4 | | 2 | | 2 | 12 | | | | 2 |
| 5 | 1 | | | 1 | 12 | | 3 | | 4 |
| 6 | | 1 | | | 2 | | | | 1 |
| 7 | | | | 1 | 5 | | | | 2 |
| 8 | | 1 | | | 8 | | 1 | 1 | 2 |
| 9 | | | | | | | | | 1 |
| 10 | | | | | | | | 4 | |
| 11 | | | | | | | | | 3 |
| 12 | | | | | | | | | 3 |
| 13 | | | | | | | | | 4 |
| 14 | | | | | | | | | 2 |
| 15 | | | | | | | | | 3 |






## 5-2

# മൃഗസംരക്ഷണം മത്സ്യബന്ധനം

ഈ പഞ്ചായത്ത് തികച്ചും ഒരു കാർഷിക മേഖലയായിരുന്നു. സ്വാഭാവികമായും കന്നുകാലികളും വളർത്ത്മൃഗങ്ങളും ധാരാളമായി ഉണ്ടായിരുന്നു. കാർഷികവൃത്തിക്കും പറമ്പുകളിലെ ജലസേചനത്തിനും കന്നുകാലികളെയാണ് ഉപയോഗിച്ചിരുന്നത്. പാല് ഉൽപ്പാദനത്തിന് എരുമ, പശു, ആട് എന്നിവയെ ധാരാളമായി വളർത്തിയിരുന്നു. കോഴികളും താറാവുകളും സർവ്വസാധാരണമായ വളർത്തുപക്ഷികളായിരുന്നു. ജനസംഖ്യ കുറവായിരുന്ന അക്കാലത്ത് പുരയിടങ്ങൾ കുറവും വിസ്തീർണ്ണം കൂടുതലുമായിരുന്നു. മൃഗങ്ങൾക്കാവശ്യമായ പുല്ലും വൈക്കോലും ഇലകളും സുലഭമായിരുന്ന ഇടമായിരുന്നു. കാലികൾക്കും പക്ഷികൾക്കും വരുന്ന രോഗങ്ങൾക്ക് കൂടുതലായും നാട്ടുചികിത്സയാണ് ഏർപ്പെടുത്തിയിരുന്നത്.

ഇപ്പോൾ ഈ പഞ്ചായത്തിൽ 1995 ൽ എടുത്ത സെൻസസ് പ്രകാരം 3076 പശുക്കളും 162 എരുമകളും 1074 ആടുകളും 318 കാളകളും 36 പോത്തുകളും 46 പന്നികളും 33579 കോഴികളും 2239 താറാവുകളും ഉണ്ട്. ഈ കണക്കു പ്രകാരം മുൻകാലങ്ങളെ അപേക്ഷിച്ച് പശുവിന്റെ എണ്ണത്തിൽ കാര്യമായ കുറവ് ഇല്ലെങ്കിലും മറ്റു മൃഗങ്ങളുടേയും നാടൻകോഴി ഉൾപ്പെടെയുള്ള പക്ഷികളുടേയും എണ്ണത്തിൽ കാര്യമായ കുറവ് വന്നിട്ടുണ്ട്. സാഹചര്യങ്ങൾ പരിശോധിക്കാം.

ജനസംഖ്യാ വർദ്ധനവ് അനുസരിച്ച് പുരയിടങ്ങളുടെ എണ്ണം വർദ്ധിക്കുകയും വിസ്തീർണ്ണം കുറയുകയും ചെയ്തു. തൽഫലമായി തീറ്റപ്പുല്ലിന്റേയും ഇലകളുടേയുംലഭ്യത കുറയുകയും ചെയ്തു. കാലിത്തീറ്റയുടെ വില വർദ്ധനവും കൂടി ആയപ്പോൾ മൃഗങ്ങളെ വളർത്തലിൽ ജനങ്ങൾക്ക് താല്പര്യം കുറഞ്ഞു. കാർഷിക ജലസേചന ജോലികൾ യന്ത്രവൽക്കരിച്ചതിന്റെ ഭാഗമായും തീറ്റച്ചിലവ് വർദ്ധിച്ചതിനാലും കാളകളേയും പോത്തിനേയും വീടുകളിൽ വളർത്താതായി. സംരക്ഷണത്തിന്റെ കുറവുമൂലം കാള-പോത്ത് കുട്ടികൾ കുറെയെണ്ണം ചത്തുപോകുന്നു. വളരുന്ന കുട്ടികളെതന്നെ മൂന്നു മാസത്തിനുള്ളിൽ വിൽക്കുന്നതുമൂലം, അതിൽ കൂടുതലും അറവുശാലകളിൽ എത്തുന്നു.

നാടൻ കോഴികളായിരുന്നു ഈ പഞ്ചായത്തിൽ അധികം ഉണ്ടായിരുന്നത്. കോഴി വസന്തഎന്ന പകർച്ചവ്യാധി വരുമ്പോൾ ഇവ കൂട്ടത്തോടെ ചത്തൊടുങ്ങുന്നു. ഈ രോഗത്തിനുള്ള പ്രതിരോധ കുത്തിവെയ്പ് നടത്തുന്നതിനുള്ള സൗകര്യമില്ലായ്മ രോഗം തടയുന്നതിന് ഒരു പ്രതിബന്ധമായിരുന്നു. കോഴികളുടെ എണ്ണം

കുറയുന്നതിനും, അവയെ വളർത്തുന്നതിനുള്ള താല്പര്യകുറവിനും ഇത് കാരണമായി.

വളർത്തു മൃഗങ്ങളുടേയും പക്ഷികളുടേയും ലഭ്യമായ വിവരം താഴെ പട്ടികയിൽ ചേർക്കുന്നു.

1995

| | |
|---|---|
| **പശു :** | |
| സങ്കരവർഗ്ഗം : കാള | 238 |
| പശു | 2596 |
| ഉല്പാദനശേഷിയെത്തിയവ | 1317 |
| നാടൻ കാള | 80 |
| നാടൻ പശു | 480 |
| **എരുമ :** | |
| ഉല്പാദനശേഷിയെത്തിയവ | 222 |
| പോത്ത് | 36 |
| എരുമ | 162 |
| ഉല്പാദനശേഷിയെത്തിയവ | 208 |
| **ആട് :** | |
| ആൺ | 383 |
| പെൺ | 1321 |
| **പന്നി** | 46 |
| **പട്ടി** | 1118 |
| **കോഴികൾ** | |
| നാടൻ | 6971 |
| മേൽത്തരം | 26608 |
| **താറാവ്** | 2239 |

**മൃഗസംരക്ഷണമേഖലയിലെ സ്ഥാപനങ്ങളെ സംബന്ധിച്ച വിവരങ്ങൾ**

ഒരു I.C.D.P centre 1-3-1973 ൽ ആരംഭിച്ചു. അതിൽ ഒരു ലൈവ് സൊറ്റോക്ക് ഇൻസ്പെക്ടറും ഒരു പാർട്ട് ടൈം സ്വീപ്പറുമാണ് ജീവനക്കാർ. വർദ്ധിച്ചുവരുന്ന ആവശ്യങ്ങൾക്ക് കൂടുതൽ ജീവനക്കാർ ആവശ്യമാണ്.

I.C.D.P Sub-centre ന്റെ 95-96 ലെ കന്നുകാലി സംരക്ഷണ പ്രവർത്തനം താഴെകൊടുക്കുന്ന പ്രകാരമാണ്.

| | |
|---|---|
| 1. കൃത്രിമ ബീജദാനം ചെയ്തത് | 900 |
| 2. കന്നുകുട്ടികൾക്ക് വിരയിളക്കിയത് | 183 |
| 3. കുളമ്പുരോഗത്തിന് പ്രതിരോധകുത്തിവെയ്പ് | 250 |
| 4. കാലി വസന്തക്കുള്ള കുത്തിവെയ്പ് | 175 |
| 5. കോഴിവസന്തക്കുള്ള പ്രതിരോധകുത്തിവെയ്പ് | 550 |
| 6. വന്ധ്യതാനിവാരണ ക്യാമ്പ് | 2 |
| പങ്കെടുത്ത ഉരുക്കൾ | 10 |
| 7. ഗോരക്ഷാ ക്ലാസ്സ് | 2 |
| പങ്കെടുത്ത ഉരുക്കൾ | 240 |
| 8. കാർഷിക ചർച്ചാ ക്യാമ്പ് | 2 |
| 9. കോഴി വിതരണം | 240 |
| 10. പേവിഷബാധക്കുള്ള കുത്തിവെയ്പ് | 25 |

പഞ്ചായത്തിൽ ഒരു വെറ്ററിനറി ഡിസ്പൻസറി 22-9-96 മുതൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ഇവിടെ ഒരു വെറ്ററിനറി സർജനും ഓരോ ലൈവ്സ്റ്റോക്ക് ഇൻസെപ്ക്ടർ, അറ്റൻഡർ, പാർട്ട് ടൈം സ്വീപ്പർ എന്നിവരാണ് നിയോഗിക്കപ്പെടേണ്ടത്. എന്നാൽ വെറ്ററിനറി സർജനും അറ്റൻഡറും മാത്രമെ ഇപ്പോൾ ചാർജെടുത്ത് പ്രവർത്തിക്കുന്നുള്ളു. മറ്റുള്ള തസ്തികകൾ ഒഴുഞ്ഞു കിടക്കുന്നു.

ഒൻപതാം പഞ്ചവത്സര പദ്ധതിയുടെ കാലയളവിൽ മൃഗസംരക്ഷണ മേഖലയുടെ വികസനത്തിനാവശ്യമായി മൃഗസംരക്ഷണ മേഖലയുടെ വികസനത്തിനാവശ്യമായി മൃഗാശുപത്രിയുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതാവശ്യമാണ്.

ഇപ്പോൾ പഞ്ചായത്ത് കെട്ടിടത്തിൻെറ ഒരു ഭാഗത്ത് പ്രവർത്തിച്ചുവരുന്ന ICDP സബ് സെൻറർ പഞ്ചായത്തിൻെറ പടിഞ്ഞാറ് ഭാഗത്തേക്ക് മാറ്റുകയും ആശുപത്രിക്ക് കൂടുതൽ സൗകര്യങ്ങളും ഉപകരണങ്ങളും ഫർണിച്ചർ, ഫോൺ തുടങ്ങിയവയും നിലവിലുള്ള കെട്ടിടത്തിൽ ലഭ്യമാക്കി പ്രവർത്തനപരിധി വിപുലീകരിക്കേണ്ടതാണ്. കൂടാതെ ലബോറട്ടറി സൗകര്യങ്ങളും ആധുനിക ശാസ്ത്രോപകരണങ്ങളും സ്ഥാപിക്കേണ്ടത് ആവശ്യമാണ്. ആവശ്യങ്ങൾക്കനുസൃതമായ മരുന്നുകൾ ശേഖരിച്ച് അടിയന്തിരാവശ്യങ്ങൾക്ക് ലഭ്യമാക്കണം.

**പശു**

പഞ്ചായത്തിൽ 3076 പശുക്കളുണ്ട്. ഇതിൽ

2596 എണ്ണം സങ്കരവർഗ്ഗവും 480 എണ്ണം നാടനു മാണ് . ഈ പഞ്ചായത്തിലേക്ക് ആവശ്യമായ, പാലിൻെറ കുറച്ചു ഭാഗം മാത്രമാണ് ഇപ്പോൾ ഉല്പാദിപ്പിക്കുന്നത്. ബാക്കി ആവശ്യത്തിന് പാക്കറ്റ് പാലാണ് ഉപയോഗിക്കുന്നത്. പാലിൻെറ ആവശ്യം കണക്കാക്കുമ്പോൾ പശു വളർത്തലിൻെറ പ്രാധാന്യം ഏറുന്നു. മൃഗസംരക്ഷണരംഗത്ത് ചെറുകിട കർഷകർ, കാർഷിക തൊഴിലാളികൾ എന്നിവരാണ് പ്രവർത്തിക്കുന്നത്. ഇതിൽ ഭൂരിഭാഗവും സ്ത്രീകളാണ്. ഇന്നത്തെ സാഹചര്യത്തിൽ പശു വളർത്തൽ ലാഭകരമല്ല എന്ന പരാതി കർഷകർക്കിടയിലുണ്ട്. പുല്ലിൻെറ ദൗർലഭ്യവും വയ്ക്കോലിൻെറയും കാലിത്തീറ്റയുടെ ക്രമാതീതമായ വില വർദ്ധനവുമാണ് പ്രധാന കാരണങ്ങളായുള്ളത്. സ്വയം തൊഴിൽ എന്ന രീതിയിൽ പശു വളർത്തൽ വിപുലവും ലാഭകരമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**നിർദ്ദേശങ്ങൾ** ·

A. കാലിത്തീറ്റ നിർമ്മാണം ഇപ്പോൾ സ്വകാര്യ സ്ഥാപനങ്ങളാണ് നടത്തിവരുന്നത്. ഇതുമൂലം തീറ്റയുടെ വില ക്രമാതീതമായി ദിനം പ്രതി എന്നോണം വർദ്ധിച്ചു കൊണ്ടിരിക്കുന്നു. സർക്കാർ ഇടപെട്ട് വില നിയന്ത്രിക്കേണ്ടതാണ്.

B. സർക്കാർ അധീനതയിലോ സഹകരണ അടിസ്ഥാനത്തിലോ ബ്ലോക്ക് തലത്തിൽ ഒരു കാലിത്തീറ്റ ഉല്പാദന കേന്ദ്രം ആരംഭിക്കണം.

C തീറ്റപ്പുൽ കൃഷി പ്രോത്സാഹിപ്പിക്കണം. പഞ്ചായത്ത് വക പുറംപോക്കുകളിലും തരിശുനിലങ്ങളിലും പുൽകൃഷി ചെയ്യാവുന്നതാണ്.

D. ക്ഷീരസംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കണം. ചിയ്യാരവും നെടുപുഴയിലും വടൂക്കരയിലും ക്ഷീരസംഘങ്ങൾ ഉണ്ട്. ഇതിൽ നെടുപുഴ സംഘം പ്രവർത്തന രഹിതമാണ്. ആയതു പുനരുദ്ധീകരിക്കണം. എല്ലാ പാൽസംഘങ്ങളേയും സംയോജിപ്പിച്ച് ഒരു പാൽസംഭരണ സംസ്ക്കരണ വിപണന കേന്ദ്രം തുടങ്ങണം.

E. അത്യുല്പാദനശേഷിയുള്ള സങ്കരവർഗ്ഗം പശുവിനെ പഞ്ചായത്തു മുഖേന സൗജന്യമായി വിതരണം ചെയ്യണം.

F. മാതൃകാ തൊഴുത്തുകൾ നിർമ്മിച്ച് ശുചിത്വ സംരക്ഷണം നടപ്പിലാക്കാൻ പ്രത്യേകം ശ്രദ്ധിക്കുക. തൊഴുത്ത് നിർമ്മാണത്തിനാവശ്യമായ സാമഗ്രികളും ധനസഹായവും നൽകുക. ശാസ്ത്രീയമായ തൊഴുത്തു നിർമ്മാണത്തിനുള്ള മാതൃകാ നിർദ്ദേശങ്ങൾ നൽകുക.

G. കന്നുകാലികൾക്ക് വരുന്ന രോഗങ്ങൾക്കെതിരായി പ്രതിരോധ കുത്തിവെയ്പ്പുകളും ഔഷധങ്ങളും സമയോജിതമായി കൊടുക്കുക. ശാസ്ത്രീയമായ രീതിയിൽ പശു സംരക്ഷണവും കന്നുകുട്ടി പരിപാലനവും ഉറപ്പും വരുത്തണം.

H കാളകുട്ടികളുടെ ശാസ്ത്രീയമായ പരിപാലനം വഴി മാംസോല്പാദനം വർദ്ധിപ്പിച്ച് വിപണന സാധ്യത കൂട്ടാവുന്നതാണ്.

I. നാലുമാസത്തിനും ഒമ്പതുമാസത്തിനുമിടക്ക് പ്രായമുള്ള സങ്കരവർഗ്ഗ പശുക്കുട്ടികളെ തെരഞ്ഞെടുത്ത് സൗജന്യ നിരക്കിൽ കന്നുകുട്ടിതീറ്റയും പ്രതിരോധമരുന്നുകളും ഇൻഷൂറൻസ് സംരക്ഷണവും നല്കുക വഴി ആദ്യപ്രസവത്തിൻെറ പ്രായം കുറച്ചുകൊണ്ടുവരികയും പിന്നീടുള്ള ഉല്പാദനശേഷി വർദ്ധിപ്പിക്കുകയും ചെയ്യുക. ഈപദ്ധതി ഇപ്പോൾ മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കി വരികയാണ്.

**എരുമ · എരുമ 162, പോത്ത് 36**

സങ്കരയിനം എരുമകളെ വിതരണം ചെയ്ത് എരുമ വളർത്തൽ പ്രോത്സാഹിപ്പിക്കണം.ക്ഷീര ദൗർലഭ്യത്തിന് ഇതൊരു പരിഹാരവുമാണ്.

**ആട് · ആട് 1704 എണ്ണം**
**ആൺ 383, പെൺ 1321**

ഔഷധഗുണം ഏറെയുള്ള ആട്ടിൻ പാലിനും മാംസത്തിനും ആവശ്യകത ഏറിവരുന്ന ഈ കാലഘട്ടത്തിൽ ആടുവളർത്തൽ വളരെ ലാഭകരമായ ഒരു കൃഷിയാണ്. പരസഹായംകൂടാതെ വീട്ടമ്മമാർക്കും കുട്ടികൾക്കും ഈ തൊഴിലിൽ ഏർപ്പെടാം. സങ്കരയിനം ആടുകളെയും ശാസ്ത്രീയമായ കൂടുകളും നിർമ്മിച്ച് സൗജന്യനിരക്കിൽ പഞ്ചായത്ത് വിതരണം ചെയ്യണം.

**പന്നി · പന്നി 46 എണ്ണം**

മാംസോല്പാദനത്തിനായി പന്നിവളർത്തൽ പ്രോത്സാഹിപ്പിക്കാവുന്നതാണ്. ഹോട്ടലുകളിലും പച്ചക്കറിമാർക്കറ്റുകളിലും ഉപേക്ഷിക്കപ്പെടുന്ന വസ്തുക്കൾ ശേഖരിച്ച് തീറ്റചെലവ് കുറയ്ക്കുകയും ചികിത്സാ സൗകര്യം മൃഗാസ്പത്രി വഴി

ഏർപ്പെടുത്തുകയും ആവശ്യമാണ്. നവീന രീതിയിലുള്ള മാംസ സംസ്ക്കരണം ഉയർന്ന വില ലഭിക്കുന്നതിന് സാധ്യതയുള്ളതാണ്. വംശവർദ്ധന കൂടുതൽ ഉള്ള മൃഗമായതിനാൽ സംരക്ഷണത്തിന് സ്ഥല സൗകര്യവും ടാങ്കും ഏർപ്പെടുത്തുന്നതിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

**കോഴി · കോഴി 33579**

**നാടൻ 6971 മെൽത്തരം 26608**

കുട്ടികൾക്കും രോഗികൾക്കും ആരോഗ്യത്തിന് കോഴിമുട്ട ഒരാവശ്യഘടകമാണെന്ന കാര്യം പ്രബുദ്ധരായ ഗ്രാമീണ ജനതയടക്കം മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ മുട്ടയുടെ ഉപയോഗം ഓരോ കുടുംബത്തിനും ഏറിവരുന്ന കാലമാണ്. എന്നാൽ നമുക്കാവശ്യമായ കോഴിയും മുട്ടയും ഇവിടെ ലഭ്യമല്ല. അയൽ സംസ്ഥാനങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്താണ് ഇപ്പോൾ ഈ ആവശ്യം ഇപ്പോൾ നമ്മൾ നിറവേറ്റുന്നത്. എന്നാൽ കോഴി വളർത്തൽ ശാസ്ത്രീയമായ രീതിയിൽ ചെയ്ത് ലാഭകരമായ ഒരു തൊഴിൽ എന്ന നിലയിൽ വളരേണ്ടിയിരിക്കുന്നു.

**നിർദ്ദേശങ്ങൾ**

a വീട്ടുമുറ്റത്തെ കോഴിവളർത്തലിൽ സ്ത്രീകൾക്ക് പ്രാമുഖ്യം നൽകി ബോധവൽക്കരണം നടത്തുകയും കുത്തിവെയ്പ്പിനും മരുന്നുകൾ കൊടുക്കുന്നതിനും പരിശീലനം നൽകുകയും വേണം.

b സ്കൂൾ വിദ്യാർത്ഥികൾക്കായി പൗൾട്രി ക്ലബ്ബുകൾ രൂപീകരിച്ച് കൂടും കോഴികളെയും തീറ്റയും വിതരണം ചെയ്യുക.

c ആവശ്യമായ എഗ്ഗർ · ലെയർ നഴ്സറി പഞ്ചായത്ത് തലത്തിൽ ആരംഭിച്ച് കോഴിക്കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുക.

d മാംസം ഉൽപ്പാദനത്തിനായി ബ്രോയ്ലർ യൂണിറ്റുകൾ വാരഡുതോറും ആരംഭിക്കുക.

**താറാവ്**

പാടശേഖരങ്ങളുടെ ചേർന്ന സ്ഥലങ്ങളിലാണ് താറാവ് കൃഷിക്ക് ഏറ്റവും അനുയോജ്യമായത്. ബ്രോയ്ലർ താറാവുകൾ ഇപ്പോൾ ലഭ്യമാണ്. താറാവ് മുട്ടയ്ക്ക് കോഴിമുട്ടയെക്കാൾ വില ലഭിക്കുന്നുണ്ട്. പ്രോത്സാഹനാർഹമായ ഒരു പദ്ധതിയാണ് താറാവ് വളർത്തൽ.

**മുയൽ**

നാടൻ മുയൽ, ബ്രോയിലർ മുയൽ തുടങ്ങി പലവിധം മുയലുകളുണ്ട്. വളരെ വേഗം വംശവർദ്ധനയുള്ള ഒരിനമാണ് മുയൽ. പോഷകസമ്പുഷ്ടമായ മുയൽ ഇറച്ചി ഏറ്റവും സ്വാദിഷ്ടവും വിലപിടിപ്പുള്ളതുമാണ്. വിതരണ കേന്ദ്രം സ്ഥാപിച്ച് വിതരണം നടത്തുകയാണെങ്കിൽ മുയൽ വളർത്തൽ ലാഭകരമായൊരു തൊഴിലാണ്..

മുയൽ തീറ്റകൾ പൊതുവിതരണഷാപ്പുകൾ വഴി വിതരണം ചെയ്യുകയും ശാസ്ത്രീയമായ രീതിയിൽ കൂടുകൾ നിർമ്മിച്ച് വിതരണം ചെയ്യുകയും വേണം. മുയലിന്റെ തുകൽ സുലഭമായി കിട്ടാവുന്ന സാഹചര്യത്തിൽ തുകൽ ടാനിങ്ങ് ചെയ്ത് കയറ്റി അയക്കുകയോ തുകൽ കൊണ്ടുള്ള തൊപ്പികൾ, വാനിറ്റിബാഗുകൾ എന്നിവ നിർമ്മിച്ച് വിപണനം കാണുന്നതിന് സാധ്യതയുള്ളതാണ്. ഈ വ്യവസായം വിദേശ വിപണി അർഹിക്കുന്നതിനാൽ വിദേശ നാണ്യ സമ്പാദനത്തിനുകൂടി പ്രയോജനപ്പെടുന്നതാണ്.

**കാട**

കോഴിമുട്ടയേക്കാൾ പതിന്മടങ്ങ് പോഷകസമ്പുഷ്ടമാണ് കാടമുട്ട. വളരെ കുറച്ച് സ്ഥലംമാത്രം ഉപയോഗപ്പെടുത്തി കൂടുതൽ ലാഭകരമായ രീതിയിൽ ചെയ്യാവുന്ന ഒന്നാണ് കാട കൃഷി. ഇത് നമ്മുടെ പഞ്ചായത്തിൽ കൂടുതൽ ഇടങ്ങളിൽ വ്യാപിപ്പിക്കേണ്ടതാണ്.

**പട്ടി**

പഞ്ചായത്ത് അതിർത്തിയിൽ ആയിരത്തി ഒരുനൂറ്റിപതിനെട്ട് (1118) വളർത്തുനായ്ക്കൾ ഉണ്ട്. അൽസേഷൻ, പോമറേനിയൻ തുടങ്ങിയ ഇനങ്ങളെ വളർത്തി കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിച്ച് വിപണനം ചെയ്യുന്നത് ഏറ്റവും ലാഭകരമായ ഒരു തൊഴിലാണ്. നഗരത്തിനോട് അടുത്തുകിടക്കുന്ന പഞ്ചായത്തായതുകാരണം ഈ ബിസിനസ്സിന് സാധ്യതയേറുന്നു. രണ്ടോ മൂന്നോ വീട്ടുകാർ മാത്രമാണ് ഇപ്പോൾ ഈ ജോലിയിൽ ഏർപ്പെട്ടിരിക്കുന്നത്.

### നിർദ്ദേശങ്ങൾ

*a* തൊഴിലില്ലായുവാക്കാംക്ക് ഇത് ലാഭകരമായ തൊഴിൽ എന്ന നിലയ്ക്ക് ഏർപ്പെടാവുന്നതാണ്.

*b* വളർത്തുനായ്ക്കാംക്ക് പേവിഷബാധക്ക് എതിരായ കുത്തിവെപ്പ് നിർബന്ധമാക്കുക.

*c* നായ്ക്കാംക്ക് കുത്തിവെപ്പ് നടത്തിയ ചിഹ്നം കഴുത്തിലെ ബെൽറ്റിൽ കാണിക്കുക.

*d* പഞ്ചായത്തിൽ നിന്ന് പട്ടികാംക്ക് പ്രത്യേകം ലൈസൻസ് എടുപ്പിക്കണം. നിയമം ലംഘിക്കുന്നവരുടെ പേരിൽ കർശന നടപടികാം എടുക്കണം.

പൊതുജനാരോഗ്യത്തെ ബാധിക്കുന്ന മാരകമായ വിഷബാധക്കെതിരെ ബോധവൽക്കരണ ക്ലാസുകളും സെമിനാറുകളും നടത്തുക. അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളെ തൽക്ഷണം പിടികൂടി നശിപ്പിക്കുന്നതിന് പഞ്ചായത്തുതലത്തിൽ സംവിധാനങ്ങാം ഏർപ്പെടുത്തുക.

### ഗോബർഗ്യാസ് പ്ലാൻറ്

നാലോ അതിൽകൂടുതലോ കന്നുകാലികാം ഉള്ള വീടുകളിൽ ഗോബർഗ്യാസ് പ്ലാൻറ് സ്ഥാപിക്കാവുന്നതാണ്. പാചകത്തിനും വെളിച്ചത്തിനുമാണ് ഗ്യാസ് ഉപയോഗിക്കേണ്ടത്. ഇതിനുവേണ്ട സാങ്കേതികവിദ്യയും സബ്സിഡിയും ഇപ്പോാംതന്നെ ബ്ലോക്ക്തലത്തിൽ ലഭ്യമാണെങ്കിലും കൂടുതൽ ബോധവൽക്കരണം ആവശ്യമാണ്. ഗോബർപ്ലാൻറുകാം സ്ഥാപിക്കുകവഴി ഇന്ധനക്ഷാമത്തിനു ഒരു പരിധിവരെ പരിഹാരമുണ്ടാകുന്നതാണ്.

### വിജ്ഞാന വ്യാപനം

മൃഗസംരക്ഷണ മേഖലയിലെ വികസനങ്ങളെക്കുറിച്ച് കർഷകർക്ക് ബോധവൽക്കരണ ക്ലാസുകളും ചർച്ചാക്ലാസുകളും സെമിനാറുകളും വാർഡുകാംതോറും സംഘടിപ്പിക്കുകയും കർഷകഗൃഹങ്ങാം ഇടയ്ക്കിടെ സന്ദർശിച്ച് മാർഗ്ഗനിർദ്ദേശങ്ങാം കൊടുക്കുന്നതിന് വിദഗ്ദർ അടങ്ങുന്ന ഉപദേശകസമിതികാം പ്രവർത്തിക്കുന്നതും ആവശ്യമാണ്. മത്സരാടിസ്ഥാനത്തിൽ കന്നുകാലി പ്രദർശനം, കോഴി, താറാവ്, കാട മുതലായ പക്ഷികളുടെ പ്രദർശനം, ഭംഗി പക്ഷികളുടെ പ്രദർശനം എന്നിവ നടത്തുന്നത് കർഷകർക്ക് പ്രോത്സാഹനാർഹമാണ്.

ഗോരക്ഷാക്യാമ്പുകളും വന്ധ്യതാനിവാരണ ക്യാമ്പുകളും നടത്തുന്നത് ആവശ്യമാണ്.

മൃഗാസ്പത്രിയുടെ സേവനം വീടുകളിൽ എത്തിക്കണം, കന്നുകാലി വളർത്തലിന് സാമ്പത്തിക സഹായംനൽകണം, പഞ്ചായത്ത് അടിസ്ഥാനത്തിൽ ഒരു കന്നുകാലി - കോഴിത്തീറ്റ ഫാക്ടറി സ്ഥാപിക്കണം. പഞ്ചായത്തിൽ കന്നുകാലികളെ കഴുകുന്നതിന് ബണ്ടുകെട്ടി സൗകര്യം ഉണ്ടാക്കണം. പഞ്ചായത്തിൽ തൊഴിലില്ലാത്തവർക്ക് പശു, ആട്, കോഴി തുടങ്ങിയവ സൗജന്യമായി വിതരണം ചെയ്യണം. ഇത് തൊഴിൽ സാധ്യത വർദ്ധിപ്പിക്കുവാൻ ഉതകുന്നു. തെങ്ങിൻതോപ്പുകളിലും, തരിശുഭൂമിയിലും തീറ്റപ്പുൽ കൃഷിനടത്തുന്നതിന് പദ്ധതി തയ്യാറാക്കണം. ശുചിത്വമുള്ള തൊഴുത്തുകാംക്ക് മാർഗനിർദേശം നൽകണം. പോഷകഗുണമുള്ള തീറ്റ ഏർപ്പെടുത്തണം. ഉൽപാദകർക്ക് ന്യായമായ വില ലഭ്യമാക്കുന്നതിനു സഹകരണാടിസ്ഥാനത്തിൽ സംവിധാനം ഉണ്ടാക്കണം.

തൊഴിൽരഹിതരായ യുവതീ-യുവാക്കളെ സംഘടിപ്പിച്ച് മൃഗസംരക്ഷണത്തിൽ പരിശീലനം കൊടുത്ത് പഞ്ചായത്തിലെ മൃഗ ഡോക്ടറുടെ നിർദ്ദേശപ്രകാരം വീടുകളിൽ വളർത്തുമൃഗങ്ങളെ പരിരക്ഷിക്കുന്നതിന് വേണ്ടതായ നിർദ്ദേശങ്ങളും സഹായങ്ങളും ഇവരെക്കൊണ്ട് ചെയ്യിച്ച് അവർക്ക് സ്റ്റയ്പെൻറ് എന്ന നിലയിൽ ചെറിയതൊതിൽവേതനം നൽകണം.

ആധുനികരീതിയിലുള്ള അറവുശാല നിർമ്മിച്ച് മാംസവിപണന മേഖല ആധുനീകരിക്കുകയും മാംസപരിശോധന നിർബന്ധമാക്കുകയും ഇതിലേക്ക് പഞ്ചായത്തിലെ വെറ്ററിനറി ഡോക്ടറുടെ സേവനം ഉപയോഗപ്പെടുത്തുകയും ചെയ്യേണ്ടതാണ്.





## മത്സ്യബന്ധനം

പഞ്ചായത്തിൻെറ പടിഞ്ഞാറുഭാഗത്തായി വെള്ളം കയറികിടക്കുന്ന 350 ഹെക്ടറോളം വരുന്ന നിലം മത്സ്യകൃഷിക്ക് ഉപയുക്തമാണെങ്കിലും വർഷത്തിൽ 4 മാസത്തോളം മാത്രമേ മത്സ്യംവളർത്തലിന് സാദ്ധ്യതയുള്ളൂ. ഈ കാലയളവിൽ വളർത്തിവിളവെടുക്കാവുന്ന മത്സ്യങ്ങളെ കൃഷിവകുപ്പിൻെറ ഉപദേശങ്ങൾ ആരാഞ്ഞ് നിർദ്ദേശങ്ങളും സഹായങ്ങളുംനൽകി ഉൽപ്പാദനം ഉണ്ടാക്കാവുന്നതാണ്.

ഏഴാം വാർഡിൽ വെള്ളം കയറികിടക്കുന്ന കോൾപാടങ്ങളിലും മത്സ്യകൃഷിക്ക് വേണ്ട ഏർപ്പാടുകൾ ചെയ്യാവുന്നതാണ്. പൊതുകുളങ്ങളിൽ മത്സ്യകൃഷിനടത്താവുന്നതാണെങ്കിലും മനുഷ്യോപയുക്തമായതിനാൽ മത്സ്യകൃഷിക്ക് പരിമിതി ഉണ്ടാകുന്നതാണ്. പ്രാദേശികമായി മത്സ്യകൃഷി പരീക്ഷണാടിസ്ഥാനത്തിൽ നടത്തുന്നതിന് സാദ്ധ്യതകാണുന്നുണ്ട്.

മൂന്നാംവാർഡിൽ മാമ്പഴക്കാട് കുളം മണ്ണ്മാറ്റി കെട്ടിയാൽ മത്സ്യകൃഷിക്കും കന്നുകാലികൾക്കും അത് ഉപയോഗിക്കാം.

വേട്ടുവകുളം വൃത്തിയാക്കി നെറ്റ്ഇട്ടാൽ മത്സ്യകൃഷിക്ക് ഉപയോഗിക്കാവുന്നതാണ്. അതുപോലെ കടാംകുളം നന്നാക്കി കെട്ടിയാൽ കൃഷിക്കും അതിനോടൊപ്പം തന്നെ ആ പ്രദേശത്തെ കിണറുകൾക്കും വെള്ളം കിട്ടുന്നതാണ്.

വാർഡ് 5 -ൽ തൃശ്ശൂർ ടൗണിൻെറ ഭാഗത്തുനിന്നും വരുന്ന അഴുക്കുവെള്ളം ശുദ്ധീകരിച്ച് വിടുകയാണെങ്കിൽ ഈ ഭാഗത്തുള്ള കനാലുകളിൽ മത്സ്യകൃഷിചെയ്യാവുന്നതാണ്. അതിനുപുറമേ 25 ഏക്കർ സ്ഥലം നെടുപുഴയിൽ പഞ്ചായത്തുവകയായ് ഉണ്ട്. അവിടെവെള്ളം കെട്ടികിടക്കുന്നതിനാൽ അവിടെയും മത്സ്യകൃഷിക്കുള്ള സാധ്യതയുണ്ട്.

ഈ പഞ്ചായത്തിൽ ഒരു സ്വകാര്യവ്യക്തി മാത്രമേ മത്സ്യോല്പാദന ശ്രമത്തിൽ ഏർപ്പെട്ടു കാണുന്നുള്ളൂ. കുളങ്ങളിൽ വളർത്തുന്ന മത്സ്യം വ്യാവസായികാടിസ്ഥാനത്തിൽ വർത്തിക്കുന്നതിന് തത്തുല്യമായി വളർത്തുസംവിധാനം പലേടത്തും ഇനിയും വളരേണ്ടതുണ്ട്.

മത്സ്യബന്ധന വൃത്തിയിൽ ഏർപ്പെട്ടിട്ടുള്ള മുഴുവൻ സമയ പ്രവർത്തകർ 40 പേർ ആണ്.ഇതിൽ തന്നെ ഭാഗികമായി ഏർപ്പെട്ടിട്ടുള്ളവർ 20 -ഉം . ഇവർഎല്ലാവരും തന്നെ പുരുഷൻമാരാണ്.

ഈ പഞ്ചയത്തിൽ മത്സ്യവിതരണ തൊഴിലിൽ 150 പുരുഷൻമാരും 73 സ്ത്രീകളും ഏർപ്പെട്ടിരിക്കുന്നു. ഇവരിൽ ഭൂരിഭാഗം തൊഴിലാളികളും പട്ടികജാതിയിൽപ്പെട്ടവരാണ്. ജീവിതത്തിൻെറ ഏറ്റവും താഴ്ന്ന പടിയിൽ കിടക്കുന്നവരാണ് ഇവർ. സഹകരണസംഘങ്ങൾ മുഖേന ധനസഹായവും ഉപകരണങ്ങളും നൽകുന്നതിന് ശ്രദ്ധിക്കേണ്ടത് അനിവാര്യമാണ്. ക്ഷേമനിധി, പെൻഷൻ, ഇൻഷൂറൻസ് തുടങ്ങിയ ആനുകൂല്യങ്ങൾ ഇവർക്ക് ലഭ്യമാക്കണം. വിദ്യാഭ്യാസരംഗത്തും ഇവർവളരെ താഴ്ന്ന നിലവാരത്തിലാണ്. കൂടുതൽ ജനശ്രദ്ധ ഇക്കാര്യത്തിൽ ചെലുത്തേണ്ടതുണ്ട്.




# 5-3

# വ്യവസായം

## ആമുഖം

ഒമ്പതാം പഞ്ചവത്സര പദ്ധതിയിലേക്ക് കുർക്കഞ്ചേരി ഗ്രാമപഞ്ചായത്തിൽ നിന്നും ഉൾപ്പെടുത്തേണ്ട വ്യവസായസംരംഭങ്ങളേയും ഇപ്പോൾ നിലവിലുള്ള വ്യവസായങ്ങളുടേയും പുനരുദ്ധാരണത്തേയും സംബന്ധിച്ച് 15 വാർഡുകളിൽ നിന്ന്ലഭിച്ച നിർദ്ദേശങ്ങൾ ക്രോഡീകരിച്ചുകൊണ്ട് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നു.

വ്യവസായികമായി വളരെ പിന്നോക്കം നിൽക്കുന്ന ഒരു പഞ്ചായത്താണിത്. വിദ്യാഭ്യാസപരമായും സാംസ്കാരികമായും നല്ല നിലവാരം പുലർത്തുന്നുണ്ടെങ്കിലും തൊഴിലില്ലായ്മ വിദ്യാസമ്പന്നരിലും മറ്റു വിഭാഗങ്ങളിലും മുഖ്യപ്രശ്നമാണ്.

നമ്മുടെ നാട്ടിൽ തൊഴിലില്ലാത്ത ചെറുപ്പക്കാരെ സംബന്ധിച്ച് ചിന്തിക്കുന്നതോടൊപ്പം തന്നെ ഇപ്പോൾ ഗൾഫ് നാടുകളിൽ നിന്നും കൂട്ടത്തോടെ മടങ്ങി വരുന്ന ചെറുപ്പക്കാരായ തൊഴിൽ രഹിതരേയും കൂടി കണക്കാക്കേണ്ടതാണ്. ഇവർ അന്യനാടുകളിൽ വളരെ ക്ലേശകരമായ സാഹചര്യങ്ങൾ അതിജീവിച്ച് നമുക്ക് വേണ്ടതായ വിദേശനാണ്യം നേടിതന്നിരുന്നവരാണ് . ഇന്ന് നാം അവരെ എങ്ങനെയാണു സ്വീകരിക്കാൻ പോകുന്നത്? ഇവരിൽ വിദഗ്ദ്ധ ദദൊഴിലാളികളും അനുഭവസമ്പന്നരും ജോലി ചെയ്യുവാൻ സന്നദ്ധരുംആയ ധാരാളം പേരുണ്ട്. നമ്മുടെ പുതിയ വ്യവസായത്തിന് ഇവരെ സഹായിക്കാനുള്ളധാരാളം പദ്ധതികൾ ഉൾക്കൊള്ളിക്കുവാൻ കഴിയേണ്ടതാണ്. തൊഴിൽ ലഭിക്കുന്നതിനുവേണ്ട സാധ്യതകൾ ആരായുന്നതോടൊപ്പം തന്നെ തൊഴിലാളികളുടെ ന്യായമായ വേതനവും തൊഴിലവകാശങ്ങളും ഉറപ്പു വരുത്തിയാൽ മാത്രമേ വ്യവസായവല്ക്കരണം കൊണ്ട്നമ്മൾ ഉദ്ദേശിക്കുന്ന ഫലം ലഭിക്കുകയുള്ളു. ഇപ്രകാരമുള്ള എല്ലാവശങ്ങളും ഉൾക്കൊള്ളിക്കുവാൻ ഈ റിപ്പോർട്ടിൽ ശ്രമിച്ചിട്ടുണ്ട്.

## വ്യവസായ ചരിത്രം

പഞ്ചായത്തിൻെറ വ്യവസായചരിത്രം പരിശോധിക്കുമ്പോൾ തെളിഞ്ഞുവരുന്നത് പ്രധാനമായും നാല് അടിസ്ഥാന വ്യവസായങ്ങളുടെ ചിത്രങ്ങളാണ്.

1. നെല്ലുകുത്തുവ്യവസായം
2. എണ്ണയാട്ടു ചക്കുകൾ
3. കൈത്തറി
4. കല്ലൊരവ്യവസായം

പൂർവ്വികമായി ഈ പഞ്ചായത്ത് ഒരു കാർഷിക മേഖലയാണ്. പ്രസിദ്ധമായ കണിമംഗലം പാടശേഖരം, കരിമ്പറ്റ കോൾപാടങ്ങൾ എന്നിവ ഇതിലുൾപ്പെടുന്നു. സ്വാഭാവികമായും ഈ കാർഷികവിളകളെ അടിസ്ഥാനപ്പെടുത്തി തൃശൂർ പട്ടണത്തിലേക്കു വേണ്ടതായ അരി,എണ്ണ മുതലായവ ഉല്പാദിപ്പിക്കുന്നതിനും വിതരണം ചെയ്യുന്നതിനും വേണ്ടതായ സംരഭങ്ങൾ ഉടലെടുത്തു.

സ്വാതന്ത്ര്യസമരത്തിൻെറ ആഹ്വാനം ഉൾക്കൊണ്ടുകൊണ്ട് രൂപം കൊണ്ട സ്വദേശി പ്രസ്ഥാനത്തിൻെറ ഭാഗമായി നിലവിൽ വന്നതാണ് ഇവിടെ വളർന്നു വന്ന കൈത്തറി വ്യവസായം. ഇന്ന് ചില കേന്ദ്രങ്ങളിൽ മാത്രം ഇത് ഒതുങ്ങി നിൽക്കുന്നു.

അസംസ്കൃത പദാർത്ഥത്തിൻെറ ലഭ്യതയില്ലെങ്കിൽകൂടി കല്ലൊര വ്യവസായം ഇവിടെ അഭിവൃദ്ധി പ്രാപിക്കുവാൻ കാരണം ഇതിനുവേണ്ടതായ ചെറിയമുതൽമുടക്കും വിദ്യാഭ്യാസമില്ലാത്തവർക്കു പോലും എളുപ്പത്തിൽ വൈദഗ്ധ്യം നേടാവുന്ന തൊഴിൽ എന്ന നിലയിലാണ്. എന്നാൽ ഈ വ്യവസായം വളരെ ശോചിനീയാവസ്ഥയിലാണ്. ഈ രംഗത്ത് മുൻകാലങ്ങളിൽ രൂപീകരിച്ച ഒരു സഹകരണസംഘം വലിയതോതിലുള്ള പ്രവർത്തനങ്ങളൊന്നുമില്ലെങ്കിലും ഇന്നും നിലനില്ക്കുന്നുണ്ട്.

കൂടാതെ മൂശാരിമാർ, സ്വർണ്ണപ്പണിക്കാർ, മരപ്പണിക്കാർ, കല്പണിക്കാർ, തുകൽപണിക്കാർ തുടങ്ങിയ വിദഗ്ദ്ധരുടെ വലിയ ഒരു കൂട്ടം തന്നെ അവരവരുടെ സ്വകാര്യതയിൽ ഒതുങ്ങി നില്ക്കുന്നു. ഇത്തരം വിദഗ്ദ്ധരുടെ കാര്യക്ഷമത വ്യാവസായികാടിസ്ഥാനത്തിൽ ചൂഷണം ചെയ്യുവാൻ നമുക്ക് കഴിഞ്ഞിട്ടില്ല.

ഏകദേശം അരനൂറ്റാണ്ടിനുമുമ്പ് ആരംഭിക്കുകയും നല്ല തോതിൽ വളർച്ച പ്രാപിക്കുകയും ചെയ്ത രണ്ടു വ്യവസായങ്ങളാണ് തടിവ്യവസായവും എഞ്ചിനീയറിംഗ് വ്യവസായവും. തടിവ്യവസായം ഇപ്പോൾ ചെറിയ ചെറിയ യൂണിറ്റുകളായി പഞ്ചായത്തിൻെറ വിവധ ഭാഗങ്ങളിൽ പ്രവർത്തിച്ചു വരുന്നു. എഞ്ചിനീയറിംഗ് വ്യവസായത്തെ സംബന്ധിച്ച് പ്രത്യേകമായി എടുത്തു പറയത്തക്കവണ്ണം അത് വളർന്നു കഴിഞ്ഞിരിക്കുന്നു.

## എഞ്ചിനീയറിംഗ് വ്യവസായ ചരിത്രം

ആദ്യകാലങ്ങളിൽ ചെറിയ ലെയ്ത്തുകളോടുകൂടിയ വർക്കുഷോപ്പുകളാണ് ഇവിടെ രൂപം കൊണ്ടത്. തൃശൂർപട്ടണത്തിലെ പണികളാണ് അവർ ഏറ്റെടുത്ത് നടത്തിയിരുന്നത് . പ്രസ്തുതകാലഘട്ടിൽ തന്നെ പഞ്ചായത്തിൻെറ വടക്കെ അതൃത്തിയിലുള്ള കൊക്കാലയിൽ ടയർമോൾഡിംമെഷീൻ ഉണ്ടാക്കുന്ന വലിയ ചില സ്ഥാപനങ്ങൾ നിലവിൽ വന്നു. അന്നുവരെ ഭാഗങ്ങളായി (സെഗ്മെൻറ്) മാത്രം നിർമ്മിച്ചിരുന്ന മോൾഡിംഗ് മെഷീനുകൾ ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് ഫുൾസർക്കിൾ മെഷീനുകളായി ഉല്പാദിപ്പിക്കുന്നതിൽ അവർ വിജയിച്ചു. ടയർമോൾഡിംഗ് മെഷീനുകളുടെ ചരിത്രത്തിൽഇതൊരു വലിയ മുന്നേറ്റമായിരുന്നു. വിദേശങ്ങളിലേക്കു പോലും കയറ്റി അയയ്ക്കത്തക്കവണ്ണം ഇതിന് മാർക്കറ്റ് ലഭിച്ചു. എന്നാൽ ഇതിൻെറ ശരിയായ ആനുകൂല്യങ്ങൾ തൊഴിലാളികൾക്ക് ലഭിക്കാതിരുന്നതിനാൽ തൊഴിൽ തർക്കങ്ങൾ ഉടലെടുക്കുകയും തൽഫലമായി മുതലാളിമാർ ഫാക്ടറികൾ അടച്ചു പൂട്ടുകയും ചെയ്തു. അതിൻെറ ഫലമായി പ്രസ്തുതവ്യവസായം ചെറിയ യൂണിറ്റുകളായി കൊക്കാലയിൽ നിന്നും കൂർക്കഞ്ചേരി പ്രദേശങ്ങളിലേക്ക് കുടിയേറി. ഇന്നും നല്ല നിലയിൽ ഈ യുണിറ്റുകൾ പ്രവർത്തിക്കുന്നുവെന്നത് അഭിമാനകരം തന്നെയാണ്. എങ്കിലും ഈ വ്യവസായത്തിനും പ്രശ്നങ്ങൾ ഇല്ല എന്നു ധരിക്കരുത്. ഇപ്പോൾ നിലവിലുള്ള മുഖ്യ വ്യവസായങ്ങളും അവ നേരിടുന്ന പ്രതിസന്ധികളും.

നിലവിലുള്ള മുഖ്യവ്യവസായ സ്ഥാപനങ്ങളുടെ വാർഡുതിരിച്ചുള്ള പട്ടിക ഇതോടൊപ്പം ചേർക്കുന്നു.

## പഞ്ചായത്തിൽ ഇപ്പോൾ നിലവിലുള്ള വ്യവസായ സ്ഥാപനങ്ങളുടെ വിവരം.

| ഏതുതരം വ്യവസായം | 1 മുതൽ 15 വരെ വാർഡുകളുടെ ഇനം തിരിച്ച എണ്ണം | | | | | | | | | | | | | | | ആകെ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | |
| 1. ഫൗണ്ടറി&എൻജിനീയറിംഗ് വർക്സ് | 2 | 3 | - | 3 | 5 | 2 | 3 | 3 | 6 | 3 | 2 | 5 | 2 | 2 | 4 | 43 |
| 2. ടയർ മോൾഡ് & ഡൈ നിർമ്മാണം | - | 1 | 1 | 4 | - | - | 2 | - | 4 | - | - | 3 | 4 | 1 | 2 | 22 |
| 3. വെൽഡിങ്ങ് വർക്ക് ഷോപ്പ് | 2 | 1 | - | - | - | 1 | - | - | - | 1 | - | - | - | - | 1 | 6 |
| 4. സ്വർണ്ണാഭരണ നിർമ്മാണം | 1 | - | 2 | 5 | - | - | - | 1 | - | - | - | 1 | - | 1 | 4 | 15 |
| 5. സ്റ്റീൽ ഫർണീച്ചർ | - | 1 | - | - | - | - | 1 | - | - | - | - | 1 | | | 3 | 6 |
| 6. വുഡ് കാർവിങ്ങ് & ഫർണീച്ചർ | 1 | | | | | 1 | 1 | | | 2 | 1 | 2 | | | 1 | 9 |
| 7. റൈസ് & ഓയിൽ മിൽസ് | 2 | 2 | 3 | 2 | 3 | 2 | 2 | 2 | 3 | 2 | - | 2 | 1 | 4 | 2 | 32 |
| 8. പേക്കിംഗ് കേസ് നിർമ്മാണം | 1 | | | | | | | 2 | | | 1 | | | | | 4 |
| 9. ഓട് നിർമ്മാണം | | | | | | | | | | | | 1 | | | | 1 |
| 10. സർജിക്കൽ ഉപകരണം | | | | | | | | | | | | | | | 1 | 1 |
| 11. സോമിൽ | 3 | 1 | 1 | 1 | | 1 | 1 | | | | | | 3 | 3 | 2 | 16 |
| 12 മിഠായി & ബേക്കറി | 1 | 2 | 1 | 1 | - | 1 | - | - | - | 2 | 1 | 1 | 2 | - | 3 | 15 |
| 13. ബേക്കറി വലിയ ഫാക്ടറി (ബിസ്ക്കറ്റ്) | | | | | | | | | | | | | | | 1 | 1 |
| 14. പ്രിൻറിംഗ് പ്രസ്സ് | - | 1 | 1 | 1 | | 2 | | | 1 | | 1 | | 1 | | 1 | 9 |
| 15. വള കട്ടിംഗ് | | 1 | 4 | 2 | | | | | | | | | | | | 7 |
| 16. റബ്ബർ -ചെരുപ്പ് നിർമ്മാണം | | 2 | 1 | | | | | | | | | | | | 3 | 6 |
| 17. മെഴുകുതിരി നിർമ്മാണം | | | | | 1 | 1 | | | | 1 | | | | | | 3 |
| 18. ഇത്താം ചൂള | | | | | 1 | 1 | | | | | | | | | | 2 |
| 19. സോപ്പ് & ഡിറ്റർജൻറ് | | | | | | | | | | 1 | | | | | | 1 |
| 20. ഐസ് പ്ലാൻറ് | | | | | | | | | | 1 | 2 | | | | | 3 |
| 21. കേബിൾ നിർമ്മാണം | | | | | | | | | | 1 | | | 1 | | | 2 |
| 22. ആണി നിർമ്മാണം | | | | 1 | | | | | | | 1 | | | | | 2 |
| 23. P.V.C പ്ലാസ്റ്റിക്ക് & കോർക്ക് | | | | | | | | | | | | | | 2 | 3 | 5 |
| 24. ഹോളോബ്രിക്സ് | 1 | | 1 | | | | | | | | | | | | | 2 |
| 25. മൊസൈക്ക് കമ്പനി | | | | | | | 1 | | | | | | | | | 1 |
| 26. ബീഡി നിർമ്മാണം | | 2 | | | | | | | | | | | | | | 2 |
| 27. ഓട്ടോ വർക്ക് ഷോപ്പ് | 2 | 2 | | 1 | 1 | | | | | 1 | 2 | 1 | 1 | | 2 | 13 |
| 28. ടിൻ നിർമ്മാണം. | | | | | | | | | | | | | | | 1 | 1 |
| 29. മറ്റു വ്യവസായ യൂണിറ്റുകൾ | 7 | 6 | 6 | 5 | 2 | 4 | 4 | 4 | 7 | 3 | 6 | 4 | 6 | 5 | 12 | 81 |
| 30 ഗാർമൻറ്സ് | 1 | | | | | | | | | | | | | | 1 | 2 |



നാഷണൽ പ്രൊഡക്ടിവിററി കൗൺസിലിൻെറ 94–95ലെ ബെസ്ററ് പെർഫോമെൻസ് ഇൻ ഫുഡ് പ്രോസസസ്സിങ്ങ് അവാർഡ് ലഭിച്ച കുക്കീസ് ഇൻഡ്യ ലിമിററഡ്

**നിലവിലുള്ള മുഖ്യ വ്യവസായങ്ങൾ നേരിടുന്ന പ്രതിസന്ധികൾ**

1. മുഖ്യമായും എല്ലാ വ്യവസായങ്ങളും നേരിടുന്ന പ്രതിസന്ധി വൈദ്യുതിക്ഷാമമാണ്.
2. വിദഗ്ദ്ധ തൊഴിലാളികളെ ആവശ്യാനുസരണം ലഭിക്കായ്ക
3. അസംസ്കൃത പദാർത്ഥങ്ങൾ ന്യായമായവിലക്ക് ലഭിക്കാതിരിക്കുക.
4. പുതിയ സാങ്കേതിക വിദ്യയുടെ അഭാവം
5. പഴയ മെഷീനുകൾ പുതുക്കന്നതിനുള്ള പരാജയം
6. ബാങ്കു വായ്പകൾ തിരിച്ചടയ്ക്കുന്നതിൽ വരുന്ന പരാജയം മൂലം ഫാക്ടറികൾപൂട്ടേണ്ടി വരിക
7. തൊഴിൽ ബന്ധങ്ങളിൽ വരുന്ന അപാകതകൾ

**നിർദ്ദേശങ്ങൾ**

ഊർജ്ജപ്രതിസന്ധിയാണു മുഖ്യപ്രശ്നം. ഇത് പരിഹരിക്കുന്നതിന് വൈദ്യുതി ഉല്പാദന രംഗത്തെ സാധ്യതകളെ സംബന്ധിച്ച് ഗവൺമെൻറ് പൊതുവെ ചർച്ച ചെയ്യേണ്ടതാണ്.എന്നാൽ നിലവിലുള്ള വൈദ്യുതി വിതരണസംവിധാനം മെച്ചപ്പെടുത്തുന്നതിനും ഉള്ളവൈദ്യുതി കൂടുതൽ പ്രയോജനപ്പെടുത്തുന്നതിനും താഴെ പറയുന്ന നിർദ്ദേശങ്ങൾ സമർപ്പിക്കുന്നു.

1. ലഭ്യമായി കൊണ്ടിരിക്കുന്ന വൈദ്യുതി ഒല്ലൂർ സബ്ബ്സ്റ്റേഷനിൽ നിന്നുള്ള കൂർക്കഞ്ചേരി, ഒല്ലൂർ, കുരിയച്ചിറ, എന്നീ ഫീഡറുകളിൽ നിന്നാണ് ലഭിക്കുന്നത്. പ്രത്യേക സാഹചര്യങ്ങളിൽ വിയ്യൂർ, കണ്ടശാംകടവ് എന്നീ സബ്ബ് സ്റ്റേഷനുകളിൽ നിന്നുംവൈദ്യുതി ലഭിക്കുന്നു. ഫീഡർ വിഭജിച്ച് ലോഡ് കുറച്ച് വൈദ്യുതി വിതരണം നടത്തുന്നതാകയാൽ കൂടുതൽ ഫലപ്രദമാക്കാം.
2. ഇപ്പോൾ ഏതെങ്കിലും പ്രദേശത്ത് വേണ്ടി വരുന്ന റിപ്പയർ സംബന്ധിച്ചും മറ്റും പഞ്ചായത്തിലെ മുഴുവൻ വൈദ്യുതി ബന്ധങ്ങളും വിഛേദിക്കപ്പെടേണ്ടി വരുന്നു. ഇതിനു പരിഹാരമായി നിലവിലുള്ള എല്ലാ ട്രാൻസ്ഫോർമറുകളിലും "A B' സ്വിച്ചുകൾ സ്ഥാപിക്കേണ്ടതാണ്. കൂടാതെ ഫീഡർ ലൈനിലെ ബ്രാഞ്ചു ലൈനുകളിൽ കൂടി A-B സ്വിച്ചുകൾ വയ്ക്കേണ്ടതാണ്. ഇങ്ങനെയായാൽ വൈദ്യുതി വിതരണ ക്രമം കാര്യക്ഷമമാക്കുന്നതിനു സാധിക്കും.
3. ഡിസ്ട്രിബ്യൂഷൻ ട്രാൻസ് ഫോർമറുകളിൽ നിന്ന് വലിച്ചിരിക്കുന്ന L-T ലൈനുകളിൽ വേണ്ടത്ര ഫ്യൂസ് യൂണിറ്റുകൾ വയ്ക്കുക.
4. ട്രാൻസ്ഫോർമർ സ്റ്റേഷനുകളിലെ ഫ്യൂസ് യൂണിറ്റുകൾ കേടായിരിക്കുന്നവ യഥാസമയം

മാറ്റിവയ്ക്കുക.

5. പഴകിയതും ദ്രവിച്ചും നിൽക്കുന്ന L-T പോസ്റ്റുകൾ സമയാസമയം മാറ്റുക.

6. അയഞ്ഞു കിടക്കുന്ന ഡിസ്ട്രിബ്യൂഷൻ കമ്പനികൾ വലിച്ചു കെട്ടുക.

7. പഴയ കമ്പികൾ മാറ്റി പുതിയകനമുള്ള കമ്പികൾ സ്ഥാപിക്കുക.

8. വോൾട്ടേജിൻെറ അഭാവമുള്ള സ്ഥലങ്ങളിൽ പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക.

9. പഞ്ചായത്തിലെ സ്ട്രീറ്റ് ലൈറ്റുകൾ മുഴുവൻ കുറഞ്ഞ വോൾട്ടേജ് ബൾബുകൾ ആക്കി മാറ്റുക. അതോടൊപ്പം വീട്ടാവശ്യത്തിനുവേണ്ടി കുറഞ്ഞ വോൾട്ടേജ് ബൾബുകൾ ഉപയോഗിക്കുവാൻ ഗ്രാൻറ് അനുവദിക്കുക.

10. പരിഗണനയിലിരിക്കുന്ന ചേർപ്പു സബ്സ്റ്റേഷൻെറ പണി എത്രയും വേഗം പൂർത്തീകരിക്കുക.

**വിദഗ്ദ്ധ തൊഴിലാളികളെ ലഭ്യമാക്കൽ.**

എഞ്ചിനീയറിംഗ് വ്യവസായത്തിലും മറ്റു വ്യവസായങ്ങളിലും പൊന്തി വന്ന മറ്റൊരു പ്രശ്നമാണ് വിദഗ്ദ്ധ തൊഴിലാളികളെ ആവശ്യാനുസരണം ലഭിക്കുന്നില്ല എന്നത്. ധാരാളം വിദഗ്ദ്ധ തൊഴിലാളികൾ തൊഴിൽ ലഭിക്കാത്തവരായി ഉണ്ട് എന്ന വസ്തുതയുമായി ഈപരാതി യോജിക്കുന്നില്ല. ഇതിനെ സംബന്ധിച്ചുള്ള പഠനം കാണിക്കുന്നത് വ്യവസായസ്ഥാപനങ്ങൾ ഭൂരിഭാഗവും ആവശ്യാനുസരണം സ്ഥിരം തൊഴിലാളികളെവക്കാതെ താൽക്കാലിക ദിവസക്കൂലി എന്ന നിലയ്ക്കാണ് വിദഗ്ദ്ധതൊഴിലാളികളെ ഉപയോഗിക്കുന്നത്. ഇവർക്ക് ഗവൺമെൻറ് അനുവദിക്കുന്ന അടിസ്ഥാന ആനുകൂല്യങ്ങൾപോലും ലഭിക്കുന്നില്ല. വൈദഗ്ദ്ധ്യം ആവശ്യമില്ലാത്ത ഒരു കൂലിപ്പണിക്ക് (കെട്ടിടം പണി മുതലായവ) 125-150 രൂപ കൂലി ലഭിക്കുമ്പോൾ വൈദഗ്ദ്ധ്യം ആവശ്യമുള്ളതും ദിവസവേതനത്തിന് വ്യവസായ യൂണിറ്റുകളിൽ ജോലി ചെയ്യാൻ തയ്യാറാകുന്നവർക്ക് ലഭിക്കുന്നത് 50-60 രൂപ മാത്രമാണ്. ഇതിൽ നിന്നു തന്നെ തൊഴിലാളികളുടെ ലഭ്യതക്കുറവ് എന്തുക്കൊണ്ടാണെന്ന് മനസ്സിലാക്കാവുന്നതാണ്.

**നിർദ്ദേശങ്ങൾ**

1 തൊഴിൽ വൈദഗ്ദ്ധ്യം നേടിയ തൊഴിലില്ലാത്തവരുടെ ഒരു ലിസ്റ്റ് പഞ്ചായത്തിൽ സൂക്ഷിക്കുക.

2 സ്വകാര്യമേഖലയ്ക്ക് ഒപ്പം തന്നെ അർദ്ധപൊതു സ്ഥാപനങ്ങളായ (സഹകരണമേഖല) യൂണിറ്റുകൾ ആരംഭിക്കുകയും തൊഴിലാളികളുടെ പങ്കാളിത്തവും ജോലി സ്ഥിരതയും ഉറപ്പു വരുത്തുകയും ചെയ്യുക.

3. വിദഗ്ദ്ധ തൊഴിലാളികളെ ആവശ്യമുള്ള സ്വകാര്യസ്ഥാപനങ്ങളിലേക്ക് പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള ലിസ്റ്റിൽ നിന്നും സേവന വേതന വ്യവസ്ഥയോടെ തൊഴിലാളികളെ നിയമിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുക.

**അസംസ്കൃത പദാർത്ഥങ്ങളുടെ സുഗമമായ ലഭ്യത.**

മിക്ക വ്യവസായങ്ങൾക്കും വേണ്ടതായ അസംസ്ക്കത വസ്തുക്കൾ മുഴുവൻ തന്നെ പുറമെനിന്നും കൊണ്ടു വരേണ്ടവയാണ്. ഇതു മൂലം മറ്റു സ്ഥലങ്ങളിലെ അസംസ്കൃത വസ്തു ഉല്പാദകരുടെ എല്ലാ വീഴ്ച്ചകളും ഇവിടെയുള്ള വ്യവസായങ്ങളെ പ്രതികൂലമായി ബാധിക്കുന്നു. കൂടാതെ ചില ഉല്പന്നങ്ങൾ ചില പ്രത്യേക കാലഘട്ടങ്ങളിൽ മൊത്തമായി സംഭരിച്ചുവച്ചാൽ വളരെ സാമ്പത്തിക ആനുകൂല്യങ്ങൾ ലഭിക്കുന്നതാണ്. ഭാഗികമായ സംഭരണം ഗതാഗത ചിലവുകളിലും മറ്റും ഗണ്യമായ വർദ്ധനവ് വരുത്തുന്നു. ചില കാലങ്ങളിൽ അസംസ്കൃത പദാർത്ഥങ്ങൾക്ക് ക്ഷാമം നേരിടുമ്പോൾ ഇവിടെയുള്ള യൂണിറ്റുകൾക്ക് അസംസ്കൃത പദാർത്ഥങ്ങൾ ലഭിക്കാതെ വരുന്നു.

**നിർദ്ദേശങ്ങൾ**

1. ഒരു ചെറിയ യൂണിറ്റു മാത്രം വിചാരിച്ചാൽ ഇതിനു പൂർണ്ണായി പരിഹാരം കണ്ടെത്താൻ സാധ്യമല്ല. പഞ്ചായത്തിന് ഇതിൽ ഗണ്യമായ ഒരു പങ്ക് വഹിക്കുന്നതിനു സാധിക്കും.

2. പഞ്ചായത്താതിർത്തിയിലുള്ള വ്യവസായ സ്ഥാപനങ്ങളുടെ പൂർണ്ണവിവരവും അവർക്കാവശ്യമായിരിക്കുന്ന അസംസ്കൃതപദാർത്ഥങ്ങളുടെ വിവരവും ശേഖരിക്കുന്നതിന് പഞ്ചായത്തിൽ സംവിധാനം ഏർപ്പെടുത്തുക.

b യൂണിറ്റുകളുടെ ഒരു കോ-ഓർഡിനേഷൻ കമ്മറ്റി പഞ്ചായത്തിൻെറ ആഭിമുഖ്യത്തിൽ രൂപീകരിക്കുക.

c പ്രസ്തുത യൂണിറ്റുകൾക്കാവശ്യമായ എല്ലാ അസംസ്കൃത പദാർത്ഥങ്ങളും ഈ കോ-ഓർഡിനേഷൻ കമ്മറ്റിയുടെ മേൽനോട്ടത്തിൽ സ്റ്റോർ ചെയ്യുന്നതിനുള്ള സംവിധാനങ്ങൾക്ക് രൂപം നൽകുക.

**പുതിയ സാങ്കേതിക വിദ്യകൾ ലഭ്യമാക്കുക.**

ഈ വസ്തുത ഇന്ന് വ്യവസായ വകുപ്പ് കാര്യമായി എടുത്തിട്ടുള്ളതാണ്. നിലവിലുള്ള വ്യവസായങ്ങൾക്ക് പുതിയ സാങ്കേതിക വിദ്യകൾ നൽകുന്നതിന് കേന്ദ്രത്തിൻേറതായ SISI യിൽ നിന്നും സംസ്ഥാന ഇൻഡസ്ട്രീസ് വകുപ്പിൽ നിന്നും വേണ്ടതായ പ്രായോഗിക നിർദ്ദേശങ്ങളും സഹായങ്ങളും ലഭ്യമാണ്. പഞ്ചായത്തു തലത്തിൽ ഇതിനു വേണ്ടതായ ഉപദേശങ്ങളും ബോധവല്ക്കരണവും നടത്തേണ്ടതാണ്. സാമ്പത്തിക സഹായങ്ങളേയുംമറ്റു ആനുകൂല്യങ്ങളേയും സംബന്ധിച്ച പൂർണ്ണ വിവരം പഞ്ചായത്തിൽ ശേഖരിച്ചു യൂണിറ്റുകൾക്ക് കൈമാറുക.

**പഴയ മെഷിനുകൾ മാറ്റി സ്ഥാപിക്കുക**

ഇതിനു ധാരളമായി കേന്ദ്രഗ്രാൻറും സ്റ്റേറ്റ് ഗ്രാൻറും മറ്റ് സബ്സിഡികളും ലഭ്യമാണ്. വ്യവസായ യൂണിറ്റുകൾക്കിടയിൽ ഇതിനെ സംബന്ധിച്ച് വ്യാപകമായ ബോധവല്ക്കരണം പഞ്ചായത്തിൽ നിന്നും നടത്തേണ്ടതാണ്. ലഭ്യമായ എല്ലാ ആനുകൂല്യങ്ങളെ സംബന്ധിച്ചും പഞ്ചായത്തിൽ നിന്നും യൂണിറ്റുകൾക്ക് അറിയാൻ തക്കവണ്ണം വിവരങ്ങൾ ശേഖരിച്ചു വയ്ക്കേണ്ടതാണ്.

**സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യൽ**

ഇന്ന് നിലവിലുള്ള പഞ്ചായത്തിലെ ഏകദേശം എല്ലാ വ്യവസായയൂണിറ്റുകളും സാമ്പത്തിക തർച്ചയിലാണ്. വസ്തു നിഷ്ഠമായ ഒരു പഠനം ഇതർഹിക്കുന്നു. ബാങ്കിൽനിന്നും വലിയ പലിശനിരക്കിൽ വായ്പകൾ വാങ്ങിയാണ് മിക്ക വ്യവസായ യൂണിറ്റുകളും പ്രവർത്തിക്കുന്നത്. ഒരു പ്രോജക്റ്റ് റിപ്പോർട്ടിൻെറ അടിസ്ഥാനത്തിൽ ലാഭകരമെന്ന്കാണുന്ന യൂണിറ്റുകൾക്കാണ് ഇപ്രകാരമുള്ള വായ്പകൾ ലഭിക്കുന്നത്. എന്നാൽ പ്രോജക്റ്റ് റിപ്പോർട്ടിൽ പറയുന്ന തരത്തിലുള്ള ഉല്പാദനം ഉണ്ടായാൽ മാത്രമെ മേൽപറഞ്ഞ വായ്പകൾ തിരിച്ചടയ്ക്കുവാൻ സാധിക്കുകയുള്ളു. വ്യവസായയൂണിറ്റുകളുടേതല്ലാത്തതായ പ്രതികൂലമായ സാഹചര്യങ്ങൾ മൂലം വ്യവസായ ശാലകൾ പ്രവർത്തിക്കാതായാൽ ഉടമയ്ക്ക് ഭീമമായ നഷ്ടമാണ് സംഭവിക്കുന്നത്. ഈ സാഹചര്യത്തിൽ വ്യവസായ സ്ഥാപനത്തിലെ എസ്റ്റാബ്ലിഷ്മെൻറും മറ്റുചിലവുകളും മുറപോലെ തുടരുന്നു. ഇത് കൂടുതൽ നഷ്ടം വരുത്തുവാൻ ഇടവരുത്തുന്നു. ഇതിലൊരു വസ്തുതയാണ് ലോഡ്ഷെഡ്ഡിംങോ പവർക്കട്ടോ മൂലം വ്യവസായ സ്ഥാപനം പ്രവർത്തിക്കാതെ വരുമ്പോൾ സംഭവിക്കുന്നത്. ബാങ്കിൽ നിന്ന് എടുത്ത വായ്പയ്ക്ക് ഇപ്രകാരമുള്ള തടസ്സങ്ങൾ ബാധകമാകുന്നില്ല. പ്രവർത്തനരഹിതമാവുമ്പോൾ വ്യവസായ സ്ഥാപനങ്ങൾ സഹിക്കേണ്ടി വരുന്ന മറ്റു നഷ്ടങ്ങൾക്കു പുറമെ ബാങ്കിൽ നിന്നോ KFEയിൽ നിന്നോ ഉള്ള കൂടുതൽ പലിശയും മറ്റും ഇത്തരം സ്ഥാപനങ്ങളെ അടച്ചു പൂട്ടുവാൻ നിർബന്ധിതമാക്കുന്നു.

**നിർദ്ദേശങ്ങൾ**

ഇതിന് അടിസ്ഥാനപരമായ ചില നിയമ സംരക്ഷണങ്ങൾ ആവശ്യമാണ്. വ്യവസായയൂണിറ്റുകളുടെതല്ലാത്തതായ പ്രതിബന്ധങ്ങളെ സംബന്ധിച്ച് ഒരു പൊതുവായ ബാധ്യത ഉണ്ടെന്ന് കരുതുന്നത് ന്യായമാണ്. ഇങ്ങനെയാകുന്ന പക്ഷം യൂണിറ്റുകളുടെ സംരക്ഷണത്തിന് സഹായകരമായ നിലപാട് എല്ലാ പൊതുരംഗങ്ങളിൽനിന്നും ഉണ്ടാകേണ്ടതാണ്. ഇതിൽ ഉൾപ്പെടുന്നതാണ് പവർക്കട്ടും ലോഡ്ഷെഡ്ഡിങ്ങും. ഇതനുഭവിക്കേണ്ടി വരുന്ന വ്യവസായയൂണിറ്റുകൾക്ക് അവരുടെ കഷ്ടനഷ്ടങ്ങൾക്കു വേണ്ടി ഗ്രാൻറുകളും, വായ്പ തിരിച്ചടക്കുവാനുള്ള കാലാവധി ദീർഘിപ്പിക്കൽ, പലിശ ഇളവുചെയ്യൽ മുതലായ സഹായങ്ങളും ലഭിക്കുന്നതിന് ന്യായമായും അർഹതയുണ്ട്. ഈ പഞ്ചായത്തിൽ നിന്നും ഇതിന് മാതൃകാപരമായ ഒരു നടപടി ഉണ്ടാകേണ്ടതാണ്.

**സുഗമമായ തൊഴിൽ ബന്ധങ്ങൾ**

വളരെ സങ്കീർണ്ണമായ ഒരു പ്രശ്നമാണ് തൊഴിൽ ബന്ധങ്ങളിലെ ന്യൂനതകൾ. അതുകൊണ്ടുതന്നെ ശാസ്ത്രീയമായ ഒരു സമീപനം

ആവശ്യമായിരുന്നു. ഇപ്പോഴുള്ള നിയമങ്ങൾ മാത്രം വെച്ചുകൊണ്ട് ഇതിനൊരു പരിഹാരം തേടുന്നത് പൂർണ്ണമാകുമെന്നത് തോന്നുന്നില്ല. വ്യവസായസ്ഥാപനങ്ങളിലെ തൊഴിലാളി പങ്കാളിത്തം എന്ന ആശയംഇവിടെ പ്രസക്തമാവുന്നു. സഹകരണമേഖലയിൽ ഈ പരീക്ഷണം വലിയ വിജയം കൈവരുത്തിയതിൻെറ ഉദാഹരണങ്ങൾ ധാരാളമുണ്ട്. എന്നാൽ സ്വകാര്യമേഖലയിൽ ഇത് നടപ്പാക്കുക എന്നത് അത്ര എളുപ്പമല്ല. ഇവിടെ യൂണിറ്റുകളിൽ ഉണ്ടാവുന്ന തൊഴിൽ തർക്കങ്ങളെ ന്യായബോധത്തോടെ നേരിടുവാൻ തൊഴിലുടമകൾക്ക് മാത്രം സാധിച്ചു എന്ന് വരികയില്ല. ഈ രംഗത്താണ് തൊഴിൽ ഉടമയേയും തൊഴിലാളികളേയും ഒരു പോലെ സഹായിക്കാൻ തക്കവണ്ണം ജനകീയ പ്രസ്ഥാനങ്ങളുടെ നീക്കം ഉണ്ടാകേണ്ടതാണ്. ഉദാഹരണമായി ഈ പഞ്ചായത്തിലുള്ള വ്യവസായ സംരഭകനെ സംബന്ധിച്ച് ഒരു ഉപദേശക ബോർഡ് ഉണ്ടാക്കാവുന്നതാണ്. ഇതിൽ വ്യവസായയൂണിറ്റുകളുടെ ഓരോ പ്രതിനിധികളും മുഴുവൻ പഞ്ചായത്ത് ബോർഡും തൊഴിലാളി പ്രതിനിധികളും ഉണ്ടായിരിക്കേണ്ടതാണ്. പ്രശ്നപരിഹാരത്തിന് ഈ മാർഗ്ഗം പ്രയോജനകരമായിരിക്കാം.ഇതും ഈ പഞ്ചായത്ത് പരീക്ഷണാടിസ്ഥാനത്തിൽ മാതൃകാപരമായി ത്തന്നെ നടപടികളിലേക്ക് വരുത്താവുന്നതാണ്.

### പ്രാദേശികമായി ലഭ്യമായ അസംസ്കൃത പദാർത്ഥങ്ങൾ ഉപയോഗിച്ചു കൊണ്ടുള്ളവ.

ഈ പഞ്ചായത്തിൽ ലഭ്യമായ അസംസ്കൃതവസ്തുക്കൾ കാർഷികമേഖലയിൽ നിന്നും ലഭിക്കുന്ന ഉല്പന്നങ്ങൾ മാത്രമാണ്. മുഖ്യമായും, നെല്ല്, നാളികേരം, എന്നിവയാണ്.എന്നാൽ ഇവയൊന്നും വ്യവസായികാടിസ്ഥാനത്തിൽ പ്രയോജനപ്പെടുത്തുന്നില്ലമറിച്ച് ഉല്പന്നങ്ങളെല്ലാം പുറമേക്ക് കൊണ്ടു പോവുകയും ഇറക്കുമതി ചെയ്യുന്ന അരി, വെളിച്ചെണ്ണ മുതലായ നിത്യോപയോഗ സാധനങ്ങളായി തിരികെ വരുന്നു. ഇതു മൂലം ഈ പ്രദേശത്തുള്ളവർക്ക് അവർ ഉല്പാദിപ്പിക്കുന്ന ഗുണമേന്മയുള്ള വസ്തുക്കൾ കയറ്റുമതിചെയ്ത് ഗുണമേന്മയില്ലാത്ത ഉല്പന്നങ്ങൾ ഇറക്കുമതി ചെയ്യേണ്ടതായും വരുന്നു. ഇതിന് ഉടനെ പരിഹാരം കണ്ടെത്തേണ്ട വസ്തുതയാണ് താഴേ പറയുന്ന നിർദ്ദേശങ്ങൾ നടപ്പാക്കാവുന്നതാണ്.

1. ഇവിടെ ഉല്പാദിപ്പിക്കുന്ന നെല്ല് ഇവിടെ തന്നെ സംഭരിക്കുകയും അത് ഉല്പന്നങ്ങളാക്കി പാക്കു ചെയ്ത് ഇവിടെ തന്നെ വിതരണം നടത്തുവാൻ തക്കവണ്ണം ഒരു സഹകരണസംഘം രൂപീകരിക്കാവുന്നതാണ്. ഈ ഉല്പന്നങ്ങൾ വിറ്റഴിക്കുവാൻ ഇവിടെ ത്തന്നെ മാർക്കറ്റ് കണ്ടെത്താവുന്നതാണ്. വളരെ വിജയകരമായി നടത്താവുന്ന ഒരു വ്യവസായമാണിത്. ഇത് മൂലം കുറേ പേർക്ക് ജോലി ലഭിക്കുന്നതിനു പുറമെ കർഷകർക്ക് ഉല്പന്നങ്ങൾക്ക് നല്ല വില ലഭിക്കുന്നതും ഇടത്തട്ടുകാരുടെ ചൂഷണത്തിൽ നിന്നും മുക്തി നേടാവുന്നതുമാണ്.
2. നാളികേരവും മേൽപറഞ്ഞ പ്രകാരം തന്നെ സംഭരിച്ച് സഹകരണാടിസ്ഥാനത്തിലുള്ള ഓയിൽ മില്ലിൽ കൂടി വെളിച്ചെണ്ണയും മറ്റുല്പന്നങ്ങളും ഉൽപ്പാദിപ്പിച്ച് കർഷകർക്കും ഉപഭോക്താക്കൾക്കും ഒരു പോലെ പ്രയോജനകരമാക്കാവുന്നതാണ്. ചകിരി, ചിരട്ട മുതലായ ഉല്പന്നങ്ങൾ സംസ്ക്കരിച്ച് ഇവിടെ തന്നെയുള്ള വ്യവസായങ്ങൾക്ക് ഉപയോഗപ്രദമാക്കാവുന്നതാണ്.

### 2. പരമ്പരാഗതമായ തൊഴിലുകൾ

ഈ പഞ്ചായത്തിലുള്ള വിവിധ പരമ്പരാഗത തൊഴിലുകാരെ സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിച്ച് വിവധ സഹകരണ തൊഴിൽശാലകൾക്ക് രൂപം നൽകേണ്ടതാണ്. ഇന്നവർ ഒറ്റപ്പെട്ടു കിടക്കുന്നതു മൂലം അവരുടെ ന്യായമായ അവകാശങ്ങളോ ആനുകൂല്യങ്ങളോ ലഭിക്കാതെ പോകുന്നു. ഇതിന് ഈ സംഘടിത ശ്രമം വളരെയധികം പ്രയോജനപ്പെടുന്നതാണ്.

### 3. പുതിയതായി ആരംഭിക്കാവുന്ന ഇൻഡസ്ട്രിയൽ യൂണിറ്റുകൾ

ഇതിൽ പ്രതിപാദിക്കുന്ന എല്ലാ വ്യവസായ സംരഭങ്ങളും ചെറുകിട വ്യവസായ സംരഭങ്ങളിൽ ഉൾപ്പെടുന്ന യൂണിറ്റുകളാണ്. പ്രധാനമായും താഴെ പറയുന്ന വ്യവസായങ്ങളെ സംബന്ധിച്ച നിർദ്ദേശങ്ങൾ ലഭിച്ചിരിക്കുന്നു.

1. ടയർമോൾഡ് മെഷീൻ ഉല്പാദനയൂണിറ്റ്
2. ഇലക്ട്രിക്കൽ -ഇലക്ട്രോണിക്ക് ഉപകരണ നിർമ്മാണയൂണിറ്റ്
3. മെഴുകുതിരി നിർമ്മാണ യൂണിറ്റ്
4. സ്വർണ്ണാഭരണ നിർമ്മാണ യൂണിറ്റ്
5. റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ യൂണിറ്റ്

6. സോപ്പ് & ഡിറ്റർജൻറ് നിർമ്മാണയൂണിറ്റ്
7. വുഡ്കാർവിംഗ് & ഫർണിച്ചർ നിർമ്മാണയൂണിറ്റ്
8. ഫൗണ്ടറി & എൻജിനീയറിംഗ് വർക്സ് യൂണിറ്റ്
9. പ്രിംൻറിംഗ് പ്രസ്സ്
10. പ്ലാസ്റ്റിക് ഉപകരണ നിർമ്മാണ യൂണിറ്റ്
11. ചെരുപ്പു നിർമ്മാണ യൂണിറ്റ്
12. കാനിംഗ് യൂണിറ്റ് (അച്ചാറുകാം, കറിപൗഡർ നിർമ്മാണം)
13. ഹോളോബ്രിക്സ് & കോൺക്രീറ്റ് മെറ്റീരിയൽസ് നിർമ്മാണ യൂണിറ്റ്
14. കല്ലൊര യൂണിറ്റ്
15. ബേക്കറി & മിഠായി നിർമ്മാണയൂണിറ്റ്
16. ഇലക്ട്രോപ്ലേയിറ്റിംഗ് യൂണിറ്റ്
17. ആയുർവേദ ഔഷധനിർമ്മാണ യൂണിറ്റ്
18. വളകട്ടിംഗ് യൂണിറ്റ്
19. സ്റ്റീൽ ഫർണീച്ചർ നിർമ്മാണ യൂണിറ്റ്
20. ടയർ റീ ത്രെഡ്ഡിംഗ് യൂണിറ്റ്
21. ഓട്ടോ വർക്ക്ഷോപ്പ് & ഇലക്ട്രിക്കൽ വർക്ക്സ്
22. വെൽഡിംഗ് & ഗ്രീൽ നിർമ്മാണം
23. അപ്ഹോാംസറി & പ്ലാസ്റ്റിക് ബാഗ് നിർമ്മാണം.
24. കുട നിർമ്മാണ യൂണിറ്റ്
25. നോട്ടു ബുക്ക് നിർമ്മാണ യൂണിറ്റ്
26. സിൽക്ക് നെയ്ത്ത്
27. അരി, ഗോതമ്പ് മുതലായ ധാന്യുല്പന്നങ്ങാം (Food Product)
28. പഴം പച്ചക്കറി സംസ്ക്കരണ യൂണിറ്റ്.

മുകളിൽ പ്രതിപാദിച്ച വ്യവസായ യൂണിറ്റുകാംക്കു പുറമെ പ്രായോഗികമായി ലഭിക്കുന്ന മറ്റു നിർദ്ദേശങ്ങളും പരിഗണിക്കാവുന്നതാണ്

## വ്യവസായ സംരഭങ്ങൾ എങ്ങനെ പ്രാവർത്തികമാക്കാം?

ചെറുകിട വ്യവസായ സംരഭങ്ങളെ ക്കുറിച്ച് ചിന്തിക്കുമ്പോാം പ്രാഥമികമായി വേണ്ടതായ സംഗതികളാണ് വൈദ്യുതി വെള്ളം മുതലായവ ലഭ്യമാകുന്ന ഇൻഡസ്ട്രിയൽ ഷെഡ്ഡുകാം. ഒരു വ്യവസായ സംരഭകനെ സംബന്ധിച്ച് അവൻെറ മുടക്കുമുതലിൽ വലിയൊരു ശതമാനം ഇതിനു വേണ്ടി മുടക്കേണ്ടി വരുന്നു എന്നുള്ളതാണ്. ഇതുമൂലം പ്രവർത്തി മൂലധനത്തിന് ഫണ്ട് തികയാതെ വരുന്നു. ഗാംഫ് രാജ്യങ്ങളിൽ നിന്നും മടങ്ങിവരുന്ന തൊഴിൽ രഹിതരെ സംബന്ധിച്ചും, ഇപ്രകാരം ഭീമമായ ഒരു സംഖ്യ ഷെഡ്ഡുകാംക്കുവേണ്ടി മുടക്കുവാൻ കഴിയാത്ത അവസ്ഥയായിരിയ്ക്കും. കൂടാതെ ഒരു വ്യവസായം തുടങ്ങുന്നതിന് വളരെയധികം അനുവാദ പത്രങ്ങാം വിവിധ തുറകളിൽനിന്നും സമ്പാദിക്കേണ്ടിവരുന്നതാണ് സാധാരണക്കാരെ സംബന്ധിച്ച് ഇതെല്ലാം അവൻെറ മുമ്പിൽ ഒരു ബാലികേറാമലയാണ്. ഇതുകൊണ്ടു തന്നെ കഴിവുള്ള അനേകം പേർ വ്യവസായ സംരഭങ്ങളിൽ നിന്നും ഒഴിഞ്ഞു നിൽക്കുന്നു. വ്യവസായ സംരഭത്തെ പ്രോത്സാഹിപ്പിക്കുവാൻ ആദ്യമായി ചെയ്യേണ്ടത് ഈ വക നൂലാമാലകാം ലഘൂകരിക്കുകയും വ്യവസായ സംരഭകർക്ക് എളുപ്പത്തിൽ എല്ലാ വിധ ലൈസൻസുകളോടും കൂടിയ ഷെഡ്ഡുകാം ലഭ്യമാക്കുക എന്നുള്ളതാണ്. ഇതിന് ഉചിതമായും നിർദ്ദേശിക്കാവുന്ന മാതൃക സംരഭങ്ങളാണ് ഗവൺമെൻറ് നടപ്പിലാക്കിയിട്ടുള്ളമിനി ഇൻഡസ്ട്രിയൽ കോ -ഓപ്പറേറ്റീവ് കോംപ്ലക്സ്.

## മിനി ഇൻഡസ്ട്രിയൽ കോ - ഓപ്പറേറ്റീവ് കോംപ്ലക്സ്.

ഇതിൻെറ പ്രവർത്തനം താഴേ പറയും പ്രകാരമാണ്. വ്യവസായ കോംപ്ലക്സുകാംക്ക് അനുയോജ്യമായ സ്ഥലം ഗവൺമെൻറ് അക്വയർചെയ്യുകയോ, പഞ്ചായത്തോ, അല്ലെങ്കിൽ പൊതു സ്ഥാപനങ്ങളൊ ലഭ്യമാക്കിക്കൊടുക്കുന്ന സ്ഥലങ്ങളോ ഏറ്റെടുക്കുകയും ചുരുങ്ങിയത് 600 സ്ക്വയർ ഫീറ്റ് വീതമുള്ള 10 ഷെഡ്ഡുകാം വീതമെങ്കിലും ഗവൺമെൻറ് പണിയുകയും ചെയ്യുന്നു. ഇതിലേക്കു വേണ്ടതായ റോഡ്, വൈദ്യുതി,വെള്ളം മുതലായവയും ഗവൺമെൻറ് ഉറപ്പാക്കുന്നു. ഇതിനു വരുന്നതായിട്ടുള്ള മൊത്തം ചെലവ് 10 യൂണിറ്റുകാം അടങ്ങുന്ന ഒരു സഹകരണ സ്ഥാപനത്തെ ഏല്പിക്കുന്നു. വ്യവസായസംരഭകർക്ക് ആവശ്യാനുസരണം ഷെഡ്ഡുകാം നൽകുന്നതും ഗവൺമെൻറ് നിശ്ചയിച്ച വിലയിൽ പ്രസ്തുത വ്യവസായിയുടെ പങ്ക് ചെറിയ പലിശയോടു കൂടി തവണകളായി 10 വർഷം കൊണ്ട് അടച്ചു തീർക്കുവാൻ അനുവദിക്കുന്നു. പണം മുഴുവൻ അടച്ചു തീർത്താൽ പ്രസ്തുത ഷെഡ്ഡ് വ്യവസായിയുടെ സ്വന്ത

മാകുന്നു. ഈ സ്കീം വ്യവസായം തുടങ്ങുവാൻ ഉദ്ദേശിക്കുന്നവർക്ക് വളരെ ആകർഷകമാണ്.

1. വലിയ മുതൽ മുടക്കിൽ വ്യവസായഷെഡ്ഡ് പണിയേണ്ടതില്ല.
2. അനുവാദ പത്രങ്ങൾക്കു വേണ്ടി അനാവശ്യമായി അലയേണ്ടി വരുന്നില്ല.
3. വൈദ്യുതി, വെള്ളം മുതലായവ യഥേഷ്ടം ലഭ്യമാകുന്നു.
4. ചെറിയ ചെറിയ തവണകളായി പണമടച്ച് ബാധ്യത തീർക്കുവാൻ സൗകര്യം ലഭിക്കുന്നു.
5. വ്യവസായിയുടെ കയ്യിൽ ലഭ്യമായ സംഖ്യ മുഴുവനായും ഉല്പാദനത്തിനുവേണ്ടി ഉപയോഗിക്കുവാൻ കഴിയുന്നു.

ഈ സ്കീം നടപ്പാക്കുന്ന പക്ഷം ഈ പഞ്ചായത്തിൽ അനായസേന വ്യവസായങ്ങൾ വരുകയും വളരുകയും നമ്മുടെ പ്രദേശത്തെ തൊഴിലില്ലായ്മ ഒരു പരിധി വരെ പരിഹരിക്കുവാൻ കഴിയുന്നതുമാണ്. ഗൾഫിൽ നിന്നും മടങ്ങി വരുന്നവരെ സംബന്ധിച്ചും ഇത് വളരെ ആകർഷകവും ആശ്വാസം പ്രദാനം ചെയ്യാൻ കഴിയുന്നതുമായ പദ്ധതിയാണ്.

പഞ്ചായത്തിൽ ഇൻഡസ്ട്രിയൽ കോംപ്ലക്സിന് അനുയോജ്യമായ സ്ഥലത്തെ സംബന്ധിച്ചവ.

**നിർദ്ദേശങ്ങൾ.**

പഞ്ചായത്തിൻെറ വിവിധ പ്രദേശങ്ങളിലായി 10 യൂണിറ്റുകൾ വീത മടങ്ങുന്ന ആറ് മിനി ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് കോംപ്ലക്സുകളാണ് നിർമ്മിക്കുവാൻ ശുപാർശ ചെയ്തിരിക്കുന്നത്. ഇപ്രകാരം പണിയുന്ന 60 യൂണിറ്റുകളിൽ കൂടി ഏകദേശം 350 പേർക്ക് നേരിട്ടും അത്രയും പേർക്ക് പരോക്ഷമായും ജോലി ലഭിയ്ക്കാവുന്നതാണ്.

താഴേ പറയുന്ന സ്ഥലങ്ങളിൽ ഇതിനു വേണ്ടി ശുപാർശചെയ്തിരിക്കുന്നു.

1. ഒന്നാം വാർഡിൽ വലിയാലുക്കൽ ക്ഷേത്രത്തിനു പിൻവശത്ത് കാരമുക്ക് പാടത്ത് തരിശു നിലത്തിൽ നിന്നും വേണ്ട സ്ഥലം ലഭ്യമാക്കാവുന്നതാണ്.
2. രണ്ടാം വാർഡിൽ പഞ്ചായത്താഫീസിനു മുൻവശത്തുള്ള പഞ്ചായത്തു വക മൂന്നര ഏക്കർ വരുന്ന ശ്മശാന ഭൂമിയിൽ ഭൂരിഭാഗവും ഇപ്പോൾ ഉപയോഗശൂന്യമായി കിടക്കുകയാണ്. പ്രസ്തുത ശ്മശാനം ആധുനികവല്ക്കരിച്ച് സ്ഥല പരിമിതി നിശ്ചയിക്കുന്ന പക്ഷം ബാക്കി വരുന്ന സ്ഥലത്ത് വ്യവസായ കോംപ്ലക്സ് പണിയാവുന്നതാണ്. ഇതിനു മുൻവശം റോഡിനഭിമുഖമായി രണ്ടോ മൂന്നോ നിലയിൽഒരു ഷോപ്പിംങ്ങ് കോംപ്ലക്സ് -കം- പൊതുമാർക്കറ്റ് പണിയാവുന്നതാണ്. ഈ മാർക്കറ്റ് നിലവിൽ വരുന്ന പക്ഷം പഞ്ചായത്തിൽ മാർക്കറ്റില്ല എന്ന പോരായ്മ പരിഹരിക്കുവാൻ സാധിക്കും.
3. മൂന്നാം വാർഡിൽ പറത്താട്ടിൽ സർജിക്കൽ സ്ഥിതി ചെയ്തിരുന്ന സ്ഥലത്തെ വിശാലമായ ഷെഡ്ഡും പറമ്പും ഇപ്പോൾ പ്രവർത്തന രഹിതമായി കിടക്കുകയാണ്. വൈദ്യുതി, വെള്ളം മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഉള്ള ഈ സ്ഥലം ഏറ്റെടുത്ത് ഭേദഗതികളോടെ ഇൻഡസ്ട്രിയൽ കോംപ്ലക്സായി രൂപപ്പെടുത്താവുന്നതാണ്.
4. ഏഴാം വാർഡിൽ മുൻസിപ്പൽ ക്വാർട്ടേഴ്സിനു പിൻവശം (വാർഡ് റിപ്പോർട്ടിൽ നിർദ്ദേശിച്ച സ്ഥലം) ഇൻഡസ്ട്രിയൽ കോംപ്ലക്സിനി വേണ്ടി ഉപയോഗപ്പെടുത്താൻ സാധിക്കും.
6. പതിമൂന്നാം വാർഡിൽ പഞ്ചായത്തു വക തരിശായി കിടക്കുന്ന ഭൂമി ഇതിനുവേണ്ടി ഉപയോഗിക്കാവുന്നതാണ്.

**വ്യവസായമേഖലയിൽ വനിതാസംവരണം ഉറപ്പു വരുത്തുക.**

വ്യവസായസംരഭങ്ങളെക്കുറിച്ച് പ്രതിപാദിക്കുമ്പോൾ അധികം ഊന്നൽ കൊടുക്കേണ്ടത് വനിതാ വ്യവസായ സംരഭങ്ങൾക്കായിരിക്കണം. പഞ്ചായത്തിൽ തൊഴിലില്ലാത്ത അഭ്യസ്ഥവിദ്യരുടെ ഇടയിൽ 60% സ്ത്രീകളാണ്. വനിതാ വ്യവസായ സംരഭങ്ങൾക്ക് ഗവൺമെൻറിൽ നിന്നും വളരെയധികം ആനുകൂല്യങ്ങൾ നിയമപരമായി തന്നെ അനുവദിച്ചിട്ടുണ്ട്. ഈ ആനുകൂല്യങ്ങൾ പൂർണ്ണമായും മുതലെടുക്കുവാൻ കഴിയത്തക്ക വണ്ണം വനിതാവ്യവസായസംരഭങ്ങൾക്ക് രൂപം നൽകേണ്ടതാണ്. ഇതിനായി രണ്ട് ഇൻഡസ്ട്രിയൽ കോംപ്ലക്സുകൾ പൂർണ്ണമായും (20 യൂണിറ്റുകൾ) വനിതാസംരഭകർക്കുവേണ്ടി നീക്കിവെയ്ക്കേണ്ടതാണ്. ഈ കോംപ്ലസുകളിലെ എല്ലാ യൂണിറ്റുകളും സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിക്കപ്പെട്ട വ്യവസായസംരഭങ്ങൾ ആയിരിക്കേണ്ടതാണ്. വനിതകളെ വ്യവസായ

സംരഭങ്ങളെ സംബന്ധിച്ച് ബോധവല്ക്കരണം നടത്തേണ്ടതാണ്. ഇതിന്നായി പഞ്ചായത്ത് മുൻകൈ എടുത്ത് ഇൻഡസ്ട്രീസ് ഡിപ്പാർട്ട്മെൻറിനാൽ പഞ്ചായത്തിൽ സെമിനാറുകളും, പഠനക്ലാസുകളും സംഘടിപ്പിക്കേണ്ടതാണ്. അഭിരുചിക്കനുസരിച്ച് വനിതകളെ തെരഞ്ഞെടുത്ത് വിദഗ്ധ പരിശീലനത്തിന് അയക്കേണ്ടതും ഗവൺമെൻറിൽ നിന്നും അനുവദിച്ചിട്ടുള്ള സാമ്പത്തിക സഹായങ്ങൾ (വായ്പ ഉൾപ്പെടെ) എളുപ്പം അവർക്ക് ലഭ്യമാക്കുവാൻ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## ഇൻഡസ്ട്രിയൽ കോംപ്ലക്സുകൾ അനുവദിക്കൽ.

നിർദ്ദേശിച്ചിട്ടുള്ള ആറു വ്യവസായ കോംപ്ലക്സുകളിൽ 10 യൂണിറ്റ് വീതം അടങ്ങിയ 2 കോംപ്ലക്സുകൾ വനിതാ സഹകരണ വ്യവസായ കോംപ്ലക്സുകളായും അപ്രകാരം തന്നെ2 കോംപ്ലക്സുകൾ മറ്റു സഹകരണ വ്യവസായ യൂണിറ്റുകൾക്കായും ബാക്കി 2 കോംപ്ലക്സുകളിൽ ഒന്ന് പൂർണ്ണമായും എൻജിനീയറിംഗ്, ടയർ മോൾഡ് മെഷീൻ ഉല്പാദന യൂണിറ്റുകൾക്കും മറ്റേത് പൊതുവായും അനുവദിക്കാവുന്നതാണ്.

## വ്യവസായയൂണിറ്റുകൾക്ക് സംരക്ഷണം.

വ്യവസായ യൂണിറ്റുകൾ തുടങ്ങുവാൻ ആവശ്യമായ പ്രോത്സാഹനവും സാഹചര്യങ്ങളും ഒരുക്കിക്കൊടുക്കുക എന്നതിലും വളരെ പ്രധാന്യമർഹിക്കുന്ന ഒന്നാണ് ഈ സ്ഥാപനങ്ങൾഎല്ലാം നല്ല നിലയിൽ നടത്തുവാൻ വേണ്ടതായ സംവിധാനം ഉണ്ടാക്കേണ്ടതാണ്. വെള്ളം വൈദ്യുതി, മുതലായ അടിസ്ഥാന സൗകര്യങ്ങളോടു കൂടിയ ഷെഡുകൾ നല്കുന്നതിനെ സംബന്ധിച്ച് പ്രതിപാദിച്ചിട്ടുണ്ടല്ലോ. അതുപോലെ അസംസ്കൃതവസ്തുക്കളുടെ ലഭ്യത, ജീവനക്കാർക്ക് വേണ്ട സാങ്കേതിക പരിശീലനം, വിദഗ്ദ്ധ സാങ്കേതിക ഉപദേശം, ആവശ്യാനുസരണം ഫണ്ട് ലഭ്യമാക്കൽ, ഉടമ- തൊഴിലാളി ബന്ധങ്ങൾ എന്നിവയെ സംബന്ധിച്ചും ഈ റിപ്പോർട്ടിൽ ഏറെക്കൂറെ വിശദീകരിച്ചിട്ടുണ്ട്. ഈ നിർദ്ദേശങ്ങൾ പൂർണ്ണമാണെന്നല്ല അർത്ഥമാക്കുന്നത്. ഇത് പ്രായോഗികതലത്തിൽ വരുത്തുമ്പോൾ വേണ്ടതായ കൂടുതൽ ചർച്ചകൾക്ക് ശേഷം മാറ്റങ്ങൾ വരുത്തേണ്ടതാണ്. ഒരു കാര്യം നമുക്ക് അടിസ്ഥാനപരമായി തീരുമാനിക്കാം. ഇവിടെയുള്ളതും പുതുതായി തുടങ്ങുന്നതുമായ വ്യവസായസംരഭങ്ങൾ ഈ നാടിൻെറതാണെന്ന ബോദ്ധ്യത്തോടെയുള്ള സമീപനം ഉണ്ടാകേണ്ടതാണ്. അതിനാൽ തന്നെ അതിനെ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിലും നമുക്ക് ബാദ്ധ്യതയുണ്ട്. ഈ ബാദ്ധ്യത നിറവേറ്റുന്നതിന് എല്ലാ വ്യവസായ യൂണിറ്റുകളുടെയും പ്രതിനിധികളെയും, മുഴുവൻ പഞ്ചായത്ത് മെമ്പർമാരെയും, ഫൈനാൻസിങ്ങ് ബാങ്ക് പ്രതിനിധികളെയും, വ്യവസായ വകുപ്പ് വിദഗ്ധരെയും ഉൾക്കൊള്ളിച്ചു കൊണ്ടുള്ള ഒരു ഉപദേശക ബോർഡ് രൂപീകരിക്കേണ്ടതാണ്. ഈ ബോർഡ് യൂണിറ്റുകളുടെ പ്രവർത്തനം സുഗമമായി നടക്കുന്നുണ്ടെന്നും ഇല്ലെങ്കിൽ എന്നതുകൊണ്ട് എന്നും സമയാസമയങ്ങളിൽ ചർച്ച ചെയ്ത് തീരുമാനിക്കേണ്ടതും, പ്രശ്നങ്ങൾ നേരിടുന്ന യൂണിറ്റുകളെ സഹായിക്കേണ്ടതുമാണ്. ഇപ്രകാരമുള്ള ഉപദേശക ബോർഡിന് നിയമപരമായി തന്നെ അംഗീകാരം ലഭിക്കുവാൻ നടപടി ഉണ്ടാകേണ്ടതാണ്. ഇപ്രകാരം രൂപീകരിക്കുന്ന ഉപദേശക ബോർഡ് യൂണിറ്റുകളുടെ ഉല്പന്നങ്ങൾക്ക് വിപണി കണ്ടെത്തുവാൻ ഉള്ള സഹായം ഉൾപ്പെടെ നല്കുന്നതിന് കഴിയും.

ഈ റിപ്പോർട്ട് പൂർണ്ണമാണെന്ന് അവകാശപ്പെടുന്നില്ല. എങ്കിലും ഈ നിർദ്ദേശങ്ങൾ എല്ലാം വിലപ്പെട്ടതാണെന്ന് കാണാം. അതിനാൽ തന്നെ പഞ്ചായത്തിൻെറ സവിശേഷ ശ്രദ്ധ അർഹിക്കുന്നു.

## സംക്ഷിപ്ത ഉപസംഹാരം

ഈ റിപ്പോർട്ടിൻെറ അടിസ്ഥാനങ്ങളിൽ വ്യാവസായിക പ്രശ്നങ്ങളെ സംഗ്രഹിച്ച് ചില നിർദ്ദേശങ്ങൾ ഉൾപ്പെടുത്തുന്നു.

1. പഞ്ചായത്തിലുള്ള അഭ്യസ്തവിദ്യരും സാങ്കേതിക പരിജ്ഞാനം നേടിയവരുമായ തൊഴിൽ രഹിതരേയും ഗൾഫിൽ നിന്നു മടങ്ങി വരുന്നവരേയും ഉൾപ്പെടുത്തിക്കൊണ്ട് ഒരു എംപ്ലോയ്മെൻറ് രജിസ്റ്റർ പഞ്ചായത്തിൻെറ ആഭിമുഖ്യത്തിൽ സൂക്ഷിക്കുക.
2. പഞ്ചായത്തിൽ ലഭ്യമായ അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ചു കൊണ്ട് അരി, എണ്ണ എന്നീ വ്യവസായങ്ങൾ സഹകരണ മേഖലയിൽ ആരംഭിക്കുക.
3. നിലവിലുള്ള വ്യവസായങ്ങളെ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പഠിക്കുകയും അതിനു

നിർദ്ദേശിച്ചിട്ടുള്ളതും അല്ലാത്തതുമായ പരിഹാരമാർഗ്ഗങ്ങൾ തേടുക.

4. ഊർജ്ജ പ്രതി സന്ധി തരണം ചെയ്യുവാൻ നിർദ്ദേശിച്ചിട്ടുള്ള പരിഹാര മാർഗ്ഗങ്ങൾ നടപ്പിലാക്കുക.

5. പഞ്ചായത്തിൽ വിവിധ പ്രദേശങ്ങളിലായി പത്ത് യൂണിറ്റുകൾ അടങ്ങുന്ന ആറ് വ്യവസായ കോംപ്ലക്സുകൾ സഹകരണാടിസ്ഥാനത്തിൽ ആരംഭിക്കുക.

6. വനിതാ വ്യവസാ. സംരഭകരെ പ്രോത്സാബിപ്പിക്കുകയും അവർക്കുവേണ്ടി ചുരുങ്ങിയത് ഇരുപത് വ്യവസായ യൂണിറ്റുകളെങ്കിലും സംവരണം ചെയ്യുകയും ചെയ്യുക.

7. സാങ്കേതിക പരിജ്ഞാനം ആവശ്യമുള്ള വ്യവസായങ്ങൾ ആരംഭിക്കുവാൻ വനിതകളേയും അർഹതയുള്ള മറ്റുള്ളവരേയും പരിശീലന കോഴ്സുകൾക്കായി പഞ്ചായത്തിൽ നിന്നും തെരഞ്ഞെടുത്തയയ്ക്കുക.

8. നിലവിലുള്ള വ്യവസായങ്ങളുടെ അഭിവൃദ്ധി ലക്ഷ്യമാക്കി ബോധവല്ക്കരണ പരിപാടികൾക്ക് പഞ്ചായത്തു തലത്തിൽ സെമിനാറുകളും പഠനകളരികളും കാലാകാലങ്ങളിൽ സംഘടിപ്പിക്കുക.

9. വിദേശമാർക്കറ്റ് പിടിച്ചടക്കുവാൻ പര്യാപ്തമായ തരത്തിൽ വളർന്നു വന്നിട്ടുള്ള ടയർമോഡ് മെഷീൻ മാനുഫാക്ച്ചറിംഗ് യൂണിറ്റുകൾക്ക് പ്രത്യേക പരിഗണനന നൽകുകയും ഈ വ്യവസായത്തെയും എൻജിനീയറിംഗ് വ്യവസായത്തെയും സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിക്കുകയും ചെയ്യുക.

10. സ്വർണ്ണാഭരണനിർമ്മാണരംഗത്ത് സ്ത്രീകളെ പരിശീലിപ്പിക്കുകയും അവരെ ഉൾപ്പെടുത്തിക്കൊണ്ട് ഈ രംഗത്ത് സഹകരണാടിസ്ഥാനത്തിൽ വ്യവസായ യൂണിറ്റുകൾ ആരംഭിക്കുകയും ചെയ്യുക.

11. പരമ്പരാഗതവും അസംഘടിതവുമായ ആശാരിപ്പണി, മൂശാരിപ്പണി, തുകൽപ്പണി, സ്വർണ്ണപ്പണി, ഇരുമ്പ്പണി എന്നീ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവരെ സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിച്ച് വ്യവസായമേഖലയിലേക്ക് എത്തിയ്ക്കുക.

12. നിലവിലുള്ളതും പുതിയതായി രൂപീകരിക്കപ്പെടുന്നതുമായ വ്യവസായങ്ങളുടെ പ്രശ്നങ്ങൾ ചർച്ചചെയ്ത് പരിഹാരം കാണുന്നതിനുവേണ്ടി വ്യവസായയൂണിറ്റ് പ്രതിനിധികളും പഞ്ചായത്ത് മെമ്പർമാരും ഫൈനാൻസിംഗ് പ്രതിനിധികളും തൊഴിലാളി പ്രതിനിധികളും അടങ്ങുന്ന ഒരു അഡ്വൈസറി ബോർഡ് രൂപീകരിക്കുകയും പ്രശ്നങ്ങളെല്ലാം അവരിൽകൂടി പരിഹരിക്കുവാനും നടപടി സ്വീകരിക്കുക.

വ്യവസായ റിപ്പോർട്ട് ഇവിടെ ഉപസംഹരിക്കപ്പെടുന്നു.

♈

**നല്ലമതിൽ നല്ല അയൽക്കാരനെ സൃഷ്ടിക്കുന്നു.**
**പക്ഷേ മതിലുകൾ പണിയുന്നതിന് മുമ്പ്**
**ചോദിക്കട്ടെ**
**നിങ്ങൾ ആരെയാണ് മതിൽ കെട്ടി**
**അകത്താക്കുന്നത്,**
**ആരെയാണ് മതിൽകെട്ടി**
**പുറത്താക്കുന്നത്.**
**(റോബർട്ട് ഫ്രോസ്റ്റ്)**

# 5-4

# വിദ്യാഭ്യാസം




വിദ്യാഭ്യാസം സമ്പന്നവും ശക്തവുമായ അടിത്തറയുള്ള ഒരു ചരിത്ര പശ്ചാത്തലമാണ് വിദ്യാഭ്യാസ മേഖലയ്ക്കുള്ളത്. ഔപചാരികവും അനൗപചാരികവുമായ വ്യത്യസ്ത പഠന സമ്പ്രദായങ്ങൾ പണ്ടു മുതൽക്കേ നിലവിൽ വന്നിരുന്നു. അതുകൊണ്ട് നിലനിന്നിരുന്ന ഈ സമ്പ്രദായവും പിന്നീട് അനൗപചാരിക മേഖലയിൽ നടത്തിയ സാക്ഷരതപോലുള്ള പഠന സമ്പ്രദായവും കൂടിയായപ്പോൾ അഭിമാനത്തോടു കൂടി നൂറ് ശതമാനവും സാക്ഷരതനേടിയ ഒരു പഞ്ചായത്താണ് നമ്മുടേതെന്ന് ഉച്ചത്തിൽ ഉദ്ഘോഷിക്കുവാൻ കഴിയും.

പഞ്ചായത്തിലെ ഏറ്റവും ആദ്യമായി നിറദീപം കൊളുത്തിയ സ്കൂൾ നെടുപുഴ, ഗവ. ജൂനിയർ ബേസിക് സ്കൂളാണ്, 1908 -ൽ തച്ചോത്ത് ചാക്കോ മാസ്റ്ററുടെ വസതിയിൽ. അന്ന് തൊഴിൽ പരിശീലനത്തിന്നു വേണ്ടി തുടങ്ങിയതുകൊണ്ട് ബേസിക് സ്കൂളെന്ന് നാമകരണം ചെയ്തു. 88 വർഷം പിന്നിട്ടിട്ടും ഇന്നും ഈ നാമധേയം നില നിൽക്കുന്നു. പക്ഷെ പിന്നീട് തൊഴിൽ പരിശീലന സ്കൂളെന്നത് കേവലം എൽ.പി. സ്കൂളായി പരിണമിയ്ക്കുകയും ഇന്നും എൽ.പി. സ്കൂളായി നില നിൽക്കുകയും ചെയ്യുന്നു.

കുർക്കഞ്ചേരിയിൽ നടന്നിരുന്ന ആപ്പൻ ശങ്കരൻ മെമ്മോറിയൽ പ്രൈമറി സ്കൂൾ (A.S.M) ബ്രഹ്മശ്രീ രാമാനന്ദ സ്വാമികൾ ഏറ്റെടുക്കുകയും ബ്രഹ്മശ്രീ ബോധാനന്ദ സ്വാമികളുടെ നാമധേയത്തിൽ തുടരുകയും ചെയ്തു. വിദ്യാർത്ഥികളുടെ ബാഹുല്യം നിമിത്തം ശ്രീ. ബോധാനന്ദ സ്കൂൾ രണ്ടായി തിരിച്ച് ഒന്നിന് ശ്രീ. രാമാനന്ദ സ്കൂളെന്ന് നാമകരണം ചെയ്തു.

1929-ൽ ശ്രീനാരായണ ഗുരു സ്വാമികളുടെ നിർദ്ദേശാനുസരണം ബ്രഹ്മശ്രീ രാമാനന്ദ സ്വാമികൾ ഗുരുകുലം സംസ്കൃതം സ്കൂൾ സ്ഥാപിച്ചു. പിന്നീട് 1951 -ൽ മിഡിൽ സ്കൂളായും 1958-ൽ എസ്.എൻ. ഹൈസ്കൂളായും ഉയർത്തപ്പെട്ടു. തുടർന്ന് 1976-ൽ ബോയ്സ്, ഗേൾസ് ഹൈസ്കൂളുകളായി മാറി. ചിയ്യാരം സെൻറ് മേരീസ് സ്കൂൾ 1940 -ൽ പ്രവർത്തനമാരംഭിച്ചു. 1958-ൽ ആണ് അപ്പർ പ്രൈമറി സ്കൂളായി ഉയർത്തപ്പെട്ടത്. വിജ്ഞാന രംഗത്തെപ്പോലെ കലാകായിക രംഗങ്ങളിലും മറ്റു സ്കൂളുകളെപ്പോലെ ഇവിടത്തെ കുട്ടികൾ വ്യക്തി മുദ്ര പതിപ്പിക്കാറുണ്ട്. ശാസ്ത്രയുഗത്തിൽ മുന്നേറുന്ന വിദ്യാർത്ഥികൾക്കായി സയൻസ് ക്ലബ്ബ് സജീവമാണ് ഇവിടെ.

53 വർഷങ്ങൾക്കു മുമ്പാണ് ഫാദർ ജോൺ എലുവത്തിങ്കൽ കുർക്കഞ്ചേരി ജെ.പി.

പട്ടിക 1

## സ്കൂളുകളെ സംബന്ധിച്ച വിവരങ്ങൾ

| സ്കൂളിൻെറ പേര് | മാനേജ്മെൻറ് | കുട്ടികളുടെ എണ്ണം Male | Female | അധ്യാപകരുടെ എണ്ണം |
|---|---|---|---|---|
| 1. എസ്.എൻ. ബോയ്സ് ഹൈസ്കൂൾ | എയ്ഡഡ് | 50 | | 30 |
| 2. എസ്.എൻ. ഗേൾസ് ഹൈസ്കൂൾ | എയ്ഡഡ് | | 616 | 25 |
| 3. ജെ.പി.ഇ.എച്ച്.എസ്. | എയ്ഡഡ് | 408 | 260 | 9 |
| 4. മാർത്തിമത്തിയോസ് ഹൈസ്കൂൾ | എയ്ഡഡ് | 210 | 105 | 16 |
| 5. സെൻറ് പോൾസ് ഹൈസ്കൂൾ | അൺ എയ്ഡഡ് | 518 | 1559 | 59 |
| 6. സെൻറ് ജോസഫ് മോഡൽ ഹൈസ്കൂൾ | അൺ എയ്ഡഡ് | 1084 | | 24 |
| 7. സെൻറ് മേരീസ് യു.പി. സ്കൂൾ | എയ്ഡഡ് | 560 | 357 | 22 |
| 8. ഗവ. ജൂനിയർ ബേസിക് സ്കൂൾ | ഗവൺമെൻറ് | 49 | 48 | 4 |
| 9. സെൻറ് തേരാസ് എൽ.പി. സ്കൂൾ | എയ്ഡഡ് | 388 | 292 | 16 |
| 10. ശ്രീ. ബോധാനന്ദ എൽ.പി.സ്കൂൾ | എയ്ഡഡ് | 57 | 57 | 6 |
| 11. ഗുരു വിജയ എ. എൽ. പി. സ്കൂൾ | എയ്ഡഡ് | 182 | 153 | 11 |
| 12. മാർത്തിമത്തിയോസ് എൽ.പി. സ്കൂൾ | എയ്ഡഡ് | 72 | 63 | 4 |
| 13. പോപ്പ് ജോൺ എൽ. പി. സ്കൂൾ | എയ്ഡഡ് | 177 | 147 | 9 |

ഇ.എച്ച്.എസ് സ്ഥാപിച്ചത്. 13 ഓളം സ്കൂളുകൾ പഞ്ചായത്ത് അതിർത്തിയിലുണ്ട്.

ഇവയെല്ലാം വിദ്യാർത്ഥികളുടെ എണ്ണത്തിൻെറ കാര്യത്തിനു പുറമെ അക്കാദമിക് തലത്തിലും കലാ-കായിക സാമൂഹിക രംഗത്തും ഒന്നിനൊന്ന് മെച്ചപ്പെട്ടതായിരുന്നു. ദേശീയ പ്രസ്ഥാനത്തിൻെറ ഭാഗമായി വിദ്യാർത്ഥികൾ മാറിയിരുന്നുവെന്ന് വസ്തുതകൾ തെളിയിക്കുന്നു. ഇത്തരുണത്തിൽ യുവത്വം തീരും മുമ്പേ നേതൃനിരയിലേക്ക് ഉയർത്തപ്പെടുകയും അധികാനാളുകൾ തുടരാനാകാതെ മരണത്തിനോടു മാത്രം കീഴ്പെടേണ്ടിവന്ന ശ്രീ. തോപ്പിൽ ഭാസ്കരനെ ആവേശപൂർവ്വം സ്മരിക്കപ്പെടുന്നു. യശഃശരീരനായ സർവ്വശ്രീ കെ.കെ.കുട്ടൻ വൈദ്യർ, ടി. എൽ. കൊച്ചപ്പൻ എന്നിവരും ശ്രീ. സി.എസ്. ഗംഗാധരൻ തുടങ്ങി ഒട്ടേറെ പ്രഗല്ഭ വ്യക്തികളുടെ പേരുകളും സ്വാതന്ത്ര്യ സമര ചരിത്രത്തിൽ ഗണനീയമാണ്.

മികച്ച അധ്യാപകനുള്ള സംസ്ഥാന - കേന്ദ്ര അവാർഡുകൾ നേടിയ ശ്രീ ഐ.എം. വേലായുധൻ മാസ്റ്റർ പഞ്ചായത്തിലെ താമസക്കാരനും ദീർഘകാലം എസ്.എൻ. ഹൈസ്കൂളിലെപ്രധാന അധ്യാപകനുമായിരുന്നു.

കലാ-കായിക-സാംസ്കാരിക-രാഷ്ട്രീയ മണ്ഡലങ്ങളിൽ ഒട്ടേറെ അറിയപ്പെടുന്നവരും അല്ലാത്തവരുമായ വ്യക്തികളെ സംഭാവന ചെയ്ത പാരമ്പര്യം എല്ലാ സ്കൂളുകൾക്കും അവകാശപ്പെടാനുണ്ട്.

സ്കൂളിൽ കുട്ടികളുടെ എണ്ണത്തിൻെറ കാര്യത്തിൽ വലിയ വ്യത്യാസമാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. കണിമംഗലം എസ്. എൻ. ബോയ്സ് ഹൈസ്കൂളിൽ 1976-ൽ 93 ഡിവിഷനുകളിലായി 4600 കുട്ടികൾ പഠിച്ചിരുന്ന സ്ഥാനത്ത് ഇന്ന് 17 ഡിവിഷനുകളായി 540 കുട്ടികളാണ് പഠിയ്ക്കുന്നത്. 1960-70 കാലഘട്ടത്തിൽ ശ്രീ ബോധാനന്ദ സ്കൂളിൽ 2000 കുട്ടികൾ പഠിച്ചിരുന്ന സ്ഥാനത്ത് ഇപ്പോൾ 114 കുട്ടികളാണുള്ളത്. ജെ. പി. ഇ. ഹൈസ്കൂളും ഇക്കാര്യത്തിൽ വ്യത്യസ്തമല്ല.

സ്കൂൾ മാനേജുമെൻറുകൾ ഇക്കാര്യത്തിൽ വേണ്ടത്ര ശുഷ്കാന്തി കാട്ടുന്നുവെങ്കിലും

പൂർണ്ണതയിലെത്താനാകുന്നില്ല എന്നാണ് കാണുന്നത്. ജനന നിരക്കിലുള്ള കുറവും ഇംഗ്ലീഷ് മീഡിയത്തോടും നഗരത്തിലെ സ്കൂളുകളോടും രക്ഷിതാക്കാം കാണിയ്ക്കുന്നഭ്രമവും സമീപ പഞ്ചായത്തുകളിലെ സ്കൂളുകളെ ആശ്രയിക്കുന്നതും ഇതിന് പ്രധാന കാരണങ്ങളാണ്.

പഞ്ചായത്ത് രാജ് ഭരണ സംവിധാനം നിലവിൽ വന്നതോടെ നെടുപുഴ, ജൂനിയർ ബേസിക് സ്കൂരം പഞ്ചായത്തിനു കീഴിൽ വന്നിരിക്കയാണ്. സ്കൂളിൻെറ നിലവാരം മെച്ചപ്പെടുത്താനുള്ള ശ്രമകരമായ പ്രവർത്തനങ്ങാം നടന്നു വരുന്നു. നടപ്പു വർഷത്തിൽ ജില്ലാപഞ്ചായത്ത് അനുവദിച്ച 8000 രൂപയിൽ അറ്റകുറ്റപ്പണികാംക്കും മറ്റുമായി ഇതിനകം ചെലവഴിച്ചു കൊണ്ടിരിക്കയാണ്.

പഠന നിലവാരത്തിൻെറ കാര്യത്തിൽ മിക്ക സ്കൂളുകളും പിറകിലാണ്. പട്ടിക 2 ൽ ലഭ്യമായ കണക്കുകളുടെ അടിസ്ഥാനത്തിലുള്ള ശരാശരി നിലവാരം വ്യക്തമാക്കുന്നു. ഈ അവസ്ഥയ്ക്ക് പരിഹാരം കാണുന്നതിനുള്ള തീവ്ര ശ്രമം അത്യാവശ്യമാണ്.

ആൺകുട്ടികളും 3688 പെൺകുട്ടികളുമായി 7498 വിദ്യാർത്ഥികളാണ് വിവിധ സ്കൂളികളിലായുള്ളത്. 47 അധ്യാപകരും 194 അധ്യാപികമാരുമുണ്ട്.

എല്ലാ സ്കൂളുകളിലും പി.ടി.എ നിലവിലുണ്ടെങ്കിലും ക്രിയാത്മകമായ കാര്യങ്ങാം ഏറ്റെടുത്തു നടത്തുന്ന കാര്യത്തിൽ മിക്കവയും പിറകിലാണ്. മാതൃസംഗമം എല്ലാ സ്കൂളുകളിലും നടക്കുന്നുവെന്നാണ് അറിയുന്നത്.

ഉച്ചഭക്ഷണ പരിപാടി സ്കൂളുകളിൽ നടക്കുന്നുവെങ്കിലും ഇതു സംബന്ധിച്ച് ഏറെ പരാധീനതകളാണ് സ്കൂരം അധികൃതർക്കുള്ളത്. വേണ്ടത്ര ഫണ്ട് ഇക്കാര്യത്തിലില്ലാത്തതാണ് പ്രധാന കാരണം. പഞ്ചായത്തിൻെറ സഹായം വർദ്ധിപ്പിക്കണമെന്ന നിർദ്ദേശം പല സ്കൂളുകളിലും ഉന്നയിച്ചിട്ടുണ്ട്.

സ്കൂളുകളിൽ മൂത്രപ്പുര, കക്കൂസ് എന്നിവയുണ്ടെങ്കിലും അറ്റകുറ്റപ്പണികാം മിക്കയിടത്തും ആവശ്യമാണ്. ഇവ വൃത്തിയായി സൂക്ഷിക്കേണ്ട കാര്യത്തിൽ സ്കൂളുകാം സാമ്പത്തികമായി പുറകിലാണ്.

**പട്ടിക 2**

**ലഭ്യമായ കണക്കുകളുടെ അടിസ്ഥാനത്തിൽ സ്കൂളുകളിലെ ശരാശരി അക്കാദമിക് നിലവാരം.**

| ക്ലാസ് | ആകെ കുട്ടികാം | 30% താഴെ | 30 -40% | 40-50% | 50 -60% | 60% മുകളിൽ | 91-92% നേടുന്നവർ |
|---|---|---|---|---|---|---|---|
| 3 | 432 | 106 | 92 | 62 | 56 | 161 | 4 |
| 4 | 395 | 43 | 61 | 76 | 64 | 141 | |
| 5 | 275 | 45 | 64 | 47 | 45 | 72 | 2 |
| 6 | 316 | 73 | 86 | 42 | 62 | 53 | |
| 7 | 341 | 131 | 64 | 45 | 56 | 43 | |
| 8 | 229 | 151 | 4 | 10 | 13 | 11 | |
| 9 | 235 | 133 | 48 | 24 | 13 | 16 | |
| 10 | 216 | 132 | 27 | 21 | 21 | 15 | |

6 ഹൈസ്കൂളുകളും ഒരു അപ്പർപ്രൈമറി സ്കൂളും 6 ലോവർ പ്രൈമറി സ്കൂളുമാണ് പഞ്ചായത്ത് അതിർത്തിയിലുള്ളത്. 3810

വൈദ്യുതീകരിക്കാത്ത രണ്ട് സ്കൂളുകളുണ്ട്. അൺ എയ്ഡഡ് സ്കൂളുകാം ഒഴികെ എല്ലാ സ്കൂളുകളിലും ബ്ലാക്ക് ബോർഡ്, ബെഞ്ച്,

ഡസ്ക്, മേശ, കസേര, ഓഫീസ് ഫർണീച്ചറു കൾ എന്നിവയുടെ അപര്യാപ്തതയുണ്ട്.

മിക്ക സ്കൂളുകളിലും ലൈബ്രറി നിലവി ലുണ്ടെങ്കിലും വായനാശീലം വളർത്താനുതകുന്ന തരത്തിലുള്ള സൗകര്യങ്ങളില്ല. ശാസ്ത്ര താല്പര്യം വളർത്തുന്നതിനും ആനുകാലിക വിവ രങ്ങൾ അറിയുന്നതിനും ഉതകുന്ന പ്രസിദ്ധീക രണങ്ങൾ കുട്ടികൾക്ക് നൽകുന്നതിന് സ്കൂ ളുകൾ ശ്രദ്ധിച്ചിട്ടില്ല.

ദൃശ്യ-ശ്രവ്യ ഉപകരണങ്ങളുടെ കാര്യത്തിൽ 9 സ്കൂളുകൾ റേഡിയോയും 8 സ്കൂളുകളിൽ ടേപ്പ് റെക്കോർഡറും ഇല്ല. ഒരു സ്കൂളിൽ സ്ലൈഡ് പ്രൊജക്റ്ററും രണ്ട് സ്കൂളുകളിൽ സിനിമ പ്രൊജ്കറ്ററുകളുമുണ്ട്.

കലാ രംഗത്ത് മുൻകാലങ്ങളിൽ ഉണ്ടായി രുന്ന അഭിമാനാർഹമായ നേട്ടങ്ങളെല്ലാം തുടർന്നു പോകുന്നതിന് സ്കൂളുകൾക്കായിട്ടില്ല. കലാ മത്സരങ്ങൾ ഒരു ചടങ്ങായി മാത്രം നടക്കുന്നു. ഇക്കാര്യത്തിൽ കണിമംഗലം എസ്.എൻ. ഹൈ സ്കൂളിൻെറ അവസ്ഥ പരിശോധനാ വിധേയ മാക്കിയാൽ മനസ്സിലാകും. ആദ്യത്തെ സംസ്ഥാന സ്കൂൾ യുവജനോൽസവത്തിൽ മലയാള നാട കത്തിന് ഒന്നാം സ്ഥാനം എസ്.എൻ. ഹൈസ്കൂ ളിനായിരുന്നു. ഇക്കാര്യത്തിൽ ശ്രീ. വി.കെ. നന്ദ നൻ മാസ്റ്ററുടെ സേവനം അവിസ്മരണീയമാ ണ്. പങ്കെടുക്കുന്ന കുട്ടികളുടെ എണ്ണത്തിലും നിലവാരത്തിലും ഉള്ള തകർച്ചയ്ക്ക് പരിഹാരം നിർദ്ദേശങ്ങൾ ആരാഞ്ഞ് സംരക്ഷിക്കപ്പെടേണ്ട താണ്.

കായിക രംഗത്തെയും അവസ്ഥ വിഭിന്ന മല്ല. കഴിവുള്ള കുട്ടികളെ കണ്ടെത്തി ഇതിനുള്ള സാമ്പത്തിക സഹായം നൽകുന്നതിന് സ്കൂളു കൾക്കാവുന്നില്ല. എങ്കിലും കണിമംഗലം എസ്. എൻ.ഗേൾസ് ഹൈസ്കൂളിലെ ഹോക്കി ടീം ഉയർന്ന നിലവാരം പുലർത്തുന്നതാണ്. എസ്. എൻ. ബോയ്സ് ഹൈസ്കൂളിലെ ഹോക്കി ടീമും ഫുട്ബോൾ ടീമും മികച്ചതാണ്.

കലാ-കായിക അധ്യാപകരുടെ ഒഴിവ് നിക ത്താനോ പുതിയ തസ്തികകൾ സൃഷ്ടികാനോ ഉള്ള ശ്രമങ്ങൾ പൂർണ്ണമായിട്ടില്ല. സാഹിത്യ സമാ ജങ്ങൾ പുനരാവിഷ്കരിക്കണം.

കൃഷി കാര്യത്തിൽ അഭിരുചി വളർത്താ നുതകുന്ന തരത്തിൽ സ്കൂളുകളിൽ പച്ചക്കറി തോട്ടം സജീവമാക്കാനും പൂന്തോട്ടങ്ങൾ വെച്ചു പിടിപ്പിക്കാനും ശ്രദ്ധിക്കേണ്ടതായുണ്ട്.

തൊഴിലധിഷ്ഠിത സ്ഥാപനങ്ങളും മറ്റു പരിശീലന കേന്ദ്രങ്ങളും ഉൾപ്പെട്ട വിവരങ്ങൾ പട്ടിക 3 ൽ ചേർത്തിട്ടുണ്ട്. ഇതിൽ പലതിലും പഞ്ചായത്ത് അതിർത്തിയിൽപ്പെട്ടവർവേണ്ടത്ര പ്രയോജനപ്പെടുത്തുന്നതായി കാണുന്നില്ല.

പട്ടിക 3

**തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സ്ഥാപനങ്ങളും മറ്റു പരിശീലന കേന്ദ്രങ്ങളും**

| സ്ഥാപനത്തിൻെറ പേര് | വകുപ്പ് | പഠിക്കുന്നവരുടെ എണ്ണം |
|---|---|---|
| 1 വിമൻസ് പോളിടെക്നിക് , നെടുപുഴ | സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് | 525 |
| 2 എൻ.എസ്. ഐ. സി. ചിയ്യാരം | കേന്ദ്ര-സംസ്ഥാന സർക്കാർ | 60 |
| 3 വ്യാവസായിക പരിശീലന കേന്ദ്രം, നെടുപുഴ | പട്ടിക ജാതി വികസന വകുപ്പ് | 32 |
| 4 കസ്തൂർബാഗാന്ധി മെമ്മോറിയൽ ട്രസ്റ്റ് നെടുപുഴ | ട്രസ്റ്റ് | |
| 5 റൂറൽ ടെക്സ്റ്റയിൽസ് സെൻറർ, നെടുപുഴ | വില്ലേജ് കമ്മീഷൻ | |
| 6 പ്രിയദർശിനി ഫൈബർ വർക്കേഴ്സ് സെൻറർ, ചിയ്യാരം | ഖാദി ബോർഡ് | |
| 7 ജെ.പി.ഇ. ട്രെയിനിങ്ങ് സെൻറർ കുർക്കഞ്ചേരി | അൺ -എയ്ഡഡ് | 114 |
| 8 ജെ.പി.ഇ. ടി.ടി.ഐ. കുർക്കഞ്ചേരി | എയ്ഡഡ് | |

നെടുപുഴ, വിമൻസ് പോളി ടെക്നിക്കിൽ 1. ഇലക്ട്രോണിക്സ് 2. കമ്പ്യൂട്ടർ 3. ഡി.സി.പി. എന്നീ വിഷയങ്ങളിൽ ഡിപ്ലോമ കോഴ്സും കമ്പ്യൂട്ടറിൽ പി.ജി.ഡി.സി.എ കോഴ്സും നടന്നു വരുന്നു. 525 കുട്ടികളും 25 അധ്യാപകരും ഈ സ്ഥാപനത്തിലുണ്ട്. ഇവിടെ കമ്മ്യൂണിറ്റി പോളി ടെക്നിക് സ്കീമിന്റെ അടിസ്ഥാനത്തിൽ റിസപ്ഷനിസ്റ്റ് കം ടെലിഫോൺ ഓപ്പറേറ്റർ, ഡി.ടി.പി വിത്ത് സ്ക്രീൻ പ്രിന്റിംഗ്, ടൈപ്പ് റൈറ്റിങ്ങ് എവയർനെസ്സ്, ടി.വി. മെയിന്റനൻസ് ▪ അസംബ്ലിംഗ് , ടൈലറിങ്ങ് ▪ ഗാർമെന്റ് മേക്കിങ്ങ്, മെഷിൻ എംബ്രോയ്ഡറി, ഇലക്ട്രോണിക് ടൈപ്പ്റൈറ്റിങ്ങ് വിത്ത് എവയർനെസ്സ് ഇൻ കമ്പ്യൂട്ടർ എന്നീ കോഴ്സുകൾ നടക്കുന്നു.

കസ്തൂർബാ ഗാന്ധി മെമ്മോറിയൽ ട്രസ്റ്റ് നെടുപുഴ- 1946 ൽ ശ്രീമതി സുമേതാ കൃപലാനിയാണ് ഉൽഘാടനം ചെയ്തത്. ബാലവാടി ക്രഷ് എന്നിവയും വനിതകൾക്കായി ബൂസ്റ്റർ, കുട നിർമ്മാണം, ടൈലറിങ്ങ് എന്നിവയിൽ പരിശീലനം നൽകി വരുന്നു. പരിശീലനം കഴിഞ്ഞവർക്ക് ഇവിടെ തൊഴിൽ നൽകുന്നതിനുള്ള സംവിധാനവുമുണ്ട്.

വ്യാവസായിക പരിശീലന കേന്ദ്രം, ഹെർബട്ട് നഗർ, നെടുപുഴ - പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്നു. ഈ സ്ഥാപനത്തിൽ ക്രാഫ്റ്റ്സ്മാൻ ട്രെയിനിങ്ങ് സ്കീം എന്ന ITI ക്ക് തുല്യമായ 2 വർഷത്തെ കോഴ്സാണ് നടക്കുന്നത്. ഇതിന്റെ ഭാഗമായുള്ള ഇലക്ട്രോണിക്സ് മെക്കാനിസം എന്ന കോഴ്സ് ഇവിടെ പഠിപ്പിക്കുന്നു. പ്രവേശനത്തിനുള്ള അടിസ്ഥാന യോഗ്യത SSLC പാസ്സായിരിക്കണമെന്നതാണ്. 90% SC/STക്കും 10 % ജനറൽ മെറിറ്റ് അടിസ്ഥാനത്തിലും നടക്കുന്നു. പ്രതിമാസം കുട്ടികൾക്ക് 150 രൂപ സ്റ്റൈഫന്റ് നൽകി വരുന്നു.

റൂറൽ ടെക്സ്റ്റൈയിൽസ് സെന്റർ, നെടുപുഴ - ഖാദി ആന്റ് വില്ലേജ് കമ്മീഷന്റെ കീഴിൽ പ്രവർത്തിയ്ക്കുന്നു. ഈ സ്ഥാപനത്തിൽ നൂൽനൂൽപ്പാണ് പ്രധാന പ്രനർത്തനം. 10 പേർക്ക്സ്ഥിരം തൊഴിൽ നൽകി വരുന്ന ഇവിടെ പുതിയ തൊഴിലവസരങ്ങൾക്ക് ഏറെ സാധ്യതകളുണ്ട്.

പ്രിയദർശിനി ഫൈബർ വർക്കേഴ്സ് സെന്റർ, ചിയ്യാരം - ഖാദി ബോർഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിൽ വാഴനാര്, കൈ നാര്, കുടപ്പനനാര് എന്നിവ ഉപയോഗിച്ച് കര കൗശല വസ്തുക്കൾ നിർമ്മിക്കുന്നു. 3 മാസത്തെ പരിശീലനത്തിന് 150രൂപ സ്റ്റൈഫന്റ് നൽകി വരുന്നു.

NSIC, ചിയ്യാരം, കേന്ദ്ര-സംസ്ഥാന സർക്കാറുകളുടെ സഹായത്തോടെ പ്രവർത്തിക്കുന്നഈ സ്ഥാപനത്തിൽ 1, കംപ്യൂട്ടർ 2. മെക്കാനിസം - റഫ്രിജറേറ്റർ, എയർക്കണ്ടീഷൻ 3. ഇലക്ട്രിക്കൽ 4. ഇലക്ട്രോണിക്സ് - ടി.വി. അസംബ്ലിങ്ങ് എന്നീ കോഴ്സുകളാണ് നടക്കുന്നത്. ഈ കോഴ്സിനെയും സ്ഥാപനത്തെയും പറ്റി പഞ്ചായത്ത് തലത്തിൽ വ്യാപകമായ പ്രചരണം ആവശ്യമാണ്.

വ്യാവസായിക പരിശീലന കേന്ദ്രത്തെ പഞ്ചായത്തിലെ കുട്ടികൾക്കായി പ്രയോജനപ്പെടുത്തണം. ഇതിനു തൊട്ടുമുന്നിലുള്ള സ്ഥാപനത്തിന്റെ സ്വന്തമായ കെട്ടിടം ഉപയോഗപ്രദമാക്കുകയും സ്ഥിരം അധ്യാപകരെ നിയമിക്കുകയും ലൈബ്രറി സൗകര്യം ഏർപ്പെടുത്തുകയും വേണം.

റൂറൽ ടെക്സ്റ്റൈൽസ് സെന്ററിൽ നിലവിലുള്ള ഉപകരണങ്ങൾ അറ്റകുറ്റപ്പണികൾ തീർത്ത്മോട്ടോർ ഘടിപ്പിച്ചാൽ തൊഴിൽ എളുപ്പമാക്കാനും ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കാനുമാകുന്നു.

പ്രിയദർശിനി ഫൈബർ വർക്കേഴ്സ് സെന്ററിൽ പ്രതിമാസ സ്റ്റൈഫന്റ് 150 രൂപ കിട്ടിയിരുന്നത് നിന്നതോടെ കോഴ്സ് നടക്കാതെ വന്നിരിക്കയാണ്. ഇത് പരിഹരിക്കപ്പെടേണ്ടതായുണ്ട്.

വിദ്യാലയങ്ങളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിന് ഉതകുന്ന ക്രിയാത്മകമായ നിർദ്ദേശങ്ങൾ ഗ്രാമസഭകളിൽ ഉയർന്നു വന്നിരുന്നു. അത്തരം നിർദ്ദേശങ്ങൾ ക്രോഡീകരിച്ച്ചുവടെ ചേർക്കുന്നു.

**നിർദ്ദേശങ്ങൾ**

1. 10-ാം വാർഡിലെ പോപ്പ് ജോൺ സ്കൂൾ അപ്പർ പ്രൈമറി സ്കൂളാക്കി മാറ്റണം.
2. 8-ാം വാർഡിൽ സ്കൂളുകൾ ഇല്ലാത്തതുകൊണ്ട് ഗുരുവിജയം എൽ.പി.സ്കൂൾ അപ്ഗ്രേഡ് ചെയ്ത് ഹൈസ്കൂളാക്കണം.
3. പഞ്ചായത്തിൽ ഒരു ടെക്നിക്കൽ സ്കൂൾ സ്ഥാപിക്കണം.
4. തൊഴിലധിഷ്ഠിത കോഴ്സുകൾ നടത്തുന്ന സ്ഥാപനങ്ങൾ പഞ്ചായത്തിൽ ആരംഭിക്കണം.

-ഓട്ടോ മോബൈൽ, ഡയറി ഫാമിങ്ങ്, കരകൗശലം, മരപ്പണി, കെട്ടിട നിർമ്മാണം, തുണി നെയ്ത്ത്, ഇലക്ട്രണിക്സ്, ഔഷധ നിർമ്മാണം എന്നിവയ്ക്ക് പ്രാമുഖ്യം കൊടുക്കണം.

5. NSIC യിൽ - കംപ്യൂട്ടറിൽ - PGDCA ആട്ടോകാഡ്, DTP എന്നിവയ്ക്ക് കോഴ്സുകൾ ആരംഭിക്കണം.

6. തൊഴിലധിഷ്ഠിത വിദ്യാഭ്യാസം നടപ്പാക്കത്തക്ക വിധത്തിൽ പാഠ്യ പദ്ധതി പരിഷ്കരിക്കണം.

7. അംഗൻവാടികൾ ബാലവാടികൾ എന്നിവ എല്ലാ വാർഡുകളിലും തുടങ്ങണം.

8. നിലവിലുള്ള എല്ലാ സ്കൂളുകളിലും നേഴ്സറി ക്ലാസ്സുകൾ ആരംഭിക്കണം.

9. നഴ്സറി കുട്ടികൾക്ക് മാതൃഭാഷയിലുള്ള പഠനവും ആവശ്യമായ കളിക്കോപ്പുകളും പോഷകാഹാരവും ലഭ്യമാക്കണം.

10. നെടുപുഴ, ജൂനിയർ ബേസിക് സ്കൂൾ അപ്പർ പ്രൈമറിയാക്കി അടിയന്തിരമായി അപ്ഗ്രേഡ് ചെയ്യുകയും നിലവിലുള്ള മറ്റു സ്കൂളുകൾ ആവശ്യം മനസ്സിലാക്കി അപ്ഗ്രേഡു ചെയ്യുകയും വേണം.

11. പഞ്ചായത്തിൽ ഒരു ബാലഭവൻ സ്ഥാപിക്കണം.

12. ഉച്ചഭക്ഷണ കമ്മിറ്റികൾ സജീവമാക്കുകയും നടത്തിപ്പിനാവശ്യമായ ഫണ്ട് കണ്ടെത്താൻ മാർഗ്ഗങ്ങൾ അവലംബിക്കുകയും വേണം.

13. പ്രാഥമിക ആവശ്യങ്ങൾക്കായി കക്കൂസ്, മൂത്രപ്പുര എന്നിവ ഉള്ളത് അറ്റകുറ്റപ്പണികൾ തീർത്ത് വൃത്തിയുള്ളതാക്കി മാറ്റുകയും വെള്ളം, വെളിച്ചം എന്നിയ്ക്ക് സംവിധാനം ഏർപ്പെടുത്തുകയും വേണം.

14. സ്കൂളുകളുടെ അറ്റകുറ്റപ്പണികൾക്കായി സർക്കാർ കൊടുക്കുന്ന ഗ്രാൻറ് വർദ്ധിപ്പിക്കണം.

15. സ്കൂളുകൾക്കാവശ്യമായ ഫർണിച്ചറുകൾ നൽകണം.

16. എല്ലാ വിദ്യാലയങ്ങളിലും ലൈബ്രറി സൗകര്യവും പുസ്തകങ്ങളെടുത്ത് വായിയ്ക്കാൻ കുട്ടികൾക്ക് അവസരവും നൽകണം.

17. വിദ്യാലയങ്ങളിൽ പുറത്തു നിന്നുള്ള ഇടപെടലുകൾ അവസാനിപ്പിക്കാൻ സർക്കാർ നടപടി സ്വീകരിക്കുകയും, ചുറ്റും മതിലുകൾ കെട്ടി സംരക്ഷിക്കപ്പെടുകയും വേണം.

18. പ്രൈവറ്റ് സ്കൂളുകൾ ഇനി അനുവദിക്കാതിരിക്കണം.

19. കലാ-കായിക അധ്യാപകരെ പുതിയ തസ്തികകൾ സൃഷ്ടിച്ച് നിയമിക്കണം.

20. അധ്യാപക നിയമനം സർക്കാർ ഏറ്റെടുക്കണം.

21. നിശ്ചിത വിദ്യാലയങ്ങളിൽ പ്ലസ് ടു ക്ലാസ്സുകൾ ആരംഭിക്കണം.

22. കളിസ്ഥലം ഇല്ലാത്ത സ്കൂളുകളിൽ കളിസ്ഥലവും അതിനോടനുബന്ധിച്ച് സൗകര്യങ്ങളും ഏർപ്പെടുത്തണം.

23. മെച്ചപ്പെട്ട നിലയിൽ പ്രവർത്തിപ്പിക്കാൻ താല്പര്യമില്ലാത്ത മാനേജുമെൻറുകളിൽ നിന്ന് സ്കൂളുകൾ പഞ്ചായത്ത് ഏറ്റെടുക്കണം.

24. വർഷത്തിൽ രണ്ടു തവണ സ്കൂൾ കുട്ടികൾക്ക് സൗജന്യ വൈദ്യ പരിശോധന നടത്തണം.

25. പി.ടി.എ യോഗങ്ങൾ നേരത്തെ അറിയിയ്ക്കുകയും അവധി ദിവസങ്ങളിൽ കൂടുകയും വേണം.

26. ഹെഡ് മാസ്റ്റർമാരെ ക്ലാസ് ചാർജുകളിൽ നിന്ന് ഒഴിവാക്കണം.

27. പ്രൈമറി തലത്തിൽ മാതൃഭാഷയിൽ പഠനം നടത്തുകയും മറ്റു ഭാഷാ പഠനങ്ങൾ ആരംഭിക്കുന്ന ക്ലാസ്സു മുതൽ അതിൻെറ നിലവാരം മെച്ചപ്പെടുത്തുകയും വേണം.

28. മാതൃസംഗമം സ്കൂളുകളിൽ മാസത്തിലൊരിക്കൽ നിർബ്ബന്ധമായും ചേരണം.

29. ഒന്നാം ക്ലാസ്സിലെ ഓൾപ്രമോഷൻ സമ്പ്രദായവും 10-ാം ക്ലാസ്സിലെ മോഡറേഷനും നിർത്തലാക്കണം.

30. ശരിയായതും ഗ്രഹിയ്ക്കാൻ ഉതകുന്നതുമായ ഇന്ത്യാ ചരിത്രം പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്താൻ സംവിധാനം ഉണ്ടാക്കണം.

31. സാക്ഷരതാ പ്രവർത്തനം ആവശ്യമായിടത്ത് തുടർ പരിപാടികൾ ആവിഷ്കരിക്കണം.






കൃഷിഭവൻ

## 5-5

# കുടിവെള്ളം പൊതുജനാരോഗ്യം




കുടിവെള്ളക്ഷാമം വളരെ രൂക്ഷമായിരുന്ന ഒരു പഞ്ചായത്തായിരുന്നു. കൂർക്കഞ്ചേരി. ഏകദേശം 10 കൊല്ലങ്ങാം മുമ്പു വരെ കൂർക്കഞ്ചേരിയിലെ കുടിവെള്ളക്ഷാമം രൂക്ഷമായ മേഖലയിൽവെള്ളം കൊണ്ടുവന്ന് വിതരണം നടത്തിയാണ് ജനങ്ങാംക്ക് ആശ്വാസം നൽകിയിരുന്നത്. കൂർക്കഞ്ചേരി പഞ്ചായത്തിൽ ഏകദേശം 1000 കുടുംബങ്ങളുള്ളതിൽ പകുതിയിലധികം കുടുംബങ്ങാംക്ക് സ്വന്തമായി കിണറുകാം ഉണ്ടെങ്കിലും ഭൂരിപക്ഷം കിണറുകളിലേയും ജലസ്രോതസ്സ് വളരെ ക്കുറവും വേനൽക്കാലങ്ങളിൽ വറ്റി വളരുന്നതുമാണ്. എന്നാൽ പഞ്ചായത്തിനകത്തെ 47 പൊതു കിണറുകളിൽ താരതമ്യേന ഭേദപ്പെട്ട ജലലഭ്യതയുണ്ട്. പീച്ചി ഓഗ്മെൻറേഷൻ സ്കീമനുസരിച്ച് കൂർക്കഞ്ചേരി പഞ്ചായത്തിലേക്കും പൈപ്പ്ലൈൻ നീട്ടുകയും പൊതു ടാപ്പുകാം സ്ഥാപിച്ചു തുടങ്ങുകയും ചെയ്തപ്പോാം കുടിവെള്ളക്ഷാമത്തിന് ഒരു ചെറിയ ആശ്വാസമുണ്ടായി. ഈസ്കീമ് കൊണ്ട് തന്നെ പഞ്ചായത്തിലെ എല്ലാ മേഖലകളിലും വെള്ളം ആവശ്യത്തിന് ലഭിക്കാത്ത സ്ഥിതി വീണ്ടും സംജാതമായി. പഞ്ചായത്തിൻെറ എല്ലാ മേഖലകളിലേക്കും കുടിവെള്ളം എത്തിക്കുന്നതിൻെറ പരിപാടി പ്രകാരം .1989, 90- ൽ കൂർക്കഞ്ചേരി ഗ്രാമീണ ജലവിതരണ പദ്ധതി പ്രകാരം 105 ലക്ഷം രൂപ ചിലവിൽ 5 ലക്ഷം ലിറ്റർ കപ്പാസിറ്റിയുള്ള ഒരു വാട്ടർ ടാങ്ക് നിർമ്മിക്കുകയും കൂടുതൽ മേഖലകളിലേക്ക് പൈപ്പ് ലൈയിൻ നീട്ടുന്നതിൻെറ ഭാഗമായി പഞ്ചായത്തിൽ 75 കിമീറ്റർ പൈപ്പ് ലൈൻ സ്ഥാപിക്കുകയും ജലദൗർലഭ്യം അനുഭവപ്പെടുന്ന വിവധ മേഖലകളിലായി മൊത്തം 326 പൊതുടാപ്പുകാം സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനു പുറമെ പഞ്ചായത്തിലെ 3329 കുടുംബങ്ങാംക്ക് ഗാർഹിക ആവശ്യത്തിനും, 42 ഓളം സ്ഥാപനങ്ങാം ഗാർഹികേതര ആവശ്യത്തിനും പൈപ്പ് കണക്ഷൻ ലഭ്യമാക്കുകയും ചെയ്തപ്പോാം കുടിവെള്ളക്ഷാമത്തിന് ഒരു വലിയ അളവു വരെ പരിഹാരമായി. എങ്കിലും പഞ്ചായത്തിൻെറ വിവധ മേഖലകളിൽ ഇനിയും കുടിവെള്ളക്ഷാമം പരിഹരിക്കേണ്ടതിൻെറ ആവശ്യകത നിലനിൽക്കുന്നു.

ഇനിയും അവശേഷിക്കുന്ന കുടിവെള്ള പ്രശ്നം കൂടി പരിഹരിക്കുന്നതിനായി നിലവിലുള്ള പ്രകൃതിദത്ത ജലസ്രോതസ്സുകളായ സ്വകാര്യക്കിണറുകളും കുളങ്ങളും പൊതുകിണറുകാം മുഴുവൻ വൃത്തിയാക്കി ആാംമറകെട്ടി സംരക്ഷിക്കേണ്ടതും ഉപയോഗപ്രദമാക്കേണ്ടതുമാണ്. പഞ്ചായത്താതൃത്തിയിലെ പൈപ്പ് ലെയിനുകാം

വിവിധ കാലഘട്ടങ്ങളിൽ കഷണം കഷ്ണമായി വ്യത്യസ്ഥമായി സ്ഥാപിച്ചിരുന്നതാണ്. ആയത് ഏകീകരിക്കുകയും സംയോജിപ്പിക്കുകയും പൊതുടാപ്പുകളിലും സുലഭമായി കുടിവെള്ളം ലഭിക്കുമെന്നത് ഉറപ്പു വരുത്തുകയും വേണം.

പീച്ചി ഓഗ്മെൻേറഷൻ സ്കീം അനുസരിച്ച് പൈപ്പു വെള്ളത്തിൻെറ വിതരണം കാര്യക്ഷമമാക്കാൻ പഞ്ചായത്തിൻെറ ജലസംഭരണിയിലെ സംഭരണവും വിതരണവും കാര്യക്ഷമമാക്കേണ്ടതുണ്ട്. ഇതിനായി പമ്പ് ഓപ്പറേറ്റർമാരെ നിയമിക്കുകയും അവരുടെ കാര്യക്ഷമമായ പ്രവർത്തനം ഉറപ്പാക്കേണ്ടതുമുണ്ട്.

പഞ്ചായത്തിലെ പല വാർഡുകളിലെയും നിലവിലുള്ള പൊതു ടാപ്പുകളിലും ചില ഗാർഹിക ഉപഭോക്താക്കാംക്കും ഇപ്പോാം വെള്ളം കൃത്യമായി ലഭിക്കുന്നില്ല.

1. 7-ാം വാർഡിൽ സന്മാർഗദീപം വായനശാല മുതൽ നെടുപുഴയുമായി ബന്ധിപ്പിക്കുന്ന തോടുവരെയുള്ള പൊതുടാപ്പുകളിലും ഗാർഹിക ഉപഭോക്താക്കാംക്കുംവെള്ളം ലഭിക്കുന്നില്ല.

| വഴിയുടെ പേര് പൈപ്പ് ലൈൻ നീട്ടേണ്ട സ്ഥലത്തിൻെറ പേര് | നീട്ടേണ്ട ലൈയിനിൻെറ അളവ് മീറ്ററിൽ | ആവശ്യമുള്ള ടാപ്പിൻെറ എണ്ണം |
|---|---|---|
| **വാർഡ് നമ്പർ 1** | | |
| 1. കല്ലോരകമ്പനി വഴി | 100 | 1 |
| 2. പാതവഴി | 100 | - |
| 3. ഓലക്കുട വഴി | 100 | - |
| 4. ക്ലിൻറ് ലൈൻ | 300 | 2 |
| 5. മഹിളാസമാജം ബ്രാഞ്ച് റോഡ് കിഴക്കോട്ട് | 100 | 1 |
| 6. പെരുമ്പുള്ളിക്കുളം റോഡ് | 300 | 1 |
| 7. മാളിയേക്കൽ വഴി | 100 | 1 |
| | 1100 | 7 |
| **വാർഡ് നമ്പർ 2** | | |
| 1. മങ്കുഴി ബ്രാഞ്ച് ലൈൻ | 250 | 2 |
| 2. തോട്ടപ്പുള്ളി ലൈൻ | 300 | 2 |
| 3. കല്ലാട്ട് ലൈൻ | 125 | 1 |
| 4. സ്റ്റൈയിൽസ് വഴി | 100 | 1 |
| 5. ശങ്കരത്ത് ചാൽ | 150 | 1 |
| 6. കോൺവെൻറം റോഡ് -സബ്ബ് റോഡ് | 60 | - |
| 7. താഴത്തു പുര റോഡ് | 100 | 1 |
| 8.സ്മശാനറോഡ് | 60 | 1 |
| 9. പുലരി റോഡ് | 70 | 1 |
| 10. പനോക്കാരൻ സബ്ബ് റോഡ് | 125 | 1 |
| 11. പനോക്കാരൻ സബ്ബ് റോഡ് നമ്പ്ര് 2 | 100 | 1 |
| 12. തച്ചാറ റോഡ് | 125 | - |
| | 1565 | 12 |

7-ാം വാർഡിൽ പട്ടികജാതി കോളനിയിൽ നിലവിലുള്ള പൈപ്പ്ലെയിൻ നീട്ടി അയ്യപ്പൻക്കാവ് ലെയിനുമായി ബന്ധിപ്പിച്ച് ഇത് പരിഹരിക്കേണ്ടതുണ്ട്.

2. 10 -ാം വാർഡിൽ കണ്ണംകുളങ്ങര തുരുത്ത് റോഡിലെ 2 ടാപ്പുകളിലും കരിമ്പറ്റതോപ്പിലെ 1 പൊതു ടാപ്പിലും ജലലഭ്യത വളരെക്കുറവാണ്. ഈ പ്രദേശങ്ങളിലെ പൈപ്പ്ലെയിൻ നന്നാക്കി ഇത് പരിഹരിക്കേണ്ടതുണ്ട്.

3. 11-ാം വാർഡിൽ പഴയ എ. സി. ലെയിനുകളിലുള്ള പൊതു ടാപ്പുകളിൽ വെള്ളം ലഭിക്കുന്നതിനായി എ.സി. ലൈൻ ഓഗ്മെൻേറഷൻ ലൈനുമായി ബന്ധിപ്പിക്കണം.

4. 12-ാം വാർഡിൽ പടിഞ്ഞാറെ കുന്നത്തെ പൊതുടാപ്പുകളിൽ തീരെ വെള്ളം ലഭിയ്ക്കുന്നില്ല. ഈ പോരായ്മ പരിഹരിക്കുന്നതിനായി കുന്ന

| വഴിയുടെ പേര് പൈപ്പ് ലൈൻ നീട്ടേണ്ട സ്ഥലത്തിൻെറ പേര് | നീട്ടേണ്ട ലൈയിനിൻെറ അളവ് മീറ്ററിൽ | ആവശ്യമുള്ള ടാപ്പിൻെറ എണ്ണം |
|---|---|---|
| **വാർഡ് 3** | | |
| 1. പ്രിൻസ് നഗർ (3ലൈൻ) | 300 | 2 |
| 2. കർഷക നഗർ - ശാന്തി നഗർ | 100 | 2 |
| 3. സംഗമം വഴി | 100 | 1 |
| 4. കർഷകനഗർ -ശാന്തിനഗർ പടിഞ്ഞാറെ ഭാഗം | 200 | 2 |
| 5. രാജൻ കൈയ്മരം റോഡ് വഴി | 100 | 1 |
| 6. മുല്ലക്കൽ വഴി | 150 | 2 |
| 7. ഹർബർട്ട് നഗർ കോളനി | 400 | 6 |
| 8. വട്ടപ്പന്നി വായനശാല | 100 | 1 |
| 9. ഊരാളൻ വഴിയുടെ കിഴക്കു വശം | 150 | 2 |
| | **1600** | **19** |
| **വാർഡ് 4** | | |
| 1. ഹീറോനഗർ | 75 | 1 |
| 2. പായ്മൂല മുതൽ ഷാജിമൂലവരെ | 200 | 1 |
| 3. തുരുത്ത് വഴി | 100 | 1 |
| 4. താവർണ്ണ കോാം വഴി | 150 | 1 |
| 5. സ്റ്റേഡിയം വഴി എറ്റം | 250 | 2 |
| 6. വെളുത്തേടത്ത് ലൈൻ | 300 | 3 |
| 7. പുത്തൻവെട്ടി കായൽ വഴി | 350 | 3 |
| 8. ഫാഷൻ കോളനി | 500 | 3 |
| 9. മംഗലം കോളനി | 280 | 2 |
| 10. കാത്തലിക്ക് അസോസിയേഷൻ പടിഞ്ഞാറെ വഴി | 200 | 1 |
| 11. ശ്മശാനം വഴി | 150 | 1 |
| | **2355** | **19** |

| വഴിയുടെ പേര് പൈപ്പ് ലൈൻ നീട്ടേണ്ട സ്ഥലത്തിൻെറ പേര് | നീട്ടേണ്ട ലൈയിനിൻെറ അളവ് മീറ്ററിൽ | ആവശ്യമുള്ള ടാപ്പിൻെറ എണ്ണം |
|---|---|---|
| **വാർഡ് 5** | | |
| 1. കുന്നത്ത് റെയിൽവേ ലൈൻ | 150 | 2 |
| 2. പ്രഭാകരൻെറ വീടിൻെറ അരിക്ചേർന്ന വഴി | 70 | 1 |
| 3. കസ്തൂർബ പാറപ്പുറം | 150 | 1 |
| 4. നെടുപുഴ റോഡിൽനിന്ന് മങ്കുഴിലൈൻ | 200 | 2 |
| 5. A. K. G കോളനി | 300 | 2 |
| 6. നെടുപുഴപള്ളി തെക്ക് പടിഞ്ഞാറ്ഭാഗം | 250 | 2 |
| 7. നെടുപുഴ ഹരിജൻ കോളനി | 300 | 3 |
| 8. നെടുപുഴ തെക്കു ഭാഗം | 350 | 4 |
| 9. നെടുപുഴ പടിഞ്ഞാറ് ഭാഗം (കാരമക്കറോഡ്) | 100 | 1 |
| 10. നെടുപുഴ പടിഞ്ഞാറെ അറ്റം | 300 | 3 |
| | 2170 | 21 |
| **വാർഡ് നമ്പർ 6** | | |
| 1. വർക്കേഴ്സ് നഗർ | 150 | 1 |
| 2. പനപറമ്പ് ലൈൻ | 150 | 1 |
| 3. മനവഴി തെക്കേ അററം | 400 | 3 |
| | 700 | 5 |
| **വാർഡ് നമ്പർ 7** | | |
| 1. ഗാന്ധിനഗർ അവസാനഭാഗം | 75 | 1 |
| 2. ശാന്തി നഗർ, ഗാന്ധിനഗറിനും കടമാകണ്ടം ലൈനിനും ഇടയിൽ റോഡ് | 100 | 1 |
| 3. കടമാകണ്ഡം ലെയിനിൽ സെറ്റിൽമെൻറ് കോളനിയിൽ നിന്നും ആരംഭിക്കുന്ന ഇടവഴിയിൽ വാഴപ്പിള്ളി ലൈനിനു പിൻവശം | 150 | 2 |
| 4. കൃഷ്ണപിള്ള നഗറിൽ സെക്കൻറ് വഴി അവസാനഭാഗം | 200 | 1 |
| 5. വട്ടൂക്കര സ്ട്രീറ്റ് കോർണറിൽ നിന്ന് തുടങ്ങി പുത്തംപുരക്കൽ വർഗ്ഗീസിൻെറ വഴി | 250 | 1 |
| 6. 21 -ാം നമ്പർ കോളനിയിൽ | 75 | 1 |
| 7. 17-ാം നമ്പർ കോളനി | 60 | 1 |
| 8. ടി.ജി. പ്ലാസ്റ്റിക് വഴി കിഴക്കിനിയോടത്ത് തറവാടിനു സമീപം | 120 | 1 |
| 9. നെടുപുഴ വട്ടൂക്കര പുത്തൻറോഡ് ആറേക്കാട്ടിൽ വീടിനു സമീപം | 250 | 1 |
| 10. സ്വതന്ത്ര നഗർ | 200 | 1 |
| 11. കീർത്തി അച്ചാർ കമ്പനി വഴി | 150 | 1 |
| 12. യു.പി. കോളനി (പാറച്ചാൽ വഴി) | 150 | 1 |
| | 1730 | 13 |

| വഴിയുടെ പേര് പൈപ്പ് ലൈൻ നീട്ടേണ്ട സ്ഥലത്തിന്റെ പേര് | നീട്ടേണ്ട ലൈയിനിന്റെ അളവ് മീറ്ററിൽ | ആവശ്യമുള്ള ടാപ്പിന്റെ എണ്ണം |
|---|---|---|
| **വാർഡ് നമ്പർ 8** | | |
| 1. എസ്. എൻ. നഗർ ക്ലബ്ബ് റോഡ് | 250 | 2 |
| 2. കൊള്ളിപറമ്പ് | 200 | 2 |
| 3. ചന്ദ്രിക റോഡ് | 100 | 2 |
| 4. പുത്തൻകുളം റോഡ് | 100 | 2 |
| 5. മിനർവ റോഡ് | 50 | 1 |
| 6. തോപ്പിൽ' ഗിരിജൻ റോഡ് | 100 | 1 |
| 7. കാഞ്ഞിരത്തിങ്കൽ | 500 | 3 |
| | **1300** | **13** |
| **വാർഡ് നമ്പർ 9** | | |
| 1. ഗായത്രി അവന്യൂ | 800 | 2 |
| 2. പെരിയത്ര ലൈൻ | 60 | 1 |
| 3. ഹെഡ്പോസ്റ്റാഫീസിനു സമീപം | 900 | 3 |
| 4. ബാല്യ ആശുപത്രി സമീപം | 900 | 3 |
| 5. കോശ്ശേരി മനവഴി ലൈൻ | 250 | 1 |
| 6. കൂട്ടാല ലൈയിനിന്റെ അവസാനഭാഗം | 160 | 1 |
| 7. പടുതലകുളംഭാഗം | 160 | 1 |
| | 3230 | 12 |
| **വാർഡ് നമ്പർ 10** | | |
| 1. ചാത്തുണ്ണിമാസ്റ്റർ | 150 | 1 |
| 2. തുരുത്ത് | 70 | 1 |
| 3. നാണുമാൻ വഴി | 50 | 1 |
| 4. എസ്. എൻ. നഗർ | 150 | 1 |
| 5. കരിമ്പറ്റതോപ്പ് | 75 | 1 |
| 6. ശ്രീ ശങ്കര വഴി | 200 | 1 |
| 7. വളപ്പില വഴി | 100 | 1 |
| 8. പൊന്തക്കൻ വഴി | - | 1 |
| | **995** | **8** |
| **വാർഡ് നമ്പർ 11** | | |
| 1. മണലിപ്പാടം പടിഞ്ഞാറ് കോളനി (ശാന്തി വിഹാർ) | 700 | 1 |
| 2. കനാൽ വഴി | 150 | 1 |

| വഴിയുടെ പേര് പൈപ്പ് ലൈൻ നീട്ടേണ്ട സ്ഥലത്തിൻെറ പേര് | നീട്ടേണ്ട ലൈയിനിൻെറ അളവ് മീറ്ററിൽ | ആവശ്യമുള്ള ടാപ്പിൻെറ എണ്ണം |
|---|---|---|
| 3. സെൻറ് പോാം ബ്രാഞ്ച് വഴി | 150 | 1 |
| 4. ഇ. സി. കുന്ന് വഴി ബ്രാഞ്ച് റോഡ് | 100 | 1 |
| 5. ഇ. സി. കുന്ന് വഴി ചുവട് ഭാഗം കാഞ്ഞിരക്കുളം | 50 | 1 |
| | 1150 | 5 |

**വാർഡ് 12**

| | | |
|---|---|---|
| 1. മാർത്തി മത്തിയോസ് റോഡിൽ നിന്നും വാഴപ്പിള്ളി ലൈനിലേക്ക് | 200 | 2 |
| 2. യൂണിറ്റ് റോഡ് | 200 | 1 |
| 3. മദർ തെരേസ റോഡിൻെറ ബ്രാഞ്ച് റോഡ് | 200 | 2 |
| | 600 | 5 |

**വാർഡ് നമ്പർ 13**

| | | |
|---|---|---|
| 1. എൻ.എച്ച്. റോഡ് മുടപ്പിലായികുളം ഭാഗം | 100 | 1 |
| 2. മണിക്കണ്ഠേശ്വരം ലൈനിൽ നിന്ന് കിഴക്കോട്ട് | 100 | 1 |
| 3. കോൺവെൻറ് റോഡിൽ നിന്നും കിഴക്കോട്ട് കനാൽ പരിസരം | 100 | 1 |
| 4. കരുവാൻ റോഡിൽ നിന്നും താഴേക്ക് | 100 | 1 |
| 5. കരുവാൻ റോഡിൽ നിന്നും മുടുപ്പിലായി റോഡ് വരെ | 60 | 1 |
| 6. ചിയ്യാരം ബൈപാസ് റോഡിൽ നിന്നും തെക്കോട്ട് കനാൽ വഴി | 150 | - |
| 7. കപ്പേള റോഡിൻെറ കിഴക്കെ അറ്റം | 100 | 1 |
| | 810 | 5 |

**വാർഡ് 14**

| | | |
|---|---|---|
| 1. വേട്ടുവൻ കുളംറോഡ് | 200 | 1 |
| 2. മാധവ പുരം റോഡ് | 250 | 2 |
| 3. ചിയ്യാരം മഠം വഴി കിഴക്കേ അറ്റം | 250 | 1 |
| 4. പറമ്പൻ വഴി | 100 | 1 |
| 5. കരുവാൻ വഴി | 100 | 1 |
| 6. മേലേപുരയ്ക്കൽ വഴി | 100 | 1 |
| 7. കുപ്പയിൽ വഴി | 100 | 1 |
| 8. മംഗലം വഴി | 75 | 1 |
| | 1175 | 9 |

| വഴിയുടെ പേര് പൈപ്പ് ലൈൻ നീട്ടേണ്ട സ്ഥലത്തിൻെറ പേര് | നീട്ടേണ്ട ലൈയിനിൻെറ അളവ് മീറ്ററിൽ | ആവശ്യമുള്ള ടാപ്പിൻെറ എണ്ണം |
|---|---|---|
| **വാർഡ് 14** | | |
| 1. വേട്ടുവൻ കുളംറോഡ് | 200 | 1 |
| 2. മാധവ പുരം റോഡ് | 250 | 2 |
| 3. ചിയ്യാരം മഠം വഴി കിഴക്കേ അറ്റം | 250 | 1 |
| 4. പറമ്പൻ വഴി | 100 | 1 |
| 5. കരുവാൻ വഴി | 100 | 1 |
| 6. മേലേപുരയ്ക്കൽ വഴി | 100 | 1 |
| 7. കുപ്പയിൽ വഴി | 100 | 1 |
| 8. മംഗലം വഴി | 75 | 1 |
| | **1175** | **9** |
| **വാർഡ് നമ്പർ 15** | | |
| 1. കുക്കീസിനു തെക്കുവശം മെച്ചൂർ റോഡ് സബ്ബ് റോഡ് | 125 | - |
| 2. കോൺവെൻറ് ലൈനിൽ നിന്നും തുടങ്ങി | 250 | 1 |
| 3. ദൃശ്യലൈൻ | 80 | - |
| 4. കനാൽ ലൈനിൽ പടിഞ്ഞാറ് ഭാഗം (പാൽസൊസൈറ്റിക്കു തെക്കുവശം) | 160 | 1 |
| 5. ദുർഗ്ഗ ഓയിൽമിൽ വഴി | 200 | 1 |
| 6. ഇടത്തിൽ ലൈയിൻ സബ്ബ് റോഡ് ഒല്ലൂക്കാവ്, ക്ഷേത്രത്തിനു കിഴക്കു വശം | 160 | 2 |
| 7. ആശ്രമത്തിന് തെക്കു ഭാഗം | 170 | 1 |
| 8. പുല്ലോക്കാരൻ ലൈൻ | 180 | 1 |
| 9. ഹെൽത്ത് ഹൗസ് കനാൽ ലൈയിനിൽ നിന്നും കലാറോഡ് തെക്കോട്ട് | 145 | 1 |
| 10. മെച്ചൂർ റോഡ് പോസ്റ്റോഫീസ് റോഡിൽ നിന്നും തുടങ്ങി | 230 | 1 |
| 11. അയ്യപ്പൻ കാവ് ലൈയിൻ | 100 | 1 |
| 12. മനപറമ്പ് ലൈയിൻ | 100 | 1 |
| 13. ഭഗത്സിംഗ് ലൈയിൻ | 300 | 2 |
| | **2200** | **13** |
| ആകെ | **19090** | **133** |

ത്തേക്ക് വെള്ളം ലിഫ്റ്റ്ചെയ്യാൻ ആവശ്യമായ സൗകര്യം ഏർപ്പെടുത്തേണ്ടതുണ്ട്.

5. 13-ാം വാർഡിൽ വാകയിൽ റോഡ് ലക്ഷം വീട് കോളനി എന്നിവിടങ്ങളിൽ നിലവിലുള്ള പൊതുടാപ്പുകളിൽ വെള്ളം ലഭ്യമാക്കാൻ ഈ മേഖലയിലെ പൈപ്പുലൈനുകൾ നന്നാക്കേണ്ട തുണ്ട്.

6. 15-ാം വാർഡിൽ ആലുംവെട്ടുവഴിയിലുള്ള എ.സി. ലൈനിൽ നിന്നുള്ള പൊതുടാപ്പുകളിലും ഗാർഹിക ഉപഭോക്താക്കൾക്കും വേനൽക്കാലത്ത് വെള്ളം ലഭിക്കുന്നില്ല.

ആലുംവെട്ടുവഴിയുടെ വടക്കു ഭാഗത്തുള്ള ഓഗ്മെൻറേഷൻ ലൈനുമായി എ.സി.ലൈൻ ബന്ധിപ്പിച്ച് ഈ ജല ദൗർല്ലഭ്യവും കുറക്കണം.

7. പഞ്ചായത്തിലെ 10-ാം വാർഡിൽ ശ്രീ ശങ്കരസോമിൽപ്രദേശത്ത് പ്രവർത്തിക്കുന്ന ഐസ്പ്ലാൻറിൽ നിന്നും മലിനജലം 15-ാം വാർഡിലെ ഹെൽത്ത് ഹൗസ് കോളനിയിലേക്ക് കലർന്ന് കിണറുകളിലെ ജലം ഉപയോഗശൂന്യമായി ക്കൊണ്ടിരിക്കുകയാണെന്ന് ആക്ഷേപമുണ്ട്.

ഈ സ്ഥാപനത്തിൽ നിന്നും പുറത്തു വിടുന്ന മലിനജലം സ്ഥാപനത്തിൽവച്ച് തന്നെ സംസ്ക്കരിച്ച് നിർവീര്യമാക്കാൻ നിർദേശം നൽകേണ്ടതും അത് കൃത്യമായി പ്രാവർത്തികമാക്കേണ്ടതുമാണ്.

പഞ്ചായത്തിൻെറ വിവിധമേഖലകളിലെ കുടിവെള്ളക്ഷാമം പരിഹരിയ്ക്കാനായി സാധ്യമായ മേഖലകൾ പൊതുകിണറുകൾ നിർമ്മിക്കുകയും അപ്രായോഗികമായ മേഖലകളിൽ താഴെ വിവരിക്കുന്ന പ്രകാരം പൈപ്പ് ലൈൻ നീട്ടി പൊതുടാപ്പുകൾ സ്ഥാപിക്കേണ്ടതുണ്ട്. മാർച്ച്, ഏപ്രിൽ,മെയ് മാസത്തിൽ ചിയ്യാരം, കണിമംഗലം, പനമുക്ക്, നെടുപുഴ വടൂക്കര എന്നിവിടങ്ങളിൽ ഉണ്ടാകുന്ന ജലക്ഷാമം പരിഹരിക്കുന്നതിന് കെ. എൽ.ഡി.സി. മെയിൻ ചാലിലെ വെള്ളം പമ്പു ചെയ്തു നിർത്താൻ കഴിയണം.

അങ്ങിനെയാണെങ്കിൽ കിണറുകളിൽ വെള്ളം കയറുകയും ജല ദൗർലഭ്യവും ലഘൂകരിക്കുന്നതുമാണ്.

9. ഇതിനു പുറമെ പഞ്ചായത്ത് നിലവിലുള്ള 6 കുഴൽക്കിണറുകളിൽ പ്രവർത്തനക്ഷമമല്ലാത്ത 4 എണ്ണം പ്രവർത്തനക്ഷമമാക്കുകയും ഇതിൽ തന്നെ 13-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന കുഴൽക്കിണറും ടാങ്കും പഞ്ചായത്ത് ഏറ്റെടുത്ത് ഇതിൽനിന്നുള്ള ജലവിതരണം കുറ്റമറ്റതാക്കുകയും വേണം.

10. കുടിവെള്ളത്തിനായി കൂർക്കഞ്ചേരി പഞ്ചായത്ത് ഇപ്പോൾ പ്രധാനമായും പീച്ചി ഓർഗമെൻേറഷൻ സ്കീമിൽ നിന്നും ലഭ്യമാക്കുന്ന വെള്ളത്തെയാണ് ആശ്രയിക്കുന്നത്. പഞ്ചായത്തിൽ തന്നെ കുടിവെള്ളത്തിൻെറ ഉപഭോഗം വർദ്ധിച്ചു കൊണ്ടിരിയ്ക്കയാണ്.എന്നാൽ വെള്ളം സംഭരിക്കുന്ന പീച്ചി ഡാമിൽ കാലാകാലങ്ങളിൽ അടിയുന്ന മണ്ണു മൂലം അനുദിനം സംഭരണശേഷി കുറഞ്ഞുകൊണ്ടിരിക്കുകയാണ്. ഈ നില തുടർന്നാൽ സമീപ ഭാവിയിൽ ഈ സ്കീമിൽ നിന്നുംപഞ്ചായത്തിലെ ഉപഭോഗത്തിന് ആവശ്യമായ വെള്ളം ലഭിക്കാത്ത അവസ്ഥ സംജാതമാകുന്നതാണ്.

സമീപഭാവിയിൽ സംഭവിക്കാൻ സാദ്ധ്യതയുള്ള ഈ ദൗർലഭ്യത മറിക്കടക്കുന്നതിനായി ദീർഘകാല അടിസ്ഥാനത്തിൽ കുടിവെള്ളത്തിൻെറ വിതരണത്തിനായ് പഞ്ചായത്തിൻെറ തനതായ പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കേണ്ടതുണ്ട്.

# പൊതുജനാരോഗ്യം

തൃശൂർ പട്ടണത്തോട് തൊട്ടുരുമ്മി കിടക്കുന്ന കൂർക്കഞ്ചേരിയിൽ ഇതര പഞ്ചായത്തുകളെ അപേക്ഷിച്ച് ജനസാന്ദ്രത വളരെ കൂടുതലാണ്. യാതൊരുവിധ ആസൂത്രണവുമില്ലാതെഒരേ കാലയളവിലും പഞ്ചായത്തിൻെറ വിവിധ മേഖലകളിൽ ഉടലെടുത്ത രണ്ടരസെൻറ് മൂന്ന് സെൻറ് കോളനിയിൽ നിന്നും വിസർജ്യവസ്തുക്കൾ, പഞ്ചായത്തിൻെറ വിവധ മേഖലകളിൽ ദൈനംദിനം ഉയർന്നു വരുന്ന പ്രാഥമിക സൗകര്യങ്ങളില്ലാത്ത കൊച്ചുവീടുകളിൽ നിന്നുള്ള പരിസ്ഥിതി പ്രശ്നങ്ങൾ, വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും വലിച്ചെറിയുന്ന പോളിത്തിൻ കവറുകളും മറ്റു അവശിഷ്ടങ്ങളും, വഴിയോരങ്ങളിലെ മൽസ്യമാംസ കച്ചവടങ്ങൾ പഞ്ചായത്തിലൂടെകടന്നു പോകുന്ന ഇറിഗേഷൻ കനാലിനും ബന്ധപ്പെട്ട ചാലുകളിലും അടിഞ്ഞു കൂടുന്ന മാലിന്യങ്ങൾ എന്നിവ പൊതുജന ആരോഗ്യരംഗത്ത് വൻഭീക്ഷണിയായി തീർന്നിട്ടുണ്ട്. ഈ പഞ്ചായത്തിനെ സംബന്ധിച്ചിട





ത്തോളം ആരോഗ്യസംരക്ഷണത്തിന് "പരിസരമലിനീകരണ" നിർമ്മാർജനത്തിന് മുൻതൂക്കം നൽകിക്കൊണ്ടുള്ള പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടതുണ്ട്.

1. പഞ്ചായത്തിലെകോളനി പ്രദേശങ്ങളിലും പ്രധാനപ്പെട്ട കവലകളിലും ആവശ്യമായ ഇതരസ്ഥലങ്ങളിലും മാലിന്യങ്ങൾ നിക്ഷേപിക്കുന്നതിനായി കുപ്പതൊട്ടികൾ സ്ഥാപിക്കുകയും വിക്ഷേപിക്കപ്പെടുന്ന മാലിന്യങ്ങൾ സമയാസമയങ്ങളിൽ നീക്കം ചെയ്യാൻ ആവശ്യമായ സംവിധാനം ഏർപ്പെടുത്തുകയും വേണം.

വിവിധമേഖലകളിൽ നിന്ന് നീക്കം ചെയ്യുന്ന മാലിന്യങ്ങൾ ഏതെങ്കിലും മേഖലയിൽ നിക്ഷേപിച്ച് വീണ്ടും പരിസരമലിനീകരണം സംജാതമാകാതിരിക്കാൻ മാലിന്യങ്ങൾ സംസ്ക്കരിക്കേണ്ടതുണ്ട്. സംസ്ക്കരിക്കപ്പെട്ടത് പഞ്ചായത്തിലെ ആഭ്യന്തര ഉപഭോഗത്തിന് വളമായി ഉപയോഗപ്പെടുത്തി വരുമാനമുണ്ടാക്കാവുന്നതും ഈ പദ്ധതിക്ക് വരുന്ന ചിലവിലേക്ക് മുതൽകൂട്ടാവുന്നതുമാണ്.

2. പഞ്ചായത്തിലെ പൊതു സ്ഥലങ്ങളും വഴിയോരങ്ങളും വൃത്തിയാക്കുന്നതിന് തൂപ്പുകാരേ നിയമിക്കേണ്ടത് അത്യാവശ്യമാണ്.

3. പഞ്ചായത്തിൽ 319 കുടുംബങ്ങൾ ഒരുമിച്ച് താമസിക്കുന്ന 2 1/2 സെൻറ് കോളനിയായ 15-ാം വാർഡ് ഹെൽത്ത് ഹൗസ് കോളനിയിൽ വീടുകളിൽ നിന്നുമുള്ള മലിനജലം കോളനി റോഡുകളിലും, ചിയ്യാരം പോസ്റ്റോഫീസ് റോഡിലും കെട്ടിക്കിടന്ന് ജനജീവിതം ദുസ്സഹമായിരിയ്ക്കുകയാണ്. ഈ കോളനിയിൽ അടിയന്തിരമായി ഡ്രൈനേജ് സംവിധാനം ഏർപ്പെടുത്തി വിസർജ്ജ ജലം നീക്കം ചെയ്യേണ്ടതുണ്ട്.

പഞ്ചായത്തിലെ മൊത്തം പരിസര സംരക്ഷണത്തിനായി ബൃഹത്തായ ഡ്രൈനേജ് സംവിധാനം ഏർപ്പെടുത്തേണ്ടതുണ്ട്.

4. പകർച്ചവ്യാധികൾ തടയുന്നതിനായി കൊതുക് നിവാരണ പദ്ധതികൾ പഞ്ചായത്തടിസ്ഥാനത്തിൽ ആരംഭിക്കണം.

5. പഞ്ചായത്തിലെ 12-ാം വാർഡിൽ നിലനിൽക്കുന്ന തൃശൂർ മുൻസിപ്പൽ അറവുശാലയിൽനിന്ന് പുറത്തേക്ക് ഒഴുകി വരുന്ന മൃഗങ്ങളുടെ അവശിഷ്ടങ്ങളും മറ്റു മാലിന്യങ്ങളും 12,10, 9 എന്നീ വാർഡുകളിൽ കടന്ന് ദുർഗന്ധം വമിക്കുകയും പകർച്ചവ്യാധികൾക്കും ഇടയാക്കുന്നു. കൂടാതെ 5-ാം വാർഡിലെ സ്വകാര്യ പന്നിവളർത്തൽ കേന്ദ്രത്തിലെ മാലിന്യങ്ങളും തദ്ദേശവാസികളുടെ ആരോഗ്യത്തിന് ഭീഷണിയായി ഉയർന്നിട്ടുണ്ട് മാത്രമല്ല മാലിന്യങ്ങൾ ടി. വാർഡുകളിൽ കെട്ടിക്കിടന്ന് കൊതുകുകൾ വർദ്ധിക്കുകയും തൽഫലമായി സാംക്രമിക രോഗങ്ങൾ വർദ്ധിക്കുകയും ചെയ്യുന്നു.

അറവുശാല പന്നിവളർത്തൽ കേന്ദ്രം എന്നിവിടങ്ങളിൽ നിന്നും മാലിന്യങ്ങൾ പുറത്തേക്ക്ഒഴുകി കളയാതെ മേപ്പടി സ്ഥാപനങ്ങളിൽ തന്നെ സംസ്ക്കരിച്ച് പ്രശ്നം പരിഹരിക്കേണ്ടതുണ്ട്.

6. പഞ്ചായത്തിലെ വടക്കൻമേഖലയിലേയും തൃശൂർ പട്ടണത്തിലേയും മലിനജലം ഒഴുകിപോകുന്ന മുണ്ടുപാലം, കല്ലൂപാലം, അരണാട്ടുകരതോട് കാലാകാലങ്ങളിൽ വൃത്തിയാക്കാൻ സംവിധാനം ഏർപപെടുത്തി മലിനജലം കെട്ടികിടന്നുള്ള പരിസര മലിനീകരണം തടയേണ്ടതുണ്ട്.

7. കൂർക്കഞ്ചേരി പഞ്ചായത്തിലെ 11, 13, 15 എന്നീ വാർഡുകളിൽ കൂടി കടന്നു പോകുന്ന പീച്ചി ഇറിഗേഷൻ കനാലിൽ അടിഞ്ഞു കൂടുന്ന മാലിന്യങ്ങളും മണ്ണും യഥാസമയങ്ങളിൽനീക്കം ചെയ്യുകയും ടി. കനാൽ ഭിത്തി 15-ാം വാർഡ് ഹെൽത്ത് ഹൗസ് കോളനിയിൽ തകർന്ന് പോയിട്ടുള്ളത് പുനർനിർമ്മിച്ച് ഈ വാർഡുകളിലെയും പ്രത്യേകിച്ച് 15-ാം വാർഡിൽലേയും പരിസരമലിനീകരണം തടയേണ്ടതാണ്.

8. വൻകിട ഹോട്ടലുകളിൽ നിന്ന് പുറത്തേക്ക് ഒഴുകി വിടുന്ന ക്രമാതീതമായ മലിനജലം ടി. ഹോട്ടലുകളിൽ തന്നെ സംസ്ക്കരിച്ച് മാലിന്യരഹിതമാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

9. ഭക്ഷണത്തിൽ കൂടി രോഗങ്ങൾ പകരുന്നത് തടയുന്നതിനായ് പഞ്ചായത്തിനകത്ത് വിതരണം ചെയ്യുന്ന ഭക്ഷണപദാർത്ഥങ്ങളുടെ ഗുണനിലവാരം ഉറപ്പു വരുത്തുന്നതിന് സംവിധാനം ഏർപ്പെടുത്തേണ്ടതുണ്ട്.

10. പൊതു മാർക്കറ്റുകൾ സ്ഥാപിച്ച് പാതയോര കച്ചവടം നിർത്തലാക്കാൻ പരിപാടികൾ ആവിഷ്ക്കരിക്കണം.

11. പഞ്ചായത്തിനകത്തെ ശ്മശാനങ്ങൾ വൈദ്യുതീകരിച്ച് പരിസര മലിനീകരണം തടയണം.

12. പഞ്ചായത്തിന് അകത്ത് എല്ലാ കിണ

റുകളും വർഷത്തിലൊരിക്കലെങ്കിലും ക്ലോറിനേറ്റ് ചെയ്യാനും കെട്ടാത്ത കിണറുകൾ കെട്ടാനും പരിപാടികൾ ആസൂത്രണം ചെയ്യണം.

13. പഞ്ചായത്തിൽ കക്കൂസ് ഇല്ലാത്തവർക്കും , കുഴികക്കൂസുകൾ ഉപയോഗിക്കുന്ന ദുർബല വിഭാഗങ്ങൾക്കും സാനിറ്ററി ടെയ്പ്പ് കക്കൂസുകൾ നിർമ്മിക്കുന്നതിന് പരിപാടികൾ ആവിഷ്ക്കരിക്കണം.

14. വടൂക്കര 7-ാം വാർഡിൽ ഗേറ്റിനടുത്തുള്ള ചാലിൽ തൊട്ടടുത്ത ഹോട്ടലുകളിൽനിന്നും വീടുകളിൽ നിന്നും ഒഴുകി വരുന്ന മലിന ജലം ഒഴുകി പോകുന്നതിന് സംവിധാനം ഉണ്ടാകേണ്ടതാണ്.

15. 4 -ാം വാർഡിൽ ലൈൻ മുറികളിൽ നിന്നുമുള്ള അഴുക്കുവെള്ളം റോഡിൽ കെട്ടിക്കിടക്കുന്നു. ഇത് പാടത്തെക്ക് തിരിച്ചു വിടേണ്ടതാണ്.

**ചികിത്സാരംഗം**

പട്ടണത്തിൻെറ സാമീപ്യം പഞ്ചായത്ത് നിവാസികൾക്ക് ആധുനിക ചികിത്സാരീതികൾ ലഭിക്കുന്നതിന് വളരെയേറെ സഹായകരമാണ് തൻമൂലം പഞ്ചായത്തിലെ മരണനിരക്ക് സംസ്ഥാന ശരാശരിയിൽ അല്പം കുറവാണ് ശിശുമരണ നിരക്കാകട്ടെ വളരെ കുറവുമാണ്.

13-ാം വാർഡിൽ സേവന നഗറിലും ഓരോ പ്രൈമറി ഹെൽത്ത് സബ്ബ് സെൻററുകൾ പ്രവർത്തിച്ചു വരുന്നു. അലോപൊതി ഒഴിച്ചുള്ള മററു ചികിത്സാസംവിധാനങ്ങളൊന്നും സർക്കാർ തലത്തിൽ പഞ്ചായത്തിനില്ല. പ്രൈമറി ഹെൽത്ത് സെൻററുകളുടെ പ്രവർത്തനവും പഞ്ചായത്തിലെ ഉയർന്ന സാക്ഷരതയും കുടുംബക്ഷേമപ്രവർത്തനങ്ങളിൽ പുരോഗതി കൈവരിക്കാൻ വളരെയേറെ സാധിച്ചിട്ടുണ്ട്. പഞ്ചായത്തിലെ ഭൂരിപക്ഷം ദമ്പതിമാരും സന്താനനിയന്ത്രണ ഉപാധികൾ സ്വീകരിച്ചവരാണ്. ഭൂരിപക്ഷം കുടുംബങ്ങളിലും മൂന്നും അതിൽ താഴെയുമാണ് കുട്ടികൾ

സ്വകാര്യമേഖലയിൽ അലോപാതി രംഗത്ത് ആധുനിക സൗകര്യങ്ങളോടുകൂടിയ രണ്ട് വൻകിട ആശുപത്രിയും. ബാലചികിത്സക്കായി ഒരു ആശുപത്രിയും തെന്നിന്ത്യയിലെ ഹൃദയാസുഖങ്ങൾക്ക് സവിശേഷമായ നൂതനവും അത്യാധുനികവുമായ യന്ത്ര സജ്ജീകരണങ്ങളോടുകൂടിയതും ഒരേ സമയം എട്ട്പേരെ ഒന്നിച്ച് ഹൃദയ ശസ്ത്രക്രിയയ്ക്ക് വിധേയമാക്കാൻ പ്രാപ്തമായ ഓപ്പറേഷൻ തിയ്യേറ്ററുകളുള്ള ഈ ഹാർട്ട് ഹോസ്പിറ്റൽ പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്നുവെന്നത് നമുക്ക് അഭിമാനാർഹമാണ്. അതുപോലെതന്നെ സ്വകാര്യമേഖലയിലെ എല്ലാ വകുപ്പുമുകളുള്ള ഒരു വലിയ ആശുപത്രിയാണ്

| വർഷം | ജലജന്യരോഗങ്ങൾ | വായുജന്യരോഗങ്ങൾ | പ്രാണിജന്യരോഗങ്ങൾ |
|---|---|---|---|
| 1993-94 | 340 | 319 | 110 |
| 1994-95 | 1280 | 260 | 69 |
| 1995-96 | 363 | 10 | 6 |

പഞ്ചായത്തിലെ ആരോഗ്യപരിപാലനത്തിന് ഔദ്യോഗിക സംവിധാനമായി ഒന്നുമുതൽ ഒമ്പത് വരെയുള്ള വാർഡുകൾക്ക് 4 -ാം വാർഡിൽ പനമുക്ക് പ്രദേശത്ത് ഒരു പ്രൈമറി ഹെൽത്ത് സെൻറർ പ്രവർത്തിച്ചു വരുന്നുണ്ട്. 10 മുതൽ 15 വരെയുള്ള വാർഡുകളുടെ ആരോഗ്യക്ഷേമ പ്രവർത്തനങ്ങൾ ഒല്ലൂർ പ്രൈമറി ഹെൽത്ത് സെൻററിൻെറ കീഴിലാണെങ്കിലും ടി. വാർഡുകളിലെ ജനങ്ങൾക്ക് ഈ സെൻററിൻെറ സേവനം ലഭിക്കുന്നില്ല. ഇതിനു പുറമേ 1-ാം വാർഡിൽ റെയിൽവേ മേൽപ്പാലത്തിനടുത്തും, എലൈറ്റ് മിഷ്യൻ ആസ്പത്രി. ആയുർവേദരംഗത്ത് 1,6, 11, 12 എന്നീ വാർഡുകളിൽ ഓരോന്നു വീതം മൊത്തം 4 സ്വകാര്യ ചികിത്സ നടത്തുന്ന സ്ഥാപനങ്ങളും 10 -ാം വാർഡിൽ പാരമ്പര്യ ചികിത്സ നടത്തുന്ന ഒരു സ്ഥാപനവും ഉണ്ട്.

ഹോമിയോ ചികിത്സാ രംഗത്ത് വാർഡ് രണ്ടിൽ രണ്ടും ഒമ്പതിൽ ഒന്നും വാർഡ് 15-ൽ ഒന്നും വീതം ഡോക്ടർമാർ ചികിത്സ നടത്തി വരുന്നു. കൂടാതെ 10, 15, വാർഡുകളിൽഹോമിയോ പ്രാക്ടീഷണർമാരും ചികിത്സ നടത്തി വരുന്നു. കൂടാതെ 1,2, വാർഡുകളിൽപ്രകൃതി ചികിത്സ

നടത്തിവരുന്ന സ്വകാര്യസ്ഥാപനവും പ്രവർത്തിച്ചു വരുന്നു. പഞ്ചായത്തിലെ ഭൂരിഭാഗം ജനങ്ങളും ചികിത്സക്കായി പഞ്ചായത്തിലും പട്ടണത്തിലുമുള്ളസ്വകാര്യ സ്ഥാപനങ്ങളെയാണ് ആശ്രയിച്ചു വരുന്നത്. സർക്കാർ ആസ്പത്രികളിൽ ചികിത്സ ലഭിക്കുവാൻ വരുന്ന കാലതാമസം, ചികിത്സാരംഗത്തുള്ള ജനങ്ങളുടെ അവബോധത്തിൻെറ പോരായ്മ എന്നിവ മൂലം ഈ പ്രവണത വർദ്ധിച്ചു വരികയാണ് തന്മൂലം പഞ്ചായത്തിൽ ലഭ്യമാകുന്ന ജനനമരണ കണക്കുകൾ പൂർണ്ണമല്ല.

ഇങ്ങനെയൊക്കെയാണെങ്കിലും ദുർബല ജനവിഭാഗങ്ങളിൽ ഹെൽത്ത് സെൻററുകളിലെ ചികിത്സാ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തുന്ന പ്രവണത കഴിഞ്ഞ നാലു വർഷത്തോളമായി വർദ്ധിച്ചുകൊണ്ടിരിക്കുന്നു.

| വർഷം | സർക്കാർതല ചികിത്സയുടെ ഗുണഭോക്താക്കൾ |
|---|---|
| 1, 1992-93 | 12000 |
| 2, 1993-94 | 12280 |
| 3, 1994-95 | 12568 |
| 4, 1995-96 | 17939 |

കഴിഞ്ഞ മൂന്നു കൊല്ലങ്ങളിൽ 1994, 95 വർഷത്തിലാണ് പഞ്ചായത്തിൽ ഏറ്റവും കൂടുതൽ ജലജന്യരോഗങ്ങൾ ഉണ്ടായിട്ടുള്ളത്. എന്നാൽ വായു ജന്യ രോഗങ്ങളും പ്രാണി ജന്യ രോഗങ്ങളും വളരെ അധികം കുറഞ്ഞിട്ടുണ്ട്.

(പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ റിപ്പോർട്ട് ചെയ്തിട്ടുള്ളത് മാത്രം)

എന്നാൽ സ്ഥായിയായ രോഗബാധിതരുടെ എണ്ണം വർദ്ധിച്ചു വരികയാണ്. ദാരിദ്ര്യ ജന്യ രോഗങ്ങൾ ഇതുവരേയും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

നിലവിലുള്ള ഹെൽത്ത് സെൻററുകളിലും ഹെൽത്ത് സബ്ബ് സെൻററുകളിലും മാതൃശിശു സംരക്ഷണ പദ്ധതികൾ ഉണ്ടെങ്കിലും ഭൂരിഭാഗം ജനങ്ങളും അവ പൂർണ്ണമായി പ്രയോജനപ്പെടുത്തുന്നില്ല.

ഇപ്പോൾ പനമുക്ക് പ്രദേശത്ത് പ്രവർത്തിക്കുന്ന പ്രാഥമിക ആരോഗ്യകേന്ദ്രം തന്നെ പല പ്രശ്നങ്ങളെയും അഭിമുഖീകരിച്ചു കൊണ്ടിരിക്കുകയാണ്.

1. ആരോഗ്യകേന്ദ്രത്തിൽ ഇപ്പോഴുള്ള ജല ദൗർലഭ്യം പരിഹരിക്കാൻ ഒരു വാട്ടർ ടാങ്കിൻെറ നിർമ്മാണം ആവശ്യമാണ്.

2. ആരോഗ്യകേന്ദ്രത്തിൽ എത്തുന്ന രോഗികൾക്ക് പ്രാഥമിക ആവശ്യങ്ങൾ നിർവ്വഹിക്കാൻ നിലവിലുള്ള സംവിധാനം വിപുലീകരിച്ച് സൗകര്യപ്രദമാക്കണം.

3. ജില്ലാ മെഡിക്കൽ സ്റ്റോറിൽ നിന്നും ഇപ്പോൾ ലഭിക്കുന്ന മരുന്നുകൾ പ്രാഥമിക ആരോഗ്യകേന്ദ്രത്തിൻെറ ആവശ്യത്തിന് തികയാത്തതിനാൽ കൂടുതൽ മരുന്നുകൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം.

4. ആരോഗ്യകേന്ദ്രത്തിൽ എത്തുന്ന രോഗികളിൽ ധാരാളം സ്ത്രീകളും ഗർഭിണികളും ഉള്ളതിനാൽ ഒരു ലേഡിഡോക്ടറെ നിയമിക്കേണ്ടതുണ്ട്.

5. ആരോഗ്യ കേന്ദ്രത്തിലെ L.H.I, H.I ഫാർമസിസ്റ്റ് J.P.H.N എന്നിവരുടെ രേഖകൾ സൂക്ഷിക്കുന്നതിനായ് അലമാരികളും ആവശ്യമായ മറ്റു ഫർണിച്ചറുകളും ലഭ്യമാക്കേണ്ടതും ഒരു ആഫീസ് മുറി നിർമ്മിക്കേണ്ടതുമുണ്ട്.

6. പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ ഫോൺ കണക്ഷൻ ലഭ്യമാക്കണം.

7. ആരോഗ്യകേന്ദ്രം മതിൽ കെട്ടി സംരക്ഷിക്കണം.

8. ആരോഗ്യകേന്ദ്രത്തിനകത്തെ പരിസരങ്ങൾ വൃത്തിയാക്കാൻ പഞ്ചായത്തിൽ നിന്ന് സ്ഥിരമായ സംവിധാനം ഏർപ്പെടുത്തണം.

പഞ്ചായത്തിലെ 15 ഗ്രാമസഭകളിൽ നിന്നും പഞ്ചായത്തിനകത്ത് രോഗികളെ കിടത്തി ചികിത്സിക്കാൻ സൗകര്യത്തിൽ 20 കിടക്കകളോടു കൂടിയ ഏറ്റവും കുറഞ്ഞത് 2 ആരോഗ്യ കേന്ദ്രങ്ങളെങ്കിലും വേണമെന്ന ആവശ്യം ഉയർന്നു വന്നിട്ടുള്ളതാണ്. ആരോഗ്യരംഗത്ത് ക്രിയാത്മകമായ മറ്റു നിർദ്ദേശങ്ങളും ഉയർന്നു വന്നിട്ടുണ്ട്.

1. പഞ്ചായത്തിലെ 1 മുതൽ 9 വരെയുള്ള വാർഡുകളിലെ ആരോഗ്യസംരക്ഷണ പ്രവർത്തനങ്ങൾ നടത്തുന്ന നെടുപുഴ പ്രാഥമിക ആരോഗ്യകേന്ദ്രം വിപുലീകരിച്ച് 20 കിടയ്ക്കകളുള്ള ആസ്പത്രിയായി ഉയർത്തുകയും 1 മുതൽ 8

വരെയുള്ള വാർഡുകളിലെ ജനങ്ങൾക്ക് ഉപയോഗപ്രദമാക്കുക.

2. 9 മുതൽ 15 വരെയുള്ള വാർഡുകളിലെ ജനങ്ങളുടെ സൗകര്യത്തിനായി 13-ാം വാർഡിൽ ഇപ്പോൾ നിലവിലുള്ള സബ്ബ്സെൻററിനു പകരം രോഗികളെ കിടത്തി ചികിത്സിക്കാനുതകുന്ന 20 കിടയ്ക്കകളോടുകൂടിയ ആശുപത്രി സ്ഥാപിക്കണം.

3. എല്ലാവാർഡുകളിലും ഉപയുക്തമായ രീതിയിൽ എല്ലാ സംവിധാനങ്ങളോടും കൂടിയ മാതൃശിശുസംരക്ഷണകേന്ദ്രം തുടങ്ങേണ്ടതും ആയതിൻെറ സേവനം ലഭ്യമാക്കേണ്ടതുമാണ്.

4. പഞ്ചായത്തിലെ 7-ാം വാർഡിൽ പട്ടികജാതി കോളനി, ലക്ഷം വീട് കോളനി എന്നിവയോട് തൊട്ടു കിടക്കുന്ന 3 സെൻറ് പഞ്ചായത്ത് പുറം പോക്കിൽ ഒരു മാതൃശിശുസംരക്ഷണകേന്ദ്രം തുടങ്ങണം.

5. പഞ്ചായത്തിലെ തെരുവ് നായ്ക്കളെ ഇല്ലായ്മ ചെയ്യാനും വളർത്തു നായ്ക്കളെ കുത്തിവെയ്പ്പ് നടത്താനും പരിപാടികൾ ആവിഷ്ക്കരിക്കണം.

6. പഞ്ചായത്തിൻെറ ശുചീകരണ പ്രവർത്തനങ്ങളിൾ ആരോഗ്യകേന്ദ്രങ്ങളുടെ പങ്കാളിത്തത്തോടു കൂടി നടപ്പാക്കണം.

7. ആരോഗ്യ സംരക്ഷണത്തെ പറ്റിയും വിവിധ ചികിത്സാ സമ്പ്രദായങ്ങളെ പറ്റിയും വാർഡു തല സെമിനാറുകൾ നടത്തി ജനങ്ങളെ ബോധവൽക്കരിക്കണം.

പഞ്ചായത്തിലെ ജനങ്ങൾക്ക് ഇതര ചികിത്സാ രീതികളുടെ പ്രയോജനം ലഭ്യമാക്കാൻ പഞ്ചായത്ത് തലത്തിൽ ആയുർവ്വേദം, ഹോമിയോ എന്നീ ചികിത്സാ രീതികളുടെ ഓരോ ഡിസ്പെൻസറികൾ തുടങ്ങണം.



5-6

# ഊർജ്ജം,ഗതാഗതം, മാർക്കറ്റ്




1951-ലാണ് ഇദംപ്രാഥമമായി കുർക്കഞ്ചേരി പഞ്ചായത്തിൽ വൈദ്യുതി ലഭ്യമായതെന്നാണ് മനസ്സിലാകുന്നത്. തൃശൂർ പട്ടണത്തോട് അടുത്തു കിടക്കുന്ന സ്ഥലങ്ങളിൽ നിന്നും അനുക്രമമായി ഗ്രാമാന്തരങ്ങളിലേക്ക് വൈദ്യുതി വിതരണം വ്യാപിക്കയാണ് ഉണ്ടായത്.

കുർക്കഞ്ചേരി ഗ്രാമപഞ്ചായത്തിൽ ഒല്ലൂർ സ്റ്റേഷനിൽ നിന്നുമുള്ള പതിനൊന്നാം KV ലൈൻ വഴിയാണ് വിതരണം നടത്തുന്നത്. ഒല്ലൂർ സ്റ്റേഷനിൽ നിന്നും വിതരണ തകരാറുണ്ടാകുമ്പോഴ് വിയ്യൂർ, കണ്ടശ്ശാംകടവ് എന്നീ സബ്സ്റ്റേഷനുകളിൽ നിന്നുള്ള 11KV ലൈനുകളിൽ നിന്നും ഔദ്യോഗിക അനുവാദത്തോടെ വിതരണസജ്ജമാക്കാറുണ്ട്.

അമ്പത്തിനാല് ട്രാൻസ്ഫോർമറുകൾ ഈ ഗ്രാമപഞ്ചായത്ത് അതൃത്തിയിലുണ്ട്. ഇതിൽ 43എണ്ണം കുർക്കഞ്ചേരി മേജർ സെക്ഷനിൽ നിന്നും 11 എണ്ണം കുരിയച്ചിറ സബ്സ്റ്റേഷൻ പരിധിയിലുള്ള കുർക്കഞ്ചേരി ഗ്രാമപഞ്ചായത്തു പ്രദേശത്തും സ്ഥിതി ചെയ്യുന്നു.

നിലവിലുള്ള ഉപഭോക്താക്കളുടെ തരം തിരിച്ചുള്ള പട്ടിക ചുവടെ ചേർക്കുന്നു.

*ഗാർഹിക ഉപഭോക്താക്കൾ*
*8140 + 1500 (കുരിയച്ചിറ)*
*ഗാർഹികേതര ഉപഭോക്താക്കൾ - 866+500 „*

| | സാധാരണ പ്രയോർട്ടി, | ഒ്വെടി പ്രയോർട്ടി | ഓ.ടി.പി |
|---|---|---|---|
| 1. ഗാർഹിക ഉപഭോക്താക്കൾ | 324 | 83 | 4 |
| 2. ഗാർഹികേതര ഉപഭോക്താക്കൾ | 53 | 16 | - |
| 3. കാർഷിക ഉപഭോക്താക്കൾ | 19 | – | - |
| 4. വ്യവസായിക ഉപഭോക്താക്കൾ | 1 | - | - |

*കാർഷിക ഉപഭോക്താക്കൾ - 668+60 ,,*

*വ്യവസായിക ഉപഭോക്താക്കൾ - 269 + 25 , ,*

സ്ട്രീറ്റ് ലൈറ്റുകളെ സംബന്ധിച്ച വിവരങ്ങൾ താഴെ പറയും വണ്ണമാണ്.

*സ്ട്രീറ്റ് ലൈറ്റുകൾ 1607*

*(സാധാരണ ബൾബുകൾ)*

*ട്യൂബ് ലൈറ്റുകൾ 160*

*സോഡിയം വെയ്പ്പർ ലൈറ്റുകൾ 21*

അപേക്ഷകൾ കൊടുത്ത ശേഷം കണക്ഷൻ കിട്ടാത്ത ഉപഭോക്താക്കളുടെ പട്ടിക മുൻപേജി കൊടുത്തിരിക്കുന്നു.

ആവശ്യമായ സാധന സാമഗ്രികൾ കിട്ടാതിരിക്കുക. വേണ്ടത്ര ജോലിക്കാരുടെ കുറവ്എന്നിവ മൂലമാണ് കണക്ഷനുകൾ കൊടുക്കാൻ പറ്റാത്തത് എന്ന് പറയപ്പെടുന്നു. 1995-96 വർഷത്തിൽ S/C S/T കോളനികൾ വൈദ്യുതികരിച്ചിട്ടില്ല. അറ്റകുറ്റപണികൾ യഥാസമയം നടക്കാത്തതും കനം കുറഞ്ഞകമ്പികൾ മരം കൊണ്ടുള്ള പോസ്റ്റുകൾ തുടങ്ങിയവ നീക്കം ചെയ്ത് നല്ലവ പുനസ്ഥാപിക്കുന്നതും ഇലക്ട്രിസിറ്റി പ്രസരണവും വിതരണവും നല്ല നിലയിൽ ആക്കുവാൻ കഴിയാത്തസ്ഥിതി ഉളവാക്കുന്നു. പ്രതിമാസം 33174 രൂപ വൈദ്യുതി ബോർഡിന് കറൻറ് ചാർജ് ഇനത്തിൽ കൊടുത്തുവരുന്നു. വീടുകളുടെ എണ്ണം വർദ്ധിക്കുകയും റോഡുകളുടെ വർദ്ധനവ് കൂടിവരുമ്പോൾ സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം വർദ്ധിച്ചിട്ടില്ല. ഓരോ വാർഡിലും ലൈൻ വലിക്കേണ്ടതിൻെറ അളവ് ചുവടെ ചേർക്കുന്നു.

| വാർഡ് | |
|---|---|
| 1 | 1300 M |
| 2. | 1650 M |
| 3. | 2000 M |
| 4. | 1500 M |
| 5. | 1950 M |
| 6. | 1500 M |
| 7. | 1500 M |
| 8. | 1900 M |
| 9. | 1750 M |
| 10. | 1750 M |
| 11. | 1500 M |
| 12. | 500 M |
| 13. | 1500 |
| 14. | 1000 |
| 15. | 1735 M |

500 ഓളം നിർധന കുടുംബങ്ങൾക്ക് വൈദ്യുതി കണക്ഷൻ നൽകേണ്ടതായിട്ടുണ്ട്. പുതുതായി 15 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കണം. കുർക്കഞ്ചേരി മേജർ സെക്ഷൻഓഫീസ് കെട്ടിടത്തിൻെറ അരോജകാവസ്ഥ പരിഹരിക്കണം. പണം അടക്കുന്നതിന് എത്തുന്നവർക്ക് മഴയും വെയിലും കൊള്ളാതെ നില്ക്കാനുള്ള സൗകര്യം ഏർപ്പെടുത്തണം. ആനുകാലിക പരിശോധനകൾ നടത്തി വിതരണത്തിലെ ക്രമക്കേടുകൾ പരിഹരിക്കാൻ നടപടികൾ ഉണ്ടാകണം. വൈദ്യുതി വിളക്കുകൾ സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേയ്റ്റ് പാസാക്കി കിട്ടുന്നതിന് സ്റ്റെബിലിറ്റി സർട്ടിഫിക്കറ്റുകൾ ഹാജരാക്കണം എന്നുള്ള കെ.എസ്.ഇ.ബി. യുടെ നിർബ്ബന്ധം മൂലം വഴിവിളക്കുകൾ സ്ഥാപിക്കുവാൻ കാലതാമസം നേരിടുന്നുണ്ട്. മേപ്പടി വ്യവസ്ഥ ലളിതവൽക്കരിക്കേണ്ടതാണ്.

വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനും ഇടവിട്ട പ്രസരണ തകരാറുകൾ ഇല്ലാതിരിക്കുന്നതിനും നടപടിയുണ്ടാകണം. മീറ്റർ റീഡിംഗ് യഥാസമയം നടത്താത്തതുമൂലം ഉപഭോക്താവ് പിഴയടക്കേണ്ട സ്ഥിതി ഉണ്ട്. ഈ പ്രദേശത്ത് വാണിജ്യം, കൃഷി. വ്യാവസായികം എന്നീ ആവശ്യങ്ങൾക്കായി വൈദ്യുതി ഉപയോഗിക്കുന്നു. വീട്ടാവശ്യങ്ങൾക്ക് വിറക്, മണ്ണെണ്ണ; വിദ്യുച്ഛക്തി; ഗ്യാസ് ; എന്നിവ ഉപയോഗിക്കുന്നു.കൃഷി ആവശ്യങ്ങൾക്കുള്ള പമ്പ്സെറ്റുകൾ വൈദ്യുതി ഉപയോഗിച്ചും, എണ്ണ ഉപയോഗിച്ചും പ്രവർത്തിപ്പിക്കുന്നു. ഇതിൽ മണ്ണെണ്ണ വീട്ടാവശ്യങ്ങൾക്ക് ഒട്ടും തന്നെ മതിയാകുന്നില്ല. മണ്ണെണ്ണയുടെ ദൗർലഭ്യം പാചക ആവശ്യങ്ങൾക്കുപയോഗിക്കുന്ന വിറകുകൾക്ക് പ്രതിമാസം വില വർദ്ധിക്കുവാൻ ഇടയാകുന്നു. ഈർച്ച മില്ലുകളിൽനിന്നുള്ള പൊടി വിറകുകളാണ് ഇവിടെ സാധാരണയായി കിട്ടുന്നത്. ഇത്തരം വിറകുകൾക്ക് ദക്ഷത കുറവാണെങ്കിലും വില വർദ്ധനയിൽ യാതൊരു കുറവും വരുന്നില്ല. 1995 ൽ 18രൂപക്ക് കിട്ടികൊണ്ടിരുന്ന മേൽ പറഞ്ഞ തരം വിറകിന് 32 ഉം 37 ഉം രൂപയായി വർദ്ധിച്ചിരിക്കുന്നു. റേഷൻ കടയിൽ മണ്ണെണ്ണ 2 രൂ 70 പൈ വിലയുള്ളപ്പോൾ പൊതുവിപണിയിൽ 12 ക യോളം ഒരു ലിറ്ററിന് വിലയാകുന്നുണ്ട്. പാചക വാതകത്തിനുള്ള

അപേക്ഷകരം കാലാകാലത്ത് പരിഗണിക്കപ്പെടാത്ത സ്ഥിതി നിലനില്ക്കുന്നു. മുൻകാലങ്ങളിൽ വനങ്ങളിൽ നിന്നും ലോറി കണക്കിന് വന്നുകൊണ്ടിരുന്ന വിറക് ഇന്ന് സർവ്വസാധാരണയായി കാണുന്നില്ല. അർക്കപ്പൊടി ഉപയോഗിച്ചുള്ള അടുപ്പുകരം ധാരാളമായി കാണുന്നുണ്ട്. എന്നാൽ ആധുനികരീതിയിലുള്ള പുകയില്ലാത്ത അടുപ്പുകരം വളരെ കുറവായെ ഉപയോഗിക്കുന്നുള്ളൂ.

ഇവിടത്തെ ഊർജ്ജപ്രതിസന്ധിക്ക് ഈ പ്രദേശത്തിൻെറ സാധ്യതകളും പ്രത്യേകതകളും കണക്കിലെടുത്ത് ഊർജ്ജം ഉല്പാദിപ്പിക്കുന്നതിനുള്ള സാധ്യതകളെ പറ്റി വിദഗ്ധമായ അന്വേഷണവും പഠനവും ആവശ്യമാണ്. ഈ പ്രദേശത്ത് മൂന്ന് നാലു പ്രൈവറ്റ് സ്ഥാപനങ്ങളിൽ ജനറേറ്റർ സ്ഥാപിച്ച് ഊർജ്ജം ഉൽപാദിപ്പിക്കുന്നുണ്ട്.

**നിർദ്ദേശങ്ങൾ** · ·

പുതിയ ട്രാൻസ്ഫോർമറുകരം (15 എണ്ണം) സ്ഥാപിക്കണം.

പുതിയ 11 KV ലൈൻ 7K.M സ്ഥാപിക്കണം. പുതിയ L.T ലൈൻ 25 K.M;

പുതിയ കണക്ഷനുകരം 3000 എണ്ണം

പുതിയ A.B സ്വിച്ച് 50 എണ്ണം

പഴയ 11 K.V പോസ്റ്റ് മാറ്റുവാൻ 100 എണ്ണം

പഴയ ദ്ധ പോസ്റ്റ് മാറ്റുവാൻ 500 എണ്ണം

പഴയ കമ്പികരം 11 K.V മാറ്റൽ 5 K.M

പഴയ L.T കമ്പികരം മാറ്റൽ 15 K.M

പഴയ സ്ട്രീറ്റ് ലൈറ്റുകരം മാറ്റൽ 500 എണ്ണം

പ്രശ്നപരിഹാരത്തിനുള്ള മറ്റു നിർദ്ദേശങ്ങരം പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകരം ഉപയോഗിച്ച് വൈദ്യുതി ഉൽപാദനം സാദ്ധ്യമാണോ എന്ന് പരിശോധിക്കണം. ബയോഗ്യാസ് പ്ലാൻറുകരം സ്ഥാപിക്കുന്നതിനെപ്പറ്റിയും സൗരോർജ്ജം ഉപയോഗിച്ച് വിദ്യുച്ഛക്തി ഉൽപാദനം നടത്തുന്നതിനെപ്പറ്റിയും പഠനം നടത്തേണ്ടതാണ്. പവ്വർ ജനറേറ്ററുകരം വലിയ വ്യവസായ കോംപ്ലക്സ് ലെവലിൽ നിർമ്മാണം നടത്തുന്നതിനെപ്പറ്റി ആലോചിക്കാവുന്നതാണ്. പുകയില്ലാത്ത അടുപ്പുകളെ സംബന്ധിച്ച് നിലവിലുള്ള ആക്ഷേപങ്ങളും സംശയങ്ങളും ദുരീകരിക്കുകയും ചെയ്യണം.

1995 - 96 വർഷം S/C , S/T വീടുപോലും വൈദ്യുതീകരിച്ചു കൊടുത്തിട്ടില്ല. പുകയില്ലാത്ത അടുപ്പുകരം വിദഗ്ദ്ധമായി നിർമ്മിച്ചുകൊടുക്കുന്നതിന് ഒരു പ്രസ്ഥാനംതന്നെ തുടങ്ങുന്നതു നന്നായിരിക്കും. ഭൂരിഭാഗം വരുന്ന സാധാരണക്കാർക്ക് ഇത്തരം അടുപ്പുകരം ലഭ്യമാക്കിയാൽ പാചക വാതകപ്രശ്നത്തിന് ഒരതിർത്തിവരെ പരിഹാരമാക്കാം.

ഗുണമേന്മ വർദ്ധിച്ചതും വൈദ്യുതിചെലവു കുറഞ്ഞതുമായ അനേർട്ടിൻെറ വൈദ്യുതി വിളക്കുകരം സബ്സിഡി നിരക്കിൽ വിതരണം നടത്താനുള്ള സംവിധാനം ഉണ്ടാക്കണം. അനേർട്ടിൻെറ സേവനങ്ങളെ സംബന്ധിച്ചുള്ള ബോധവത്ക്കരണ പരിപാടിയും സംഘടിപ്പിക്കേണ്ടതാണ്. 9–ാം പദ്ധതിയിൽ ഇക്കാര്യത്തിന് നല്ല പരിഗണന നല്കണം.

ചേർപ്പിൽ അനുവദിച്ചിട്ടുള്ള സബ്സ്റ്റേഷൻെറ നിർമ്മാണം എത്രയും വേഗം പൂർത്തീകരിച്ച് കണിമംഗലം നെടുപുഴ കോരംനിലങ്ങളിലേക്ക് പ്രത്യേക 11 KV ലൈൻവലിച്ച് ഇടയ്ക്കിടയ്ക്ക് ഉണ്ടാകുന്ന വൈദ്യുതി സ്തംഭനത്തിന് പരിഹാരം കാണേണ്ടതാണ്. കാർഷികമേഖലയിലെ പ്രവർത്തനങ്ങരംക്ക് ഇത് സഹായകമാകും.

## ഗതാഗതം

കൂർക്കഞ്ചേരി ഗ്രാമപഞ്ചായത്തിൻെറ നാല് വശങ്ങളിലും വിസ്തൃതമായ നെൽപ്പാടങ്ങളായിരുന്നു. ഈ നെൽപ്പാടങ്ങളിലേക്ക് കാർഷികാവശ്യങ്ങരംക്ക് പോകുന്നതിനും, വിത്തുകളും, വിളകളും കൊണ്ടുപോകുന്നതിനും, കൊണ്ടുവരുന്നതിനും വേണ്ടി ധാരാളം ചെറുവഴികരം രൂപപ്പെട്ടുവന്നു. പഞ്ചായത്തിൻെറ സാമ്പത്തിക പരിമിതികരം മൂലം ഈ റോഡുകരം കൂടുതൽ സഞ്ചാരയോഗ്യമാക്കാനോ, ആധുനീകരിക്കാനോ കഴിഞ്ഞിരുന്നില്ല. ഈ ഗ്രാമപഞ്ചായത്തിൻെറ കിഴക്കേ അതിർത്തിയിൽ തെക്കുവടക്കായി NH. 47 സ്ഥിതിചെയ്യുന്നു. ഗ്രാമപഞ്ചായത്തിൻെറ ഏതാണ്ട് മദ്ധ്യഭാഗത്ത് തൃശൂർ, കൊടുങ്ങല്ലൂർ P.W.D റോഡ് സ്ഥിതിചെയ്യുന്നു. അടുത്തകാലത്തായി പഞ്ചായത്തിൻെറ പടിഞ്ഞാറെ അരികിൽ വടക്കുനിന്ന് തെക്കോട്ട് പാറളം പഞ്ചായത്തിലേക്ക് സുഗമമായി യാത്രചെയ്യത്തക്കവണ്ണം ഒരു റോഡ് പണിതീർത്തിട്ടുണ്ട്. വാഹന ഗതാഗതത്തിന്വരെ ഈ റോഡ് നിർമ്മാണം സഹാ

യകരമായിട്ടുണ്ട്. പഞ്ചായത്തിൻെറ പടിഞ്ഞാറൻ ഭാഗത്തുള്ള കാർഷികമേഖലയും അതിൻെറ തെക്കൻ മേഖലയുമായി ബന്ധിപ്പിക്കുന്ന ഈ റോഡ് കാർഷികമേഖലക്കും ഗതാഗതമേഖലക്കും ഒരു മുതൽക്കൂട്ടായിട്ടുണ്ട്. അതുപോലെതന്നെ തൃശൂർപട്ടണത്തിലേക്കും പ്രാന്തപ്രദേശങ്ങളിലെക്കുമുള്ള യാത്ര സുഖകരമാക്കിയിരിക്കുന്നു. പ്രധാന റോഡുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന ചെറുതും വലുതുമായ ധാരാളം റോഡുകൾ പഞ്ചായത്ത് ഫണ്ട് കേന്ദ്രസംസ്ഥാന പദ്ധതി വിഹിതങ്ങളും ഉപയോഗിച്ച് നർമ്മിക്കുവാൻ കഴിഞ്ഞിട്ടുണ്ട്, പഞ്ചായത്തിൻെറ വടക്കും കിഴക്കുമുള്ള വയലേലകൾ നികത്തുക്യും അവിടങ്ങളിൽ വീടുകളും സ്ഥാപനങ്ങളും വരികയും ചെയ്തതോടെ പുതിയ പുതിയ റോഡുകൾ ധാരാളം നിർമ്മിക്കേണ്ടി വന്നിട്ടുണ്ട് ഈ പ്രവണത കച്ചവിഭാഗത്തിൽപ്പെടുന്ന റോഡുകൾ വിപുലപ്പെടുത്താനും പക്ക വിഭാഗത്തിൽപ്പെട്ട റോഡുകൾ കൂടുതൽ, കൂടുതൽ ആധുനീകരിക്കുവാനും നിർബന്ധിക്കപ്പെടുന്ന സാഹചര്യം ഉടലെടുത്തത്, കഴിഞ്ഞ 12 വർഷത്തിനുള്ളിൽ ഈ ഗ്രാമപഞ്ചായത്തിൽ റോഡുകളുടെ നിർമ്മാണ- നവീകരണപ്രക്രിയയിൽ ഒരു കുതിച്ചുചാട്ടംതന്നെ ഉണ്ടായിട്ടുണ്ട്. ഇവിടത്തെ റോഡുകളിൽ ബഹുഭൂരിപക്ഷവും മണ്ണ് റോഡുകളാണ്. മെറ്റലിങ്ങും ടാറിങ്ങും നടത്തിയിട്ടുള്ള റോഡുകൾ ഉൾപ്പെടെ ബഹുഭൂരിപക്ഷം റോഡുകളും താറുമാറായികിടക്കുന്ന സ്ഥിതിയാണ് ഉള്ളത്. ഗ്രാമപഞ്ചായത്തിൻെറ വടക്കേ അറ്റത്ത് 50 ഏക്കറോളം വരുന്ന നെൽപ്പാടങ്ങൾ തൃശൂർ നഗരവികസന അതോർട്ടിയുടെ നേതൃത്വത്തിൽ നികത്തി ഏതാണ്ട് 2 1/2കിമി. റോഡുകൾ 11 വർഷം മുമ്പ് പണികഴിപ്പിച്ചെങ്കിലും തുടർന്ന് യാതൊരു റിപ്പയറിങ്ങും നടത്താതിരുന്നതുമൂലം പ്രസ്തുതറോഡുകൾ സഞ്ചാരയോഗ്യമല്ലാതായിതീർന്നരിക്കുകയാണ്. തൃശൂർ ശക്തൻതമ്പുരാൻനഗറിൽ നിന്ന് തെക്കോട്ടുള്ള കട്ടപുറം ചിയ്യാരം ആലുംവെട്ടുവഴി റോഡ് ഇത് മൂലം വാഹനഗതാഗതം അസാദ്ധ്യമാക്കിത്തീർന്നിരിക്കുന്നു. J.R.Y. തുടങ്ങിയ പദ്ധതികളിലൂടെ നിർമ്മിക്കുന്ന റോഡുകളുടെ അറ്റകുറ്റപ്പണി നടത്തുവാൻ കഴിയാതെവരുന്നതുമൂലം അത്തരം റോഡുകളും തകർന്നസ്ഥിതിയിലാണ്. തൃശൂർ പട്ടണത്തോടടുത്തുകിടക്കുന്ന ഒരു ഗ്രമപഞ്ചായത്ത് എന്ന നിലയിൽ വാഹന ഗതാഗതവും ജനങ്ങളുടെ പോക്കുവരവും അനുദിനം എന്നോണം വർദ്ധിച്ചുവരുകയുംഈ ആവശ്യം നിറവേറ്റികൊടുക്കുവാൻ ഗ്രാമപഞ്ചായത്തിനുകഴിയാതെവരുകയും ചെയ്യുന്ന ഗുരുതരമായ സ്ഥിതിവിശേഷം നിലനൽക്കുകയാണ്. ഇതു ജനങ്ങളുടെ അനുദിനജീവിതത്തെ സാരമായി ബാധിക്കുന്നുണ്ട്. വാണിജ്യവ്യവസായ മേഖലകൾക്ക് റോഡുകളുടെ തകർച്ച വളരെയേറെ ദോഷംചെയ്തുകൊണ്ടിരിക്കുകയാണ്.

വിവിധതരത്തിലുള്ള 90.331 കി.മീറ്റർ റോഡുകൾ ഈ ഗ്രാമത്തിലുള്ളതായി കണക്കാക്കപ്പെടുന്നു. 36.331 കിമീ. കച്ച വിഭാഗത്തിലും 20 കിമീ. പക്ക വിഭാഗത്തിലും 10.6 കിമീ. ടാർ വിഭാഗത്തിലും 3 കിമീ. മെറ്റൽ വിഭാഗത്തിലും 17 കി.മീ. P.W.D വിഭാഗത്തിലും ആകെയുള്ള 282 റോഡുകളാൽ 248 എണ്ണം പക്കവിഭാഗത്തിലും 3 എണ്ണം മെറ്റൽ വിഭാഗത്തിലും 31 എണ്ണം ടാർ വിഭാഗത്തിലും പെടുന്നു. ടാർ റോഡുകളിൽ 4 എണ്ണം P.W.D. വകയാണ്. 1989 –90 മുതൽ J.R.Y. പദ്ധതിപ്രകാരം റോഡ്, തോട്, ഡ്രെയിനേജ് എന്നീവിഭാഗങ്ങളിലായി 1937612 രൂപ ഈ ഗ്രാമപഞ്ചായത്തിൽ ചിലവ് കഴിച്ചിട്ടുണ്ട്. 1993–94 മുതൽ 95–96 വരെയുള്ള കാലഘട്ടത്തിൽ പഞ്ചായത്തു ഫണ്ടിൽ നിന്ന് 24,23,705 ക. 35 പ. ചിലവാക്കിയിട്ടുണ്ട്. പട്ടികജാതി, പട്ടികവർഗ്ഗവിഭാഗങ്ങളുടെ കോളനികളിലേക്കുള്ള റോഡുകൾ മൊത്തത്തിൽ നവീകരിക്കേണ്ടതുണ്ട്.

ചെറുതും വലുതുമായ 26 പാലങ്ങൾ ഗ്രാമ പഞ്ചായത്ത് അതിർത്തിയിലുണ്ട്, പാലങ്ങളുടെ വൈവിദ്ധ്യം കാണിക്കുന്ന ഒരു പട്ടിക ചുവടെ ചേർക്കുന്നു.

1. റെയിൽവേ ഓവർ ബ്രിഡ്ജുകൾ – 2 എണ്ണം
2. ഇറിഗേഷൻ പാലങ്ങൾ – 8 എണ്ണം (K.L.D.C' മൈനർ ഇറിഗേഷൻ)
3. പഞ്ചായത്ത് റോഡുകളിലുള്ളവ – 15 എണ്ണം
4. P.W.D' വക – 1 എണ്ണം

ഈ പഞ്ചായത്തിൻെറ പടിഞ്ഞാറ് ഭാഗത്ത് തൃശൂർ നിന്ന് എറണാകുളത്തേക്കുള്ള റെയിൽവേ ലൈൻ സ്ഥിതിചെയ്യുന്നു. ഏകദേശം 4 കി. മീ. ഉണ്ടാവും. 1930 കാലഘട്ടത്തിലാണ് ഇതിലെ റെയിൽവേലൈൻ സ്ഥാപിച്ചത്. ഈ. പ്രദേശത്തെ ജനങ്ങളുടെ യാത്രാസൗകര്യങ്ങൾ, വാണിജ്യവ്യവസായങ്ങൾ എന്നിവയ്ക്ക് പ്രയോജനകരമായിട്ടുണ്ട്. രണ്ട് റെയിൽവേ ഗെയ്ററുകളാണ് പ്രധാനമായി ഈ ഭാഗത്ത് ഉള്ളത്. വടുക്കര, നെടുപുഴ എന്നീ ഭാഗങ്ങളിൽ ഓവർ ബ്രിഡ്ജുകൾ സ്ഥാപിച്ചാൽ മാത്രമേ ജനസാന്ദ്രതയുള്ള ഈ പ്രദേശത്തെ പ്രാദേശിക ഗതാഗതം സുഖകരമാകുകയുള്ളു. അരണാട്ടുകര – വടൂക്കര

റോഡിൻെറ ശോചനീയാവസ്ഥ പരിഹരിക്കേണ്ടതാണ്.

വാർഡ് തിരിച്ചുള്ള റോഡുകളുടെ പട്ടിക അന്യത്ര ചേർക്കുന്നു.

ചിലവാർഡുകളിൽ ആവശ്യമുള്ള റോഡുകൾ ഇല്ല. എല്ലാറോഡുകളുടേയും വശങ്ങളിൽ ഉറപ്പായ കാന കെട്ടുകയും നീരൊഴുക്കിൻെറ ശക്തി മനസ്സിലാക്കി കാനയുടെ ആഴവും വീതിയും തിട്ടപ്പെടുത്തി കാന പണിനടത്തണം. അറ്റകുററപ്പണികൾ അടിയന്തിരമായി നടത്തേണ്ട സമാന്തരറോഡുകൾ താഴെപറയുന്നവയാണ്.

T.B റോഡ്

1. കട്ടപ്പുറം – ചിയാരം ആലുംവെട്ടുവഴി റോഡ്
2. S.N. ഹൈസ്ക്കൂൾ റോഡ്
3. പോപ്പ്ജോൺ റോഡ്
4. മാർതിമോത്തിയോസ് റോഡ് (ചാലിശ്ശേരി അങ്ങാടി)
5. സെൻറ്പോൾസ് റോഡ്
6. മുടപ്പിലായി റോഡ്
7. മാധവപുരം റോഡ്
8. ചിയാരം കണിമംഗലം റോഡ്
9. ഊരാളത്തു റോഡ്
10. ഹെൽത്ത് ഹൗസ് റോഡ്
11. മിനി സ്റ്റേഡിയം റോഡ്
12. കാപ്പ് റോഡ്
13. മനവഴി
14. അയ്യപ്പൻകാവ്
15. ശ്മശാനംകാവ്
16. പുലരിറോഡ്

എന്നിവയാണ് അടിയന്തിരമായി നന്നാക്കേണ്ട റോഡുകൾ മുപ്പതുകിലോമീറ്റർ ദൂരത്തിൽ ഓടകൾ നിർമ്മിക്കേണ്ടതുണ്ട്.

മലിനജലം ഒഴുക്കിക്കളയുന്നതിനുതകുന്ന കൾവർട്ടുകൾ അമ്പതോളം ഭാഗങ്ങളിൽ നിർമ്മിക്കേണ്ടതുണ്ട്.

സ്വകാര്യവ്യക്തികൾ കൈവശപ്പെടുത്തിയിട്ടുള്ള റോഡുഭാഗങ്ങൾ അടിയന്തിരമായി റീണ്ടെടുക്കാനുള്ള നടപടികൾ സ്വീകരിക്കണം. റോഡുകൾ വൃത്തിയായി സൂക്ഷിക്കാൻ ജനങ്ങളെ ബോധവൽക്കരിക്കുന്ന നടപടികൾ പഞ്ചായത്ത് നേതൃത്വത്തിൽ സ്വീകരിക്കണം.

പുതുതായി ചിയ്യാരം പഴമുനുക്കുറോഡിൽ റോഡിൻെറ പണിപൂർത്തിയാക്കണം. കണിമംഗലം മുല്ലയ്ക്കൽ ക്ഷേത്രം റോഡ് ബന്ധിപ്പക്കണം. ക്യൂൻ മേരീസ് കോൺവെൻറിനു മുൻവശം, ചിയാരം, സൗത്തുമുനയം, കണിമംഗലം, ബണ്ട്റോഡ് നിർമ്മിക്കണം. ശ്രീധരമംഗലം – കടമ്പാങ്കണ്ടം ബണ്ടുറോഡ് (5ഉം 7ഉം വാർഡുകൾ ബന്ധിപ്പിക്കുന്നത്) അയ്യപ്പൻകാവ്, ഒല്ലൂക്കാവ്, മാധവപുരം, ഇടത്തിൽ ലയിൻ തുടങ്ങിയ ഇടങ്ങളിൽ മെയിൻ റോഡ് നിർമ്മിക്കണം. കണ്ണൻകുളങ്ങര തുരുത്തുറോഡും കുരുയച്ചിറ ശ്മശാനം റോഡുമായി ബന്ധിപ്പക്കുന്നറോഡ് നിർമ്മിക്കണം. കുരിയച്ചിറ ചാലശ്ശേരിറോഡും യൂണിറ്റി റോഡും തമ്മിൽ ബന്ധിപ്പിക്കുന്ന ബണ്ടുറോഡ് ഉണ്ടാക്കണം.

പടത്തലക്കുളം എടക്കാടൻറോഡിൽ നിന്നും ഗായത്രി അവന്യൂറോഡിലേക്കുള്ള തടസ്സങ്ങൾമാറ്റി കണ്ണൻകുളങ്ങര J.R.Y റോഡിലേക്കുകടക്കാനുള്ള സൗകര്യം പഞ്ചായത്തിടപെട്ട് ഉണ്ടാക്കണം. 15–ാംവാർഡ് പോസ്റ്റാഫീസ് റോഡിൽ 8 മീറ്റർ പാലം അടിയന്തിരമായി നിർമ്മിക്കണം. P.W.D. റോഡാണ്.

വാഹനഗതാഗതം ഈ പ്രദേശത്തു വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ബസ്സ് സർവ്വീസുകളിൽ പ്രൈവറ്റുബസ്സുകളാണ് ഗ്രാമാന്തർഭാഗങ്ങളിലേക്കു സർവ്വീസ് നടത്തുന്നത്. കൂർക്കഞ്ചേരി ഗ്രാപഞ്ചായത്തിലൂടെ കടന്നുപോകുന്ന KSRTC സാധാരണ സർവ്വീസുകൾ ശരിയായും കൃത്യമായും ഓടിക്കാറില്ല. നെടുപുഴ, അമ്മാടം, കുണ്ടോളിക്കടവ് തുടങ്ങിയ സ്ഥലങ്ങളിലേക്കുള്ള KSRTC സർവ്വീസുകൾ കൃത്യമായി അയയ്ക്കാൻ ആവശ്യപ്പെടേണ്ടതുണ്ട്. കൂടാതെ വടൂക്കര, ചിയാരംവഴി പുതുക്കാട് KSRTC സർവ്വീസുകൾ തുടങ്ങണം. അരണാട്ടുകര, വടൂക്കര, കണ്ണംകുളങ്ങര വഴി ബസ് സർവ്വീസ്. അങ്ങിനെ ഗതാഗതങ്ങൾക്ക് പുതിയ ബസ്റൂട്ട് ഏർപ്പെടുത്തണം. ഓട്ടോറിക്ഷയാണ് യാത്രക്കുള്ള ഒരു സുപ്രധാന മാധ്യമമായി ആളുകൾ കാണുന്നത്. ടി സർവ്വീസിൻെറ കാര്യക്ഷമത വർദ്ധിപ്പക്കാൻ എന്തെല്ലാം നടപടികൾ രൂപീകരിക്കണമെന്ന് ആലോചിക്കേണ്ടതാണ്. കാറ് തുടങ്ങിയ ലൈറ്റ് മോട്ടോറുകൾ, ലോറികൾ ഒക്കെത്തന്നെ ഇവിടുത്തെ റോഡുഗതാഗത ശൃംഖലയിൽ ഗണ്യമായ സേവനം കാഴ്ചവയ്ക്കുന്നുണ്ട്. ഗതാഗതമേഖലയിലെ വളർച്ചാ വികസന പ്രവർത്തനങ്ങളിലെക്ക് കാര്യക്ഷമമായി തിരിച്ചുവിടാൻ എങ്ങിനെ കഴിയുമെന്നു പരിശോധിക്കേണ്ടതാണ്.

## വാർഡ് 1 റോഡുകൾ

| | |
|---|---|
| 1. കണിമംഗലം - ചിയ്യാരം റോഡ് | 700 മീ പക്ക |
| 2. കണിമംഗലം - ചിയ്യാരം ബ്രാഞ്ച് റോഡ് | 50 മീ ,, |
| 3. ,, ,, റോഡ് II | 100 മീ ,, |
| 4. മാളിയേക്കൽ (മഹിളാസമാജം) റോഡ് | 500 മീ ,, |
| 5. വലിയാലക്കൽ കിഴക്കേനട റോഡ് | 200 മീ ,, |
| 6. മാളിയേക്കൽ ബ്രാഞ്ച് നം. 1 | 100 മീ ,, |
| 7. ,, ,, നം.2 | 100 മീ ,, |
| 8. പെരുമ്പിള്ളികുളം റോഡ് | 300 മീ ,, |
| 9. തിരുനിലത്തിൽ കാരമുക്കു റോഡ് | 500 മീ ,, |
| 10. ഓലക്കടറോഡ് | 300 മീ ,, |
| 11. ഓലക്കടബ്രാഞ്ച് റോഡ് | 100 മീ ,, |
| 12. മ ണ റോഡ് | 400 മീ ടാർ |
| 13. വേലൻസ് റോഡ് | 400 മീ പക്ക |
| 14. വേലൻസ് ബ്രാഞ്ച് റോഡ് | 200 മീ ,, |
| 15. പുത്തൻപുരയ്ക്കൽ റോഡ് | 100 മീ ,, |
| 16. വലിയാലക്കൽ തെക്കേനട റോഡ് | 200 മീ ,, |
| 17. കല്ലോരകമ്പനി റോഡ് | 150 മീ ,, |
| 18. SN കോളനി റോഡ് പടിഞ്ഞാറ് നം.1 | 200 മീ ,, |
| 19. ,, നം.2 | 300 മീ ,, |
| 20. കടവിറോഡ് | 150 മീ ,, |
| 21. അയ്യപ്പൻകാവ് റോഡ് | 200 മീ ,, |
| 22. റെയിൽവെ ലിയൻ റോഡ് | 150 മീ ,, |
| 23. NSS റോഡ് | 100 മീ |

## വാർഡ് 2 റോഡുകൾ

| | |
|---|---|
| 1. മങ്കുഴി റോഡ് | 300 മീ ടാർ |
| 2. കോൺവെൻറ് റോഡ് | 700 മീ പക്ക |
| 3. പഴയഗേറ്റ് റോഡ് | 110 മീ ടാർ ഫലട |
| 4. കല്ലാറ്റു റോഡ് | 120 മീ പക്ക |
| 5. ശ്മശാനം റോഡ് | 300 മീ പക്ക |
| 6. പുലരി റോഡ് | 200 മീ പക്ക |
| 7. സ്റ്റെയിൽസ് റോഡ് | 300 മീ ടാർ PWD |
| 8. ഊക്കൻസ് - തച്ചാറ റോഡ് | 275 മീ പക്ക |
| 9. പനോക്കാരൻ റോഡ് | 700 മീ ടാർ |
| 10. പനോക്കാരൻ ബ്രാഞ്ച് റോഡ് 1 | 250 മീ പക്ക |
| 11. പനോക്കാരൻ ബ്രാഞ്ചു റോഡ് 1 | 250 മീ പക്ക |
| 12. വർക്കേഴ്സ് നഗർ റോഡ് | 250 മീ പക്ക |
| 13. ശങ്കരത്തു റോഡ് | 150 മീ പക്ക |
| 14. മങ്കുഴി ബ്രാഞ്ച് റോഡ് | 200 മീ പക്ക |
| 15. കോൺവെൻറ് സബ്ബ് റോഡ് | 150 മീ |
| 16. ശിവകൊട്ടാരം റോഡ് | |
| 17. പനമുക്ക് റോഡ് | |
| 18. താഴത്തുപുര റോഡ് | |

19. തോട്ടപ്പുള്ളി റോഡ്
20. മുല്ലക്കൽ റോഡ്
21. തച്ചാറ ലയിൻ
22. സ്റ്റെയിൻസ് സബ്റോഡ്

**വാർഡ് 3 റോഡുകൾ**

| | |
|---|---|
| 1. കർഷകനഗർ റോഡ് | 500മീ |
| 2. ശാന്തി നഗർ റോഡ് | 500 മി |
| 3. ഫ്രൻസ് നഗർ റോഡ് | 150 മീ |
| 4. ഗാന്ധിനഗർ റോഡ് (മാമ്പഴകാട്) | 750 മീ |
| 5. ദാമോദരൻ റോഡ് | 150 മീ |
| 6. മൂപ്പാടം ലൈൻ | 150 മീ |
| 7. രാജൻ കൈമാം വഴി | 200 മീ |
| 8. സംഗമം വഴി | 150 മീ |
| 9. കപ്പോളവഴി (പാറപ്പുറം വരെ) | 300 മീ |
| 10. ഊരാളത്തു വഴി | 250 മീ |
| 11. ഊരാളത്തു സബ്ലൈൻ | 75 മീ |
| 12. തയ്യിൽ ലൈൻ | 150 മീ |
| 13. മാമക്കുട്ടി ലൈൻ (മുല്ലക്കൽ വഴി) | 200 മീ |
| 14. ഹർബർട്ട് നഗർ കോളനിറോഡ് | 150 മീ |
| 15. ഹർബർട്ട് നഗർ അമ്പലം വഴി | 50 മീ |
| 16. ഹർബർട്ട് ബ്രാഞ്ച് വഴികാം | |
| 17. റെയിൽവേ പാത വഴികാം | |
| 18. കുമാർ പുതുവീട്ടിൽ വഴി | |
| 19. വി.കെ. തങ്കപ്പൻ വഴി | |
| 20. തെക്കെയ്യിൽ സുബ്രമ്മ്യൻ വഴി | |
| 21. ചെമ്പൂരി വഴി | |
| 22. വട്ടുവംകുളം വഴി (പനമുക്ക് പാറപ്പുറം) | 100 മീ |
| 23. കടാംകുളം വഴി | |
| 24. പുത്തൻകുളം വഴി | |

**4-ാം വാർഡ് റോഡുകൾ ടാറിങ്ങ് റോഡ്**

1. കരുതല വട്ടപ്പിന്നി റോഡ്
2. കപ്പോള സേലം വഴി

മണ്ണ് റോഡുകാം

3. കരുതലപടിഞ്ഞാറെ വഴി
4. പുത്തൻ കുട്ടി കായൽ വഴി
5. മംഗലംകോളനി വഴികാം (2)
6. മിനി സ്റ്റേഡിയം റോഡ്
7. കല്ലംകാട് റോഡ്
8. വെളുത്തേടത്ത് റോഡ്
9. താവർണ്ണ കോാം വഴി
10. തുരത്ത് റോഡ്
11. സ്റ്റേഡിയത്തിൻെറ പടിഞ്ഞാറെ വഴി
12. ലക്ഷം വീട് വഴി
13. ഫേഷൻ കോളനി

14. ജെ.ബി. സ്കൂറം വഴി
15. തരകൻ മൂല വഴി
16. കാത്തലിക് അസോസിയേഷൻ പടിഞ്ഞാറെ വഴി
17. ജോസൻ സൗണ്ട് വഴി (പുത്തൻകോറം വഴി )
18. ചീനിക്കൽ വഴി
19. ശ്മശാനം വഴി
20. കരുവൻസ് റോഡ്

## വാർഡ് 5 റോഡുകൾ

1. കസ്തൂർബ ഗ്രാം റോഡ് (നെടുപുഴ റെയിൽവേ ഗേറ്റ് മുതൽ പടിഞ്ഞാട്ട് പോയി കസ്തൂർ ബാ റോഡുവരെയും തെക്കോട്ട്തിരിഞ്ഞ് നെടുപുഴ റോഡ് വരേയും. 600 മീ. ടാർ
2. ശങ്കരത്ത് റോഡ് (കസ്തൂർബാ ഗ്രാം റോഡിൽ നിന്ന് തുടങ്ങി വടക്കോട്ട് തിരിഞ്ഞ് റെയിൽ പാതവരെ) 400 മീ. പക്ക
3. പാറപ്പുറം റോഡ് (കസ്തൂർബ മുതൽ ആറ്റുവേപ്പിൽ ഗംഗാധരൻെറ വീടുവരെ ) 300 മീ പക്ക
4. സാഗർ നഗർ റോഡ് (കസ്തൂർബ റോഡിൽ നിന്ന് കിഴക്കോട്ട് പോകുന്ന വഴി) 300 മീ. പക്ക
5. വടക്കേനട റോഡ് (വട്ടപ്പൊന്നി അമ്പലത്തിൻെറ വടക്കേ ഭാഗത്തുനിന്ന് വടക്കോട്ട് പോയി വടൂക്കര പാടം വരേയും കിഴക്കോട്ട് ശ്രീധരമംഗലം അമ്പലം വരെയും) 500 മീ. പക്ക
6. എ.കെ.ജി. നഗർ റോഡ് (എ.കെ.ജി. വഴിയിൽ നിന്ന് വടക്കോട്ട് തുടങ്ങി വടൂക്കര പാടം വരേയും) 300 മീ. പക്ക
7. മങ്കുഴി റോഡ് (എ.കെ.ജി. വഴിയിൽ നിന്ന് പാടത്തേക്ക് തുടങ്ങി വടൂക്കര പാടം വരേയും) 300 മീ. പക്ക
8. നെടുപുഴ വടൂക്കര ബണ്ട് റോഡ് 100 മീ. പക്ക
9. കാപ്പ് റോഡ് (നെടുപുഴ പള്ളിയുടെ പടിഞ്ഞാറു ഭാഗത്തിനിന്ന് തെക്കോട്ടു പോയി പടിഞ്ഞാട്ട് തിരിഞ്ഞ് കാപ്പ് കോറം പടവു വരെ) 800 മീ. പക്ക
10. ശവക്കോട്ട റോഡ് (കാപ്പ് റോഡിൽ നിന്ന് തെക്കോട്ട് പോയി മാധവൻെറ വീടുവരെ) 1 കിമീ. പക്ക
11. കൊമ്പൻെറ റോഡ് (നെടുപുഴ) 150 മീ. പക്ക
12. കൊട്ടിയാടൻ മാധവൻ റോഡ് (കാപ്പ് റോഡിൽ നിന്നു തെക്കോട്ടുപോയി മാധവൻെറ വീടു വരെ) 150 മീ. പക്ക
13. കെ.കെ. ബാലകൃഷ്ണൻ മാസ്റ്ററുടെ വീടിൻെറ പടിഞ്ഞാറ് ഭാഗത്തുകൂടി തെക്കോട്ടുപോയി പടിഞ്ഞാട്ട് തിരിഞ്ഞ് പഞ്ചൻ കൊച്ചുണ്ണിയുടെ വീടുവരെയും കിഴക്കോട്ടുപോയി ഷാപ്പ് റോഡ് വരെയും) 600 മീ. കച്ച പക്ക
14. പോലീസ് കൊച്ചുണ്ണിയുടെ വീട്ടിലേക്ക് പോകുന്ന വഴി റോഡ് 100 മീ. പക്ക
15. ദുർഗ്ഗക്ഷേത്രത്തിലേക്കുള്ള റോഡ് 125 മീ. പക്ക
16. ശ്രീ ദുർഗ്ഗക്ഷേത്രത്തിൻെറ കിഴക്കോട്ട് പോയി തെക്കോട്ടു തിരിഞ്ഞു ചുറ്റി കാപ്പ് റോഡ്വരെ 750 മീ. പക്ക
17. മൽസ്യതൊഴിലാളി യൂണിയൻ ഓഫീസ് റോഡും 150 മീ. പക്ക
(മെയിൻ റോഡിൽ നിന്ന് തെക്കോട്ട് പാടം വരെ)
18. മദാമ്മ തോപ്പ് റോഡ് 700 മീ. ടാർ
19. മേലേപ്പുര താഴം റോഡ് (തോപ്പ് റോഡിൽ നിന്ന് തെക്കോട്ട് പാടം വരെ) 250 മീ. പക്ക
20. കൊര റീട്ടിൽ ശങ്കരൻെറ വീടുമുതൽ പാടംവരെയുള്ള തോപ്പ് റോഡിൻെറ തെക്കോട്ട് വരെ. 250 മീ. പക്ക
21. മദാമ്മ തോപ്പിൻെറ സൈഡ് റോഡ് (തോപ്പ് റോഡിൽ നിന്ന് തുടങ്ങി തെക്കോട്ട് കള്ളിക്കാടൻ അന്തോണിയുടെ വീടുവരേയും പടിഞ്ഞാറ് കോരപ്പൻ മാധവൻെറ വീട്വരേയും. 350 മീ. പക്ക.

## വാർഡ് 6 റോഡുകൾ

| | |
|---|---|
| 1. വർക്കേഴ്സ് നഗർ റോഡ് | 200 മീ. പക്ക |
| 2. നിർമ്മലപുരം റോഡ് | 600 മീ. ടാർ |
| 3. വില്ലേജ് ഓഫീസ് റോഡ് | 150 മീ. പക്ക |
| 4. നിർമ്മലപുരം ബ്രാഞ്ച് റോഡ് നം.1 | 100 മീ. പക്ക |
| 5. , , നം. 2 | 100 മീ. പക്ക |
| 6. മനവഴി റോഡ് | 400 മീ. , , |
| 7. മനവഴി ബ്രാഞ്ച് റോഡ് | 150 മീ. , , |
| 8. മാധവൻ നായർ റോഡ് | 300 മീ. , , |
| 9. ജവാൻ റോഡ് | 400 മീ. , , |
| 10. കൊടപ്പുള്ളി റിംഗ് റോഡ് | 300 മീ. ടാർ |
| 11. പാണഞ്ചേരി റോഡ് | 300 മീ. പക്ക |
| കുറുപ്പത്തുതോപ്പു റോഡുകരം | |
| 12. മുസ്ലീം പള്ളി റോഡ് | 200 മീ. പക്ക |
| 13. അയ്യഞ്ചിറ റോഡ് | 300 മീ. , , |
| 14. അശോക് ആർട്ട്സ് റോഡ് | 100 മീ. , , |
| 15. വാലപ്പറമ്പിൽ റോഡ് | 100 മീ. , , |
| 16. HMC റോഡ് | 300 മീ. , , |
| 17. ശാന്തി ഗ്രാം റോഡ് | 350 മീ. , , |
| 18. എലൈറ്റ് മിഷൻ റോഡ് | 200 മീ. ടാർ |

## വാർഡ് 7 റോഡുകൾ

| | |
|---|---|
| 1. വിവേകാനന്ദ ലെയിൽ (മണ്ണുത്തി ലെയിൻ) | 250 മീ. പക്ക |
| 2. മൂത്തേടത്തു ലെയിൻ (ഗാന്ധിനഗർ) | 300 മീ. , , |
| 3. ശാന്തി നഗർ | |
| 4. ശാന്തി നഗർ IInd | |
| 5. കടമ്പാംകണ്ടത്തു റോഡ് | 300 മീ. ടാർ |
| 6. കടമ്പാം കണ്ടത്തു ബ്രാഞ്ച് റോഡ് | 100 മീ. പക്ക |
| 7. സെറ്റിൽമെൻറു കോളനി റോഡ് | 400 മീ. , , |
| 8. അയ്യപ്പൻകാവു റോഡ് | 500 മീ. , , |
| 9. അയ്യപ്പൻകാവ് ബ്രാഞ്ച് റോഡ് | 150 മീ. , , |
| 10. , , 3 സെൻറു കോളനി | 150 മീ. , , |
| 11. ലക്ഷം വീട് കോളനി റോഡ് | 150 മീ. , , |
| 12. സ്വതന്ത്ര നഗർ റോഡ് | 300 മീ. , , |
| 13.പ്ലാസ്റ്റിക് എൻജിനിയറിംഗ് കമ്പനി റോഡ് | 300 മീ. പക്ക |
| 14. തത്തപ്പുഴ റോഡ് | 200 മീ. , , |
| 15. ഗുരുമന്ദിരം റോഡ് | 300 മീ. , , |
| 16. കെ. എസ്.കെ. റോഡ് | 60 മീ. , , |
| 17. ഇന്ദിരാ റോഡ് | 70 മീ. , , |
| 18. കൃഷ്ണപിള്ളനഗർ റോഡ് | 100 മീ. , , |
| 19. മിനർവാ ക്ലബ്ബ് റോഡ് | 100 മീ. , , |
| 20. കുടപ്പുള്ളി റോഡ് | 1 കിമീ. ടാർ |
| 21. വടൂക്കര - നെടുപുഴ റോഡ് | 700 മീ. ടാർ |

22. ഒറ്റാലി റോഡ് 200 മീ. പക്ക
23. പാറച്ചാൽ റോഡ് 100 മീ. , ,

## വാർഡ് 8 റോഡുകൾ

1. വീണ തിയ്യേറ്റർ മുതൽ ശവക്കോട്ടറോഡ് വഴി കടവ് റോഡ് വരെ 1 1/2 കിമീ. പക്ക
2. എസ്.എൻ നഗർ റോഡ് 1 1/2 കിമീ പക്ക
3. എസ്.എൻ. ക്ലബ്ബ് റോഡ് 150 മീ. പക്ക
4. കൊള്ളിപറമ്പ് റോഡ് 1 കിമീ. , ,
5. ചന്ദ്രിക റോഡ് 500 മീ. പക്ക
6. തോപ്പിൽ റോഡ് പക്ക
7. തോപ്പിൽ വേലായുധൻ റോഡ് 125 മീ. പക്ക
8. പുത്തകുളം റോഡ് 150 മീ. പക്ക
9. തോപ്പിൽ ആണ്ടി ഗംഗാധരൻ റോഡ് 125 മീ. പക്ക
10. എം.കെ. റോഡ് 150 മീ. പക്ക
11. മിനർവ റോഡ് 125 മീ. പക്ക
12. മിനർവ ബ്രാഞ്ച് റോഡ് 200 മീ. പക്ക
13. കാഞ്ഞിരത്തിങ്കൽ റോഡ് 500 മീ. പക്ക
14. കാഞ്ഞിരത്തിങ്കൽ ബ്രാഞ്ച് റോഡ് 100 മീ. പക്ക
15. പള്ളിപറമ്പ് റോഡ് 325 മീ. പക്ക
16. തൃത്താണി റോഡ് 125 മീ പക്ക
17. പ്ലാശേരി റോഡ് 350 മീ. പക്ക
18. തോപ്പിൽ ഗിരിജൻ റോഡ് 300 മീ. പക്ക
19. പ്ലാശ്ശേരി ബ്രാഞ്ച് റോഡ് 100 മീ. പക്ക
20. അരണാട്ടുകര കടവ് റോഡ് 400 മീ. ടാർ

## വാർഡ് 9 റോഡുകൾ

1. കട്ടപ്പുറം TB റോഡ് 800 മീ. ടാർ
2. മുണ്ടുപാലം - ബാല്യ ഹോസ്പിറ്റൽ റോഡ് മെറ്റൽ ▪ പക്ക
3. കട്ടപ്പുറം -ചിയ്യാരം ആലുംവെട്ടുവഴി റോഡും അനുബന്ധ കസ്തൂർബാ റോഡും 1 1/2 കിമീ. ടാർ
4. കണ്ണൻ കുളങ്ങര Jry റോഡ് 750 മീ. ടാർ
5. വിജയ ദീപം റോഡ് 550 മീ. പക്ക
6. ആറങ്ങോട്ട് റിംഗ് റോഡ് (വിജയ ദീപം റോഡിൽ നിന്നും പടിഞ്ഞാറോട്ട് ആറെക്കാട്ടു വീടുവരെയും അനുബന്ധ റിംഗ് റോഡ് വിജയദീപം റോഡു വരെയും) 600 മീ. പക്ക
7. താഴത്തു വീട്ടിൽ റോഡ് (വിജയ ദീപം റോഡിൻെറ കിഴക്കു ഭാഗം വടക്കോട്ട് കോട്ടിയാട്ടിൽ സത്യൻെറ വീടിനടുത്തുവരെ. 535 മീ.പക്ക
8. വെളുത്തേടത്തു പറമ്പിൽ റോഡ് 70 മീ. , ,
9. മുള്ളങ്കുഴി റോഡ് 60 മീ. , ,
10. പാറപ്പുറം കോശ്ശേരി മന റോഡ് 1 കിമീ. മെറ്റൽ
11. പാടത്തലകുളം റോഡ് 350 മീ. പക്ക
12. പാടത്തലകുളം- എടക്കാടൻ റോഡ് 150 മീ. പക്ക
13. തേക്കാമംഗലം റോഡ് 50 മീ. പക്ക
14. കാരാപ്പറമ്പിൽ റിംഗ് റോഡ് 600 മീ. , ,
15. മേൽവീട്ടിൽ റോഡ് 400 മീ. , ,
16. പെരിയത്ര ലെയിൻ 450 മീ. , ,
17. കോലഴിക്കാരൻ റോഡ് 560 മീ. , ,
18. കോലഴിക്കാരൻ ബ്രാഞ്ച് റോഡ് നോർത്ത് 50 മീ. പക്ക

| | |
|---|---|
| 19. കോലഴിക്കാരൻ ബ്രാഞ്ച് റോഡ് സൗത്ത് | 300 മീ. പക്ക |
| 20. കോലഴിക്കാരൻ ബ്രാഞ്ച് റോഡ് ഈസ്റ്റ് | 60 മീ. പക്ക |
| 21. നാട്ടർ ടാങ്കു റോഡ് | 400 മീ. പക്ക |
| 22. ഗായത്രി അവന്യു | 160 മീ. |
| 23. പടത്തലകുളം റോഡ് | 150 മീ. |
| 24. ഗാലക്സി സ്ട്രീറ്റ് | 160 മീ. |

(കൂടാതെ ഗ്രാമപഞ്ചായത്തിൻെറ അംഗീകാരമില്ലാതെ TB റോഡിൽ നിന്നും ബാല്യ ഹോസ്പിറ്റൽ വരെയുള്ള ഒരു റോഡ് TUDAയുടെ ആഭിമുഖ്യത്തിൽ നിർമ്മാണം നടത്തി വരുന്നു)

**വാർഡ് 10 റോഡുകൾ**

| | |
|---|---|
| 1. തുരുത്തു റോഡ് | 500 മീ. ടാർ |
| 2. എസ്. ജി. കോളനി റോഡ് | 100 മീ. പക്യക |
| 3. വളപ്പില റോഡ് | 200 മീ. , , |
| 4. തൃപ്പാക്കൽ റോഡ് | 200 മീ. , , |
| 5. ചാത്തുണ്ണി മാസ്റ്റർ റോഡ് | 200 മീ. , , |
| 6. കോട്ടിയാട്ടിൽ റോഡ് | 100 മീ. , , |
| 7. SNDP റോഡ് | 100 മീ. , , |
| 8. കെ.കെ. സിദ്ധാർത്ഥൻ മെമ്മോറിയൽ റോഡ് | 250 മീ. , , |
| 9. പറമ്പത്തു റോഡ് | 150 മീ. , , |
| 10. ഗുരുനഗർ റോഡ് | 150 മീ. , , |
| 11. S.N നഗർ റോഡ് | 300 മീ. , , |
| 12. SN നഗർ ബ്രാഞ്ച് റോഡ് | 150 മീ. , , |
| 13. കൂട്ടാല റോഡ് | 200 മീ. , , |
| 14. ഐക്യ നഗർ | 300 മീ. , , |
| 15. തടത്തിൽ ചാല് റോഡ് | 200 മീ. , , |
| 16. കറപ്പൻ നഗർ റോഡ് | 150 മീ. , , |
| 17. സെൻററ് മേരീസ് | 700 മീ. , , |
| 18. കരിമ്പറ്റ തോപ്പു റോഡ് | 300 മീ. , , |
| 19. ലക്ഷം കോളനി റോഡ് | 100 മീ. , , |
| 20. തടത്തിൽ റോഡ് (സെൻററ് ജോസഫ് ) | 250 മീ. ടാർ |
| 21. സെൻററ് ജോസഫ് റോഡ് (പൊന്നേകക്കൽ) | 400 മീ. ടാർ |
| 22. പോപ്പുജോൺ റോഡ് | 400 മീ. പക്ക |
| 23. സെൻററ് ജോൺ റോഡ് | 400 മീ. പക്ക |
| 24. സെൻററ് ജോൺ ബ്രാഞ്ച് റോഡ് | 200 മീ. പക്ക |
| 25. വില്ലേജ് ഓഫീസ് റോഡ് | 300 മീ. , , |
| 26. ശ്രീ ശങ്കര റോഡ് | 250 മീ. , , |
| 27. തുരുത്തിൽ കോളനി റോഡ് | 150 മീ. |

**വാർഡ് 11 റോഡുകൾ**

| | |
|---|---|
| 1. ചിയാരം - കുരിയച്ചിറ റോഡ് | 400 മീ. ടാർ PWD |
| 2. മണലിപ്പാടം വെസ്റ്റ് റോഡ് | 200 മീ. പക്ക |
| 3. സെൻററ് പോാംസ് റോഡ് | 500 മീ. പക്ക |
| 4. സെൻററ് പോാംസ് ബ്രാഞ്ച് റോഡ് | 150 മീ. , , |
| 5. സെൻററ് മേരീസ് ബ്രാഞ്ച് റോഡ് (ജീസസ്) | 300 മീ. , , |
| 6. സെൻററ് ജോർജ്ജ് റോഡ് | 500 മീ. , , |
| 7. ഈസികുന്നു റോഡ് | 300 മീ. , , |

| | |
|---|---|
| 8. സെൻറ് ജോസഫ്സ് റോഡ് | 400 മീ. ടാർ |
| 9. മങ്കുഴി ലയിൻ | 80 മീ. |
| 10. ശാന്തി വിഹാർ | 75 മീ. |

**വാർഡ് 12 റോഡുകൾ**

1. ഐക്യ നഗർ (മുൻസിപാൽ ക്വാർട്ടേഴ്സ്)
2. അഴിക്കോടൻ സ്ലീറ്റ്
3. വയലാർ സ്റ്റ്രീറ്റ്
4. പടിഞ്ഞാറെ കുന്ന് റോഡ്
5. ആത്തപിള്ളി റോഡ് - 1
6. T.U.D.A റോഡ് - 2
7. മുണ്ടുപാലം ഫസ്റ്റ് ക്രോസ് റോഡ്
8. കാട്ടുകാരൻ റോഡ്
9. യൂണിറ്റ് റോഡ്
10. നെല്ലങ്കര റോഡ്
11. സെൻറമാർട്ടിൻ സ്റ്റ്രീറ്റ്
12. സന്തോഷ് സ്റ്റ്രീറ്റ്
13. മാർതിമത്തിയോസ് സ്റ്റ്രീറ്റ് - 1
14. മതർതെരെസ സ്റ്റ്രീറ്റ് ഓ 1

| | |
|---|---|
| 15. സെൻറ് വിൻസൻറ് സ്റ്റ്രീറ്റ് (ചിറ്റിലപ്പിള്ളി റോഡ്) | |
| 16. സൈലൻറ് സ്റ്റ്രീറ്റ് | 300 മീ. |
| 17. മുണ്ടുപാലം ബ്രാഞ്ച് റോഡ് | |

**വാർഡ് 13 റോഡുകൾ**

| | |
|---|---|
| 1. കനാൽ വഴി റോഡ് | 100 മീ. പക്ക |
| 2. മഹാത്മാഗാന്ധിജി റോഡ് | 300 മീ. പക്ക |
| 3. പുത്തൻ (മഹാത്മ) റോഡ് 200 മീ. , , | |
| 4. സേവനനഗർ | 350 മീ. , , |
| 5. വാകയിൽ റോഡ് | 700 മീ. ടാർ |
| 6. മുടിപ്പിലായ് റോഡ് | 700 മീ. പക്ക |
| 7. വാകയിൽ - മുടപ്പിലായ് കണക്ഷൻ റോഡ് | 150 മീ. പക്ക |
| 8. കരുവാൻ റോഡ് | 200 മീ. പക്ക |
| 9. പഴമുക്കു റോഡ് | 600 മീ. പക്ക |
| 10. കപ്പോള റോഡ് | 700 മീ. പക്ക |
| 11. മണികണ്ഠേശ്വരം റോഡ് | 700 മീ. , , |
| 12. വള്ളികുളം റോഡ് | 300 മീ. , , |
| 13. ലക്ഷം വീട് റോഡ് | 100 മീ. |
| 14. മണികണ്ഠേശ്വരം സബ്ബ് റോഡ് | 100 മീ. , , |
| 15. മുടമ്പിലാവ് റോഡും - വാകയിൽ റോഡും ബന്ധിക്കുന്ന | 75 മീ. |

**വാർഡ് 14 റോഡുകൾ**

| | |
|---|---|
| 1. ചിയ്യാരം - ഒല്ലൂർ റോഡ് | 500 മീ. ടാർ PWD |
| 2. മാധവപുരം റോഡ് | 400 മീ. പക്ക |
| 3. വേട്ടുവൻകുളം റോഡ് | 300 മീ. , , |
| 4. കരുവാൻ റോഡ് | 200 മീ. , , |
| 5. ചേറാളിപ്പറമ്പു റോഡ് | 400 മീ. , , |

| | |
|---|---|
| 6. പറമ്പൻ റോഡ് | 400 മീ. , , |
| 7. മംഗലം കോളനി റോഡ് | 300 മീ. , , |
| 8. പ്രാർത്ഥനാലയം - സൗത്ത്മുനയം റോഡ് ടാർ | |
| 9. കവലക്കാടൻ റോഡ് | 200 മീ. പക്ക |
| 10. കുപ്പയിൽ റോഡ് | 200 മീ. , , |
| 11. മേൽവീട്ടിൽ റോഡ് | 150 മീ. , , |
| 12. കുഞ്ഞേലി റോഡ് | 200 മീ. , , |
| 13. മംഗലം റോഡ് | 100 മീ. , , |
| 14. പാലിയേക്കര റോഡ് | 300 മീ. , , |
| 15. മേനോത്തു പറമ്പൻ റോഡ് (പോർകോാം) | 300 മീ. പക്ക |
| 16. സമാജം പടവു റോഡ് | 50 മീ. പക്ക |
| 17. കണിമംഗലം - ചിയ്യാരം റോഡ് | 400 മീ. പക്ക |
| 18. ഉംബാവു റോഡ് | 200 മീ. , , |
| 19. ശാസ്താവ് റോഡ് | 50 മീ. , , |
| 20. പൊന്തേക്കൽ റോഡ് | 150 മീ. , , |
| 21. കപ്പേള റോഡ് | 300 മീ. |
| 22. പയ്യപ്പിള്ളി റോഡ് | 200 മീ |
| 23. പോർകോാം റോഡ് | 150 മീ. |

**വാർഡ് 15 റോഡുകൾ**

| | |
|---|---|
| 1. പോസ്റ്റോഫീസ് റോഡ് | 850 മീ. ടാർ |
| 2. കാരമുക്കു റോഡ് | 100 മീ. , , |
| 3. സുഭാഷ് നഗർ റോഡ് | 750 മീ. മെറ്റൽ |
| 4. കാരമുക്കു റോഡ് | 200 മീ. , , |
| 5. ഹെൽത്ത് ഹൗസ് റോഡുകാം (എല്ലാ ലെയിനും കൂടി) | 2.3 കിമീ. പക്ക |
| 6. ശ്രീ ദുർഗ്ഗാ ഓയിൽമിൽ റോഡ് | 800 മീ. , , |
| 7. ഇടത്തി ലെയിൻ | 850 മീ. „ |
| 8. കലാ റോഡ് | 350 മീ. , , |
| 9. ദൃശ്യാലെയിൻ | 100 മീ. , , |
| 10. കാരമുക്കു റോഡും (ടാർ ചെയ്തതും മെറ്റൽ ചെയ്തതും ഒഴികെ) കാരമുക്ക് സബ് റോഡും | 250 മീ. , , |
| 11. പുല്ലോക്കാരൻ ലെയിൻ | 450 മീ. , , |
| 12. മാധവപുരം വെസ്റ്റ് (പോസ്റ്റോഫീസ് റോഡിൽ നിന്നും തുടർച്ച) | 300 കിമീ. , , |
| 13. ഇടത്തിൽ സബ് റോഡ് | 400 മീ. , , |
| 14. മെച്ചൂർ റോഡ് | 700 മീ. , , |
| 15. മനപറമ്പു ലെയിൻ | 120 മീ. , , |
| 16. ആശ്രമം തെക്കുവശം റോഡ് | 230 മീ. , , |
| 17. അയ്യപ്പൻകാവു റോഡ് | 150 മീ. , , |
| 18. കനാൽ വഴി (പാൽസൊസൈറ്റിക്കു തെക്കുവശം) | 220 മീ. , , |
| 19. ലക്ഷ്മി നഗർ റോഡ് | 250 മീ. , , |
| 20. അപ്പുണ്ണി ലെയിൻ | 200 മീ. , , |
| 21. അപ്പുണ്ണി ജംഗ്ഷൻ - സുഭാഷ് നഗർ നടപ്പാത | 200 മീ. , , |
| 22. കുക്കീസ് തെക്കുവശം റോഡ് | 175 മീ. , , |
| 23. ഭഗവത് സിങ്ങ് റോഡ് | 300 മീ. |

### പ്രശ്നങ്ങൾ

അടിയന്തിരമായി റിപ്പയർ ചെയ്യേണ്ട റോഡുകളുണ്ട്.

അവശേഷിക്കുന്ന റോഡുകളുടെ പ്രാധാന്യം കണക്കിലെടുത്ത് മുൻഗണന നല്കി ഇംപ്രൂവ്മെൻറ് പണികറം നടത്തണം.

PWD റോഡുകറം കാലാകാലങ്ങളിൽ റിപ്പയറിംഗ് നടത്തുകയും റോഡുകറംക്ക് അനുയോജ്യമായ വിധം കാനകറം നിർമ്മിക്കുകയുംവേണം. പക്ക റോഡുകറം ഘട്ടംഘട്ടമായി മെറ്റലിംഗ് ടാറിംഗ് ഇവ നടത്തണം.

വടൂകര, നെടുപുഴ റെയിൽ ഗെയിറ്റുകളിൽ ഓവർ ബ്രിഡ്ജുകറം നിർമ്മിക്കണം.

റോഡുകറംക്ക് അനുയോജ്യമായ കാനകറം നിർമ്മിക്കണം. ആവശ്യമായ ഭാഗങ്ങളിൽ കലുങ്കുകളും ഓവറുകളും നിർമ്മിക്കണം.സ്വകാര്യ വ്യക്തികറം കയ്യടക്കം ചെയ്തിട്ടുള്ള റോഡുകറം വീണ്ടെടുക്കാൻ അടിയന്തിര നടപടികറം സ്വീകരിക്കണം. റോഡുകറം വൃത്തിയായി സൂക്ഷിക്കാൻ പൊതുജനങ്ങളെ ബോധവൽകരിക്കാനുള്ള നടപടികറം എടുക്കണം. ഏതാനും പുതിയ റോഡുകളുടെ നിർമ്മാണം ഏറ്റെടുക്കണം. രണ്ടു വഴികളുടെ ഇടയിൽ വരുന്ന പ്രതിബന്ധങ്ങറം നീക്കി വഴിയാത്ര സുഗമമാക്കാൻ പഞ്ചായത്തിൽ നിന്നും നടപടികറം സ്വീകരിക്കണം.

### പരിഹാര മാർ ങ്ങൾ

റോഡുകളുടെ പുനരുദ്ധാരണത്തിനും നിർമ്മാണത്തിനും പഞ്ചായത്തു ഫണ്ട്, പദ്ധതി വിഹിതം എന്നിവ കൂടാതെ ജനങ്ങളിൽനിന്നും വിഭവസമാഹരണം നടത്താവുന്നതാണ്. പണമായും, മെറ്റിരിയലായും അദ്ധ്വാനമായും ഇതിൻെറ ശേഖരണം നടത്താവുന്നതാണ്.

ഓരോ വാർഡിലും റോഡുവികസന കമ്മിറ്റികറം രൂപീകരിച്ച് വാർഡിൻെറ മൊത്തത്തിലുള്ള റോഡുവികസന പ്രവർത്തനങ്ങറംക്കു മേൽനോട്ടം നൽകാൻ കഴിയണം.

ഓരോ റോഡുപണിക്കും അതിൻെറ കമ്മിറ്റികറം രൂപീകരിച്ച് നിർമ്മാണ പ്രവർത്തനങ്ങളിൽ പങ്കാളികളാകാൻ കഴിയണം. ഇത്തരം സംഘടനകളുടെ രൂപീകരണത്തിൽ ഗ്രാമപഞ്ചായത്ത് നേതൃത്വം നല്കണം.

അടിയന്തിരമായി നന്നാക്കേണ്ട റോഡുകറം നന്നാക്കാനുള്ള നടപടികറം സ്വീകരിക്കുമ്പോറം മേല്പറഞ്ഞ സമീപനം സ്വീകരിക്കാവുന്നതാണ്.

## മാർക്കററ്

കുർക്കഞ്ചേരി ഗ്രാമപഞ്ചായത്തിൽ ചെറുതോ വലുതോ ആയ മാർക്കറ്റുകറം ഒന്നും തന്നെയില്ല.

നെല്ല്, നാളികേരം, കുരുമുളക്, പച്ചക്കറി സാധനങ്ങറം എന്നിവ ഇവിടുത്തെ പ്രധാന ഉല്പന്നങ്ങളിൽപെടുന്നു. മേല്പറഞ്ഞ ഉല്പന്നങ്ങറം തൃശൂർ പട്ടണത്തിലാണ് വിറ്റഴിക്കപ്പെടുന്നത്. മത്തങ്ങ, വെള്ളരിക്ക, വാഴക്കുല, കുരുമുളക് തുടങ്ങിയ സാധാനങ്ങറം കുറഞ്ഞ വിലയ്ക്ക് പട്ടണത്തിൽ വില്ക്കപ്പെടുന്നു. അതെ സാധനങ്ങറം കൂടിയ വിലയ്ക്ക് ഉല്പാദന കേന്ദ്രങ്ങളുടെ സമീപവാസികറം ദൈനംദിനാവശ്യങ്ങറംക്കുവേണ്ടി വാങ്ങിക്കയും ചെയ്യേണ്ടി വരുന്ന ഒരു പ്രതിഭാസമാണ് മാർക്കറ്റിംഗ് മേഖലയിൽ നിലനില്ക്കുന്നത്. ഉപഭോക്താക്കറം ഇരട്ടചൂഷണത്തിനു വിധേയമാകുന്ന ദയനീയസ്ഥിതിക്കു പരിഹാരം കാണേണ്ടതാണ്. ഈ പരിതഃസ്ഥിതിയിലാണ് സുസജ്ജമായ മാർക്കറ്റിൻെറ അത്യാവശ്യകത അനുഭവപ്പെടുന്നത്.

ഈ ഗ്രാമപഞ്ചായത്തിൽ 4 സ്ഥലങ്ങളിൽ മാർക്കറ്റുകറം സ്ഥാപിക്കുന്നത് പ്രയോജനകരമായിരിക്കും. വടൂക്കര, ചിയ്യാരം, കണിമംഗലം , കുരിയച്ചിറ എന്നീ പ്രദേശങ്ങളിൽ മാർക്കറ്റുകറം സ്ഥാപിക്കാനുള്ള ഏർപ്പാടുകറം പഞ്ചായത്തു തലത്തിൽ ഉണ്ടാകണം. എൻജിനിയറിംഗ് ഉല്പന്നങ്ങറം, കുടിൽ വ്യവസായ ഉല്പന്നങ്ങറം, നിത്യോപയോഗ സാധനങ്ങളുടെ വിപണനം തുടങ്ങിയ കാര്യങ്ങറംക്കായി കോംപ്ലക്സുകറം ഉണ്ടാകുന്നതു നല്ലതാണ്.

മാർക്കറ്റുകറം സ്ഥാപിക്കുന്നതിൻെറ ആവശ്യകത, ഉല്പന്നങ്ങളുടെ ശേഖരണം, വിപണനം തുടങ്ങിയവയുടെ സാദ്ധ്യതകറം എന്നിവയെപ്പറ്റികൂലങ്കുഷമായി പഠനം നടത്തി വേണം മാർക്കറ്റുകറം സ്ഥാപിക്കാൻ. ആദ്യം 4 കേന്ദ്രങ്ങളിൽ തുടങ്ങുകയും എല്ലാ വാർഡുകളിലും മാർക്കറ്റുകറം ഉണ്ടാക്കുകയും ചെയ്യാൻ കഴിയുന്ന ഒരു പദ്ധതിക്കു തന്നെ രൂപം നല്കുന്നത് നല്ലതാണ്. സ്ഥലം കണ്ടെത്താനുള്ള നടപടികളും ഗ്രാമപഞ്ചായത്തിൻെറ ചുമതലയിൽ ഉണ്ടാകണം.




# 5-7

# പാർപ്പിടം സാമൂഹ്യക്ഷേമം

തലചായ്ക്കാനൊരു വീട് ഏതൊരു മനുഷ്യൻേറയും ആഗ്രഹമാണ്. എന്നാൽ ഒരു വിഭാഗം ജനങ്ങൾക്ക് ആ ആഗ്രഹം ഇന്നും നിറവേറാത്ത സ്വപ്നമാണ്. ഒരു സോഷ്യലിസ്റ്റ് സാമൂഹ്യ വ്യവസ്ഥയിൽ വീട് ഉണ്ടായിരിക്കുക എന്നത് ഒരു പൗരൻെറ അവകാശമാണ്. ഇതുകൊണ്ട് ഈ പ്രശ്നം ഒരു സാമൂഹ്യ പ്രശ്നമായി വീക്ഷിക്കേണ്ടതാണ്. വികസന പ്രവർത്തനങ്ങളിൽ പാർപ്പിട പ്രശ്നത്തിന് അതിൻെറ പ്രാധാന്യം കണക്കിലെടുത്ത് മുൻഗണന നല്കേണ്ടതാണ്.

## പഞ്ചായത്തിലെ സ്ഥിതിവിവരക്കണക്കുകൾ

പഞ്ചായത്തിൽ 15 വാർഡുകളിലായി ആകെ 12295 വീടുകളാണ് ഉള്ളത്. പഞ്ചായത്തിൻെറ ജനസംഖ്യ 48056 ആണ്. ഇതിൽ നികുതി ഈടാക്കാവുന്ന വീടുകൾ 10267 ബാക്കി 2028 വീടുകൾ നികുതി ഈടാക്കാത്ത കുടിലു

## വീടുകളുടെ സ്വഭാവം

**പഞ്ചായത്തിലെ വീടുകളെ താഴെ പറയും പ്രകാരം തിരിക്കാം.**

| വീടുകളുടെ സ്വഭാവം | ശതമാനം | എണ്ണം |
|---|---|---|
| 1. കോൺക്രീറ്റ് വീടുകൾ | 3% | 370 |
| 2. സെമി കോൺക്രീറ്റ് | 5% | 615 |
| 3. ഓടിട്ട ചെറിയ വീടുകൾ | 32% | 4060 |
| 4. ഓടിട്ട പഴയ വലിയ വീടുകൾ | 5% | 610 |
| 5. ഓടിട്ട ഇടത്തരം വീടുകൾ | 15% | 1850 |
| 6. മോശം വീടുകൾ | 25% | 3110 |
| 7. തീരെ മോശം വീടുകൾ | 15% | 1805 |

കളാണ്. 147 വീടുകൾ പഞ്ചായത്തിന്റെ നമ്പർ ഇടുന്നതിനുപോലും യോഗ്യമല്ലാത്ത അവസ്ഥ യിൽ സ്ഥിതിചെയ്യുന്നു. ഈ വീടുകൾ പഞ്ചാ യത്ത് പുറമ്പോക്കുകളിൽ സ്ഥിതി ചെയ്യുന്നു. ആകെ വീടുകളിൽ 2975 കുടുംബങ്ങൾ ദരിദ്രരേ ഖയ്ക്കു താഴെയുള്ളവരാണ്. ഇതിൽ 315 കുടും ബങ്ങൾ പട്ടികജാതി- പട്ടികവർഗ്ഗക്കാരുടെതാണ്. നിലവിലുള്ള പദ്ധതികൾ പ്രകാരം ഇതിൽ 247 SC /ST കുടുംബങ്ങൾ ഉൾപ്പെടെ 510 വീടുക ൾക്ക് സാമ്പത്തിക സഹായങ്ങൾ ലഭ്യമായിട്ടു ണ്ടെങ്കിലും പ്രസ്തുത സഹായങ്ങൾ അപ ര്യാപ്തമാണെന്നാണ് കാണുന്നത്.

പഞ്ചായത്തിലെ വീടുകളെ പട്ടികയിൽ പറയും പ്രകാരം തിരിക്കാം. ഇതിനു പുറമെ 147 വീടുകൾ കൂടി അതീവ മോശാവസ്ഥയിൽ സ്ഥി തിചെയ്യുന്നതിനാൽ പഞ്ചായത്ത് നമ്പ്ര് ഇല്ലാത്ത വീടുകളാണ്. ചേരി വാസികളെ പുനരധിവസി പ്പിക്കുന്നതിന് സത്വര നടപടികൾ ആവശ്യമാണ്. പട്ടികയിലെ വിവരങ്ങൾ പരിഗണിക്കുമ്പോൾ പഞ്ചായത്തിലെ എല്ലാ വീടുകളും പാർപ്പിടയോ ഗ്യമാക്കേണ്ട പ്രവൃത്തി ഭാരിച്ച ചിലവുകൾ വരുന്ന ഒന്നാണെന്ന് കാണാവുന്നതാണ്. ഈ പ്രശ്നം എങ്ങിനെ പരിഹരിക്കാമെന്ന് ഉന്നതത ലങ്ങളിൽ ചർച്ച ചെയ്യേണ്ടതാണ്. എങ്കിലും ചില പ്രായോഗിക നിർദ്ദേശങ്ങൾ ചർച്ചകൾക്ക് വേണ്ടി സമർപ്പിക്കുന്നു. പഞ്ചായത്തിൽ ഇന്ന് നിലവിലുള്ള വീടുകളിൽ ഏതാനും വീടുകൾ കോളനികളായും, സെറ്റിൽമെന്റുകളായും കേന്ദ്രീ കരിച്ചിരിക്കുന്നു.

അവയിൽ ചിലത്

1. എസ്. എൻ. കോളനി കൂർക്കഞ്ചേരി
2. ഹെർബർട്ട് നഗർ കോളനി
3. നെടുപുഴ സെറ്റിൽമെന്റ് കോളനി
4. പനമുക്ക് സെറ്റിൽമെന്റ് കോളനി
5. വടൂക്കര സെറ്റിൽമെന്റ് കോളനി
6. കണ്ണംകുളങ്ങര തുരുത്ത്
7. ശാന്തി നഗർ
8. മങ്കുഴി ലൈൻ കോളനി
9. വർക്കേഴ്സ് നഗർ കോളനി
10. വാകയിൽ കോളനി
11. മംഗലം കോളനി
12. കണ്ണൻകുളങ്ങര പടിഞ്ഞാറെ തുരുത്ത് കോളനി
13. ഹെൽത്ത് ഹൗസ് കോളനി
14. പോപ്പ് ജോൺ നഗർ കോളനി
15. സേവന നഗർ
16. വടൂക്കര 3 സെൻറ് കോളനി
17. പനമുക്ക് ലക്ഷം വീട് കോളനി
18. ചിയ്യാരം സൗത്ത് കോളനി
19. ചിയ്യാരം നോർത്ത് കോളനി
20. പനമുക്ക് എ. കെ. ജി. നഗർ
21. വടൂക്കര ലക്ഷം വീട്
22. പനമുക്ക് കൃഷ്ണപിള്ള നഗർ കോളനി

എന്നിവയാണ് പ്രധാന്യമർഹിക്കുന്നത് ഇതിൽ ഹെൽത്ത് ഹൗസ്, പോപ്പ് ജോൺ നഗർ എന്നീ പാർപ്പിട കോംപ്ലക്സുകളെ സംബന്ധിച്ച് നമ്മുടെ പ്രശ്നങ്ങളോടുള്ള ബന്ധത്തിൽ കൂടു തൽ പരിഗണനയും ചർച്ചയും അർഹിക്കുന്നു. നിലവിലുള്ള വീടുകളിൽ തീരെ മോശപ്പെട്ടതും ദരിദ്രരേഖയ്ക്ക് താഴെ വരുന്നവരുടെയുമായ ഭവ നങ്ങൾ പുനരുദ്ധീകരിക്കേണ്ടതിന് ഒരു സ്കീമും ഭവനരഹിതരും പുറമ്പോക്ക്, ചേരിനിവാസികളെ അധിവസിപ്പിക്കുന്നതിന് മറ്റൊരു സ്കീമും ഉണ്ടാ കേണ്ടതാണ്. ഇതിനായി പഞ്ചായത്തു തലത്തിൽ ബൃഹത്തായ ഒരു സ്കീമിന് രൂപം നൽകേണ്ട താണ്. ഇപ്രകാരം രൂപം നല്കുന്നതിന് സഹാ യകരമായ നിർദ്ദേശങ്ങൾ താഴെ കൊടുക്കുന്നു.

**പഞ്ചായത്തിൽ സമഗ്ര ഭവന പദ്ധതി**

ഈ പഞ്ചായത്തിൽ 1967 ൽ ഫാ. വട ക്കൻ രൂപകല്പനചെയ്ത് നിർമ്മിച്ച ഏകദേശം 500ഓളം വീടുകളുടെ സമുച്ചയം സാദ്ധ്യമാക്കിയ മാതൃകാപദ്ധതിയുടെ രൂപരേഖ മാർഗ്ഗരേഖയാവു ന്നതാണ്. സ്വന്തമായി ഒരു വീട് കാംക്ഷിക്കുന്ന വർക്ക് അപ്രാകാരം ഒരുവീട് സ്വന്തമാക്കുവാൻ വേണ്ടി ഒരു ആസൂത്രണം നടത്തുവാൻ അവരെ സഹായിക്കാവുന്നതാണ്. ഇതിലേക്ക് വേണ്ടി ഭവ നരഹിതരുടെ ഒരു രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിക്കേണ്ടതാണ്. കൂടാതെ പുതിയ പദ്ധതി പ്രകാരം വീട് ലഭിക്കുവാൻ ആഗ്രഹിക്കുന്നവരുടെ അപേക്ഷകൾ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യേ ണ്ടതാണ്. ഇവരെയെല്ലാം ഉൾക്കൊള്ളിച്ചു കൊണ്ട് പദ്ധതിയുടെ നടത്തിപ്പിനെ സംബ ന്ധിച്ച് വിശദീകരിക്കുകയും അവരിൽ ഇതിനെ സംബന്ധിച്ച് ഒരു അവബോധം വളർത്തുകയും വേണം.

### 3 വർഷം കൊണ്ട് 300 വീടുകൾ

ഈ ലക്ഷ്യം കൈവരിക്കുവാൻ വേണ്ടി വീട് ആവശ്യമുള്ള വ്യക്തികളെ ഈ പദ്ധതിയിൽ പങ്കാളികളാക്കണം. ഇതിൽ തീരെ നിർദ്ദനരെ ഒരു വിഭാഗവും ദരിദ്ര്യരേഖയ്ക്കു താഴെയുള്ളതും സാമ്പത്തികമായി സംഭാവന ചെയ്യാൻ കഴിവുള്ളവരെ മറ്റൊരു വിഭാഗവുമായി തിരിച്ചിരിക്കുന്നു. ഓരോ വിഭാഗത്തിലും 150 വീടുകൾ വീതമാണ് ആദ്യ പദ്ധതിയിൽ ഉണ്ടായിരിക്കുക.

വീടുകൾക്ക് വേണ്ടി റെജിസ്റ്റർ ചെയ്യുമ്പോൾ രണ്ടാമതു പറഞ്ഞ 150 പേരിൽ നിന്നും 2500ക വീതവും ഒന്നാമത്തെ വിഭാഗത്തിൽപ്പെട്ടവരിൽ നിന്നും 1000ക വീതവും റജിസ്ട്രേഷൻഫീ വസൂലാക്കേണ്ടതാണ്. തുടർന്ന് രണ്ടു വിഭാഗക്കാരും ദിവസം 25 രൂപ ക്രമത്തിൽ അടയ്ക്കേണ്ടതാണ്. (ആഴ്ചയിൽ 6 ദിവസത്തെ സംഖ്യയായ 150 രൂപ ആയും അടയ്ക്കാവുന്നതാണ്)

പദ്ധതി ആരംഭിച്ച് 100 ദിവസത്തിനു ശേഷം ഓരോ ആഴ്ചയിലും രണ്ടു വീടുകൾ എന്ന കണക്കിന്ന് മെമ്പർമാർക്ക് ലഭിക്കുന്നതായിരിക്കും. അപ്രകാരം 3 വർഷത്തിനുള്ളിൽ പദ്ധതിയിലെ മുഴുവൻ അംഗങ്ങൾക്കും സ്വന്തമായി ഭവനം ഉണ്ടാക്കുവാൻ കഴിയുന്നതാണ്.വീട് ലഭിക്കുന്നവർ തുടർന്ന് ഇരട്ടിസംഖ്യാവീതം അടയ്ക്കേണ്ടതുമാണ്. ഈ പദ്ധതി കൂടുതൽ അംഗങ്ങളെ ചേർത്തിക്കൊണ്ടും അനുയോജ്യമായ ഭേദഗതികൾ വരുത്തിക്കൊണ്ടും രൂപം നല്കാവുന്നതാണ്. ഇതിനെ സംബന്ധിച്ച വിശദവിവരങ്ങൾ സമയാസമയങ്ങളിൽ ചർച്ച ചെയ്യാവുന്നതാണ്. ഫാ. വടക്കൻെറ ഈ രംഗത്തെ മാതൃകാ പ്രവർത്തനം ശ്ലാഘനീയമാണ്.

### പദ്ധതിക്ക് വേണ്ടി വിഭവ സമാഹരണം.

വിഭവസമാഹരണത്തിൽ പ്രഥമ സ്ഥാനം വീടു പണിയുന്നതിനു വേണ്ടിയുള്ള സ്ഥലം ലഭ്യമാക്കുക എന്നതാണ്. ഇതിലേക്കായി പഞ്ചായത്തിൽ ലഭ്യമായ സ്ഥലങ്ങൾ തന്നെ ഉപയോഗപ്രദമാക്കാവുന്നതാണ്. സർവ്വെ പ്രകാരമുള്ള കണക്കുകൾ കാണിക്കുന്നത് പഞ്ചായത്തിൽ 19.44 ഹെക്ടർ അതായത് ഏകദേശം 46 ഏക്കറോളം പുറമ്പോക്ക് ഭൂമി ഉണ്ടെന്നാണ്. എന്നാൽ ഇന്ന് അതെല്ലാം സ്വകാര്യ വ്യക്തികളാൽ കയ്യേറ്റം ചെയ്യപ്പെട്ടിരിയ്ക്കയാണ്. ഇത് വീണ്ടെടുക്കുന്ന പക്ഷം നമുക്ക് വീടു പണിയുന്നതിനു ആവശ്യമുള്ള ഭൂമി സ്വരൂപിക്കാവുന്നതാണ്. ഒരു സ്പെഷൽ തഹസിൽദാരുടെ സേവനം ഇതിനുവേണ്ടി സർക്കാരിൽ നിന്നും വാങ്ങാവുന്നതാണ്. ഒരു വീടിന്ന് രണ്ട് സെൻറ് സ്ഥലംവീതം കണക്കാക്കിയാൽ ഭാവിയിലെ പണികൾക്കു കൂടി വേണ്ടി വരുന്ന സ്ഥലം ഇതു മുഖാന്തിരം സംഭരിക്കുന്നതിനും സാധിക്കും.

രണ്ടാമതായി പണികൾക്കുവേണ്ട പണ സംഭരണമാണ്. നേരിൽ പിരിക്കുവാൻ കഴിയുന്ന പണം കൂടാതെ ഗവൺമെൻറിൽ നിന്നും മറ്റും അർഹതപ്പെട്ടവർക്ക് വേണ്ടി സംഭരിക്കാവുന്ന ധാരാളം ഭവന പദ്ധതികൾ ഇന്ന് നിലവിലുണ്ട്. ഈ പദ്ധതികളെ സംബന്ധിച്ച് ബോധവല്ക്കരണം നടത്തുന്നതിനു പുറമെ ഈ സഹായങ്ങൾ അർഹതപ്പെട്ടവർക്ക് ലഭ്യമാക്കുവാൻ പഞ്ചായത്തു തന്നെ നടപടികൾ കൈക്കൊള്ളേണ്ടതാണ്. സഹായധനങ്ങൾ ലഭ്യമായ പദ്ധതികളിൽ പ്രാധാന്യമർഹിക്കുന്നവതാഴെ കൊടുക്കുന്നു.

1. എൻ. ആർ. ഇ. പി. സ്കീം
2. എസ്സ്. സി- എസ്സ് .ടി - ഹൗസിങ്ങ് സ്കീം.
3. ആർ.ഐ. ജി.പി. ഹൗസിങ്ങ് സ്കീം.
4. ജവഹർ യോജന ഹൗസിങ്ങ് സ്കീം
5. ഇന്ദിര ആവാസ് യോജന
6. നബാർഡ് നഗരവികസന പദ്ധതി
7. കൈരളി
8. രാജീവ് ദശലക്ഷപദ്ധതി
9. ഫിഷറീസ് കോളനി സ്കീം.
10. എച്ച്. ഡി. എഫ്.സി. സ്കീം.

കൂടാതെ LIC തുടങ്ങിയ ഇൻഷൂറൻസ് പദ്ധതികളിൽ നിന്നും പഞ്ചായത്തിന് നേരിട്ട് വായ്പ എടുക്കാവുന്നതാണ്.

ഇപ്രകാരമുള്ള ഒരു ഭവന നിർമ്മാണ പദ്ധതിക്ക് ഈ പഞ്ചായത്ത് രൂപരേഖ നല്കുന്ന പക്ഷം ഇത് പഞ്ചായത്തിൻെറ ഭവന പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാകും എന്നു മാത്രമല്ല ഇത് ഒരു മാതൃകാ പദ്ധതിയായി എടുക്കാവുന്നതുമായിരിക്കും. തന്നെയുമല്ല പുറമ്പോക്കിലും ചേരികളിലും താമസിക്കുന്നവരെ ഉചിതമായി തന്നെ മാറ്റി പാർപ്പിക്കാൻ കഴിഞ്ഞു എന്ന ആത്മസംതൃപ്തിയും പഞ്ചായത്തിന് അവകാശപ്പെടാം.

## സാമൂഹ്യക്ഷേമം

സാമൂഹ്യക്ഷേമ പ്രവർത്തന രംഗത്തെ അതീവ ശ്രദ്ധ ചെലുത്തുകയും ദുർബല ജനവി



**പട്ടിക ജാതി വികസന വകുപ്പ് കമ്യൂണിററിഹാൾ**



**കൂർക്കഞ്ചേരി – ചിയ്യാരം വില്ലേജ് ആഫീസുകൾ**



ഭാഗങ്ങളും സമൂഹത്തിലെ പിന്നോക്ക വിഭാഗക്കാർക്കും വേണ്ടി പ്രത്യേക ആശ്വാസ പരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പാക്കുകയും ചെയ്തിട്ടുള്ള പഞ്ചായത്താണ് കൂർക്കഞ്ചേരി പഞ്ചായത്ത്. ജില്ലയിൽ ഏറ്റവും കൂടുതൽ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ നടത്തിയതിന് ജില്ലാ കളക്ടറുടെ പ്രത്യേക അഭിനന്ദനം ഈ പഞ്ചായത്തിന് ലഭിച്ചിട്ടുണ്ട്. ഈരംഗത്തെ കഴിഞ്ഞ കാല പ്രവർത്തനത്തിൻെറ ഫലമായി നിർദ്ധന കുടുംബങ്ങൾക്ക് സൗജന്യമായി വീടു നിർമ്മിച്ചു കൊടുക്കുവാനും ദുർബല ജനവിഭാഗങ്ങൾക്ക് കക്കൂസ് നിർമ്മിക്കുന്നതിന് സാമ്പത്തിക സഹായം നല്കാനും, സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന കുടുംബങ്ങൾക്കുകൂടി വീട് സൗജന്യമായി വൈദ്യുതീകരിച്ചു കൊടുക്കുവാനും സാധിച്ചിട്ടുണ്ട്. കൂടാതെ പിന്നോക്ക വിഭാഗങ്ങൾ വസിക്കുന്ന കോളനികളിലേയ്ക്കും മറ്റു മേഖലകളിലേയ്ക്കും അടിസ്ഥാന ആവശ്യങ്ങളായ കുടിവെള്ളം, വൈദ്യുതി എന്നിവ പൂർണ്ണമായിട്ടല്ലെങ്കിലും ഒരു പരിധി വരെ എത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്.

നിർദ്ധനകുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് സൗജന്യമായി യൂണിഫോം വിതരണം ചെയ്യുന്ന പദ്ധതി പ്രകാരം ഓരോ വർഷവും യൂണിഫോം വിതരണം ചെയ്തിട്ടുണ്ട്. പഞ്ചായത്തിലെ ഉച്ചക്കഞ്ഞി വിതരണം ചെയ്യുന്ന എല്ലാ വിദ്യാഭ്യാസസ്ഥാപനങ്ങൾക്കും എല്ലാ വർഷങ്ങളിലും പഞ്ചായത്തിൻെറ സാമ്പത്തിക പരിധിയ്ക്കകത്തു നിന്നുകൊണ്ട് കഴിയാവുന്ന സഹായം ചെയ്തു വരുന്നുണ്ട്.

പഞ്ചായത്തിലെ വിവധ മേഖലകളിലായി ക്രഷ്, നേഴ്സറി, ബാലവാടി എന്നിവ പ്രവർത്തിച്ചു വരുന്നു. ഇതിൽ ചില സ്ഥാപനങ്ങളൊഴിച്ച് ബാക്കിയുള്ളതിന് വിവിധ ഏജൻസികളിൽ നിന്നും സഹായധനം ലഭിക്കുന്നുണ്ട്. കൂടാതെ സ്വകാര്യ ഏജൻസികൾ നടത്തുന്ന നഴ്സറികളും പ്രവർത്തിക്കുന്നുണ്ട്. ഈ സ്ഥാപനങ്ങളിലെ അദ്ധ്യാപികമാർക്ക് ഈ രംഗത്ത് ആവശ്യമായ പരിശീലനം ലഭിച്ചവരല്ല. പഞ്ചായത്തിനകത്തെ മഹിളാസമാജവും ക്ഷേമ പ്രവർത്തനങ്ങൾ നടത്തി വരുന്നു.

വിവധ സാമൂഹ്യക്ഷേമ പദ്ധതി പ്രകാരം കർഷകതൊഴിലാളി പെൻഷൻ, വികലാംഗപെൻഷൻ, തൊഴിലില്ലായ്മ വേതനം എന്നിവ ലഭിക്കുന്നവർ ധാരാളം ഈ പഞ്ചായത്തിലുണ്ട്.

കർഷകതൊഴിലാളി പെൻഷന് അർഹതപ്പെട്ടവരായി അപേക്ഷ സമർപ്പിച്ചിട്ടും പെൻഷൻ ലഭിക്കാത്തവരും, അർഹതപ്പെട്ട അപേക്ഷ കൊടുത്താക്കവരും നിരവധിയുണ്ട്. തൊഴിലില്ലായ്മ വേതനം ലഭിക്കുന്നവർ ഉണ്ടെങ്കിലും അർഹതപ്പെട്ടവർക്ക് പലർക്കും ഇതുലഭിക്കുന്നില്ലെന്നുമാത്രമല്ല അനർഹമായ പലർക്കും ലഭിച്ചുകൊണ്ടിരിയ്ക്കുന്നുണ്ട്. ആയത് ലഭ്യമാക്കാൻ വളരെയധികം കാലതാമസം വരുന്നുണ്ട്. സാമൂഹ്യക്ഷേമ പദ്ധതി പ്രകാരമുള്ള പെൻഷൻ വിതരണം പഞ്ചായത്തുകളെ ഏല്പിച്ച് സർക്കാർ ഉത്തരവായിട്ടുണ്ടെങ്കിലും വകുപ്പുവിഭജനം ഇതിൻെറ ഗുണഫലങ്ങൾ ഗുണഭോക്താക്കൾക്ക് ലഭിച്ചു തുടങ്ങിയിട്ടുമില്ല.

പഞ്ചായത്തിൻെറ ചേരി നിർമ്മാർജന പരിപാടി പ്രകാരം P.W.D പുറമ്പോക്കുകളിൽ താമസക്കാരായിട്ടുള്ള കുടുംബങ്ങളെ മാറ്റി പാർപ്പിച്ചിട്ടുണ്ട്. എന്നാൽ ഇനിയും റോഡ് പുറമ്പോക്കിലും ഇറിഗേഷൻ പുറമ്പോക്കിലുമായി 120 കുടുംബങ്ങൾ നിലനില്ക്കുന്നു. കുടിയിരുത്തിയവർക്കും പഞ്ചായത്ത് പുറമ്പോക്കുകളിൽ താമസിക്കുന്നവർ അർഹതയുണ്ടായിട്ടും നാളിതുവരെയായിട്ടും പട്ടയം കൊടുത്തു കാണുന്നില്ല സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന കുടുംബങ്ങളിലെ കുടുംബനാഥന് അപകടമരണം സംഭവിക്കുകയോ അപകടം സംഭവിക്കുകയോ ചെയ്താൽ കുടുംബത്തിന് സാമ്പത്തിക സഹായം നല്കുന്നതിന് ഇപ്പോൾ വളരെയധികം കാലതാമസം വരുന്നുണ്ട്.

പഞ്ചായത്തിൻെറ 1996-97 സാമ്പത്തിക വർഷത്തെ സാമൂഹ്യക്ഷേമ പദ്ധതി പ്രകാരം ദുർബല ജന വിഭാഗങ്ങൾക്ക് കക്കൂസ് നിർമ്മിക്കുന്നതിന് സാമ്പത്തിക സഹായം നല്കുന്നതിനും 45 കുടുംബങ്ങൾക്ക് സൗജന്യമായി വീടു നിർമ്മിച്ചു കൊടുക്കുന്നതിനും120 കുടുംബങ്ങളുടെ വീട് സൗജന്യമായി വൈദ്യുതീകരിക്കാനും നടപടികൾ പൂർത്തിയാക്കിട്ടുണ്ട്.

കൂടാതെ ദരിദ്രകുടുംബങ്ങളുടെ ഓലപുരമേയാനും ധനസഹായം നല്കി വരുന്നുണ്ട്. പട്ടികജാതി വിധവകളുടെ പെൺമക്കളുടെ വിവാഹത്തിന് 2000 രൂപയും ഉദ്യോഗാർത്ഥികൾക്ക് പരീക്ഷകൾക്കും ഇൻറർവ്യൂനും വരുന്ന ചിലവിലേക്ക് സാമ്പത്തിക സഹായവും ചെയ്തു വരുന്നു.

ബ്ലോക്ക് തലത്തിലുള്ള വിവിധ സ്വയം തൊഴിൽ പദ്ധതിയിൽ നിന്നും നിരവധി പേർക്ക്

ആനുകൂല്യം ലഭിച്ചു വരുന്നുണ്ട്. സ്ഥായിയായ രോഗമുള്ളവർക്ക് ചികിത്സയ്ക്ക് സഹായം നല്കുന്ന പദ്ധതി പഞ്ചായത്തിൽ ആവിഷ്ക്കരിച്ചിട്ടുണ്ടെങ്കിലും ഇതുവരേയും നടപ്പാക്കിയിട്ടില്ല.

സാമൂഹ്യരംഗത്ത് നിലനില്ക്കുന്ന വിപത്തുകളായും മദ്യം മയക്കുമരുന്ന് എന്നിവയ്ക്കെതിരെ ശരിയായ തോതിലുള്ള പ്രചാരണം പഞ്ചായത്തിൽ നടക്കുന്നില്ല. സാമൂഹ്യക്ഷേമത്തിൻെറ ഭാഗമായി അപകടത്തിൽപ്പെട്ടവർക്കും മറ്റും ആലംബഹീനർക്കും ജീവൻ സംരക്ഷിക്കുന്നതിന് അടിയന്തിര ഘട്ടങ്ങളിൽ രക്തം നല്കുന്ന പ്രവർത്തനം പഞ്ചായത്തിൽ ചില യുവജനസംഘടനകൾ നടത്തി വരുന്നുണ്ട്.

ദുർബലജനവിഭാഗങ്ങൾ ധാരാളം അധിവസിക്കുന്ന ഈ പഞ്ചായത്തിൽ സാമൂഹ്യക്ഷേമ പദ്ധതികൾ ഇനിയും വർദ്ധിച്ച തോതിൽ ആവിഷ്ക്കരിച്ച് നടപ്പിലാക്കേണ്ടതുണ്ട്.

**നിർദ്ദേശങ്ങൾ**

1. ജനസംഖ്യാനുപാതത്തിൽ എല്ലാ വാർഡുകളിലും ബാലവാടികളും ഫീഡിംഗ് സെൻററുകളും സ്ഥാപിക്കുക. നിലവിൽ സ്വകാര്യ മേഖലയിൽ പ്രവർത്തിച്ചു വരുന്ന നേഴ്സറികൾ പഞ്ചായത്ത് ഏറ്റെടുക്കുകയും അതിലെ അദ്ധ്യാപികമാർക്ക് ആവശ്യമായ പരിശീലനം കൊടുത്ത് വിപുലീകരിക്കുകയും വേണം. കളിസ്ഥലങ്ങളില്ലാത്ത വാർഡുകളിൽ പ്രത്യേകിച്ച് കുട്ടികളുടെ മാനസികവും ശാരീരികവുമായ വളർച്ചയ്ക്കും ആവശ്യമായ രീതിയിൽ കളിസ്ഥലങ്ങൾക്ക് സൗകര്യം ഏർപ്പെടുത്തുകയും വിദ്യാഭ്യാസ ഉന്നമനത്തിന് പഞ്ചായത്തിനോടനുബന്ധിച്ച് ഒരു റഫറൽ ലൈബ്രറി സ്ഥാപിക്കുകയും വേണം.

2. സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന കുടുംബങ്ങളിൽ കക്കൂസ് ഇല്ലാത്തവർക്ക് കക്കൂസ് നിർമ്മിക്കാൻ സാമ്പത്തിക സഹായം നല്കാനും ഇവരുടെ വൈദ്യുതീകരിക്കാത്ത വീടുകൾ വൈദ്യുതീകരിക്കാനും പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കണം.

3. റോഡുപുറമ്പോക്കുകളിലും ഇറിഗേഷൻ പുറമ്പോക്കുകളിലും മറ്റിതര സ്ഥലങ്ങളിലും താമസിക്കുന്നവരെ പുനരധിവസിപ്പിക്കാൻ അടിയന്തിരമായി നടപടികൾ സ്വീകരിക്കണം.

4. വാർഡ് അടിസ്ഥാനത്തിൽ മഹിളാസമാജങ്ങളും അവയോടനുബന്ധിച്ച് തൊഴിൽ പരിശീലന കേന്ദ്രങ്ങളും സ്ഥാപിക്കണം.

5. മദ്യവും മയക്കുമരുന്നും പൂർണ്ണമായി നിർമ്മാർജ്ജനം ചെയ്യുന്നതിന് പഞ്ചായത്ത് മുൻകൈ എടുത്ത് ബോധവല്ക്കരണം നടത്തണം.

6. പഞ്ചായത്തിൽ ഇപ്പോൾ നിലവിലുള്ള നിർദ്ധനവിദ്യാർത്ഥികൾക്ക് യൂണിഫോം വിതരണം ചെയ്യുന്ന പരിപാടി കൂടുതൽ വിപുലീകരിച്ച് തുടരേണ്ടതാണ്.

7. പഞ്ചായത്തിനകത്തുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഉച്ചക്കഞ്ഞി പദ്ധതിയ്ക്ക് ഇപ്പോൾ നല്കുന്ന ധനസഹായത്തിൽ വർദ്ധനവു വരുത്തി എല്ലാ സ്ഥാപനങ്ങളിലും ഉച്ചക്കഞ്ഞി വിതരണം ഉറപ്പു വരുത്തുകയും വേണം.

8. വിവിധ പെൻഷൻ പദ്ധതികളിൽ നിന്നുള്ള ആനുകൂല്യം അർഹതപ്പെട്ട എല്ലാവർക്കും ലഭ്യമാക്കണം. പെൻഷൻ വിതരണത്തിലുള്ള കാലതാമസം ഒഴിവാക്കാനും നടപടികൾ സ്വീകരിക്കണം.

തൊഴിലില്ലായ്മ വേതനം അർഹതപ്പെട്ടവർക്ക് എല്ലാവർക്കും നല്കാനും ഈ ആനുകൂല്യം ലഭിക്കുന്ന അനർഹരെ ക്ഷേമപദ്ധതിയിൽ നിന്ന് നീക്കം ചെയ്യാനും നടപടികൾ വേണം.

9. പഞ്ചായത്തിലെ ഓലപ്പുരയുള്ള കുടുംബങ്ങളെ ഭവന നിർമ്മാണ പദ്ധതിയിൽപ്പെടുത്തി വീട് നിർമ്മിക്കുവാൻ സാമ്പത്തിക സഹായം നല്കണം.

10. പട്ടികജാതിയിൽപ്പെട്ട വിധവകളുടെ പെൺമക്കളുടെ വിവാഹത്തിന് സാമ്പത്തിക സഹായം നല്കുന്നതിന് പുറമെ മറ്റു ഇതര ദുർബല ജനവിഭാഗങ്ങളിലെ വിധവകളുടെ പെൺമക്കളുടെ വിവാഹത്തിന് സാമ്പത്തിക സഹായം നല്കുന്ന പദ്ധതി പഞ്ചായത്ത് തലത്തിലേയ്ക്ക് മാറ്റണം.

പട്ടികജാതി ഉദ്യോഗാർത്ഥികൾക്ക് PSC പരീക്ഷയ്ക്കും ഇൻറർവ്യൂവിനും വേണ്ടി വരുന്ന യാത്രാചിലവിലേക്കുള്ള സഹായം തുടരണം.

11. മിശ്രവിവാഹിതരായ തൊഴിൽരഹിതരായ ദമ്പതിമാർക്ക് തൊഴിൽ ലഭിക്കുന്നതിനാവശ്യമായ പദ്ധതികൾ ആവിഷ്ക്കരിക്കണം.

12. പഞ്ചായത്തിലെ സ്ഥായിയായ നിർദ്ധനരോഗികൾക്ക് ചികിത്സാ സഹായം നല്കുന്ന പദ്ധതി ഉടനെതന്നെ നടപ്പിലാക്കണം.

13. പഞ്ചായത്ത് തലത്തിൽ രക്ത ദാനത്തിനായി ബോധവല്ക്കരണപരിപാടി നടപ്പിലാക്കുകയും ഒരു രക്തദാന യൂണിറ്റ് സംഘടിപ്പിക്കുകയും വേണം.

14. കുടിവെള്ളവും വൈദ്യുതിയും ഇനിയും എത്താത്ത മേഖലകളിലേക്ക് ആയത് എത്തിക്കാൻ പരിപാടി ആവിഷ്ക്കരിക്കണം.




## 5-8

# സംസ്കാരം

കേരളത്തിൻെറ സാംസ്കാരിക തലസ്ഥാനമായ തൃശൂരിൽനിന്ന് കേവലം 1 കീമി തെക്ക് മാറി കുർക്കഞ്ചേരി ഗ്രാമ പഞ്ചായത്ത് ആരംഭിക്കുന്നു. കേരളത്തിൻെറ സാംസ്കാരിക തലസ്ഥാനം തൃശൂരാണെങ്കിൽ തൃശൂരിന് തിലകക്കുറി ചാർത്താൻ, ഉജ്ജ്വലമായ സാംസ്കാരിക പൈതൃകം കാത്തുസൂക്ഷിക്കുന്നതിൽ കുർക്കഞ്ചേരി എന്നും ഒരു പടി മുന്നിൽ തന്നെയാണ്. ചരിത്രമുറങ്ങുന്ന കുർക്കഞ്ചേരിയ്ക്ക് സമുജ്ജ്വലമായ ഒരു ഭൂതകാലം ഉണ്ടായിരുന്നു. മതസൗഹാർദ്ദത്തിൻെറ ഈറ്റില്ലമെന്ന് വിശേഷിപ്പിക്കപ്പെടാവുന്ന ഈ മണ്ണിൽ ശ്രീ നാരായണഗുരുദേവൻെറ പാദസ്പർശം ഏൽക്കുക മാത്രമല്ല, അദ്ദേഹത്തിൻെറ മഹത്വചനങ്ങൾ സ്വാംശീകരിക്കാൻ പര്യാപ്തമായ രീതിയിൽ അദ്ദേഹത്തിൻെറ കാർമ്മികത്വത്തിൽ തന്നെ ഒരു ക്ഷേത്രസമുച്ചയം ഉയർന്ന് വരികയുണ്ടായി. ശ്രീനാരായണ ഗുരുദേവൻ സ്ഥാപിച്ച ശ്രീ മഹേശ്വരക്ഷേത്രം ഇന്നും മതസൗഹാർദ്ദത്തിൻെറ കേളീരംഗമായി നിലനിൽക്കുന്നു.



സ്വാതന്ത്ര്യസമരസേനാനി
യശഃശരീരനായ
ശ്രീ. ടി.കെ.ഭാസ്കരൻ

ബ്രിട്ടീഷ് സാമ്രാജ്യത്വ വാഴ്ചക്കെതിരെ രാജ്യത്താകമാനം ഉയർന്ന് വന്ന ദേശീയ വികാരം ഈ ഗ്രാമത്തിനെയും ധീരമായ കർമ്മപഥത്തിലേക്ക് എത്തിക്കുകയുണ്ടായി. ദേശീയ സ്വാതന്ത്ര്യസമരത്തിൻെറ തീജ്വാല മനസ്സിൽ ഏറ്റുവാങ്ങാൻ അന്നത്തെ യുവനേതൃത്വം തയ്യാറായി. ഈ അവസരത്തിൽ നാം ഏറ്റവും ആദരവോടെ സ്മരിക്കേണ്ട ഒരു നാമധേയം അകാലത്തിൽ നമ്മെ വേർപിരിഞ്ഞ് പോയ ശ്രീ. ടി.കെ. ഭാസ്കരൻേറതാണ്. സാംസ്കാരിക- രാഷ്ട്രീയരംഗത്ത് ടി.കെ ഭാസ്കരൻെറ പിൻഗാമിയായി വായനശാല പ്രസ്ഥാനത്തിലൂടെ കടന്നുവരികയും വായനശാല പ്രസ്ഥാനത്തിന് വേണ്ടി അഹോരാത്രം യത്നിച്ച പരേതനായ ശ്രീ കോട്ടിയാട്ടിൽ മാധവൻെറ നാമം കുർക്കഞ്ചേരിയുടെ ചരിത്രത്തിൽ എന്നും മായാതെ നിലനിൽക്കും. പ്രഗല്ഭനായ ഗായകൻ മൺമറഞ്ഞുപോയ K.P.A.C ഗംഗാധരൻ കുർക്ക



ശ്രീനാരായണഗുരുവിൻെറ പാദസ്പർശമേററ സ്ഥലം

സന്മാർഗ്ഗദീപം ഗ്രാമീണ വായനശാല, വടൂക്കര



ഞ്ചേരിയുടെ അരുമ സന്താനമാണ്.

സാംസ്കാരിക രംഗത്തെ ഉന്നതവ്യക്തിത്വമുള്ള വിദ്യാഭ്യാസ വിചക്ഷണനനും പിണ്ഡിതനുമായ ശ്രീ. I.M വേലായുധൻ മാസ്റ്റർ കുർക്കഞ്ചേരിയുടെ അഭിമാനമാണ്. കഥാപ്രസംഗരംഗത്തെ ലബ്ധപ്രതിഷ്ഠ നേടിയ ശ്രീ. കെ.പി. ചന്ദ്രഹാസൻ, നോവൽ സാഹിത്യത്തിലെ യുവപ്രതിഭ സുകുമാർ കുർക്കഞ്ചേരി, സുപ്രസിദ്ധ ഗാനരചയിതാവ് സുഗുതൻ കുർക്കഞ്ചേരി. നാടകപ്രതിഭകളായ ജോസ് ചിറമൽ, ആർട്ടിസ്റ്റ് നന്ദൻ മാസ്റ്റർ, ടി.ഡി.എടശ്ശേരി, രാജു കുർക്കഞ്ചേരി, സിനിമാരംഗത്ത് തൃശൂർ എൽസി, വിജയ്രാജ്, ജയരാജ് വാരിയർ എന്നിവർ പ്രശംസനീയരാണ്. നാട്യരംഗത്തെ പ്രഗത്ഭൻ പെരുമനത്ത് കൊച്ചുകുട്ടനാശാൻ, സുപ്രസിദ്ധ സംഗീതജ്ഞൻമാർ രാമപ്രസാദ് മാസ്റ്റർ, സോദരൻ മാസ്റ്റർ, സുശീലടീച്ചർ, ഓട്ടംതുള്ളലിൽ പുതിയ പരീക്ഷണങ്ങൾ നടത്തിയവേണു ആശാൻ , ഇന്ത്യയിലാകമാനം അറിയപ്പെടുന്ന "ശില്പി രാജൻ" എന്നിവരുടെ പേർ ഉൾക്കൊള്ളിക്കാതെ കുർക്കഞ്ചേരിയുടെ സാംസ്കാരിക ചരിത്രം പൂർണ്ണമാകുകയില്ല.

### സാംസ്കാരിക സ്ഥാപനങ്ങൾ

ഉജ്ജ്വല പ്രതീകങ്ങളായ് മാറിയ നിരവധി സാംസ്കാരിക സ്ഥാപനങ്ങൾ കൊണ്ട് ധന്യമായിരുന്നു കുർക്കഞ്ചേരി പഞ്ചായത്ത്. 1937 ൽ വടൂക്കരയിൽ സന്മാർഗ്ഗ ദീപം ഗ്രാമീണവായനശാല രൂപം കൊണ്ടു. ജാജ്ജ്വലമാനങ്ങൾ തീർത്ത സാംസ്കാരിക പ്രവർത്തകരുടെ കേന്ദ്രമായിരുന്നു ഇവിടം. വായനശാല പ്രവർത്തനത്തിന്റെ ആവേശം ഉൾക്കൊണ്ട് കൊണ്ട് കുർക്കഞ്ചേരിയുടെ വിവിധഭാഗങ്ങളിൽ സാംസ്കാരിക സംഘടനകൾ രൂപം കൊള്ളുകയുണ്ടായി. നവ്ജവാൻ ആർട്ട്സ്ക്ലബ്ബ്, യൂത്ത്ലീഗ്, മിനർവക്ലബ്ബ്, പുരോഗമന യുവജനസംഘം പനമുക്ക്, യുവജനസംഘം നെടുപുഴ, കണിമംഗലം ദേശീയ യുവജനസംഘം തുടങ്ങി അക്കാലത്ത് ചെറുതും വലുതുമായ നിരവധി കലാ-സാംസ്കാരിക-കായിക സംഘടനകൾ രൂപം കൊണ്ടു. ഇടക്കാലത്ത് വെച്ച് ഈ സാംസ്കാരിക സ്ഥാപനങ്ങളിൽ ഒട്ടുമിക്കതും അകാലമൃത്യു വരിച്ചു. ഇപ്പോൾ ലൈബ്രറി - വായനശാല എന്ന നിലിയിൽ പ്രവർത്തിച്ച് കൊണ്ടിരിക്കുന്നത്.

1. സന്മാർഗ്ഗദീപം ഗ്രാമീണ വായനശാല വടൂക്കര
2. വിജയദീപം കണ്ണംകുളങ്ങര
3. കണിമംഗലം ഗ്രാമീണവായനശാല
4. കേരള വായനശാല കുരിയിച്ചിറ
5. ശ്രീ നാരായണലൈബ്രറി - റീഡിങ്ങ് റൂം കുർക്കഞ്ചേരി
6. കുർക്കഞ്ചേരി ഗ്രാമ പഞ്ചായത്ത് ലൈബ്രറി
7. ചിയ്യാരം ഗ്രാമീണ വായനശാല
8. ജ്ഞാനോദയം ഗ്രന്ഥശാല, പനമുക്ക്

എന്നിവയാണ്. മേൽ സൂചിപ്പിച്ച വായനശാല ലൈബ്രറികൾക്ക് സ്വന്തമായി കെട്ടിടങ്ങൾ ഉണ്ടായികഴിഞ്ഞിരിക്കുന്നു.

വായനശാലകളും ലൈബ്രറികളും കൂടാതെ നിരവധി സാംസ്കാരിക സംഘടനകൾ ഇന്നും കുർക്കഞ്ചേരി പഞ്ചായത്തിൽ സുവർണ്ണരാജികൾ തെളിയിച്ച് ഈ രംഗത്ത് വ്യക്തിമുദ്ര പതിപ്പിച്ച് കൊണ്ട് കലാ-സാംസ്കാരിക നഭോമണ്ഡലത്തിൽ തിളങ്ങി നിൽക്കുന്നു. ജവഹർ ആർട്ട്സ് ക്ലബ്ബ് കണിമംഗലം, ഫ്രൻസ് ക്ലബ്ബ് കണിമംഗലം, ജ്ഞാനോദയം വായനശാല വട്ടപ്പിന്നി, ഫ്രൻസ് ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ് പനമുക്ക്, ഹെർബർട്ട് ആർട്ട്സ് &സ്പോർട്ട്സ് ക്ലബ്ബ്, ബ്രദേഴ്സ് ആർട്ട്സ് & സ്പോർട്ട് ക്ലബ്ബ് പനമുക്ക്, കണിമംഗലം റിക്രിയേഷൻ ക്ലബ്ബ് കണിമംഗലം, കൈരളി കലാ-സമിതി നെടുപുഴ, സജീവകലാ- സമിതി കുർക്കഞ്ചേരി, ശ്രുതി ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ് വടൂക്കര, ന്യൂഫൻറാസിയ ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ് വടൂക്കര, യുഗശില്പി ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ് വടൂക്കര, അരങ്ങ് കുരിയിച്ചിറയ, ഗ്രീൻ വയലൻസ് ചിയ്യാരം, യുവധാര ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ് , S.O.S ചിയ്യാരം, റൂട്ട് രൂപ്കല ചിയ്യാരം, ജവഹാർ സോഷ്യൽ ആർട്ട്സ് കുരിയച്ചിറ, ജവഹാർ ആർട്ട് ചിയ്യാരം, നവീന ആർട്ട്സ് ചിയ്യാരം, വിശ്വകല ആർട്ട്സ് ചിയ്യാരം, ഈഗിൾസ് ചിയ്യാരം. ഇത്രയും കലാ-കായിക സാംസ്കാരികസംഘടനകൾ പ്രവൃത്തിക്കുന്നുണ്ട് എങ്കിലും മാതൃകാപരമായ പ്രവർത്തനങ്ങൾ നടത്തുന്ന സാംസ്കാരിക സംഘടനകൾ അംഗുലീ പരിമിതിമാണ്. നിലനിൽക്കുന്ന പരാധീനതകൾ പരിഹരിക്കാൻ എന്ത് ചെയ്യണം എന്ന് ഉറക്കെ ചിന്തിക്കേണ്ടതുണ്ട്.

ഗ്രാമപഞ്ചായത്ത് കേരളോൽസവം അതിന്റെ ഗൗരവത്തിൽ തന്നെ നടത്താറുണ്ട്. പഞ്ചായത്തിലെ പ്രതിഭകളുടെ കഴിവും പരിപോഷിപ്പിക്കുന്നതിൽ ഇത്തരം പരിപാടികൾ പ്രോത്സാഹജനകമാണ്.



നിർമ്മലപുരം പള്ളി
കൂർക്കഞ്ചേരി



ജുമാ മസ്ജിദ്
കൂർക്കഞ്ചേരി



അയ്യപ്പക്ഷേത്രം
കണിമംഗലം
ഈ ക്ഷേത്രത്തിൽ
നിന്നാണ് തൃശൂർ
പൂരത്തിന്റെ
തുടക്കം
കുറിക്കുന്നത്

## പരിഹാരങ്ങളും നിർദ്ദേശങ്ങളും

ലൈബ്രറി എന്ന രീതിയിൽ പ്രവർത്തിച്ച് കൊണ്ടിരിക്കുന്ന വായനശാലകൾക്കുള്ള പ്രധാനപ്രശ്നം നല്ല പുസ്തകങ്ങളുടെ അഭാവമാണ്. നല്ല പുസ്തകങ്ങൾ വാങ്ങുന്നതിന് വേണ്ടി കൂടുതൽ ധനസഹായം അനുവദിക്കണം. വിഭവസമാഹരണത്തിലൂടെ പുസ്തകം വർദ്ധിപ്പിക്കണം. നിലവിൽ ലൈബ്രറികൾ ഇല്ലാത്ത സാംസ്കാരിക സ്ഥാപനങ്ങളിൽ ലൈബ്രറി ആരംഭിക്കുന്നതിന്വേണ്ടി സത്വരശ്രദ്ധ പതിപ്പിക്കണം. എല്ലാ ലൈബ്രറികളിലും സ്ഥിരം ലൈബ്രറിയൻമാർ ഉണ്ടാകണം. ഓരോ വാർഡിലും ഒരുലൈബ്രറി എങ്കിലും സ്ഥാപിക്കണം. ഓരോ വായനശാല കേന്ദ്രീകരിച്ചും "വായനക്കാരുടെ കൂട്ടം" ഉണ്ടാക്കിയെടുക്കണം. പഞ്ചായത്ത് ലൈബ്രറി കേന്ദ്ര വായനശാല എന്ന രീതിയിൽ മുഴുവൻ സമയവും പ്രവർത്തിക്കണം. എന്ന് മാത്രമല്ല. ആധുനികമായ രീതിയിൽ "റഫറൻസ് വിഭാഗം" ഉണ്ടാക്കണം.

നാടകരംഗത്ത് ഏറെ കലാകാരൻമാർ ഉള്ള പ്രദേശമാണ് കുർക്കഞ്ചേരി. ജോസ് ചിറമ്മൽ, ടി.വി. ബാലകൃഷ്ണൻ, ജയരാജ് വാര്യർ, നാടക രചയിതാവും ഗാനരചയിതാവുമായ എ.ടി. ജോസ്, നാടക സംവിധായകൻ യശഃശരീരനായ പ്രദീപ് കുർക്കഞ്ചേരി തുടങ്ങിയ പ്രഗല്ഭർ കുർക്കഞ്ചേരി പഞ്ചായത്തിൻെറ അഭിമാനങ്ങളാണ്. ഈ രംഗത്ത് പ്രവൃത്തിക്കുന്നവരുടെ പ്രധാന പരാതി അവരുടെനാടകം പരിശീലനത്തിനോ, പരിശീലനം കഴിഞ്ഞ നാടകങ്ങൾ അവതരിപ്പിക്കുന്നതിനോ ഒരു തിയ്യറ്റർ ഇല്ല എന്നുള്ളത് തന്നെയാണ്. വടൂക്കരയിലെ സന്മാർഗ്ഗദീപം ഗ്രാമീണവായനശാലയോടനുബന്ധിച്ച് ഒരു മിനി തിയ്യറ്റർ പണിയുന്നതിനുള്ള സ്ഥലമുണ്ട് ഈസ്ഥലം ഉപയോഗപ്പെടുത്തി ഒരു തിയ്യേറ്റർ പണിയുകയും മേൽപറഞ്ഞ പ്രശ്നത്തിന് പരിഹാരം കാണേണ്ടതുമാണ്.

പഞ്ചായത്ത് കേന്ദ്രത്തിൽ ഒരു ബാലഭവൻ രൂപീകരിക്കേണ്ടത് വളരെ അത്യാവശ്യമാണ്. വിദ്യാർത്ഥി-വിദ്യാർത്ഥിനികളിൽ അന്തർലീനമായിട്ടുള്ള സാംസ്കാരിക അഭിരുചികൾ വളരെ ചെറുപ്പത്തിൽ തന്നെ തിരിച്ചറിഞ്ഞ് 5 വയസ്സു മുതൽ പതിനഞ്ച് വയസ്സുവരെ പ്രായമുള്ള കുട്ടികൾക്ക് പരിശീലനം നൽകുന്നതിനുള്ള കളരിയായി ഇത് മാറ്റിയെടുക്കണം. നാടകം. സംഗീതം, കഥാപ്രസംഗം, നൃത്തം, ചിത്രരചന, നാടൻകലകൾ..... ഇവിടെ അഭ്യസിപ്പിക്കണം. വിവിധ രംഗങ്ങളിൽ പ്രഗൽഭരായ നിരവധിപേർ പഞ്ചായത്തിൽ ഉള്ളത് കൊണ്ട് ഇവരുടെ സേവനം കുട്ടികളെ അഭ്യസിപ്പിക്കുന്ന കാര്യത്തിൽ വിനിയോഗിക്കണം. സാംസ്കാരികരംഗത്ത് ഈ കുട്ടികൾ മുതൽ കൂട്ടാകുമെന്ന കാര്യത്തിൽ സംശയമില്ല.

പഞ്ചായത്തിൻെറ വിവിധഭാഗങ്ങളിൽ ക്ഷേത്രകലകളും, പ്രാചീനകലാരൂപങ്ങളും നാടൻ കലാരൂപങ്ങളും അന്യംനിന്ന് പോയ് കൊണ്ടിരിക്കുകയാണ്. ഈ കലാരൂപങ്ങൾ സംരക്ഷിക്കപ്പെടേണ്ടത് വളരെ അനിവാര്യമാണ്. ഈ രംഗത്തെ പ്രഗല്ഭരായ പലരുംഇന്ന് ജീവിച്ചിരുപ്പുണ്ട്. ഈ കലാകാരൻമാരെ പങ്കെടുപ്പിച്ചുകൊണ്ട് പുതിയ തലമുറയിലെ യുവതിയുവാക്കൾക്ക് പ്രാചീനകലകളെ കുറിച്ച് അറിവ് നൽകുകയും പരിശീലിപ്പിക്കുകയും ചെയ്യണം. പഴയ കലാക്കാരൻമാർ ഈ പരിപാടികൾ അവതരിപ്പിക്കുമ്പോൾ അത് കൃത്യമായി റെക്കോഡ് ചെയ്ത് പഞ്ചായത്ത് കേന്ദ്രത്തിൽ സൂക്ഷിക്കണം. ആവശ്യം വരുന്ന സന്ദർഭങ്ങളിൽ ഇത് പ്രദർശിപ്പിക്കാനുള്ള സൗകര്യമുണ്ടാക്കണം. വർഷത്തിൽ ഒരു തവണയെങ്കിലും ഇത്യാദികലാരൂപങ്ങളുടെ പ്രദർശനം തിരഞ്ഞെടുത്ത കേന്ദ്രത്തിൽ നടത്തണം. പഴമക്കാരുടെ കൈവശമുള്ള രേഖകളിൽ നിന്ന് കഴിയാവുന്നത്ര വിവരങ്ങൾ ശേഖരിച്ച് ഈ കലാരൂപങ്ങളുടെ കൃത്യമായ പഠനം നടത്തി "രേഖാ പുസ്തകം" തയ്യാറാക്കണം. ഒരു ഫോക്ലർ അക്കാദമി എന്ന നിലയിൽ ഈ സ്ഥാപനത്തെ വളർത്തിയെടുക്കണം.

മാധ്യമരംഗത്ത് ഇലക്ട്രോണിക്സ് മാധ്യമങ്ങളുടെ കടന്നു കയറ്റം നമ്മുടെ സാംസ്കാരിക പൈതൃകത്തെ ചോദ്യം ചെയ്യാവുന്ന രീതീയിൽ മേൽക്കൈമായി കൊണ്ടിരിക്കുന്നു. ഈ രംഗത്തെ നൂതന പ്രവണതകൾ അപ്പാടെ തിരസ്കരിക്കാൻ സാധിക്കുകയില്ല എന്നുള്ളത് കൊണ്ട് ഈ മാധ്യമസംസ്കാരത്തെ അതേ മാധ്യമം ഉപയോഗിച്ച് നേരിടേണ്ടത് അത്യാവശ്യമാണ്. വായനശാലകളിലും, സാംസ്കാരികകേന്ദ്രങ്ങളിലും ലക്ഷംവീട് കോളനി പ്രദേശങ്ങളിലും ടിവി പ്രദർശന കേന്ദ്രങ്ങൾ ഉണ്ടാക്കിയെടുക്കണം. ഈ പ്രദർശനകേന്ദ്രങ്ങളിൽ കൃത്യമായി TIME TABLE അനുസരിച്ച് മാത്രമെ പ്രദർശനം നടത്താൻ പാടുള്ളൂ. വായനശീലത്തെ ദോഷകരമായി ബാധിക്കുന്ന രീതിയിൽ ആണ് ഇലക്ട്രോണിക്സ് മാധ്യമങ്ങളുടെ ഭീഷണി. അതുകൊണ്ട് വളരെ ശ്രദ്ധാപൂർവ്വം ഇലക്ട്രോണിക്സ് മാധ്യമത്തെ കൈകാര്യം

ചെയ്യണം. പഞ്ചായത്ത് കേന്ദ്രത്തിൽ ഒരു "വീഡിയോ ഫിലിം ക്ലബ്ബ്" ഉണ്ടാക്കണം. കലാ-മൂല്യമുള്ള ചിത്രങ്ങൾ കാണുന്നതിനും പ്രദർശിപ്പിക്കുന്നതിനും ഇതു വഴി സൗകര്യമുണ്ടാക്കണം. പഞ്ചായത്തിൽ നിന്ന് പ്രസിദ്ധീകരിക്കുന്ന ഒരു "പഞ്ചായത്ത് ദിനപത്രം" ഉണ്ടാക്കിയെടുക്കണം. പഞ്ചായത്തിലെ മുഴുവൻ വീടുകളിലും എത്തിക്കാവുന്ന രീതിയിൽ ഉള്ള ഒരു പഞ്ചായത്ത് ദിനപത്രത്തിന്റെ മുഴുവൻ അർത്ഥത്തിലും ഇത് ഫലപ്രദമായി വിനിമയത്തിനുള്ള ഏറ്റവും കലാമൂല്യമുള്ള ഒരു മാധ്യമം എന്ന രീതിയിൽ ഈ പത്രത്തെ മാറ്റിയെടുക്കണം.

**കായികരംഗം**

കായികരംഗത്ത് നിർണ്ണായകമായ സ്ഥാനമുള്ള പഞ്ചായത്താണ് കുർക്കഞ്ചേരി പഞ്ചായത്ത്. നിരവധി കായിക പ്രതിഭകളെ സംഭാവന നൽകുവാൻ ഈ മണ്ണിന് കഴിഞ്ഞിട്ടുണ്ട്. ഇന്ത്യൻ ഫുട്ബോൾ വീരേതിഹാസം രചിച്ച പി. ആർ. ആൻറണിയിൽ നിന്ന് ഈ പാരമ്പര്യം ആരംഭിക്കുന്നു. ഈ രംഗത്തെ മറ്റൊരു പ്രതിഭയാണ് ഡ്യൂറൻറ് കപ്പിൽ സർവ്വീസസ് ടീമിന്റെ ഡിഫൻറർ ആയിരുന്ന ശ്രീ. കുട്ടപ്പൻ കണിമംഗലം. ധീരജവാനായ ഇദ്ദേഹം 1963 ലെ ചൈനീസ് യുദ്ധത്തിൽ വീരമൃത്യു പ്രാപിച്ചു. ഫുട്ബോൾ രംഗത്ത് നിരവധി പ്രതിഭകളെ വളർത്തിയെടുത്തത് കണിമംഗലം റിക്രിയേഷൻ ക്ലബ്ബാണ്. സംസ്ഥാന നിലവാരത്തിൽ അറിയപ്പെടുന്ന പരിശീലകനും റഫറിയുമായിട്ടുള്ള ജയപ്രകാശ് അയിനിക്കുന്നൻ, കണിമംഗലം റിക്രിയേഷൻ ക്ലബ്ബിന്റെ എല്ലാമെല്ലാമാണ്. 3-ാം വാർഡ് മെമ്പർ കുമാർ പുതുവീട്ടിൽ പ്രശസ്തനായ ഫുട്ബോൾ റഫറിയാണ്. ജേശീയ ഫുട്ബോൾ താരം സി. വി. ശശി കുർക്കഞ്ചേരിയുടെ അമൂല്യസ്വത്താണ്. ദേശീയ ചെസ്സ് ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കുകയും സബ്ബ് ജൂനിയർ സംസ്ഥാന ചാമ്പ്യൻ പട്ടം കരസ്ഥമാക്കിയസനിതാ സത്യൻ ഈ (15-ാം വാർഡ്, ചിയ്യാരം) ഈ മണ്ണിന്റെ സംഭാവനയാണ്. ഉന്നതനിലവാരമുള്ള ഒരു ഹോക്കി ടീമിനെ വളർത്തിയെടുക്കുവാൻ പ്രഭാവതി ടീച്ചറുടെ ശിക്ഷണത്തിന് കഴിഞ്ഞിട്ടുണ്ട്. വട്ടപ്പിന്നിക്ഷേത്രമൈതാനം ശ്രീ. കുമാർ പുതുവീട്ടിലിന്റെ നേതൃത്വത്തിൽ വികസിപ്പിച്ച് ഫുട്ബോൾ, ഹോക്കി കളിക്കാരെ വളർത്തിയെടുക്കാനുള്ള പ്രയത്നം ഉണ്ടായിട്ടുണ്ട്.

പുതിയ തലമുറയെ കായികരംഗത്തേക്ക് കാര്യമായി കൊണ്ടു വരുവാൻ കഴിയുന്നില്ല. വിദ്യാർത്ഥി സമൂഹത്തിൽ കായികാഭിരുചി വളർത്തി എടുക്കുന്നതിൽ നിലവിലുള്ള സ്കൂളുകളിലെ സാഹചര്യം ശരിയല്ല എന്നു തന്നെയാണ് പ്രധാനമായും ചൂണ്ടിക്കാണിക്കാനുള്ളത്.

കായികരംഗത്ത് അർപ്പണബോധമുള്ള ഒരു വിഭാഗത്തെ വളർത്തി എടുക്കാൻ കാര്യമായി ശ്രദ്ധിക്കേണ്ടതുണ്ട്.

പഞ്ചായത്തിന്റെ കിഴക്കൻ മേഖലയിൽ അടിയന്തിരമായി ഒരു കളി സ്ഥലം കണ്ടെത്തേണ്ടതുണ്ട്.

പഞ്ചായത്തിൽ ഒരു "കേന്ദ്ര കായികസമിതി" ഉണ്ടാക്കിയെടുക്കണം. കേന്ദ്രകായിക സമിതിയിൽ പ്രഗല്ഭരായ കായികതാരങ്ങളെ ഉൾപ്പെടുത്തി കൊണ്ടാവണം സംഘടിപ്പിക്കേണ്ടത്.

അവധിക്കാലങ്ങളിൽ കോച്ചിങ്ങ് ക്യാമ്പുകൾ സംഘടിപ്പിക്കണം.

കായിക മേഖലയെ പോഷിപ്പിക്കുവാൻ ആവശ്യമായ സാമ്പത്തിക സഹായങ്ങൾ അനുവദിക്കണം.

ചെറിയ കളിസ്ഥലങ്ങൾ താഴെ പറയുന്ന വാർഡുകളിൽ കണ്ടെത്തണം. - വാർഡ് - 3,5,8,9,13,15,12

**ഉത്സവങ്ങൾ**

കുർക്കഞ്ചേരിയിലെ പ്രധാന ഉത്സവം കുർക്കഞ്ചേരി ശ്രീ മാഹേശ്വരക്ഷേത്രത്തിൽ നടക്കുന്ന തൈ പൂയ്യമാണ്. നാനാ ജാതി മതസ്തർ ഏക മനസ്സോടെ തൈപൂയം ആഘോഷിക്കുന്നു. വിവിധദേശങ്ങളിൽ നിന്ന് പ്രാദേശിക കലാകാരൻമാർ കെട്ടിയുണ്ടാക്കിയ പൂക്കാവടികളും, അമ്പലക്കാവിടികളും വളരെ സുന്ദരമാണ് എന്ന് പറയേണ്ടതില്ല. അംബരചുംബികളായ പൂക്കാവിടികൾ വിവിധ വാദ്യമേളങ്ങളോട് കൂടി ക്ഷേത്രത്തിൽ എത്തിച്ചേരുകയും ചെറുപ്പക്കാർ കാവിടികൾ ആടി തിമർക്കുന്നതും ഈ ഉത്സവത്തിന്റെ പ്രത്യേകതയാണ്. മതസൗഹാർദ്ദത്തിന്റെ മഹനീയമാതൃകയാണ് കുർക്കഞ്ചേരി തൈപ്പൂയം.

**കണിമംഗലം അയ്യപ്പൻക്കാവ് ക്ഷേത്രത്തിലെ ചടങ്ങ്**

വിശ്വപ്രസിദ്ധമായ തൃശൂർ പൂരത്തിന്റെ ആദ്യത്തെ ഉത്സവ എഴുന്നുള്ളിപ്പ് കണിമംഗലം

അയ്യപ്പൻേറതാണ്. ഈ എഴുന്നുള്ളിപ്പ് എത്തുന്നതോടുകൂടി മാത്രമെ തൃശൂർ പൂര ചടങ്ങുകൾ ആരംഭിക്കുകയുള്ളൂ. പൂരത്തിൻേറ ഭാഗഭാക്കായ കാരമുക്ക് ഭഗവതി ഈ പഞ്ചായത്തിൻേറ ചിയ്യാരം പ്രദേശത്തുള്ള ക്ഷേത്രത്തിലെ പ്രധാന പ്രതിഷ്ഠയാണ്.

### വലിയാലുക്കൽ ക്ഷേത്രത്തിലെ അശ്വതിവേല

എല്ലാവർഷവും അഞ്ച് ആനകളുടെ പൂരം, വേലയുടെ ഭാഗമായി പുലയൻമാരുടെ കാളക്കളി, വേട്ടുവൻമാരുടെ കാഴ്ചക്കളി, പറയൻമാരുടെ തുള്ളൽ, ആശാരിമാരുടെ തട്ടിൻമേൽക്കളി തുടങ്ങിയവ ഈ വേലയുടെ പ്രത്യേകതയാണ്. കണ്ണംകുളങ്ങര കുട്ടിയമ്പലം, നെടുപുഴ ദുർഗ്ഗാ ക്ഷേത്രം, കണ്ണംകുളങ്ങര ശ്രീ കൃഷ്ണക്ഷേത്രം എന്നിവയിലെയും ആഘോഷങ്ങൾ പ്രശസ്തമാണ്.

ചെറുതും വലുതുമായ വേലകൾ പഞ്ചായത്തിൻേറ വിവിധ വാർഡുകളിലെ വിവിധക്ഷേത്രങ്ങളിൽ ഉണ്ടാകാറുണ്ട്.

വിവിധ കൃസ്ത്യൻ പള്ളികളിൽ പെരുന്നാളുകൾ ആഘോഷിക്കാറുണ്ട്. ചരിത്രപ്രസിദ്ധമായ ഒല്ലൂർ മാലാഖയുടെ തിരുനാളിന് 'വള എഴുന്നുള്ളിപ്പ്' ഈ പഞ്ചായത്തിലെ ചിയ്യാരം പ്രദേശത്ത് നിന്ന് ആരംഭിക്കും. കുരിയിച്ചിറ പള്ളി പെരുന്നാൾ, നിർമ്മലപുരം പള്ളി പെരുന്നാൾ, നെടുപുഴപള്ളിയിലെ ആഘോഷം, പനമുക്ക് കാണിക്കമാതാ ദേവാലയത്തിലെ ആഘോഷം, കണ്ണംകുളങ്ങര ക്രിസ്തുരാജാദേവാലയത്തിലെ പെരുന്നാൾ എന്നിവ പ്രസിദ്ധമാണ്. കുർക്കഞ്ചേരി ജുമാമസ്ജിദിലെ ആഘോഷങ്ങൾ വളരെ പ്രധാനമാണ്.

സാംസ്കാരിക മൂല്യങ്ങൾക്ക് അപചയം സംഭവിച്ച് കൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിലൂടെ നാം കടന്ന് പോയ്ക്കൊണ്ടിരിക്കുകയാണ്. ഒരു വേള പിൻതിരിഞ്ഞ് നോക്കുമ്പോൾ, ഭൂതകാല സൗഭാഗ്യങ്ങൾക്കുമേൽ കറുത്ത ചിറകടിയൊച്ചകൾ കേൾക്കാനുണ്ട്. ഒരു പുത്തൻ പരിപ്രേക്ഷ്യത്തിന് വേണ്ടിയുള്ള ഒത്തുചേരലിൽ നാം പിന്നിലായിക്കൂടാ....ഒരു നവ്യസംസ്കൃതിക്കു വേണ്ടിയുള്ള മുന്നേറ്റത്തിൽ നമുക്ക് ഒരുമയുടെ ഗാഥ ആരചിക്കാം....

**മുൻകാലത്ത് നിലനിന്നിരുന്ന കലാരൂപങ്ങൾ** · **കലാകാരൻമാർ**

| ഇനവിവരങ്ങൾ | കലാകാരൻമാർ |
|---|---|
| തുയിലുണർത്തുപാട്ട് | കെ.കെ ബാലൻ |
| ഭൂതം കളി | വി.കെ.ബാലകൃഷ്ണൻ, ഇ.ടി. അപ്പു. |
| ഓണക്കളി | കുഞ്ഞി, അമ്മിണി |
| നാടകം | ആർട്ടിസ്റ്റ് നന്ദനൻ മാസ്റ്റർ, താരാനാഥ്<br>വിജയൻ വി.എ., ബാലൻ എം.എ. |
| പുറാട്ടുനാടകം | രാമൻ പൊറത്തിക്കാട്ടിൽ |
| നത്തുണിപാട്ട് | രാഘവൻ ഗോപുരത്തിങ്കൽ, രാമൻ |
| തോറ്റം പാട്ട് | രാമൻ, വേലായുധൻ |
| പഞ്ചവാദ്യം, ചെണ്ടമേളം | രാധാകൃഷ്ണകുറുപ്പ് |
| നാദസ്വരം | കൃഷ്ണൻ കുട്ടി, ഗോപാലൻ |
| നൃത്തം | കലാലയം വർക്കി, കൊച്ചുക്കുട്ടനാശാൻ |
| കുറത്തിയാട്ടം | പാറുകുട്ടി |
| കാളക്കളി | മേക്കായി |

| | |
|---|---|
| ഐവർകളി | കിട്ടുണ്ണി അയ്യപ്പനാചാരി, തെയ്യൻ |
| പരിചമുട്ട് | |
| പോത്തോട്ടം | കണ്ടൻകാളി |
| കോലംകളി | കുഞ്ഞിറ്റി |
| ഓട്ടൻതുള്ളൽ | വേണുആശാൻ |
| കുമ്മാട്ടിക്കളി | |
| കഥാപ്രസംഗം | ശ്രീനിവാസൻ, കെ.പി. ചന്ദ്രഹാസൻ |
| ഹാർമോണിയം | ടി.സി. ജനാർദ്ദനൻ മാസ്റ്റർ |

**ഇപ്പോൾ നിലവിലുള്ള കലാരൂപങ്ങളും കലാകാരൻമാരും**

| കലാരൂപങ്ങൾ | കലാകാരൻമാർ |
|---|---|
| സംഗീതം | സോദരനാശാൻ, തൃശൂർ മണി, സണ്ണിരാജ്, സണ്ണി, സുശീല, മാലിനി, ജയമാലിനി, വേണുഗോപാൽ, ഉണ്ണിരാജ്, നൗഷാദ്, ലത.പി.എസ് |
| നൃത്തം | കൊച്ചുക്കുട്ടനാശാൻ, കമലം |
| ഓട്ടൻതുള്ളൽ | വേണു ആശാൻ |
| ഹാർമോണിയം | ടി.സി. ജനാർദ്ദനൻമാസ്റ്റർ |
| കഥാപ്രസംഗം | കെ.പി. ചന്ദ്രഹാസൻ |
| നാടകം | ജോസ് ചിറമൽ, ചിത്രമോഹനൻ, ജയരാജ് വാര്യർ, എടശ്ശേരി, ഹനീഫ, ടി.വി.ബാലകൃഷ്ണൻ, സനൽകുമാർ, ബാലകൃഷ്ണൻ |
| സിനിമ | തൃശൂർ എൽസി, വിജയരാജ്, ജയരാജ് വാര്യർ, ബസന്ത്, ടി.ഡി.എടശ്ശേരി, മാർട്ടിൻ ടോണി |
| വയലിൻ | സുധ, സോമൻ |
| തബല | ഉണ്ണിമാസ്റ്റർ, ജോസ്, പ്രകാശൻ |
| ഫ്ലൂട്ട് | ആൻേറാ, സ്റ്റാൻലി |
| ഗിത്താർ, ഓർഗൻ, | പി.കെ. സണ്ണി |
| ഉയിലണർത്തുപാട്ട് | കെ.കെ. ബാലൻ |
| കുറത്തി ആട്ടം | പാറുകുട്ടി |
| കാളക്കളി | മേക്കായി |
| കുമ്മാട്ടിക്കളി | നെടുപുഴ ബാലസംഘം കൂട്ടുകാർ |
| ഐവർകളി | കുഞ്ഞപ്പൻ, എം.ആർ. വാസു, രാഘവൻ, മാധവൻ |
| പയ്യംപാട്ട് | കുമാർദാസ്, ലക്ഷ്മികുട്ടി |

# 5-9

# സ്ത്രീപദവി




ചരിത്രാതീത കാലത്തെ സ്ത്രീ വേട്ടയാടുന്നതിലും ആയുധങ്ങളും പാത്രങ്ങളും ഉണ്ടാക്കുന്നതിലും പുരുഷനേക്കാൾ ഏറെ കഴിവും മിഴിവും പ്രദർശിപ്പിച്ചിരുന്നുവെന്ന് ചരിത്രകാരൻമാർ കണ്ടെത്തിയിരുന്നു.

കുർക്കഞ്ചേരി പഞ്ചായത്തിലെ സ്ത്രീകളും അവർ ഏർപ്പെട്ടിരുന്ന തൊഴിലുകളിൽ പ്രാഗൽഭ്യം തെളിയിച്ചിട്ടുണ്ട്. കൃഷിപ്പണിയും കുട്ട, പായ് തുടങ്ങിയവയുടെ നെയ്ത്തും മത്സ്യവിതരണവും പാചകവും മറ്റുമാണ് ഇവിടുത്തെ സ്ത്രീകൾ ആദ്യകാലത്ത് ചെയ്തുകൊണ്ടിരുന്നത്. പരമ്പരാഗതമായ ആ തൊഴിലുകൾ ഇന്നും അതീവ പാടവത്തോടെ ചെയ്ത് വിഭവങ്ങൾ പട്ടണത്തിലെയും ഗ്രാമത്തിൽ തന്നെയുമുള്ള കടകളിൽ എത്തിക്കുന്നത് നിത്യേന അനുഭവവേദ്യമായ കാഴ്ചയാണ്. മത്സ്യവിതരണരംഗത്തെ തൊഴിലാളികളിൽ അധികം പേരും നെടുപുഴ ഭാഗത്തുള്ള വനിതകളാണ്. കച്ചവടകാര്യത്തിൽ ഇവിടുത്തെ വനിതകൾക്കുള്ള പ്രത്യേക കഴിവ് അഭിനന്ദനാർഹമാണ്.

കാർഷികയുഗപ്പിറവിയോടെ സ്വകാര്യസ്വത്തിൻെറ ആവിർഭാവവും ഉണ്ടായതോടുകൂടി അവയുടെ സംരക്ഷണത്തിന്നായി വനിതകൾ അകത്തളങ്ങളിൽ ഒതുങ്ങി കൂടാൻ നിർബന്ധിതരായ പഴയ ചരിത്രം ഒരിക്കൽ കൂടി ഇവിടെ ഓർമ്മിക്കപ്പെടട്ടെ. വ്യവസായവൽക്കരണവും യന്ത്രവൽക്കരണവും ഉണ്ടായപ്പോൾ പ്രാഗൽഭ്യം തെളിയിച്ച തങ്ങളുടെ മേഖലകളിൽ നിന്ന് പിൻമാറിപ്പോരാൻ സ്ത്രീകൾക്ക് ഇടവന്നു. പുരുഷൻെറ ആകാരത്തിനും പ്രവർത്തനശേഷിക്കും മാത്രം ആധാരമായി യന്ത്രങ്ങളും യന്ത്രശാലകളും നിർമ്മിക്കപ്പെട്ടപ്പോൾ പരമ്പരാഗതമായ പല കൈത്തൊഴിലുകളും അതിൻെറ അനന്യസാധാരണമായ നിർമ്മാണ പാടവവും വേഗതയും സ്ത്രീക്ക് നഷ്ടമായി. മാറിമാറി വന്ന ഭരണകൂടങ്ങൾ സ്ത്രീയെ മാനിക്കാനും അംഗീകരിക്കാനും തയ്യാറാകാതിരുന്നതുമൂലം കൂടുതൽ കൂടുതൽ തന്നിലേക്കൊതുങ്ങാൻ അവൾ നിർബന്ധിതയായി. മതപ്രവാചകരും പുരോഹിത വൃന്ദവും കൂടുതൽ അവളെ ചെറുതാക്കിക്കൊണ്ടിരുന്നു. പുരാണങ്ങളിലും ഇതിഹാസങ്ങളിലും പുരുഷൻെറ താല്പര്യത്തിൽ സ്ത്രീ എങ്ങനെ ആയിരിക്കണമെന്ന് കുറിച്ചിട്ടു. കഥകളിലും കവിതകളിലും അവൾ ധന്യയെന്നും പൂജ്യയെന്നും അറിയിച്ചപ്പോൾ തൻേറതായ വ്യക്തിത്വം കഥാപാത്രരൂപത്തിലാക്കാൻ അവൾ നിശബ്ദയായിരുന്നു. ചരിത്രം ഇങ്ങനെയൊക്കെ ആയിരുന്നപ്പോഴും കേരളത്തിൽ, കുടുംബത്തിൻെറ നടുനായകത്വം വഹിച്ച

വീരാംഗനകളെക്കുറിച്ചുള്ള നാടൻപാട്ടുകൾ ഒഴുകി നടന്നു.

ഇവിടുത്തെ സ്ത്രീകൾ മാന്യമായ കൂട്ടായ്മയുടെ പ്രതീകങ്ങളായിതന്നെ പഴയകാലം മുതൽ വർത്തിച്ചിരുന്നു. ചെറുപിണക്കങ്ങളും വഴക്കുകളും അവർക്കിടയിൽ ഉണ്ടായിരുന്നിട്ടു പോലും ഉത്സവകാലങ്ങളിൽ അവർ കാണിച്ച ഒരുമ മറ്റൊരു നാട്ടിലും ഉണ്ടായിരുന്നതായി കേട്ടു കേൾവി ഇല്ല. വീടുകൾ അലങ്കരിക്കാൻ ഒന്നിച്ചു പ്രവർത്തിക്കുകയും ചെയ്തിരുന്ന കഥകൾ പഴയ കാലത്തിന്റെ അവശേഷിക്കുന്ന കണ്ണി കളിൽ നിന്ന് ശേഖരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇന്ന് അവയൊക്കെ കൂലികൊടുത്തു ചെയ്യുന്ന വേലകളായി മാറി. അയൽ വീട്ടിലെ അമ്മയ്ക്കൊ കുഞ്ഞിനൊ അസുഖം വന്ന് ജോലി ചെയ്യാൻ നിവൃത്തിയില്ലാതായാൽ അടുത്തുള്ള വീടുകളി ൽനിന്ന് സഹോദരിമാർ കടന്നു വന്ന് എല്ലാവിധ സഹായങ്ങളും ചെയ്തുകൊടുക്കുന്ന ആ സുവർണ്ണപ്പഴമ ഈ തലമുറയ്ക്ക് എന്നോ അന്യ മായി.

വിദ്യാഭ്യാസവും ജീവിതനിലവാരവും ഉയർന്ന ഇന്നത്തെ സാഹചര്യത്തിൽ തർക്ക വിതർക്കങ്ങൾക്ക് കാരണഭൂതമായ ഒരു വിഷ യമാണ് സ്ത്രീ പുരുഷ വ്യത്യാസം. 'നിത്യാഭ്യാസി ആനയെ എടുക്കും' എന്ന പഴമൊഴിയിലെ സാരാം ശമെന്നപോലെ ഏതൊരാളും പുരുഷനൊ സ്ത്രീയൊ ആരുമാകട്ടെ ആവർത്തിച്ചു ചെയ്യുന്ന ജോലിയിൽ പ്രാവീണ്യം നേടും എന്നല്ലാതെ ഒരു ജോലിയും ആർക്കും അസാധ്യമായിട്ടില്ല. ഒരു മനു ഷ്യൻ മറ്റൊരു മനുഷ്യനിൽ നിന്ന് കുറേ കാര്യ ങ്ങളിൽ വ്യത്യസ്തനായിരിക്കും. അതുപോലെ ഒരുപാടു കാര്യങ്ങളിൽ സ്ത്രീയും പുരുഷനും വ്യത്യസ്തരായിരിക്കും എന്നല്ലാതെ കാര്യമായ പ്രവർത്തനശേഷിക്കുറവ് സ്ത്രീകൾക്കില്ല. സാക്ഷരതയിലും ആയുർദൈർഘ്യത്തിലും കേര ളത്തിന്റെ കണക്കുകൾ അതു തെളിയിക്കു ന്നു.

വിദ്യാഭ്യാസ കാര്യത്തിൽ പഴയ കാലത്തെ ഉത്സാഹക്കുറവൊന്നും ഇന്ന് കാണുന്നില്ല. പുരു ഷനു കിട്ടിയ വിദ്യാഭ്യാസം അവനുതന്നെ നേട്ട മായി ഭവിക്കുമ്പോൾ സ്ത്രീക്കു ലഭിക്കുന്നത് മൊത്തം കുടുംബത്തിനു തന്നെ നേട്ടമായിത്തീ രുന്നു. വിദ്യാഭ്യാസമുള്ള സ്ത്രീകളുള്ള കുടുംബം അതിന്റെ ഔന്നത്യം എടുത്തുകാണിക്കുന്നു. കേരളത്തിലെന്നപോലെ ഇവിടുത്തെ വിദ്യാലയ ങ്ങളിലും പെൺകുട്ടികൾ ഉയർന്ന നിലവാരം പുലർത്തുന്നതായി റാങ്കുകളും മത്സരഫലങ്ങളും ചൂണ്ടിക്കാട്ടുന്നു.

ആരോഗ്യ കാര്യത്തിൽ ഇവിടുത്തെ വനി തകൾ വളരെ മെച്ചമായ അവസ്ഥയിലാണ്. അതിഥിസൽക്കാര പ്രിയരും ശുശ്രൂഷാപാടവം ഉള്ള വരുമായ ഇവിടുത്തെ സ്ത്രീകൾ ഭക്ഷണകാര്യ ത്തിൽ പലപ്പോഴും തങ്ങളെത്തന്നെ മറക്കാറുണ്ട്. ഉള്ളതു വെച്ചുവിളമ്പിഊട്ടുന്ന കാര്യത്തിൽ ശ്രദ്ധാ ലുവായ ഇവിടുത്തെ അമ്മമാർ 'നല്ലതുകൾ' വെച്ചു വിളമ്പാൻ കൂടി ശ്രദ്ധിക്കുന്നു എന്നുള്ളതാണ് ഇവിടുത്തെ ആരോഗ്യത്തിന്റെ പ്രധാന രഹസ്യം. ജോലി ചെയ്യാനുള്ള കഴിവും കുടുംബസംരക്ഷ ണത്തിനുള്ള വിവേകവും ആരോഗ്യത്തെ പരി രക്ഷിക്കാൻ, ആ കാര്യത്തിൽ വലിയ പങ്കു വഹി ക്കാൻ അവളെ പ്രാപ്തയാക്കി. തനതായ വൃ ത്തിയും പരിസര ശുചിത്വവും തലമുറകളിലേക്കു പകരാൻ ഇവിടുത്തെ സ്ത്രീകൾ വളരെ ശ്രദ്ധാ ലുക്കളാണ്. മദ്യവും മയക്കുമരുന്നുകളും ഏറെ വനിതകൾക്കും അന്യമാണ്. എങ്കിലും വീട്ടിലുള്ള പുരുഷാംഗങ്ങളുടെ ദുശ്ശീലവും ദുർവൃത്തികളും കാരണത്താൽ രോഗികളായ സ്ത്രീകളും ഇവി ടെയുണ്ട്. എന്നാൽ ഐശ്വര്യ പ്രതീകങ്ങളായ അനേകം അമ്മമാരും തേജസ്വിനികളായ സഹോ ദരിമാരും പ്രസരിപ്പാർന്ന പെൺകുഞ്ഞുങ്ങളും ഈ പ്രദേശത്തെ മഹത്വൽക്കരിക്കാൻ സൽകീർത്തി യിലേക്ക് നയിക്കാൻ ശ്രദ്ധിക്കുന്നു എന്നത് ഈ പ്രദേശത്തിന്റെ ഭാഗ്യം തന്നെയാണ്.

ഏറെ പരിമിതികളും ഒട്ടേറെ തടസ്സങ്ങളും ഉണ്ടായിരുന്നിട്ടുകൂടി തൊഴിൽ രംഗത്ത് പ്രശോ ഭിക്കുന്ന ധാരാളം വനിതകൾ ഇവിടെയുണ്ട്. പല പ്പോഴും തൊഴിൽ സംവരണമൊ ന്യായമായ കൂലിയൊ പ്രശംസയൊ അഭിനന്ദനമൊ ലഭിക്കു ന്നില്ലെങ്കിലും തൊഴിൽ രംഗത്ത് പ്രവേശിക്കാനോ തുടർന്നത് നടത്തിക്കൊണ്ടു പോകാനോ സ്ത്രീ കൾ മടിക്കാറില്ല. ഭരണഘടനാ വാഗ്ദാനം പല പ്പോഴും ഏട്ടിൽ മാത്രം ഒതുങ്ങി നില്ക്കുമ്പോൾ അതിനെതിരെ പ്രതികരിക്കാനാവാതെ വിമ്മിഷ്ട പ്പെടുന്ന ഏറെ വനിതകൾ ഈ പഞ്ചായത്തി ലുണ്ട്.

അതിനു തെളിവായി ആയിരത്തി തൊള്ളാ യിരത്തി തൊണ്ണൂറ്റൊന്നിലെ കാനേഷുമാരി കണ ക്കിലെ പ്രസക്തഭാഗം മാത്രം ഇവിടെ ചേർക്കു ന്നു.

| തൊഴിൽ മേഖല | സ്ത്രീകളുടെ എണ്ണം | പുരുഷന്മാരുടെ എണ്ണം |
|---|---|---|
| കാർഷിക മേഖല | 479 | 490 |
| മൃഗസംരക്ഷണം | 67 | 313 |
| ഖനനവും ക്വാറികളും | 3 | 23 |
| നിർമ്മാണം | 369 | 2727 |
| കെട്ടിട നിർമ്മാണം | 136 | 858 |
| ചെറുകിട വ്യവസായം | 415 | 3524 |
| ഗതാഗതം വാർത്താവിനിമയം | 64 | 1646 |
| മറ്റുള്ളവ | 1405 | 1610 |
| നാമമാത്രജോലിക്കാർ | 326 | 387 |
| തൊഴിൽ ഇല്ലാത്തവർ | 21088 | 11239 |

തൊഴിലില്ലാത്ത ഒരു പാട് സ്ത്രീകൾ ഇവിടെ പ്രയാസപ്പെടുന്നുണ്ടെന്ന് ഈ കണക്കുകൾ വ്യക്തമാക്കുന്നു. പലപ്പോഴും പ്രസവാവധിയും ശിശുപരിപാലനവും കാരണമായി ജോലി ദിവസങ്ങൾ നഷ്ടപ്പെടുന്നു എന്ന കാരണത്താൽ ഉയർന്ന മാർക്കോടെ പാസായിട്ടും ജോലി നഷ്ടപ്പെടുന്ന മിടുക്കികൾ ഇന്നാട്ടിലുണ്ട്.

ഇവിടുത്തെ സ്ത്രീകൾ പൊതുവായും കുറവായും ചെയ്യുന്ന ജോലികളും സംരംഭങ്ങളും മറുവശത്ത് ചേർക്കുന്നു.

ഇങ്ങനെ വ്യത്യസ്ത ജോലികളിൽ ഏർപ്പെട്ട് കുടുംബത്തിൻെറ നെടുനായകത്വം തന്നെ വഹിക്കുന്ന സഹോദരിമാർ ഇവിടെയുണ്ടെങ്കിലും അവരുടെ സേവന വേതന വ്യവസ്ഥകൾ പരിശോധിച്ചാൽ ഏറെ ദുഃഖകരമായ പല വ്യവസ്ഥകളും ഇവിടെ നിലവിൽ നില്ക്കുന്നു എന്നു കാണാവുന്നതാണ്.

കൂലി അഥവാ വേതന- വ്യവസ്ഥയിൽ തന്നെ വളരെയേറെ പൊരുത്തക്കേടുകൾ ഉണ്ടെന്ന് ആദ്യമായി പറയാം. കണക്കുകൾ താഴെ കാണിക്കുന്നു.

ചരിത്രകാലം മുതൽ പുരുഷനോടൊപ്പം എല്ലാ മേഖലകളിലും സ്ത്രീ തൊഴിൽ ചെയ്തിരുന്നിട്ടും പലപ്പോഴും സ്ത്രീയുടെ അദ്ധ്വാനത്തെ അളക്കാതെയും മാന്യമായ വേതനം കൊടുക്കാതെയും ഏറെ കാലം കടന്നു പോയതായി നമുക്കറിയാൻ കഴിഞ്ഞിട്ടുണ്ട്. കൂടുതൽ സമയം ജോലിചെയ്യുന്നവരും ചെയ്യുന്ന ജോലി ആത്മാർത്ഥതയോടെ ചെയ്യുന്നവരും സ്ത്രീകളാണെന്നു സമ്മതിക്കുന്നവരും കൂലിയുടെ കാര്യത്തിൽ

| തൊഴിൽ മേഖല | കൂലി | |
|---|---|---|
| | പുരുഷൻ | സ്ത്രീ |
| കർഷകത്തൊഴിലാളി | 120/– | 60/- |
| കെട്ടിടത്തൊഴിലാളി | 150/- | 80/- |
| പറമ്പിലെ പണി | 100/- | 50/- |
| വില്പന സഹായി | 1500/- | 450/- |

| പൊതുവായത് | കുറവായത് |
|---|---|
| കൃഷിപ്പണി | അധ്യാപനം |
| മൃഗസംരക്ഷണം | നേഴ്സിംഗ് |
| കുട്ട, വട്ടി, മുറം, പനമ്പ്, പായ എന്നിവ നെയ്ത്ത് | ഫാർമസിസ്റ്റ് |
| | ബ്യൂട്ടീഷൻ |
| നൂൽ നൂൽപ്പും തുണിനെയ്ത്തും | ഡോക്ടർ |
| മത്സ്യ വിതരണം | എഞ്ചിനിയർ |
| ഓടു നിർമ്മാണം | വക്കീൽ |
| കുട നിർമ്മാണം | കെട്ടിട നിർമ്മാണം |
| ബീഡി നിർമ്മാണം | മരക്കമ്പനികൾ |
| പടക്ക നിർമ്മാണം | ഓഫീസ് ജോലികാർ |
| തീപ്പെട്ടി നിർമ്മാണം | ബാങ്ക് ക്ലാർക്ക്മാർ |
| മെഴുകുതിരി നിർമ്മാണം | ടൈപിസ്റ്റ്മാർ |
| ജാം ഉണ്ടാക്കൽ | ആയമാർ |
| സ്കാഷ് ഉണ്ടാക്കൽ | ലേഖികമാർ |
| അച്ചാറുകൾ ഉണ്ടാക്കൽ | പത്രപ്രവർത്തകർ |
| പലഹാരം ഉണ്ടാക്കൽ | ഓട്ടോറിക്ഷതൊഴിലാളികൾ |
| കൈതചക്ക സംസ്കരണം | വനിതാ പോസ്റ്റുമാൻ |
| മാമ്പഴ സംസ്കരണം | ആഭരണനിർമ്മാണം |
| പ്ലാസ്റ്റിക് കൂട നിർമ്മാണം | കൗതുകവസ്തുക്കൾ നിർമ്മാണം |
| കസേര വരിയൽ | സ്റ്റെനോഗ്രാഫർ |
| റെഡിമെയ്ഡ് വസ്ത്രനിർമ്മാണം | റിസപ്ഷനിസ്റ്റ് |
| കച്ചവടം | |

*N.B പൊതുവായ ഈ തൊഴിലുകൾ നടത്തികൊണ്ടു പോകാൻ സ്ത്രീക്ക് അവസരവും സഹായവും എത്തിച്ചുകൊടുക്കണം.*

വിവേചനം നിലനിർത്തിപ്പോരുന്ന ദയനീയസ്ഥിതി മാറേണ്ടിയിരിക്കുന്നു.

ഒരു സ്ത്രീയുടെ ജനനത്തോടെത്തന്നെ അവളോടുള്ള അവഹേളനവും ആരംഭിക്കുകയായി. ജനിച്ചത് പെൺകുഞ്ഞെന്നറിയുന്ന നിമിഷത്തിൽ മുഖം മങ്ങുന്ന മാതാപിതാക്കൾ പിന്നീടുള്ള ഓരോ നിമിഷവും അവളെ രണ്ടാംകിട പൗരനെന്ന് ഉദ്ഘോഷിക്കുന്നു.കുഞ്ഞും നാളിൽ അവളെ ഓമനിച്ചു ചൊല്ലും 'ഉറക്കെ കരയല്ലെ നീ പെണ്ണാണെന്ന്'. ബാലിക പ്രായത്തിൽ അവളെ അടങ്ങാനും ഒതുങ്ങാനും ഓർമ്മപ്പെടുത്തിക്കൊണ്ടിരിക്കും. യൗവ്വനത്തിൽ ഏറെ അരുതുകളും അവൾക്കു കല്പിക്കും. അങ്ങനെ ശാരീരികമായും മാനസികമായും അനേകം കൂച്ചുവിലങ്ങുകളോടെയാണ് സ്ത്രീ തൊഴിൽ രംഗത്തുമെത്തുന്നത്. അവിടേയും അവൾക്ക് വിവേചനം തന്നെ ലഭിക്കുന്നു.

സ്ത്രീയുടെ വരുമാനത്തെച്ചൊല്ലിയും സമൂഹത്തിൽ തർക്കം നിലവിലുണ്ട്. മിക്കവാറും കുടുംബങ്ങളിൽ കൃത്യമായും എത്തുന്ന വരുമാനം

സ്ത്രീയുടേതുതന്നെ. എന്നാൽ അതു സമ്മതിക്കാൻ തയ്യാറുള്ളവർ എത്രപേർ കാണും. സ്ത്രീയെ സഹായിക്കാൻ ഉണ്ടാക്കിയ ഒരു നിയമമായിരിക്കണം അവളുടെ വരുമാനത്തെ ഉപവരുമാനമായി നിശ്ചയിച്ചത്. ആധുനിക സാഹചര്യത്തിൽ ഈ നിയമ വ്യാഖ്യാനവും സ്ത്രീക്ക് അപമാനകരം തന്നെ.

സ്വത്തവകാശം സംബന്ധിച്ച് ഇവിടങ്ങളിൽ കാണപ്പെടുന്ന നിബന്ധനകൾ ഏറെയും നാട്ടാചാരങ്ങൾ മാത്രമാണ്. വിവാഹ സമയത്ത് നൽകപ്പെടുന്ന ആഭരണങ്ങളും പണവും മാത്രമാണ് അവർക്ക് ഇന്നു കിട്ടുന്ന സ്വത്തവകാശം. വിവാഹിതയായ സ്ത്രീക്ക് കുടുംബസ്വത്തിൽ തുല്യമായ പങ്കാളിത്തം ഇതുവരെ നിലവിലില്ലായിരുന്നു. ജാതിയുടേയും മതത്തിന്റേയും പേരിൽ സ്ത്രീകളെ വ്യത്യസ്ത തട്ടുകളിലാക്കി കുടുംബസ്വത്താവകാശം പല നിയമക്കുരുക്കുകളിൽപ്പെടുത്തി വച്ചിരിക്കുന്നു. ഇതിനെ സംബന്ധിച്ച് ഓരോ ജാതിക്കും വ്യത്യസ്ത നിയമങ്ങൾ നിലവിൽ നില്ക്കുന്നു. ശ്രീമതി മേരിറോയിയുടെ പരിശ്രമ ഫലമായി ഉണ്ടായ ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ ചില മാറ്റങ്ങൾ സ്വത്താവകാശകാര്യത്തിൽ സംഭവിച്ചുക്കൊണ്ടിരിക്കുന്നു. എന്നിരുന്നാലും ആൺകുട്ടികൾക്കു നൽകുന്ന വിഹിതം പെൺകുട്ടികൾക്ക് നൽകാൻ മടി കാണിക്കുന്ന മാതാപിതാക്കളാണ് ഇന്ന് അധികവും. മുസ്ലിമുകൾ നിയമം വേറെയാണെങ്കിലും വിവാഹത്തിനുശേഷം മൊഴി ചൊല്ലാനുള്ള സാവകാശം നിലനില്ക്കുന്നിടത്തോളം സ്വത്താവകാശംകൊണ്ട് ഫലമില്ലാത്ത അവസ്ഥയാണല്ലൊ. അവരെ സംബന്ധിച്ചിടത്തോളം സരസനായഒരു കവിയുടെ വരികൾ ഇവിടെ ഉദ്ധരിക്കട്ടെ.

*പെണ്ണുങ്ങൾക്കില്ലാത്ത കുറ്റമില്ല*
*പെണ്ണിനെ വേണ്ടാത്തോരാണുമില്ലാ*
*പെണ്ണിനോടുള്ള വിരോധം വളരുമ്പോൾ*
*പിന്നേയും പിന്നേയും വേളിതന്നെ.*

ഹിന്ദു നിയമപ്രകാരം 1957 നുശേഷം, വിവാഹം ചെയ്ത പെൺകുട്ടികൾക്ക് തുല്യ സ്വത്താവകാശം നിലനില്ക്കുന്നു. എങ്കിലും ആ നിയമം പല ഹിന്ദു കുടുംബങ്ങളിലും പാലിക്കപ്പെടുന്നില്ലായെന്നതാണ് സത്യം.

ഈ വക നിയമങ്ങളുടേയും അപവാദങ്ങളുടേയും ഒക്കെ ഫലമായി സ്ത്രീകൾക്ക് വിവാഹം ഒരു കച്ചവടമായി അനുഭവപ്പെടുന്നു. സ്ത്രീ ഒരു വില്പന ചരക്കും. സ്വത്തിൽ മാന്യമായ അവകാശം ലഭിക്കുകയും തുല്യജോലിക്ക് തുല്യവേതനം ഉറപ്പാക്കുകയും ചെയ്താൽ സ്ത്രീധന വേഴ്ചയ്ക്കും ഒരറുതി വരും. സ്ത്രീധന നിരോധന നിയമം 1982 ൽ പാർലിമെന്റ് പാസാക്കിയെങ്കിലും അതു നടപ്പാക്കുന്ന കാര്യത്തിൽ ഭരണക്കർത്താക്കളും ഡിപ്പാർട്ടുമെന്റ് ഉദ്യോഗസ്ഥരും വേണ്ടത്ര ശുഷ്കാന്തി കാണിക്കുന്നില്ല. കൂടാതെ സ്ത്രീധന പോരായ്മയാൽ നമ്മുടെ അമ്മമാരും സഹോദരിമാരും പീഡിപ്പിക്കപ്പെടുകയും വധിക്കപ്പെടുകയും ചെയ്യുന്നു. ഒട്ടേറെ അപകടമരണങ്ങളും ഇതിന്റെ മറവിൽ നടക്കുന്നതായും നാം അറിയുന്നു.

ഈ പഞ്ചായത്തിലും ഇത്തരം പീഡനങ്ങളും കൊലപാതകങ്ങളും അരങ്ങേറിയിട്ടുണ്ട്. ചുരുക്കം ചില വീടുകളിൽ പുരയുംപറമ്പും വിറ്റ് പെൺകുട്ടികളെ കെട്ടിച്ചയച്ച് പെരുവഴിയിലേക്കിറക്കി വരേണ്ടിവരുന്നതും സ്ത്രീധന വേഴ്ച കൊണ്ടു തന്നെ. എല്ലാ തരത്തിലും ദുരാചാരമായി മാറി കഴിഞ്ഞ സ്ത്രീധന സമ്പ്രദായം മാറ്റിയെടുക്കാൻ സ്വന്തമായൊരു തൊഴിൽ പഠിച്ച് ജീവിതമാർഗ്ഗമായത് സ്വീകരിച്ച് തനതായൊരു നിലനില്പ് കണ്ടെത്താൻ ഒമ്പതാം പദ്ധതി വനിതകളെ സഹായിക്കണം.

വേതന വ്യത്യാസത്തിനു പുറമെ തൊഴിലാളി സ്ത്രീകൾ അനുഭവിക്കുന്ന മറ്റ് പ്രയാസങ്ങളെ കൂടി കണക്കിലെടുക്കേണ്ടതുണ്ട്. തൊഴിലിലും സ്വന്തം സമ്പാദ്യത്തിലും ഒരാത്മനിർവൃതി കണ്ടെത്താമെങ്കിലും രണ്ടുനുകങ്ങൾ ഒന്നിച്ചു വഹിക്കുന്ന ഒരു അടിമ മൃഗമായി പലപ്പോഴും അവർ ദുഃഖിക്കേണ്ടി വരുന്നു. ദൈനം ദിന വീട്ടുജോലികൾ ചെയ്തു തീർത്ത ശേഷമാണ് പല സ്ത്രീകളും തൊഴിൽരംഗത്ത് എത്തുന്നത്. വീട്ടിലേക്ക് മടങ്ങിയെത്തുമ്പോൾ വീണ്ടും വീട്ടുജോലികൾ അവളെ കാത്തു കിടക്കുന്നു. വിശ്രമാവസരങ്ങൾ പലപ്പോഴും അവർക്കന്യമാണ്. കാലത്തും വൈകീട്ടും വിശ്രമിക്കുന്ന കൂട്ടുകാരൻ സഹായിക്കുമെങ്കിൽ ഒന്നിച്ച് വിശ്രമിക്കാനും മാനസിക സംതൃപ്തിയോടെ ജോലിചെയ്യാനും അവർക്കാകും.

ഗൃഹഭരണം മാത്രം നടത്തുന്ന ഏറെ സഹോദരിമാർ ഈ പ്രദേശത്തുണ്ട്. അന്ധമായ അഭിമാനം ചുമക്കുന്നവരും തൊഴിൽ സാധ്യതയും സാഹചര്യവും ഇല്ലാത്തവരും അക്കൂട്ടത്തിൽപ്പെടും. അവരുടെ ആയുസ്സും ആരോഗ്യവും വീട്ടുജോലി

കരംക്കായി ഹോമിക്കപ്പെടുമ്പോഴും അവരുടെ അഭിപ്രായങ്ങരംക്കും നിർദ്ദേശങ്ങരംക്കും മാന്യതയും അംഗീകാരവും നൽകാൻ കുടുംബാംഗങ്ങരം തയ്യാറാകുന്നില്ല. ഓരോ സ്ത്രീയുടേയും ചിന്താശക്തിയും തീരുമാനമെടുക്കാനുള്ള കഴിവും പ്രായോഗികതയും ഇവിടെ അംഗീകരിക്കപ്പെടണം. പുരുഷൻ നല്കുന്ന തെളിവിൻെറ പകുതി വില മാത്രം സ്ത്രീ നൽകുന്ന തെളിവിനു കല്പിക്കുന്ന ഇന്നത്തെ കോടതി വ്യവസ്ഥകളും മാറേണ്ടിയിരിക്കുന്നു.

1991 ലെ ജനസംഖ്യാ കണക്കു പ്രകാരം ഈ പഞ്ചായത്തിൽ സ്ത്രീകളുടെ എണ്ണമാണ് കൂടുതൽ. സാക്ഷരരായ 19968 സ്ത്രീകരം ഉള്ളപ്പോരം 19862 ആണ് പുരുഷന്മാരുടെ എണ്ണം. അതിനാൽത്തന്നെ ഇതൊരു വനിതാസംവരണ പഞ്ചായത്തായി പരിഗണിക്കപ്പെട്ടു. ഇവിടെ 15 ഭരണസമിതി അംഗങ്ങളിൽ 6 പേർ വനിതകാളാണ്. 8 പേരെങ്കിലും ആസ്ഥാനം അലങ്കരിച്ചാലേ ജനസംഖ്യാ കണക്ക് അന്വർത്ഥമാകയുള്ളൂ. ഭരണപരമായ കാര്യങ്ങളിൽ അറിവും കഴിവും ഉണ്ടാക്കാൻ വേണ്ടത്ര പരിശീലനം വനിതകരംക്ക് നൽകാൻ പരിശീലനകേന്ദ്രങ്ങരം തുറക്കേണ്ടതായിട്ടുണ്ട്. ത്രിതല പഞ്ചായത്തുകളിൽ മാത്രമല്ല കേന്ദ്രസംസ്ഥാന നിയമനിർമ്മാണ സഭകളിലും സ്ത്രീ പങ്കാളിത്തം ഉറപ്പു വരുത്തിയാലേ ക്ഷേമ സമൃദ്ധിയുടെ ഒരു ഭരണസംവിധാനം ഈ രാജ്യത്ത് സാധിതമാകയുള്ളൂ.

ഗാർഹിക ജോലികരം എളുപ്പമാക്കാനുള്ള ആധുനിക സംവിധാനങ്ങരം നമുക്ക് ഉണ്ടാകണം. കുഞ്ഞുങ്ങളെ സംരക്ഷിക്കാനുള്ള സ്ഥാപനങ്ങളും നല്ല രീതിയിൽ ഇവിടെ നടത്തപ്പെടണം. അമ്മമാരുടേയും കുഞ്ഞുങ്ങളുടേയും പ്രത്യേകിച്ച് കഠിനാദ്ധ്വാനംചെയ്യുന്ന സ്ത്രീകളുടേയും ആരോഗ്യനില മെച്ചപ്പെടുത്താനുള്ള ചികിത്സാ സൗകര്യങ്ങളും ഒമ്പതാം പഞ്ചവത്സര പദ്ധതിയിൽ ഉരംക്കൊള്ളിക്കണം.

പുത്തൻ സാമ്പത്തിക സംസ്ക്കാരത്തിൻെറ ഭാഗമായി സ്ത്രീ വില്പനചരക്കായി പരിഗണിക്കപ്പെടുന്നു. വൻകിടകമ്പനികളുടേയും വാണിഭപ്രഭുക്കളുടേയും ഉല്പന്നങ്ങരം വിറ്റഴിക്കാൻ സ്ത്രീയുടെ ശരീരഭാഗങ്ങരം നഗ്നമായി ചിത്രീകരിച്ചുള്ള പരസ്യങ്ങരം കാണിക്കുന്നു. പത്രങ്ങളും മറ്റു വാർത്താവിനിമയ മാധ്യമങ്ങളും ഇത്തരം പരസ്യങ്ങരം കാണിക്കുന്നതിൽ വലിയ മത്സരം തന്നെ നടത്തുന്നു. നഗ്നചിത്രങ്ങരം, അശ്ലീല പോസ്റ്റുകരം, ബ്ലൂ സിനിമകരം മഞ്ഞ പുസ്തകങ്ങരം എന്നിവയെല്ലാം നിയമം മൂലം നിരാകരിക്കുകയും അവ കൈകാര്യം ചെയ്യുന്നവരെ നിയമനടപടികരംക്ക് വിധേയമാക്കുകയും വേണം. സൗന്ദര്യമത്സരങ്ങരംപോലുള്ള നിന്ദ്യമായ പ്രദർശനങ്ങരം രാജ്യത്ത് നിരോധിക്കപ്പെടണം. ബാല്യവിവാഹവും വേശ്യാവൃത്തിയും ഇവിടെ അനുവദിച്ചുകൂടാ.

## പ്രശ്നങ്ങൾ

1. സ്ത്രീ രണ്ടാംകിട പൗരനായി പരിഗണിക്കപ്പെടുന്നു.
2. അവരംക്ക് സാമൂഹ്യ സുരക്ഷിതത്വം ലഭിക്കുന്നില്ല.
3. വിദ്യാഭ്യാസരംഗത്ത് തുല്യ പരിഗണന നൽകാൻ മാതാപിതാക്കരം മടിക്കുന്നു.
4. സ്വന്തം ജീവിത പങ്കാളിയെ തിരഞ്ഞെടുക്കുന്ന കാര്യത്തിൽ അവരംക്ക് സ്വാതന്ത്ര്യം ഇല്ല.
5. തൊഴിൽ രംഗത്ത് തുല്യമായ അവകാശമില്ല
6. തൊഴിൽ സംവരണമില്ല
7. തുല്ല്യജോലിക്ക് തുല്യ വേതനമില്ല.
8. പ്രസവാവധിയും ശിശുപരിരക്ഷണവും സ്ത്രീക്ക് അവകാശമായി സ്ഥാപിച്ചു കിട്ടുന്നില്ല.
9. തൊഴിൽ പരിശീലന കേന്ദ്രങ്ങരം ഇല്ല.
10. സ്ത്രീ ക്ഷേമ പദ്ധതികരം തയ്യാറാക്കുമ്പോരം അവരുടെ അഭിപ്രായം സ്വരൂപിക്കുന്നില്ല.
11. അത്തരം പദ്ധതികരം തയ്യാറാക്കുന്ന സമിതികളിൽ അവരുടെ പ്രതിനിധികളില്ല.
12. സ്ത്രീകളെ സംരക്ഷിക്കുന്ന വനിതാ സംരക്ഷണ സമിതികളും നിയമ പാലകരും അതിനുള്ള ഓഫീസുകളും നാട്ടിൽ കുറവാണ്.
13. കുറ്റം ചെയ്തവരെ കണ്ടെത്താൻ ആവശ്യമില്ലാത്ത മാർഗ്ഗങ്ങരം (വ്യഭിചാരം നടന്നോയെന്നുള്ള പരിശോധന) ഉപേക്ഷിക്കണം.
14. കുറ്റക്കാരായ വനിതകളെ അറസ്റ്റു ചെയ്യാൻ വനിതാ പോലീസും പാർപ്പിക്കാൻ വനിതാ ജയിലുകളും ഇല്ല.
15. നഗ്നചിത്രങ്ങരം, അശ്ലീല പോസ്റ്റുകരം, ബ്ലൂഫിലിമുകരം മഞ്ഞപ്പുസ്തകങ്ങരം ഇവ സ്ത്രീയെ വിലയിടിച്ചു കാണിക്കുന്നു.
16. കുഞ്ഞുങ്ങളെ സംരക്ഷിക്കുന്ന സ്ഥാപനങ്ങളില്ല.

17. വിവാഹച്ചെലവ് ക്ലിപ്തപ്പെടുത്താൻ നിയമം ഉണ്ടാക്കണം. അതു പരിശോധിക്കാൻ വിജിലൻസ് സ്ക്വാഡും രൂപീകരിക്കണം.

**നിർദ്ദേശങ്ങൾ**

1. സ്ത്രീകൾക്ക് സാമൂഹ്യ സുരക്ഷിതത്വം ഉറപ്പു വരുത്തണം.
2. തുല്യജോലിക്ക് തുല്യവേതനം ഉറപ്പാക്കണം.
3. പോലീസ് സ്റ്റേഷനുകളിൽ സ്ത്രീകളുടെ പരാതി പരിഗണിക്കാതിരിക്കുന്ന അവസ്ഥക്ക് മാറ്റം വരുത്തണം.
4. എല്ലാ പോലീസ് സ്റ്റേഷനുകളിലും വനിതകളുടെ പ്രശ്നം പരിഹരിക്കുന്നതിന് വനിതാ സബ് ഇൻസ്പെക്ടറും, വനിതാകോൺസ്റ്റബിൾമാരേയും നിയമിക്കണം.
5. സ്ത്രീകളുടെ പ്രശ്നങ്ങൾ, പഠിക്കുന്നതിനും, പരിഹരിക്കുന്നതിനും, വനിതാ കമ്മീഷന്റെ സിറ്റിംഗ് എല്ലാ പഞ്ചായത്തിലും, മാസത്തിൽ ഒരിക്കലെങ്കിലും ഉണ്ടായിരിക്കണം.
6. സ്ത്രീകളുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് പഞ്ചായത്തിൽ വനിതാ സെൽ രൂപീകരിക്കണം.
7. സ്ത്രീകൾക്ക് സൗജന്യനിയമസഹായം ലഭിക്കുന്നതിനുവേണ്ടി ജില്ലാസമിതികൾ രൂപീകരിക്കുക.
8. വിലക്കയറ്റം തടയുന്നതിന് എല്ലാ വാർഡിലും മാവേലി സ്റ്റോർ തുറക്കുക.
9. റേഷൻകടകൾ വഴി നിത്യോപയോഗസാധനങ്ങൾ ന്യായവിലക്ക് വിതരണം നടത്തുക.
10. വനിതാ സഹകരണസംഘങ്ങൾ രൂപീകരിച്ച് സ്ത്രീകൾക്ക് തൊഴിൽ സംരംഭങ്ങൾ സൃഷ്ടിക്കുക.
11. തുല്യജോലിക്ക്, തുല്യവേതനം ഉറപ്പു വരുത്തുക.
12. തൊഴിൽ മേഖലകളിൽ വിധവകൾ വികലാംഗർ, എന്നിവർക്ക് മുൻഗണന കൊടുക്കുക.
13. നിലവിലുള്ള കസ്തൂർബ നൂൽക്കമ്പനി പുനരുദ്ധരിച്ച്, പ്രവർത്തിപ്പിക്കണം.
14. പൂട്ടിക്കിടക്കുന്ന പറഞ്ഞാട്ടിൽ സർജിക്കൽ തുറന്ന് പ്രവർത്തിപ്പിക്കണം.
15. സ്ത്രീകളുടെ പത്തോ, പതിനഞ്ചോ, അംഗങ്ങളെ ഗ്രൂപ്പുകളാക്കി സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കണം. പഞ്ചായത്ത്നേതൃത്വം കൊടുക്കണം. 15 യൂണിറ്റ് പഞ്ചായത്തിൽ തുടങ്ങുക.
16. കുട, അച്ചാർ, സോപ്പ്, റെഡിമെയ്ഡ്, ഉപ്പേരികളുടെ ഉൽപ്പാദനം, പഴവർഗ്ഗങ്ങളുടെ സംസ്ക്കരണം, എന്നിവക്ക് ലോൺ കൊടുത്തുകൊണ്ട് യൂണിറ്റുകൾ ആരംഭിക്കുക. ഇതിനുള്ള വില്പന കേന്ദ്രം പഞ്ചായത്തിൽ ആരംഭിക്കുക.
17. പശു വളർത്തൽ, എരുമ, ആട്, കോഴി, താറാവ്, കാട, ലൗബേഡ്സ് എന്നിവ വളർത്താൻ ലോൺ കൊടുത്തു സഹായിക്കുക.
18. കൂൺ വളർത്തൽ, ഓർക്കിഡ്, കുറ്റിമുല്ല, എന്നിവ വളർത്താനവശ്യമായ പരിശീലനം നല്കുക, സാമ്പത്തിക സഹായം ലഭ്യമാക്കുകയും ചെയ്യുക, ഒഴിഞ്ഞു കിടക്കുന്ന പഞ്ചായത്ത് PWD പുറമ്പോക്കുകൾ പ്രയോജനപ്പെടുത്തുകയും ചെയ്യുക. പഞ്ചായത്തിൽ പതിനഞ്ചു വാർഡിലും ഒരു യൂണിറ്റെങ്കിലും തുടങ്ങുക. സംഭരണം പഞ്ചായത്ത് തലത്തിൽ നടത്താൻ സൗകര്യം ചെയ്യണം.
19. പഞ്ചായത്തു തലത്തിൽ എല്ലാ പെൻഷനുകളും നടപ്പിലാക്കുക
20. പഞ്ചായത്തു തലത്തിൽ സ്ത്രീകൾക്ക് ഒത്തുചേരുന്നതിന് ഒരു കേന്ദ്രം നിർമ്മിക്കുക.
21. സ്ത്രീകൾക്ക് മാത്രമായി വനിതാ ഹോസ്റ്റൽ നിർമ്മിക്കുക.
22. പഞ്ചായത്തിൽ ഒരു വൃദ്ധമന്ദിരം പണിയുക
23. സ്ത്രീധന നിരോധന നിയമം അപാകതകൾ നീക്കി നടപ്പിൽ വരുത്തുക.
24. ഗവൺമെന്റ് തസ്തികകളിൽ 33% സീറ്റ് സ്ത്രീകൾക്ക് സംവരണം ചെയ്യുക.
25. നിയമസഭയിലും, പാർലിമെന്റിലും സ്ത്രീകൾക്ക് 33% സീറ്റ് സംവരണം ചെയ്യുക
26. സൗജന്യ ചികിത്സാ സ്ത്രീകൾക്ക് ഉറപ്പു വരുത്തുക
27. എല്ലാ വർഡിലും കുട്ടികൾക്കുവേണ്ടി ക്രഷുകളും, ബാലവാടികളും തുറക്കുക.
28. പൂർണ്ണമായ മദ്യ നിരോധനം നടപ്പിലാക്കുക
29. അടുക്കളത്തോട്ടം നിർബന്ധമാക്കുക, അതിനുള്ള വിത്തും വളവും, സൗജന്യമായി വിതരണം ചെയ്യുക, കൃഷി ഓഫീസറുടെ സേവനം ഉറപ്പു വരുത്തുക
30. സ്ത്രീകളുടെ അശ്ലീല ചിത്രങ്ങൾ പതിക്കു

ന്നത് നിരോധിക്കുക. ടി.വി. പോലുള്ള ഇലക്ട്രോണിക്ക് മാധ്യമങ്ങളിൽ സ്ത്രീകളുടെ നഗ്നഭാഗങ്ങൾ കാണിച്ചുള്ള പരസ്യങ്ങൾ നിരോധിക്കുക.

3. ഗവൺമെൻറ് തലത്തിൽ ഭൂമിയുടെ പട്ടയം നൽകുമ്പോൾ കുടുംബത്തിലെ സ്ത്രീകളുടെ പേർക്ക് നൽകാനുള്ള നടപടി സ്വീകരിക്കുക.

മേൽപ്പറഞ്ഞ സ്ത്രീകളുടെ പ്രശ്നങ്ങൾ പരിഹരിച്ച് മുന്നോട്ടു പോകുന്നതിന് സ്ത്രീകളുടെ പലതട്ടുകളായി പ്രവർത്തിക്കുന്ന സംഘടനകൾ ഒന്നിച്ച് പോരാടേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. അതിന് സ്ത്രീകൾക്ക് സാമ്പത്തിക സ്വയം പര്യാപ്തത വേണ്ടിയിരിക്കുന്നു. സ്ത്രീകളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സ്ത്രീകളും പുരുഷന്മാരും ഒത്തുചേർന്നുള്ള പോരാട്ടത്തിൽ കൂടി മാത്രമെ സാധിക്കുകയുള്ളൂ. പുരുഷന്മാരെ മാറ്റി നിർത്തി സ്ത്രീയുടെ സ്വാതന്ത്ര്യം നേടിയെടുക്കാമെന്ന വ്യാമോഹമൊന്നും സ്ത്രീകൾക്ക് ഇല്ല. എല്ലാവരും ഒത്തുചേർന്നുകൊണ്ടുള്ള പോരാട്ടമാണ് ഈ സന്ദർഭത്തിൽ ആവശ്യം. വ്യത്യസ്ത തട്ടുകളിലായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന മഹിളാസംഘടനകൾ ഈ പഞ്ചായത്തിൽ ഉണ്ട്. ഉദാ: സ്ത്രീകളുടെ മോചനത്തിനും, സമത്വത്തിനും, സ്വാതന്ത്ര്യത്തിനും വേണ്ടി പ്രവർത്തിക്കുന്ന അഖിലേന്ത്യാജനാധിപത്യ മഹിളാ അസോസിയേഷൻ, സ്ത്രീകളുടെ പ്രശ്നങ്ങൾ ഏറ്റെടുത്ത് പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഏറെക്കൂറെ ശ്രമിക്കുന്ന സംഘടനയാണ്. എന്നാലും പൂർണ്ണമല്ല. അതു പോലെ തന്നെ മഹിളാകോൺഗ്രസ്, കേരളമഹിളാസംഘം എന്നീ സംഘടനകളും, ഇവിടെ പ്രവർത്തിക്കുന്നു. സ്ത്രീകളുടെ പ്രശ്നങ്ങൾ ഏറ്റെടുക്കുന്നതിനുവേണ്ടി വ്യത്യസ്ത തട്ടുകളിൽ പ്രവർത്തിക്കുന്ന സംഘടനകൾ അഭിപ്രായ വ്യത്യാസങ്ങൾ മാറ്റിവെച്ചു കൊണ്ട് സ്ത്രീ സ്വാതന്ത്ര്യത്തിനും, സമത്വത്തിനും, സ്ത്രീ വിമോചനത്തിനും കൈകോർത്തു പിടിച്ചു കൊണ്ട് മുന്നോട്ടു പോയാൽ മാത്രമേ പൊതു പ്രവർത്തനരംഗത്തും സാമൂഹ്യക്ഷേമരംഗത്തും പുരുഷന്മാരോടൊപ്പം പ്രവർത്തിക്കാനും അങ്ങിനെ നാം സ്വപ്നം കാണുന്ന സമത്വസുന്ദരമായ ലോകം കെട്ടിപ്പടുക്കാനും കഴിയൂ.





**മാമ്പഴക്കാട് പാടശേഖരം**

# 5-10

# സഹകരണം




സഹകരണ പ്രസ്ഥാനം ഉടലെടുത്ത ആദ്യ കാലഘട്ടങ്ങളിൽ തന്നെ അതിൻെറ സന്ദേശം ഉൾക്കൊണ്ടു കൊണ്ട് അന്ന് കൊച്ചി സംസ്ഥാനത്തിൻെറ ഭാഗമായിരുന്ന ഈ പഞ്ചായത്തിലും സഹകരണ സ്ഥാപനങ്ങൾ രൂപീകരിക്കുകയുണ്ടായി. അതുവരെ സാധാരണക്കാരെ സംബന്ധിച്ച് അവരുടെ മുഴുവൻ പ്രശ്നങ്ങൾക്കും വേണ്ടി ഉന്നത സ്ഥാനികളെയോ അല്ലെങ്കിൽ ഹുണ്ടിക ഇടപാടുകാരെയോ മാത്രം ആശ്രയിക്കേണ്ടിയിരുന്നു. എന്നാൽ ഈ പ്രസ്ഥാനത്തിൻെറ സന്ദേശം അവർക്കു തന്നെ അവരുടെ പ്രശ്നങ്ങളെ സംബന്ധിച്ച് പരിഹാരങ്ങൾ നോടാൻ കഴിയും എന്നൊരു പ്രത്യാശ താഴെക്കിടയിലുള്ള ജനങ്ങൾക്ക് നൽകി. അന്ന് സാമ്പത്തിക രംഗങ്ങളിലാണ് അധികം ഊന്നൽ കൊടുത്തിരുന്നത്. അതിനാൽ അന്ന് രൂപീകരിക്കപ്പെട്ട മുഴുവൻ സഹകരണ സംഘങ്ങളുംനാണയ ക്രയവിക്രയസംഘങ്ങൾ മാത്രമായിരുന്നു. പ്രസ്തുത കാലഘട്ടത്തിൽ രൂപീകരിച്ച സംഘമാണ് കൂർക്കഞ്ചേരി പ്രദേശത്ത് കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന 36-ാം നമ്പ്ര് കൂർക്കഞ്ചേരി സർവ്വീസ് സഹകരണ ബാങ്ക്. ഇതിൻെറ ആരംഭം സാമുദായിക പുനഃരുദ്ധാരണ ഉന്നമനമായിരുന്നു ലക്ഷ്യം. പിന്നീട് സാമുദായിക അടിസ്ഥാനത്തിലുള്ള സഹകരണ സ്ഥാപനങ്ങൾ സാമൂഹ്യരംഗങ്ങളിലേക്ക് മാറ്റപ്പെടുകയാണുണ്ടായത്. എല്ലാ സ്ഥാപനങ്ങളും മൊത്തം പ്രദേശത്തിൻെറ ആവശ്യങ്ങൾ ഉൾക്കൊള്ളാൻ തക്കവണ്ണം മാറ്റപ്പെട്ടു. പിന്നീട് കാർഷിക മേഖലകളിലേക്കും, ഉപഭോത്കൃത മേഖലകളിലേക്കും ഇതിൻെറ പ്രവർത്തനം വ്യാപിപ്പിക്കാൻ ഇടവന്നു. ഈ പഞ്ചായത്തിനെ സംബന്ധിച്ച് പറയുമ്പോൾ ഇപ്പോൾ ഒരു ഡസനോളം വിവിധ സഹകരണ സ്ഥാപനങ്ങൾ നിലവിലുണ്ട്.വിവിധ മേഖലകളിലേക്ക് ഈ പ്രസ്ഥാനം കടന്നു വന്നിരിക്കുന്നു. എങ്കിൽ കൂടി അതിൻെറ പ്രയോജനം പൂർണ്ണമായും ജനങ്ങൾക്ക് ലഭിക്കുന്നില്ല. വസ്തു നിഷ്ടമായിട്ടുള്ള ഒരു പഠനം അർഹിക്കുന്ന ഒരു മേഖലയാണിത്. ലഭിച്ച വിവരങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടും പരിമിതമായ നിലയിലാണെങ്കിൽ പോലും ഈ സംഘങ്ങൾ നേരിടുന്ന പ്രശ്നങ്ങളും ചില പരിഹാര മാർഗ്ഗങ്ങളും ഇവിടെ നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു. കൂടാതെ ഈ മേഖലയുടെ വികസനവും ആധുനിക സമ്പത്ത് ഘടനയിൽ ജനപങ്കാളിത്വത്തിനുള്ള പ്രശസ്തിയും കണക്കിലെടുക്കുമ്പോൾ ഈ രാജ്യത്ത് ഏറ്റവും അനുയോജ്യമായ മേഖല ഈ സഹകരണ പ്രസ്ഥാനങ്ങളാണെന്ന് തർക്കമില്ലാതെ പറയുന്നതിന് കഴി

യും. വികസനത്തിൻെറ എല്ലാ രംഗങ്ങളിലേക്കും പ്രസ്ഥാനത്തെ കൊണ്ടു വരേണ്ടതാണ്. എന്നാൽ മാത്രമേ എല്ലാ ജനവിഭാഗങ്ങൾക്കും വികസനങ്ങളുടെ പ്രയോജനം എത്തിച്ചേരുകയുള്ളൂ. ആധുനിക കണക്കുകൾ സൂചിപ്പിക്കുന്നത് വികസനത്തിനുവേണ്ടി രാജ്യം ചിലവിടുന്ന ഓരോ രൂപയിലും പതിനഞ്ച് പൈസ മാത്രമേ വികസന പ്രവർത്തനങ്ങൾക്ക് മൂല്യവത്താകുന്നുള്ളൂ എന്നതാണ്. നഷ്ടപ്പെടുന്ന 85 ശതമാനം ഇടത്തട്ടുകളിൽ നഷ്ടപ്പെട്ടുക്കൊണ്ടിരിക്കുന്നു. ഇതിനും നല്ലൊരു പരിഹാരമാണ് , ഈ പ്രസ്ഥാനത്തിൻെറ നാടിൻെറ വികസനപ്രവർത്തനങ്ങളിൽ കാര്യക്ഷമമായി പ്രവർത്തിക്കാനുള്ള കഴിവ് ഉപയോഗപ്പെടുത്തൽ.

## കൂർക്കഞ്ചേരി പഞ്ചായത്തിൽ ഇപ്പോൾ നിലവിലുള്ള സഹകരണ സ്ഥാപനങ്ങൾ

1. കൂർക്കഞ്ചേരി സർവ്വീസ് സഹകരണ ബാങ്ക്, നമ്പ്ര് -36 , കൂർക്കഞ്ചേരി.
2. നെടുപുഴ സർവ്വീസ് സഹകരണബാങ്ക് , നമ്പ്ര് 555, നെടുപുഴ
3. കുരിയച്ചിറ സർവ്വീസ് സഹകരണ ബാങ്ക്, നമ്പ്ര് 637, കുരിയച്ചിറ
4. കണിമംഗലം കൺസ്യുമേഴ്സ് സഹകരണ സ്റ്റോർ, നമ്പ്ര് 447, കണിമംഗലം
5. ചിയ്യാരം കൺസ്യൂമേഴ്സ് സഹകരണ സ്റ്റോർ, നമ്പ്ര്, 390, ചിയ്യാരം
6. കൂർക്കഞ്ചേരി ഹരിജൻ കൈത്തറി നെയ്ത്ത് വ്യവസായ സഹകരണ സംഘം, H.L (R) _ 280, വടൂക്കര
7. ഹരിജൻ വിവിധോദ്ദേശ്യ സഹകരണ സംഘം, നമ്പ്ര്, 603, നെടുപുഴ
8. വടൂക്കര ക്ഷീരവ്യവസായ സഹകരണസംഘം
9. ചിയ്യാരം ക്ഷീരവ്യവസായസഹകരണസംഘം, R 71 (D) ചിയ്യാരം
10. നെടുപുഴ ക്ഷീരവ്യവസായ സഹകരണ സംഘം
11. കല്ലൂരെ തൊഴിലാളി വ്യവസായ സഹകരണസംഘം, S.IND (R) 208 കണിമംഗലം
12. ബുക്ക് ബൈൻറിങ്ങ് -പ്രിൻറിങ്ങ് സഹകരണ സംഘം, കണ്ണംകുളങ്ങര
13. ചേർപ്പ് ബ്ലോക്ക് വനിത സഹകരണ സംഘം ചിയ്യാരം
14. ചേർപ്പ് ബ്ലോക്ക് വനിത സഹകരണ സംഘം പനമുക്ക്
15. ഹരിജൻ വനിതാ സഹകരണ സംഘം , കൂർക്കഞ്ചേരി.

## ക്രഡിറ്റ് സംഘങ്ങൾ

| സംഘത്തിൻെറ പേര് | നമ്പർ | ആരംഭിച്ചത് | ആകെ അംഗങ്ങൾ | ഓഹരി സംഖ്യ | നിക്ഷേപങ്ങൾ | ബാങ്ക് വായ്പകൾ | സംഘം കൊടുത്ത വായ്പ |
|---|---|---|---|---|---|---|---|
| 1 കൂർക്കഞ്ചേരി സർവ്വീസ് സഹകരണബാങ്ക് | നമ്പർ 36 കൂർക്കഞ്ചേരി | 10-8-1092 | 9853 | 11,48,389 | 3,10,89,947 | 27,51,647 | 3,00,77,563 |
| 2 നെടുപുഴ സർവ്വീസ് സഹകരണബാങ്ക് | നമ്പർ 555 നെടുപുഴ | 1947 | 10,650 | 20,39,260 | 4,52,94,000 | 13,30, 098 | 3,58,46,200 |
| 3 കുരിയച്ചിറ സർവ്വീസ് സഹകരണബാങ്ക് | നമ്പർ 637 | 1947 | 8321 | 21,51,560 | 45001989 | 39710570 | |

## കൺസ്യൂമർ സംഘങ്ങൾ

| പേര് | ആരംഭിച്ചത് | അംഗസംഖ്യ | ഓഹരി |
|---|---|---|---|
| 4 കണിമംഗലം കൺസ്യൂമേഴ്സ് സഹകരണസ്റ്റോർ നമ്പർ - 447 കണിമംഗലം | 20-6-1941 | 4056 | 1,10,250 |
| 5 ചിയ്യാരം കൺസ്യൂമേഴ്സ് സഹകരണസ്റ്റോർ നമ്പർ-390 | 1939 | 749 | 1,13,880 |
| 6 കൂർക്കഞ്ചേരി ഹരിജൻ കൈത്തറി നെയ്ത്ത് വ്യവസായ സഹകരണസംഘം നമ്പർ 280 വടൂക്കര | 21-3-1981 | 128 | 16,500 |
| 7 ഹരിജൻ വനിതാ വിവിധോദ്ദേശ സഹകരണസംഘം - 603, നെടുപുഴ | വിശദാംശങ്ങാം ലഭ്യമല്ല. | | |
| 8 വടൂക്കര ക്ഷീരവ്യവസായ സഹകരണസംഘം | 1977 | 168 | |
| 9 ചിയ്യാരം ക്ഷീരവ്യവസായ സഹകരണസംഘം - R 71 S | - | 157 | 1801 |
| 10 നെടുപുഴ ക്ഷീരവ്യവസായ സഹകരണസംഘം | വിശദാംശങ്ങാം ലഭ്യമല്ല | | |
| 11 കല്ലൊരതൊഴിലാളി സഹകരണസംഘം, SI No.(R) 208, കണിമംഗലം | 1975 | 425 | 1,00,355 |
| 12 ബുക്ക് ബൈൻഡിംഗ് - പ്രിൻറിംഗ് സഗകരണസംഘം | വിശദാംശങ്ങാം ലഭ്യമല്ല. | | |
| 13 ചേർപ്പ് ബ്ലോക്ക് വനിതാ സഹകരണസംഘം | വിശദാംശങ്ങാം ലഭ്യമല്ല. | | |

മുകളിൽ പറഞ്ഞ സഹകരണസ്ഥാപനങ്ങലിൽ 3 ക്രെഡിറ്റ് സ്ഥാപനങ്ങളും 2 കൺസ്യൂമർ സ്റ്റോറുളും ഒരുവിധം നല്ലനിലയിൽ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ 2 ക്ഷീരവ്യവസായ സഹകരണ സംഘങ്ങാം വലിയ പുരോഗതി ഇല്ലെങ്കിലും ചെറിയതോതിൽ പ്രവർത്തിക്കുന്നു. ബാക്കി സംഘങ്ങാം എല്ലാംതന്നെ പ്രവർത്തനരഹിതമാണ്. ഈ സംഘങ്ങളെ സംബന്ധിച്ചെല്ലാം ഒരു വിശദമായ അന്വേഷണം നടത്തുന്നതിന് നടപടികാം കൈക്കൊള്ളേണ്ടതും പ്രശ്നപരിഹാരം തേടേണ്ടതുമാണ്.

നല്ലനിലയിൽ പ്രവർത്തിക്കുന്ന ക്രെഡിറ്റ് സ്ഥാപനങ്ങാം പോലും അംഗങ്ങളുടെ ആവശ്യങ്ങാം നിർവ്വഹിക്കാൻ തക്കവണ്ണം വേണ്ടതായ വായ്പകാം കൊടുക്കുവാൻ അപര്യാപ്തമാണ്. അതിനാൽ പ്രസ്തുത ബാങ്കുകളുടെ പ്രവർത്തനം കൂടുതൽ പ്രയോജനകരമാകത്തക്കവണ്ണം വികസിപ്പിക്കുന്തിന് നടപടികാം എടുക്കേണ്ടതാണ്. കൂടുതൽ വായ്പകാം കൊടുക്കുവാൻ കഴിയത്തക്കവണ്ണം സഹകരണബാങ്കുകളിലെ നിക്ഷേപതോത് ഇന്നത്തേതിൽ നിന്ന് പലമടങ്ങ് വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു. ഇതിനായി അംഗങ്ങളുടെ ഇടയിലും മറ്റും വ്യാപകമായ വിധത്തിൽ ബോധവൽക്കരണം നടത്തേണ്ടതാണ്. ഇന്ന് സഹകരണ സ്ഥാപനങ്ങളിലെ അംഗങ്ങാംപോലും അവരുടെ നിക്ഷേപങ്ങാം സഹകരണസംഘങ്ങളിൽ നിക്ഷേപിക്കുന്നതിന് വൈമുഖ്യം കാണിക്കുന്നു. മറിച്ച് എത്രചെറിയതുകയാണെങ്കിലും വായ്പകാം ബാങ്കിൽനിന്നും വാങ്ങുന്നതിന് അവർ ഉത്സുകരാണ്. ഈ സ്ഥിതിവിശേഷം മാറ്റിയെടുക്കാൻ കഴിയണം. ഇതിനായിചില നിർദ്ദേശങ്ങാം താഴെ കൊടുക്കുന്നു.

1. സഹകരണബാങ്കുകളിൽ അംഗങ്ങാംക്ക് കൊടുക്കുന്ന സേവനമാനദണ്ഡങ്ങാം മെച്ചപ്പെടുത്തുക.

2. സംഘങ്ങളുടെ വ്യാപാര അതിർത്തികളിലുള്ള നിക്ഷേപകരെ നേരിൽ സമീപിക്കുകയും സംഘം പ്രവർത്തനങ്ങളിൽ അവരുടെ ഉപദേശങ്ങളും സേവനങ്ങളും ഉപയോഗപ്പെടുത്തുകയും ചെയ്യുക.

3. പഞ്ചായത്ത് ഫണ്ടുകാം ഇപ്പോാം നാഷനലൈസ്ഡ് ബാങ്കുകളിലാണ് നിക്ഷേപിച്ചുവരുന്നത്. ഇത് സഹകരണബാങ്കുകളിലേക്ക് മാറ്റി നിക്ഷേപിക്കുന്നതിന് നടപടിഎടുക്കുക.

4. ദീർഘകാല റക്കറിങ്ങ് നിക്ഷേപങ്ങാം ആരംഭിക്കുകയും പ്രചാരണം കൊടുക്കുകയും ചെയ്യുക.

5. സംഘംപ്രവർത്തനത്തിൽ ജനങ്ങളുടെ വിശ്വാസം കൂടുതൽ ആർജ്ജിക്കത്തക്കവണ്ണം വേണ്ടതായ ബോധവത്ക്കരണ പ്രവർത്തനങ്ങാംക്ക് രൂപം നൽകുക.

സഹകരണ സംഘം സേവന പ്രവർത്തന

555–ാം നമ്പ്ര് നെടുപുഴ സർവ്വീസ് സഹകരണ ബാങ്ക്



ങ്ങൾ മെച്ചപ്പെടുത്തുക.

1. ഡെപ്പോസിറ്റ് സംഖ്യ വർദ്ധിപ്പിക്കുന്നതോടൊപ്പം തന്നെ ബാങ്കിൽനിന്നും വായ്പകൊടുക്കുന്ന സംഖ്യകളുടെ പരിധി കാലോചിതമായി വർദ്ധിപ്പിക്കേണ്ടതാണ്.

2. വായ്പ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കാൻ തക്കവണ്ണം നടപടികൾ എടുക്കേണ്ടതാണ്.

3. വായ്പ പലിശനിരക്കിൽ കഴിയാവുന്നത്ര കിഴിവുകൾ അനുവദിക്കുക.

4. വായ്പയുടെ പരിധി കാലോചിതമായി ഉയർത്തുക.

5. ഇപ്പോൾ നല്കിവരുന്ന വായ്പകൾക്കു പുറമെ വ്യവസായ വായ്പ, സ്വയംതൊഴിൽ വായ്പ, വികസന വായ്പ, ഭവന നിർമ്മാണ വായ്പ എന്നീ രംഗങ്ങളിലേക്കുകൂടി വായ്പകൾ വ്യാപിപ്പിക്കണം.

6. സഹകരണ സംഘങ്ങളിലെ അംഗങ്ങൾക്ക് ഗ്രൂപ്പ് അടിസ്ഥാനത്തിൽ വ്യവസായങ്ങൾ തുടങ്ങുന്നതിന് വായ്പകൊടുക്കാൻ ആവശ്യമായ ഭേദഗതികൾ കൊണ്ടുവരിക.

### കേരള ചിട്ടീസ് ആക്റ്റ് സഹകരണ മേഖലയെ വിപരീതമായി ബാധിക്കുന്നു.

തൃശ്ശൂർ പട്ടണത്തിലും സമീപപ്രദേശങ്ങളിലും സ്വാഭാവികമായി വളർച്ച പ്രാപിച്ച ഒരു സാമ്പത്തിക മേഖലയാണ് കുറി. ഇപ്പോൾ വിളിച്ചുവരുന്ന ചിട്ടി എന്ന പ്രസ്ഥാനം. ഇത് ഈ പ്രദേശത്തുള്ളവരുടെ സമ്പാദ്യരീതിയും അവരുടെ സാമ്പത്തിക ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള ഉപാധിയുമായി നിലകൊള്ളുന്നു. സഹകരണ പ്രസ്ഥാനത്തിന്റെ ആരംഭകാലത്തുതന്നെ ഈ കുറി നടത്തുന്നത് ഗണ്യമായ ഒരു പ്രവർത്തന മേഖലയായിരുന്നു. ഇതേ സമയത്തുതന്നെ സ്വകാര്യമേഖലകളിലും കുറിപ്രസ്ഥാനം പടർന്നു പന്തലിച്ചു. ചിട്ടി ആക്റ്റ് നിലവിൽ വന്നപ്പോൾ ഇതിന്റെ സുഗമമായ പ്രവർത്തനത്തെ ബാധിക്കത്തക്കവണ്ണം അനേകം പ്രതിബന്ധങ്ങൾ അടങ്ങുന്ന വകുപ്പുകൾ വെക്കപ്പെട്ടു. ഇതുമൂലം ഈ പ്രദേശത്തുനിന്നും സ്വകാര്യ ചിട്ടിക്കമ്പനികൾ ഈ ആക്റ്റ് ബാധകമല്ലാത്ത മറ്റുസംസ്ഥാനങ്ങളിൽ ബ്രാഞ്ചുകൾ മറ്റും തുടങ്ങി അവിടേക്ക് മാറ്റം ചെയ്തുകൊണ്ട് ആക്റ്റിൽ നിന്നും മോചിതരായി. എന്നാൽ ആക്റ്റിന്റെ എല്ലാദൂഷ്യവശങ്ങളും അനുഭവിക്കേണ്ടി വന്നത് സഹകരണമേഖലയാണ്. ഇതുമൂലം സഹകരണമേഖലകളിൽ നിന്നും ചിട്ടിപ്രസ്ഥാനം തീരെ അപ്രത്യക്ഷമായി. ഇത് സഹകരണസംഘങ്ങളെ പ്രതികൂലമായി ബാധിക്കുകയും പരോക്ഷമായി നിക്ഷേപങ്ങളെയും അത് ബാധിക്കേണ്ടിവന്നു.

ഈ പ്രതിസന്ധി നേരിടുവാൻ സർക്കാർ തന്നെ സഹായിക്കേണ്ടിയിരിക്കുന്നു. ഇപ്പോൾ സർക്കാർ സ്ഥാപനങ്ങളായ K.S.F.E. യെ ആക്ടിൽ നിന്നും ഒഴിവ് കൊടുത്തിരിക്കുന്നതുപോലെ സഹകരണസംഘങ്ങളെ ഈ ഈക്ടിൽ നിന്നും ഒഴിവാക്കേണ്ടതാണ്.

### ഉപഭോക്തൃ സഹകരണസംഘങ്ങൾ

ഈ രംഗത്ത് ഈ പഞ്ചായത്ത് മാതൃകാ പരമായ നേട്ടം കൈവരിച്ചിട്ടുണ്ട്. പഞ്ചായത്തി ലുള്ള 2 ഉപഭോക്തൃസഹകരണസംഘങ്ങളും നല്ല പ്രവർത്തനം കാഴ്ചവെച്ചിട്ടുണ്ട്. റേഷൻ മൊത്ത വിതരണരംഗത്തും ഈ പഞ്ചായത്തിലെ പ്രൈമറി സംഘമായ കണിമംഗലം കൺസ്യൂമേഴ്സ് സഹ കരണസംഘം നമ്പ്ര 447. അസൂയാവഹമായ പുരോഗതി കൈവരിച്ചിരിക്കുന്നു. ഏകദേശം 50 കോടിയുടെ ടേൺഓവർ വ്യാപാരമാണ് ആ സംഘം നടത്തുന്നത്. റേഷൻ ഉൽപ്പന്നങ്ങൾക്ക് സ്വകാര്യമേഖലയിൽ അനുഭവപ്പെടാവുന്ന അട്ടി മറികൾക്കെതിരെ ഈ സംഘം ഒരു സംരക്ഷണ വലയമായി നിലകൊള്ളുന്നു. സഹകരണ ഡിപ്പാർട്ട്മെൻറിൻെറയും, ഗവൺമെൻറിൻെറയും പ്രത്യേക പരിഗണന ഈ സംഘം അർഹിക്കു ന്നുണ്ട്.

### പാൽ വിതരണ സംഘങ്ങൾ

പഞ്ചായത്തിലെ 3 ക്ഷീര വിതരണ സംഘ ങ്ങളിൽ ഒരെണ്ണം പ്രവർത്ത.ന രഹിതമാണ് മറ്റരണ്ട് സംഘങ്ങളും വളരെ ചെറിയ നിലയി ലാണ് പ്രവർത്തിക്കുന്നത്. ഈ മൂന്ന് സഹക രണ സംഘങ്ങളും യോജിച്ച് ഒരൊറ്റ യൂണിറ്റാ ക്കുകയും ആധുനിക സാങ്കേതിക വിദ്യ ഉപയോ ഗിച്ച് ചില്ലിങ്ങ് പ്ലാൻറും മറ്റും സ്ഥാപിച്ച് പാക്കറ്റു കളിലാക്കി പാൽ വിതരണം നടത്തുന്ന പക്ഷം ഈ പഞ്ചായത്തിലെ പാലിൻെറ മുഴുവൻ ആവ ശ്യങ്ങളും നിറവേറ്റുന്നതിന് അതിനു കഴിയും. തന്നെയുമല്ല യൂണിറ്റ് ആധുനിക വത്ക്കരിക്കു ന്നതുമൂലം കൂടുതൽ ജോലി ലഭിക്കുന്നതിനം ഉപ ഭോക്താക്കൾക്ക് നല്ല ഉൽപ്പന്നങ്ങൾ നൽകുന്ന തിന് ഇടവരുന്നതാണ്.

### കല്ലോരുവ്യവസായം

ഇപ്പോൾ നാമമാത്രമായ ഒരു പ്രവർത്തന മാണ് ഇവിടെ നടക്കുന്നത് വലിയ പ്രതീക്ഷക ളോടുകൂടി ആരംഭിച്ച ഈ യൂണിറ്റ് വലിയ പ്രശ്ന ങ്ങളാൽ നാശോന്മുഖമായികൊണ്ടിരിക്കുക യാണ്. ഇതിനെ പുനരുദ്ധരിക്കുവാൻ താഴെ പറ യുന്ന നിർദ്ദേശങ്ങൾ പരിഗണനാർഹമാണ്. ഈ വ്യവസായത്തിൽ ഒരാൺ തൊഴിലാളിയെ സംബ ന്ധിച്ച് ന്യായമായ വേതനം ലഭിക്കുവാൻ സാധ്യ മല്ലാത്ത ഒരവസ്ഥയാണ് ഇന്ന് നിലനിൽക്കു ന്നത്. ഇതിനൊരു പരിഹാരമായി തൊഴിൽ രഹി തരായ സ്ത്രീകളെ ഈ രംഗത്തേക്ക് പരിശീലി പ്പിച്ച് കൊണ്ടുവരേണ്ടതാണ്. ഉൽപന്നങ്ങൾക്ക് ഉചിതമായ മാർക്കറ്റ് കണ്ടുപിടിക്കുവാൻ കഴി യുന്ന പക്ഷം യൂണിറുകൾ ലാഭകരമായി പ്രവർത്തിപ്പിക്കാവുന്നതാണ്. ഇതിലേക്ക് പഞ്ചാ യത്തിൻെറ പ്രത്യേക ശ്രദ്ധ പതിപ്പിക്കാൻ ആഗ്ര ഹിക്കുന്നു.

### വനിത നെയ്ത്ത് സഹകരണസംഘം, പട്ടികജാതി, പട്ടികവർഗ്ഗം

ഇന്ന് ഏറെകുറെ പ്രവർത്തനരഹിതമായ ഈ സംഘം വീണ്ടും പ്രവർത്തനരംഗത്തേക്ക് കൊണ്ടുവരേണ്ടത് ആവശ്യമാണ്. സ്വാതന്ത്ര്യസ മരത്തിൻെറ ആഹ്വാനം ഉൾകൊണ്ട് സ്വദേശി ഉൽപ്പന്നങ്ങൾ ഉപയോഗിക്കാനുള്ള നിർദ്ദേശ ത്തോടെ ആരംഭിച്ചതാണ് ഇതിൻെറ മൂലസ്ഥാ പനങ്ങൾ. ഇന്നും പഴയ സാങ്കേതിക വിദ്യ ഉപ യോഗിച്ചുകൊണ്ടാണ് അത് പ്രവർത്തിക്കുന്നത്. യൂണിറ്റ് ആധുനികവൽക്കരിക്കുകയും പുതിയ യന്ത്രസാമഗ്രികൾ ഉപയോഗിക്കുകയും പുതിയ യന്ത്രസാമഗ്രികൾ ഉപയോഗിക്കുകയും കൈ ത്തറി അപ്പക്സ് സഹകരണ സംഘങ്ങളോട് അഫിലിയേറ്റ് ചെയ്യുന്ന പക്ഷം ഇതിനു വേണ്ട തായ സാമ്പത്തിക സഹായം ലഭിക്കുന്നതിനും മാർക്കറ്റ് കണ്ടെത്തുന്നതിനും പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകുന്നതിന് ഡിപ്പാർട്ടുമെ ൻറിൽ നിന്നു സംഘത്തിന് ലഭിക്കേണ്ട ഗ്രാൻറു കൾ ലഭ്യമാക്കുന്നതിനും വിദഗ്ധരായ വീവിങ്ങ് മാസ്റ്ററെ കണ്ടെത്തി ആധുനി രീതിയിലുള്ള തുണിത്തരങ്ങൾ നെയ്യുവാൻ സാഹചര്യം സൃഷ്ടിക്കുകയും വേണം.

### പുതിയ മേഖലയിലേക്ക് സഹകരണ പ്രസ്ഥാനം വ്യാപിക്കൽ

ജനകീയ പ്രസ്ഥാനങ്ങളുടെ വിജയം ജന ങ്ങൾ അതിൽ എത്രമാത്രം ഉൾക്കൊണ്ടിരിക്കുന്നു എന്നതിനെ ആശ്രയിച്ചിരിക്കുന്നു. ഏറ്റവും കൂടു തൽ ജനപങ്കാളിത്തം നേടുന്നതിനുള്ള പ്രസ്ഥാനം ഇന്നും സഹകരണമേഖലതന്നെയാണ്. ഈ മേഖ ലയെ പുനരുദ്ധരിച്ചുകൊണ്ട് ജനജീവിതത്തി ൻെറ എല്ലാ മേഖലകളിലേക്കും വ്യാപിപ്പിച്ചാൽ അപാരമായ വിജയസാധ്യതയാണ് ഇതിനുള്ളത്. നാണയരംഗത്തും, കാർഷികരംഗത്തുംമാത്രം പ്രവർത്തിച്ചുകൊണ്ടിരിന്ന ഈ സ്ഥാപനം ഇന്ന്

എല്ലാ രംഗങ്ങളിലേക്കും അതിൻെറ വേരുകാം വ്യാപിച്ചിരിക്കുന്നു. തന്നെയുമല്ല പല രംഗങ്ങളിലും ഇത് അസൂയവഹമായ വിജയം കൈവരിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനെ നമ്മുടെ വ്യവസായരംഗത്തേക്ക് കൂടി വ്യാപിപ്പിക്കുന്ന പക്ഷം ഒരു രണ്ടാം വ്യവസായ വിപ്ലവത്തിനുതന്നെ വഴിയൊരിക്കിയേക്കാം. പത്തു പേർ മാത്രം വിചാരിച്ചാൽ ഒരു സഹകരണ വ്യവസായയൂണിറ്റ് രജിസ്റ്റർ ചെയ്യുന്നതിന് സാധിക്കും. സ്വയം തൊഴിൽ കണ്ടെത്തുക എന്ന ഉദ്ദേശത്തിന് ഒരാാക്ക് ഒരു ലക്ഷം രൂപവരെ സാമ്പത്തിക വായ്പ ലഭിക്കാൻ തക്കവണ്ണം നിയമ നിർമ്മാണങ്ങാം നിലവിലുണ്ട്. അപ്പോാം പത്തു പേരുടെ ഒരു യൂണിറ്റിന് പത്തു ലക്ഷം രൂപവരെ പ്രത്യേകമായ ഈട് ഒന്നും കൂടാതെ തന്നെ ലഭിക്കുവാനുള്ള സാധ്യത മുന്നിൽ കാണുമ്പോാം ഈ അവസരം ബുദ്ധിപൂർവ്വം ഉപയോഗിക്കത്തക്കവണ്ണം ചെറുപ്പക്കാർ മുന്നോട്ടു വരേണ്ടതാണ്.

പ്രത്യേകിച്ചും വ്യവസായ വത്ക്കരണത്തെ പ്രോത്സാഹിപ്പിക്കാൻ തക്കവണ്ണം വ്യവസായ വികസന റിപ്പോർട്ടിൽ ചെറിയ 60 യൂണിറ്റുകാം അടങ്ങുന്ന വ്യവസായ കോപ്ലക്സുകാംക്കാണ് രൂപം നൽകിയിരിക്കുന്നത്. സഹകരണ അടിസ്ഥാനത്തിൽ സംഘടിപ്പിക്കപ്പെടുന്ന ചെറുകിട വ്യവസായ സംരംഭകർക്ക് ഇത്തരത്തിലുള്ള യൂണിറ്റുകാം പ്രയോജനപ്പെടുത്താവുന്നതാണ്. ഇതുമൂലം വ്യവസായ രംഗത്ത് ഈ പഞ്ചായത്തിന് ഒരു കുതിച്ചുചാട്ടം തെന്നെ നടത്തുവാൻ കഴിയുന്നതാണ്.

### കാർഷിക മേഖല

കാർഷിക മേഖലയിലും ഈ സഹകരണ പ്രസ്ഥാനത്തിൻെറ തത്വങ്ങാം ബാധകമാക്കാൻ ധാരാളം സാധ്യതകാം ഉണ്ട്. ഇപ്പോാം തന്നെ ഈ രംഗത്ത് സഹകരണ പ്രസ്ഥാനം കടന്നു ചെന്നിട്ടുണ്ടെങ്കിൽകൂടി ഇനിയും ധാരാളം സാധ്യതയുള്ള മണ്ഡലമാണിത്. പഞ്ചായത്തിന് ധാരാളം തരിശ് ഭൂമികാം ഉള്ളത് പുല്ലുവളർത്തൽ മുതൽ അങ്ങോട്ട് വലിയ സാധ്യതയുണ്ട്.

സഹകരണ മേഖലയിൽ കോഴിവളർത്തൽ വലിയ സാധ്യതയുള്ള ഒരു ഏർപ്പാടാണ്.ധാരാളം ഗവൺമെൻറ് സഹായങ്ങളും മറ്റും ഇതിന് ലഭ്യമാണ് എന്നിരിക്കെ ഇത് സഹകരണ അടസ്ഥാനത്തിലാക്കിയാൽ കൂടുതൽ പ്രയോജനങ്ങാം കൈവരിക്കാൻ സാധിക്കുന്നതാണ്. അതുപോലെതന്നെ ഈ പഞ്ചായത്തിൽ ധാരാളമായുള്ള കൊട്ടനെയ്ത്തുകാർ, പായനെയ്ത്തുകാർ മുതലായ ഒറ്റപ്പെട്ടു കഴിയുന്ന തൊഴിൽ മേഖലയെ സംഘടിപ്പിച്ച് സഹകരണ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നപക്ഷം ഈ പിന്നോക്കവർഗ്ഗക്കാരുടെ ഉന്നമനത്തിനും വഴിതെളിക്കുന്നതാണ്.

### പൊതുവിതരണം

ഈ പഞ്ചായത്തിൽ പൊതുവിതരണ സമ്പ്രദായത്തിന് കീഴിൽ ഏകദേശം 47000 പേർ വരുന്നുണ്ട് ഇതിൽ പൊതുവിതരണം നടത്തുന്ന 18 സ്ഥാപനങ്ങളിൽ 3 എണ്ണം മാത്രമേ സഹകരണ സംഘങ്ങാം നടത്തുന്നുള്ളു. ബാക്കി 15 എണ്ണം നടത്തുന്നത് പ്രൈവറ്റ് പാർട്ടികളാണ്. സഹകരണപ്രസ്ഥാനത്തിന് മികവ് കാണിക്കാവുന്ന ഈ രംഗത്തു നിന്നും എന്തുകൊണ്ടാണ് പിൻതിരിഞ്ഞു പോകുന്നത് എന്നതിനെ സംബധിച്ച് ഗവൺമെൻറ് തലത്തിൽ അന്വേഷണം ആവശ്യമാണ്. വീണ്ടും ഈ രംഗത്തേക്ക് സഹകരണസംഘത്തെ ആനയിക്കുന്ന പക്ഷം പൊതുജനങ്ങാംക്ക് ന്യായമായ വിലയിലും ശരിയായ തൂക്കത്തിലുംറേഷൻ സാധനങ്ങാം ലഭ്യമാക്കുവാൻ കഴിയും

### ഉപസംഹാരം

സഹകരണ മേഖലകളിൽ ഉണ്ടാക്കാവുന്ന പുരോഗതികളെ സംബന്ധിച്ച് ചെറിയൊരു വിവരണമാണ് ഇവിടെ നൽകിയിരിക്കുന്നത്. ഇനിയും ധാരാളം പ്രവർത്തനങ്ങാംക്ക് സാധ്യതയുള്ളതാണ് ഈ മേഖല. ഇതിനെ സംബന്ധിച്ച് ചിന്തിക്കുന്നതിന് പഞ്ചായത്ത് അടിസ്ഥാനത്തിൽ ഒരു സെമിനാർ നടത്തുകയും ജനങ്ങാംക്കിടയിൽ നിന്നും നിർദ്ദേശങ്ങാം അടങ്ങുന ലേഖനങ്ങാം ലഭിക്കുകയും സ്ക്കൂം, കോളേജ് തലത്തിൽ ഉപന്യാസമത്സരങ്ങാം നടത്തുകയും ചെയ്യുന്നതു കൊണ്ട് കൂടുതൽ സാധ്യതകളെ വെളിച്ചത്തേക്ക് കൊണ്ടു വരേണ്ടതാണ്. പ്രതിപാദിച്ച വിഷയങ്ങളെ ഇപ്രകാരം ക്രോഡീകരിക്കാവുന്നതാണ്.

1. പഞ്ചായത്തിൽ നിലവിലുള്ള സഹകരണസംഘങ്ങാം നേരിടുന്ന പ്രശ്നങ്ങാംക്ക് പരിഹാരം കണ്ടെത്തുക.

2 സഹകരണ മേഖലയിൽ നിക്ഷേപം വർദ്ധിപ്പിക്കുന്നതിന് ബോധവത്ക്കരണം നടപ്പിലാക്കുക.

3. പഞ്ചായത്ത് വക ഫണ്ടുകാം സഹകര

ണസ്ഥാപനങ്ങളിൽ നിക്ഷേപിക്കുന്നതിനുള്ള നിയമ നടപടികൾ കൈകൊള്ളുക.

4. ഇന്ന് ക്രെഡിറ്റ് സംഘങ്ങളിൽ നിന്നും വായ്പ കൊടുക്കുന്നത് ഓഹരി അനുപാതത്തിലാണ്. വായ്പയുടെ 5% തുക ഓഹരിയായി പിടിക്കുന്നു. എന്നാൽ വായ്പഅടച്ചു തീർത്താലും പിടിച്ച ഓഹരി സംഖ്യ മടക്കി ലഭിക്കുന്നില്ല. ഇത് സാധാരണക്കാരെ സംബന്ധിച്ച വലിയ സാമ്പത്തിക ബുദ്ധിമുട്ടുകൾക്ക് കാരണമാക്കിതീർക്കുന്നു. ഈ നടപടി ക്രമങ്ങൾ മാറ്റി വായ്പ സംഖ്യ തീർക്കുന്നതോടെകൂടി കൂടുതൽ ഓഹരികൾ മടക്കികൊടുക്കുവാനുള്ള സംവിധാനം ഉണ്ടാകേണ്ടതാണ്.

5. കൺസ്യൂമർ സഹകരണ സംഘങ്ങൾ കാര്യക്ഷമമായി പ്രവർത്തിപ്പിക്കാനുള്ള നടപടികൾ കൈകൊള്ളുക.

6. പാൽ വിതരണ സംഘങ്ങളെ സംയോജിപ്പിച്ച് ആധുനികവത്ക്കരിക്കുകയും,, പാക്കറ്റ് പാൽ പഞ്ചായത്തിൽ മുഴുവൻ വിതരണം ചെയ്യുന്നതിന് നടപടികൾ കൈകൊള്ളുക.

7. കേരള ചിട്ടി നിയമത്തിൽ നിനും സഹകരണസംഘങ്ങളെ ഒഴിവാക്കുക.

8 കല്ലൊര,. നെയ്ത്ത് മുതലായ സഹകരണസംഘങ്ങള ജീർണ്ണതയിൽ നിന്നും പുനരുദ്ധീകരിക്കുക.

9 പുതിയ വ്യവസായ സഹകരണ സംഘങ്ങൾ രൂപീകരിക്കുകയും ആയതു സഹകരണ കൊംപ്ലെക്സുകൾ രൂപീകരിക്കുകയും ചെയ്യുക.

10. കൃഷി, കോഴി വളർത്തൽ, മൃഗവളർത്തൽ മുതലായ മേഖല സഹകരണ അടിസ്ഥാനത്തിൽ സംഘടിപ്പിക്കുക.

റേഷൻ ഷാപ്പ് പൊതുവിതരണ കേന്ദ്രമായതോടുകൂടി പ്രവർത്തനം അവതാളത്തിലാണ് അനുദിനം സാധാരണകാരന് പരാതിയുള്ള മേഖലയായ പൊതുവിതരണകേന്ദ്രത്തെ 1966ലെ റേഷനിങ്ങ് ആക്ട് പ്രകാരമുള്ള റേഷൻ ഷാപ്പ് എന്നാക്കി തന്നെ മാറ്റണം. പഞ്ചായത്തിലെ റേഷൻ ഷാപ്പുകൾ പൂർണ്ണമായ അധികാരം പഞ്ചായത്ത് ഏറ്റെടുത്ത് ഈ മേഖലയിലെ ആവലാതികൾ പരിഹാരം കാണേണ്ടതാണ്. റേഷൻ കാർഡുമായി ബന്ധപ്പെട്ട അപേക്ഷകൾ പഞ്ചായത്ത് തലത്തിൽ സ്വീകരിച്ച് പരിഹാരം കാണാൻ ഏർപ്പാടുണ്ടാക്കണ്. താലൂക്ക് സപ്ലൈ ആപ്പീസിലേക്ക് ആവശ്യമായ ഫർണിച്ചറും മറ്റും അനുവദിച്ച് ആപ്പീസിൻെറ കുത്തഴിഞ്ഞ പ്രവർത്തനത്തിന് പരിഹാരം കാണേണ്ടതാണ്.

പഞ്ചായത്തിൽ നെടുപുഴ, കുരിയിച്ചിറ, പനമുക്ക്, ചിയ്യാരം, വടൂക്കര പ്രദേശത്ത് മാവേലി സ്റ്റോർ സ്ഥാപിക്കുവാൻ വേണ്ടതായ നടപടികൾ കൈകൊള്ളേതുണ്ട്.

ഉപഭോക്തൃമേഖലയെ കാര്യക്ഷമമാക്കാനും കുറ്റമറ്റതാക്കാനും ജനങ്ങളെ ബോധവത്ക്കരിക്കാനും പഞ്ചായത്തിൽ ഉപഭോക്തൃസംരക്ഷണസമിതി രൂപീകരിക്കണം.



**നെടുപുഴ മദാമ്മ തോപ്പ് കോൾപടവ്**

# 5-11

# പട്ടികജാതി പട്ടിക വർഗ്ഗ വികസനം




പഞ്ചായത്തിൽ 700 ഓളം വരുന്ന പട്ടിക ജാതി, പട്ടികവർഗ്ഗ കുടുംബങ്ങളാണ് ഉള്ളതെങ്കിലും സ്വന്തമായി ഭൂമിവാങ്ങി വീട് വെച്ച് താമസിക്കാനുള്ള സാമ്പത്തികശേഷി ഇല്ലാത്തതു മൂലംഒരു കുടുംബത്തിലുള്ള സഹോദരങ്ങൾ ഒരു വീട്ടിൽതന്നെ രണ്ടു മൂന്നു കുടുംബങ്ങളായി താമസിച്ചുവരുന്നു. മൂന്നിൽ ഒന്ന് കുടുംബങ്ങൾ ഇപ്പോഴും വളരെ ശോചനീയാവസ്ഥയിലുള്ള ഓലമേഞ്ഞകുടിലുകളിലാണ് താമസിക്കുന്നത്. മൂന്നിൽ രണ്ടുഭാഗം കുടുംബങ്ങൾക്കും കക്കൂസുകൾ ഇല്ലൂലാത്തവയാകുന്നു. ആവശ്യത്തിന് ശുദ്ധജലം ലഭിക്കാത്ത കോളനികളാണ് മിക്കതും. ഇലക്ട്രിസിറ്റി കോളനികളിൽ എത്തിനോക്കിയിട്ടുണ്ടെങ്കിലും പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ വീടുകളിൽ വെളിച്ചം എത്താത്തവീടുകൾ മൂന്നിൽ ഒന്നോളം വരും.

പട്ടികജാതി പട്ടികവർഗ്ഗവിഭാഗത്തിലെ 85% കുടുംബങ്ങളും കാർഷികമേഖലകളിൽ കൂലിവേലചെയ്തു ഉപജീവനം നടത്തുന്നവരാണ്. കാർഷികമേഖലയിലെ മുരടിപ്പുംമററും ഇവരുടെ തൊഴിലവസരങ്ങൾ കുറയുന്നതിനും ജീവിതം പ്രയാസകരമായിതീരുന്നതിനും ഇടയായിട്ടുണ്ട്. ഓരോ കോളനി കേന്ദ്രീകരിച്ച് തൊഴിലവസരങ്ങൾ ഉണ്ടാക്കുന്നതിന് വിവധ സ്വയംതൊഴിൽ സംരഭങ്ങൾ കണ്ടെത്തി ഈ വിഭാഗത്തിൻെറ ജീവിതനിലവാരം ഉയർത്തിക്കൊണ്ടുവരുന്നതിന് പ്രത്യേക പ്രാധാന്യം കൊടുക്കേണ്ടതുണ്ട്.

കൂർക്കഞ്ചേരി ഗ്രാമപഞ്ചായത്തിൽ ഉദ്ദേശം 700 ഓളം കുടുംബങ്ങൾ അധിവസിക്കുന്നു. പട്ടികജാതി പട്ടികവർഗ്ഗവിഭാഗങ്ങളിൽപ്പെട്ട ഈ കുടുംബങ്ങളിൽ പ്രധാനമായും പടന്ന, വേട്ടുവ, പുലയ, സാംബവർ, വേലൻമാർ എന്നീ വിഭാഗങ്ങളിൽ പെട്ടവരാണ്. മറ്റുവിഭാഗങ്ങളിൽപ്പെട്ടവരും നാമമാത്രമായുണ്ട്.

പട്ടികയിൽ പറയുന്ന കോളനികളിൽ ഹെർബർട്ട നഗർ, അയ്യപ്പൻകാവ് കോളനി, എസ്. എൻ.പി.കോളനി എന്നീ അപ്രൂവ്ഡ് കോളനികൾക്കുപുറമെ മറ്റുള്ളവ സെറ്റിൽമെൻറ് കോളനികളാണ്. ഈ വിഭാഗങ്ങളുടെ പ്രധാന ഉപജീവനമാർഗ്ഗം കാർഷികതൊഴിൽ, മത്സ്യബന്ധനം, മത്സ്യകച്ചവടം, മറ്റുകൂലിപ്പണികൾ എന്നിവയാണ്. ഈ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് നിത്യേന പണികൾ കിട്ടാത്തതുകൊണ്ട് വീട്ടുകാര്യങ്ങൾ പുലർത്തികൊണ്ടുപോരുന്നതിന് ക്ലേശിക്കേണ്ടിവരുന്നു. പ്രകൃതിയിലുണ്ടാകുന്ന മാറ്റങ്ങൾകൊണ്ടും തൊഴിൽ ലഭിക്കാതെ വരുന്ന അവസ്ഥയുണ്ട്. വീടുകളിലെ പുരുഷൻമാരെപ്പോലെത്തന്നെ സ്ത്രീകളും ഒരുപോലെ കൂലിപ്പണികൾക്ക് പോകുന്നതുകൊണ്ട് കുടുംബാഗങ്ങൾ ഒരു

| പഞ്ചായത്തിലെ കോളനികൾ | | വാർഡ് | കുടുംബങ്ങൾ |
|---|---|---|---|
| 1 | ശ്രീ നാരായണപുരം കോളനി | 1 | 35 |
| 2 | മങ്കുഴി ലയിൻ കോളനി | 2 | 10 |
| 3 | ഹെർബർട്ട് നഗർ (പട്ടികജാതി) | 3 | 250 |
| 4 | ശാന്തിനഗർ (കൃഷ്ണപ്പിള്ളനഗർ) | 3 | 20 |
| 5 | നെടുപുഴ (നാലാംവാർഡുഭാഗം) | 4 | 40 |
| 6 | നെടുപുഴ തെക്കെ പടിഞ്ഞാറ് കോളനി | 5 | 220 |
| 7 | പനമുക്ക് വടക്കെകോളനി (ഏ. കെ. ജി. നഗർ) | 5 | 35 |
| 8 | വർക്കേഴ് നഗർ | 6 | 20 |
| 9 | അയ്യപ്പൻകാവ് കോളനി, വടൂക്കര | 7 | 31 |
| 10 | തുരുത്ത് (കണ്ണംകുളങ്ങര പടിഞ്ഞാറ്) | 10 | 25 |
| 11 | കണ്ണംകുളങ്ങര തുരുത്ത് കിഴക്കുഭാഗം | 12 | 30 |
| 12 | കോട്ടയിൽകോളനി (വായിൽവഴി ചിയ്യാരം) | 13 | 32 |
| 13 | മംഗലം കോളനി ചിയ്യാരം | 14 | 14 |

പരിധിവരെ പട്ടിണി നേരിടാതെ പോകുന്നു. വിദ്യാഭ്യാസപരമായി ഇപ്പോഴും വളരെ പിന്നോക്കാവസ്ഥയാണുള്ളത്. കുട്ടികൾ തുടക്കത്തിൽ സ്ക്കൂളിൽ പോകുന്നുണ്ടെങ്കിലും കൊഴിഞ്ഞ്പോക്ക് സർവ്വസാധാരണമാണ്. കൂലിപ്പണികൾക്ക് പോകുന്ന മാതാപിതാക്കൾക്ക് കുട്ടികളുടെ വിദ്യാഭ്യാസ സൗകര്യങ്ങൾ ഉണ്ടാക്കികൊടുക്കുന്നതിലും തുടർവിദ്യാഭ്യാസത്തിന് ആവശ്യമായ സാമ്പത്തികശേഷി ഇല്ലാത്തതുമാണ് ഇതിനു പ്രധാന കാരണം.ഇങ്ങനെ കൊഴിഞ്ഞുപോകുന്ന കുട്ടികൾ മറ്റുകൂലിപ്പണികളിലേക്ക് തിരിയുന്നു. അപൂർവ്വം ചിലകുട്ടികൾ ചില സാമൂഹ്യ തിന്മകളിലേക്ക് വഴിതെറ്റിപോകുന്ന അവസ്ഥയുമുണ്ട്. പട്ടികജാതി - പട്ടികവിഭാഗങ്ങളിൽ സ്വാഭാവികമായും നിരക്ഷരർ കൂടുതലാണ്. എങ്കിലും കഴിഞ്ഞ സാക്ഷരതാ പ്രസ്ഥാനത്തിൻെറ സജീവ പ്രവർത്തനത്തിലൂടെ ഈ വിഭാഗങ്ങളിൽ അറിവിൻെറ വെളിച്ചം എത്തിക്കാൻ വലിയൊരളവുവരെ കഴിഞ്ഞിട്ടുണ്ട്.

പട്ടികജാതി - വർഗ്ഗവിഭാഗങ്ങളിൽ സാമൂഹ്യ സാംസ്ക്കാരിക വളർച്ച ഉണ്ടാക്കുന്ന വിധത്തിലുള്ള ബോധപൂർവ്വമായ കർമ്മപരിപാടി വിദ്യാഭ്യാസ - സാംസ്ക്കാരിക വകുപ്പിൻെറ സഹായത്തോടുകൂടി ആവിഷ്ക്കരിക്കേണ്ടതുണ്ട്. മറ്റ് സമുദായത്തിൽപ്പെട്ടവരുമായി ഉച്ചനീചത്വം നിലവിലില്ല. എല്ലാവരും സാമാന്യം സഹവർത്തിത്വത്തോടുകൂടി ജീവിക്കുന്നു. സാമൂഹ്യ വളർച്ചക്കും വികസനത്തിനും വേണ്ടിയുള്ള പ്രവർത്തനങ്ങലിൽഈ വിഭാഗത്തിൻെറ സജ്ജീവ പങ്കിളാത്തം ഉറപ്പുവരുത്തുന്നതിന് കൂട്ടായ ഒരു കർമ്മപരിപാടി ആവശ്യമാണ്. പട്ടികജാതി - വർഗ്ഗത്തിൽപ്പെട്ടവർക്ക് സർക്കാരിൽനിന്നും മറ്റുവകുപ്പുകളിൽ നിന്നും ലഭിക്കേണ്ട ആനുകൂല്യങ്ങലും സഹായങ്ങളും ശരിയായവിധത്തിൽ ലഭിക്കാത്തതുകൊണ്ട് അവരിൽ ഒരു തരം അവഗണനാബോധവും നിഷ്ക്രിയത്വവും ഉണ്ടാകുന്നു. തന്നിമിത്തം സമൂഹത്തിലെ പൊതുവായ പരിപാടികളിൽനിന്നും ഇവർ അകന്നു നില്ക്കുന്ന പ്രവണത കാണുന്നു.

എങ്കിലും പട്ടികജാതി - വർഗ്ഗവിഭാഗങ്ങളിലെ നിരവധിപേർ ഉയർന്ന വിദ്യാഭ്യാസം ലഭിച്ചവരും സർക്കാർ, അർദ്ധസർക്കാർ സർവ്വീസുകളിൽ പ്രവേശിച്ചവരും, സാംസ്ക്കാരികസമിതികളിലും ബഹുജനസംഘടനകളിൽ പ്രവർത്തിക്കുന്നുണ്ട്.

എട്ടാം പഞ്ചപവത്സരപദ്ധതി അവസാനിക്കാറായ ഈ സമയത്തുപോലും പട്ടികജാതി -വർഗ്ഗ വിഭാഗങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ നിറവേറ്റികൊടുക്കുന്നതിന് കഴിഞ്ഞിട്ടില്ല.ഈ വിഭാഘങ്ങളുടെ വികസനത്തിനും വളർച്ചക്കും താഴെപറയുന്ന നിർദ്ദേശങ്ങൾ

വെക്കുന്നു.

1 കൃത്യമായ വിവരശേഖരണത്തിൻെറ അടിസ്ഥാനത്തിൽ സ്വന്തമായി വീടില്ലാത്ത വർക്ക്വീട് അനുവദിച്ച്കൊടുക്കുകയും അറ്റകുറ്റ പണികൾ നടത്തുന്നതിനുള്ള ധനസഹായം നല്കുകയും ചെയ്യുക.

2 കക്കൂസ്, കുളിമുറി തുടങ്ങിയ അടിസ്ഥാനസൗകര്യങ്ങൾ ഇല്ലാത്തതുകൊണ്ട് ഈ മേഖലയിൽ പലവിധരോഗങ്ങളും ആരോഗ്യപ്രശ്നങ്ങളും ഉണ്ടാകുവാൻ ഇടയുള്ളതുകൊണ്ട് അടിയന്തിരമായി ഈ പ്രശ്നം പരിഹരിക്കുന്നതിന് സൗജന്യമായി കക്കൂസ്, കുളിമുറി തുടങ്ങിയ സൗകര്യങ്ങൾ ചെയ്തുകൊടുക്കണം.

3 പഞ്ചായത്തിലെ പട്ടികജാതി വർഗ്ഗവിഭാഗങ്ങൾ തിങ്ങിപാർക്കുന്ന കോളനികളിലും മറ്റ് സെറ്റിൽമെൻറ് പ്രദേശങ്ങളിലും ശുദ്ധജലക്ഷാമം ഇപ്പോഴും വലിയൊരു പ്രശ്നമാണ്.ഇതു പരിഹരിക്കുന്നതിന് പഞ്ചായത്തിൻെറ വിവിധ വാർഡുകളിലെ പൊതുകിണറുകളുടെ ആഴം കൂട്ടുകയും ചെയ്യേണ്ടതാണ്. കൂടാതെ ഈ മേഖലകളിൽകൂടുതൽ പബ്ളിക്ക് ടാപ്പുകൾ സ്ഥാപിച്ചും പട്ടികജാതി കുടുംബങ്ങൾക്ക് സൗജന്യമായി വാട്ടർകണക്ഷൻ അനുവദിക്കുകയും ചെയ്യണം. നിലവിലുള്ള കുളങ്ങൾ വൃത്തിയാക്കി, ആഴംകൂട്ടി, കുളിക്കുന്നതിനും, കൃഷിക്കും ഉപയോഗിക്കാൻ സാധിക്കണം.

4 വീട് വൈദ്യുതീകരിക്കാത്ത കുടുംബങ്ങൾക്ക് സൗജന്യമായി വീട് വൈദ്യുതീകരിച്ച് കൊടുക്കുകയും കോളനികളിലും ഈ വിഭാഗങ്ങൾ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളിലും കൂടുതൽ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുകയും ഇലക്ട്രിക്ലൈൻ ഇനിയും എത്തിയിട്ടില്ലാത്ത പ്രദേശങ്ങളിൽ എത്രയും വേഗം ലൈൻ എത്തിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യണം.

5 സ്വന്തമായി സ്ഥലം ഇല്ലാത്തവർക്ക് ഭൂമി വിതരണം ചെയ്യുകയും കൈവശഭൂമിക്ക് പട്ടയം നൽകുകയും റോഡ് പുറമ്പോക്കുകളിൽ താമസിക്കുന്നവർക്ക് കുടിഒഴിപ്പിക്കൽഭീഷണി നേരിടുകയുംചെയ്യുന്നതിനാൽ അവർക്ക് പകരം ഭൂമി കൊടുക്കുകയും വീട്വെക്കുന്നതിനുള്ള സഹായം നൽകുകയും ചെയ്യണം.

2 പട്ടികജാതി കുടുംബങ്ങളിലെ കുട്ടികളുടെ വിദ്യാഭ്യാസം കൊഴിഞ്ഞുപോകുന്നു. മാതാപിതാക്കൾ കൂലിപ്പണിക്ക് പോകുമ്പോൾ താഴെയുള്ള കുട്ടികളെനോക്കാനും സംരക്ഷിക്കുവാനും വിദ്യാർത്ഥികളായ കുട്ടികൾ പഠിപ്പുമുടക്കി നില്ക്കുന്നതാണ് ഇതിന് പ്രധാനകാരണം. മുഖ്യമായും സാമ്പത്തിക പരാധീനതകൾ മൂലമാണ് ഈ രീതിയിലുള്ള സ്ഥിതിവിശേഷം ഉണ്ടാകുന്നത്. അതിപ്രധാനപ്പെട്ട ഈ പ്രശ്നം പരിഹരിക്കുന്നതിന് സാമ്പത്തിക പര്യാപ്തത ഉണ്ടാക്കുന്നതിനും തുടർ വിദ്യാഭ്യാസം നൽകുന്നതിനും വേണ്ട സത്വരനടപടികൾ ഉണ്ടാകണം. ഈ വിഭാഗങ്ങളിലെ നിരക്ഷരത, അന്ധവിശ്വാസം എന്നിവ തുടച്ചുമാറ്റുന്നതിനും രാജ്യത്തെക്കുറിച്ചുള്ള പൊതുഅറിവ് വളർത്തുന്നതിന് സാക്ഷരതാ പ്രസ്ഥാനംപോലെയുള്ള പരിപാടികൾ ആവിഷ്ക്കരിക്കണം.

3. പട്ടികജാതിവിഭാഗങ്ങൾ അവരുടെ ശവസംസ്ക്കാരം നടത്തുന്നതിന് മുഖ്യമായും ആശ്രയിക്കുന്നത് പഞ്ചായത്ത് അധീനതയിലുള്ള പൊതുശ്മശാനമാണ്. ഇതിൻെറ ഇന്നത്തെസ്ഥിതി വളരെ ശോചനിയമാണ്. വളരെയധികം ഇതിനുവേണ്ടിയുണ്ട്. ഈ ശ്മശാനത്തിൽ എല്ലാവിഭാഗത്തിൽപ്പെട്ടവർക്കും ശവസംസ്ക്കാരം നടത്തുന്നതിന് ആധുനികരീതിയിലുള്ള (വൈദ്യുതീകരിക്കൽ ഉൾപ്പെടെ) സൗകര്യങ്ങൾ ഏർപ്പെടുത്തണം.ഈ രീതിയിൽ ശ്മശാനത്തിൻെറ സൗകര്യം വർദ്ധിപ്പിച്ചാൽ ഇന്നുള്ള സ്ഥലത്തിൻെറ പകുതിമാത്രം ശവസംസ്ക്കാരത്തിന് മതിയാകുന്നതും ബാക്കി പകുതിസ്ഥലം പഞ്ചായത്തിന് വരുമാനമുണ്ടാക്കുന്ന ഷോപ്പിംഗ് കോംപ്ലക്സ്, മറ്റ് ആഫീസുകൾ എന്നിവ നിർമ്മിക്കാൻ കഴിയുന്നതാണ്. കൂടാതെ നെടുപുഴ, കുരിയച്ചിറ, വടൂക്കര മറ്റുപ്രദേശങ്ങളിൽ ഉള്ള ശ്മശാനങ്ങളും കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുകയും സംരക്ഷണം ഏർപ്പെടുത്തുകയും വേണം.

പഞ്ചായത്തിലെ കോളനികളിലും മറ്റു പ്രദേശങ്ങളിലുംപ്പെട്ട ജനങ്ങൾ മുള ഉപയോഗിച്ച് കുട്ട, മുറം, മറ്റ് വീട്ടുപകരണങ്ങൾ ഉണ്ടാക്കി ഉപജീവനം നടത്തുന്നവരുണ്ട്. അതുപോലെ പഞ്ചായത്തിൽ സുലഭമായി കിട്ടുന്ന ഓലമെടയുന്നതിനും, ചകിരി, ചിരട്ട മുതലായവ ഉപയോഗിച്ച് പലരീതിയിലുള്ള കുടിൽ വ്യവസായം തുടങ്ങുന്നതിനും സാധിക്കും. അതുപോലെ തയ്യിൽ പരിശീലനം നടത്തിക്കുന്നതിനും പരിശീലനം നേടിയവർക്ക് റെഡിമയ്ഡ് ഡ്രസ്സുകൾ ഉണ്ടാക്കി വില്ക്കുന്നതിനും, മെഴുകുതിരികൾ ഉണ്ടാക്കുന്നതിനുള്ള യൂണിറ്റുകൾ തുടങ്ങുന്നതിനും ആവശ്യമായ സഹകരണാടിസ്ഥാനത്തിൽ സൊസൈറ്റികൾ രൂപീകരിക്കുകയും അതുമുഖേന നിബന്ധനകളില്ലാതെ വായ്പ അനുവ

ദിച്ച് സ്വയംതൊഴിൽ ഉണ്ടാക്കുന്നതിനും കുടിൽവ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും വിപണനകേന്ദ്രങ്ങൾ ഉണ്ടാക്കുകയും വേണം.

5. മത്സ്യബന്ധനം, മത്സ്യകച്ചവടം എന്നിവനടത്തുന്നവരിൽ 99%വും പട്ടികജാതിയിൽപ്പെട്ടവരാണ്. ഇവർക്ക് ആവശ്യമായ സാമ്പത്തിക സഹായം കുറഞ്ഞ പലിശയ്ക്ക് വിതരണം നടത്തുകയും ചെയ്യുക. പഞ്ചായത്ത് പരിധിയിലെ കുളങ്ങലിലും കായലോരങ്ങളും മത്സ്യം വളർത്തൽ കേന്ദ്രങ്ങളായി മാറ്റുകയും പഞ്ചായത്തിൻെറ പ്രധാനഭാഗത്ത് മത്സ്യവിപണനത്തിനുള്ള മാർക്കറ്റും ഏർപ്പെടുത്തുക.

6. വടൂക്കര എട്ടാംവാർഡിലുള്ള കൈത്തറി സഹകരണസംഘം വളരെശോച്യാവസ്ഥയിലാണ്. പട്ടികജാതികുടുംബങ്ങളിലെ പെൺകുട്ടികളാണ് ഇവിടെ പണിചെയ്യുന്നത്. മുണ്ട്, തോർത്ത് തുടങ്ങിയവ ഇവിടെ ഉണ്ടാക്കുന്നു. എന്നാൽ ഇവിടെനിന്നും ലഭിക്കുന്ന വേതനം അത്യാവശ്യകാര്യങ്ങൾ നിറവേറ്റുന്നതിനുപോലും തികയാത്തതാണ് അതുകൊണ്ട് പ്രസ്തുത സൊസൈറ്റി മുഖേന 200ഓളം പെൺകുട്ടികൾക്ക് തൊഴിൽകിട്ടാവുന്നരീതിയിൽ പുനരുദ്ധാരണം നടത്തുകയും സംഘത്തിന് ആവശ്യമായ വായ്പാസൗകര്യം ഉണ്ടാക്കുകയും വിപണികണ്ടെത്തുകയും ചെയ്യണം.

7. മൂന്നാം വാർഡ് ഹർബർട്ട് നഗറിൽ പട്ടികജാതി ക്ഷേമ വകുപ്പിൻെറ കീഴിലുള്ള I.T.C. യിൽ കൂടുതൽ പരിശീലന കോഴ്സുകൾ ഏർപ്പെടുത്തുകയും ഈ വിഭാഗത്തിൽപ്പെട്ടവർക്ക് മാത്രം പ്രവേശനം നൽകുകയും കോഴ്സ് പൂർത്തീകരിച്ചുവരുന്നവർക്ക് സർക്കാർ സ്ഥാപനങ്ങളിൽ മുൻഗണനാക്രമത്തിൽ ജോലി ഉറപ്പുവരുത്തുകയും ചെയ്യുക.

8. കുരിയച്ചിറ അറവുശാലയിൽനിന്നുള്ള മലിനജലം ഒഴുകി കിണറുകൾ മലിനമാകുന്നത് തടയുകയും പട്ടികജാതി വിഭാഗങ്ങളുടെ ഇടയിൽ പലവിധ ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാക്കുകയും ചെയ്യുന്നതിന് കിണറുകൾകെട്ടിസംരക്ഷിക്കുന്നതിന് സഹായം നല്കണം.

9. പട്ടികജാതി വിഭാഗങ്ങൾക്ക് നല്കുന്ന I.R.D.P. വായ്പകളുടെ പലിശനിരക്ക് കുറയ്ക്കണം.

10. പട്ടികജാതി വിഭാഗങ്ങളിൽ കൂടുതൽപേർക്കും 3 സെൻറ് 5 സെൻറ് ഈ രീതീയിൽ ഭൂമിവീതം മാത്രമാണുള്ളത്. ഈ ഭൂമിയിൽ വീടുവെക്കുന്നതിന് TUDAയിൽ നിന്നുള്ള നിയമം അനുസരിച്ച് വീടുപണിയാൻ കഴിയാത്ത അവസ്ഥയാണ്. അതുകൊണ്ട് ഈ നിയമം ഭേദഗതി ചെയ്യുകയും ഇതിനുള്ള അധികാരം പഞ്ചായത്തിൽ നിക്ഷിപ്തമാക്കുകയും ചെയ്യുക.

11. പട്ടികജാതി വിഭാഗങ്ങൾ തിങ്ങി പാർക്കുന്ന സ്ഥലങ്ങളിൽ അംഗനവാടികൾ സ്ഥാപിക്കുകയും പ്രവർത്തനരഹിതമായിരിക്കുന്ന അംഗനവാടികൾ പുനർജ്ജീവിപ്പിക്കുകയും ചെയ്യണം.

12. നെടുപുഴയിൽ പട്ടികജാതി വിഭാഗങ്ങളുടെ മുഖ്യജീവിതോപാധിയായ മത്സ്യബന്ധനം വികസിപ്പിക്കുന്നതിന് കടവ് വികസിപ്പിക്കണം.

13. കൃഷിഭൂമിയുള്ള പട്ടികജാതി ജനങ്ങളെ സംഘടിപ്പിച്ച് കൃഷിഗ്രൂപ്പുകൾ രൂപീകരിക്കുകയും അവർക്ക് കൃഷിക്ക് ആവശ്യമായ നൂതന പരിശീലനം സല്കുകയയും മുയൽവളർത്തൽ, കൂൺകൃഷി, കോഴിവളർത്തൽ, ആട്വളർത്തൽ തുടങ്ങിയ പരിശീലനംകൊടുത്ത് പ്രസ്തുത വിഭാഗങ്ങളിലെ പെൺകുട്ടികൾക്ക് ജീവിതമാർഗ്ഗം ഉണ്ടാക്കികൊടുക്കുക.

14. പട്ടികജാതി കോളനികളോടനുബന്ധിച്ച് പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ സ്ഥാപിക്കുകയും പനമുക്കിലുള്ള സർക്കാർ ഡിസ്പെൻസറി 10 കിടക്കകൾ ഉള്ള ആസ്പത്രിയായി ഉയർത്തുകയും വേണം.

15. പഞ്ചായത്തിലെ 3,4,5, എന്നീ വാർഡുകളിലെ പട്ടികജാതി കുടംബങ്ങളിലെ കുട്ടികൾ മുഖ്യമായും പ്രാഥമികവിദ്യാഭ്യാസത്തിന് പോകുന്നത് കണിമംഗലം സെൻറ് ത്രേസ്യാസ് കോൺവെൻറിലേക്കാണ്. ഈ കുട്ടികളുടെ യാത്ര റെയിൽവെട്രാക്കിൽകൂടിയാണ്. മാതമാപിതാക്കളുടെ ശ്രദ്ധതെററിയാൽ വലിയദുരന്തത്തിന് ഇടവരുത്തിയേക്കാം. അതുകൊണ്ട് റെയിൽവെലൈയിനിൻെറ പടിഞ്ഞാറെഭാഗത്ത് മണ്ണിട്ടുനികത്തിയാൽ സാമാന്യം നല്ലറോഡ് ഉണ്ടാക്കാൻ കഴിയും. ഇതിന് നല്ലരീതിയിൽ ജനങ്ങളുടെ അദ്ധ്വാനശേഷി സ്വരൂപിക്കാൻ കഴിയുന്നതാണ്. അതിനാൽ ഏറ്റവും കൂടുതൽ പരിഗണന ഉണ്ടാകണം.

16. പഞ്ചായത്തിലെ ഏക ഗവ: സ്ക്കൂൾ നെടുപുഴയിലെ ജെബിഎസ്. ആണ്. ഭൂരിഭാഗവും പട്ടികജാതി കുടുംബങ്ങളിലെ കുട്ടികളാണ് ഇവിടെ പഠിക്കുന്നത്. ഈസ്ക്കൂൾ ഏഴാം സ്റ്റാൻഡേർഡ് വരെയെങ്കിലും ഉയർത്തുകയും വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനുള്ള നടപടികൾ ഉണ്ടാക്കുകയും വേണം.




# 5-12

# വിഭവസമാഹരണം

കുർക്കഞ്ചേരി പഞ്ചായത്ത് ഒരു കാർഷിക മേഖലയാണ്. അടുത്തകാലത്ത് സമീപ തൃശൂർ പട്ടണം ഒരു വ്യാപാര കേന്ദ്രമായി പുരോഗമിപ്പിച്ചപ്പോഠം പട്ടണത്തിൽ നിന്നും ഈ പഞ്ചായത്തിലേക്ക് വലിയ അളവിൽ കുടിയേറ്റം നടന്നു. അതിൻെറ ഫലമായി പഞ്ചായത്തിലെ വളരെയേറെ കൃഷിഭൂമികഠം നികത്തി പുതിയ ഹൗസിംഗ് കോളനികഠം രൂപവൽക്കരിക്കപ്പെട്ടു. ഇത് പഞ്ചായത്തിൻെറ വീടുകളുടെ എണ്ണത്തിലും ജനസംഖ്യയിലും ഒരു കുതിച്ചുകയറ്റം തന്നെ വരുത്തി. ഈ മാറിയ സ്ഥിതി വിശേഷം കണക്കിലെടുത്തുവേണം പഞ്ചായത്തിൻെറ വികസനപ്രവർത്തനങ്ങഠംക്ക് വിഭവസമാഹരണം നടത്തേണ്ടത്. കാർഷികമേഖലയിൽ നിന്നുള്ള വിഭവങ്ങഠം കൂടാതെ അസംസ്കൃതമേഖലയിൽ പറയതക്ക വിഭവങ്ങഠം ഒന്നും ലഭ്യമല്ല. എങ്കിലും കാർഷിമേഖലയിൽ ലഭ്യമായ വിഭവങ്ങഠം പരമാവധി ഉപയോഗപ്പെടുത്തികൊണ്ടും കാർഷികേതര മേഖലയായ, വിദഗ്ധരും അവിദഗ്ധരുംമായ മനുഷ്യശക്തി വികസനപ്രവർത്തനങ്ങളിലേക്ക് തിരിച്ചുവിട്ടുകൊണ്ടും നല്ല തോതിൽ വിഭവസമാഹരണം നടത്തുന്നതിന്നു കഴിയും. കൂടാതെ ഇപ്പോഠം ലഭിച്ചുകൊണ്ടിരിക്കുന്ന നികുതി തുടങ്ങിയ വരുമാനങ്ങളിൽ എപ്രകാരം വർദ്ധനവ് വരുത്തുവാൻ കഴിയും എന്നതും ചർച്ചചെയ്യപ്പെട്ടിരിക്കുന്നു.

### പഞ്ചായത്തിൻെറ ഇപ്പോഴത്തെ മുഖ്യവരുമാന മാർഗ്ഗങ്ങൾ

ഇപ്പോഠം പഞ്ചായത്തിന്ന് ലഭിച്ചുവരുന്ന വരുമാനമാർഗ്ഗങ്ങഠം താഴെ പറയുന്നവയാണ്.

1. കെട്ടിടനികുതി
2. തൊഴിൽനികുതി
3. വിനോദനികുതി
4. ലൈസൻസ് ഫീ
5. വസ്തുകൈമാറ്റ സ്റ്റാമ്പ് ഡ്യൂട്ടിയിലെ വിഹിതം
6. സർക്കാർ ഗ്രാൻറുകളും മറ്റും

ഇതിൽ 50% ത്തിന്നു മുകളിൽ എസ്റ്റാബ്ലിഷ്മെൻറ് ചാർജ്ജുകഠംക്ക്ചിലവ് വരുന്നുണ്ട്. ശേഷിച്ച സംഖ്യയിൽ തെരുവ് വിളക്ക് വൈദ്യുതി ചാർജ്ജിലേക്ക് 17.55 ശതമാനവും ഏകദേശം അത്രതന്നെ വെള്ളത്തിനും കഴിച്ച് റിപ്പയർ, മെയിൻറനൻസ് എന്നിവയിലേക്ക് വകയിരുത്തുമ്പോഠം ബാക്കി, വികസന പ്രവർത്തനങ്ങഠംക്ക് ഫണ്ട് ലഭിക്കാതെ വരുന്നു. ഈ പ്രക്രിയ തുടരു

**പഞ്ചായത്ത് റവന്യൂ സംബന്ധിച്ച ഒരു സ്റ്റേറ്റ്മെൻറ് താഴെ കൊടുക്കുന്നു.**

| ഇനം | 95-96ൽ പിരിച്ചത് | ബാക്കി |
|---|---|---|
| 1 കെട്ടിടനികുതി | 920707.70 | 153492.30 |
| 1. തൊഴിൽനികുതി | 352255-00 | 13800-00 |
| 3. വിനോദനികുതി | 242236.05 | |
| 4. ലൈസൻസ് ഫീ | 22046-00 | 2234-00 |
| 5 വസ്തുകൈമാറ്റ നികുതി | 589904-00 | |
| 6 ഗ്രാൻറ് | 1116784.10 | |
| 7 ഡെപ്പോസിറ്റ് | 51450-00 | |

ന്നോടത്തോളം കാലം പഞ്ചായത്തിൻെറ വികസനപ്രവർത്തനങ്ങൾക്ക് പുരോഗതി കൈവരിക്കാൻ സാധ്യമല്ല. അതുകൊണ്ട് വിഭവസമാഹാരത്തിന് മാർഗ്ഗങ്ങൾ ആരായുമ്പോൾ അതു രണ്ട് തലത്തിൽ ചിന്തിക്കേണ്ടിയിരിക്കുന്നു.

1. ഇപ്പോഴുള്ള വരുമാന മാർഗ്ഗങ്ങൾ മെച്ചപ്പെടുത്തുകയും

2. പുതിയ വരുമാന മാർഗ്ഗങ്ങൾക്കുള്ള മേഖല തേടുകയും ചെയ്യുക.

ഇപ്പോൾ വരുമാന മാർഗ്ഗങ്ങൾ എങ്ങനെ മെച്ചപ്പെടുത്താം.

1. നികുതി നിർണ്ണയം മുതൽ നികുതി പിരിവ് വരെ വിവിധ ഘട്ടങ്ങളിലായി വരുന്ന അപാകതകളും പോരായ്മകളും പരിഹരിച്ച് പിരിവ് ഊർജ്ജസ്വലമാക്കുക.

2. വിനോദ നികുതികളിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന വ്യാപകമായ കുറവ് തടയുന്നതിനും പിരിവ് കൃത്യമായി ലഭിക്കുന്നതിന് നടപടികൾ എടുക്കുക.

3. പഞ്ചായത്ത് അതിർത്തിക്കുള്ളിൽ ജോലി ചെയ്യുന്നവരിൽ നിന്നും പിരിച്ചെടുക്കുന്ന തൊഴിൽ നികുതി മുഴുവൻ തൊഴിൽ ചെയ്യുന്നവനെയും ഉൾപ്പെടുത്തികൊണ്ട് പുതുക്കി നിശ്ചയിക്കുക.

4. പഞ്ചായത്ത് അതിർത്തിയിൽ പരസ്യബോർഡ് പ്രദർശിപ്പിക്കുന്നതിന് ഈടാക്കി വരുന്ന നികുതി പുതുക്കി നിശ്ചയിക്കുകയും,നികുതി പിരിവ് കർശനമാക്കുകയും ചെയ്യുക.




വീടുകളുടെ എണ്ണത്തിലെ വർദ്ധനവ് രേഖപ്പെടുത്തിയ കണക്ക്

5. മുഖ്യമായും പഞ്ചായത്തിന് നഷ്ടപ്പെട്ടു കൊണ്ടിരിക്കുന്ന വരുമാന മാർഗ്ഗം വസ്തു റജിസ്ട്രേഷൻ ഫീസിൽ നിന്നും പഞ്ചായത്തിനു ലഭിക്കേണ്ട വിഹിതമാണ് ഇന്ന്. ഈ രംഗത്ത് ഭീമമായ അട്ടിമറികളാണ് നടന്നുകൊണ്ടിരിക്കുന്നത്. സെൻറിന് 25,000 രൂപയിൽ കുറഞ്ഞ വിലക്ക് ഭൂമി ഈ പഞ്ചായത്തിൽ ലഭ്യമല്ല. എന്നാൽ റജിസ്ട്രേഷൻ കണക്കുപ്രകാരം ശരാശരി 5,000 രൂപയ്ക്ക് താഴെയാണ് ഭൂരിഭാഗം റജിസ്ട്രേഷനുകളും നടക്കുന്നത്. ഇതുമൂലം പഞ്ചായത്തിനു നഷ്ടപ്പെടുന്നത് കോടികളായേക്കാം. ഈചോർച്ച തടയുവാൻ സാധിച്ചാൽ പഞ്ചായത്തിന് തന്നെ വലിയ വികസന പ്രവർത്തനങ്ങൾ ഏറ്റെടുക്കാനവശ്യമായ ഫണ്ട് ലഭിക്കുന്നതാണ്. അതിനാൽ പഞ്ചായത്തിൽ നിന്നു തന്നെ വിവിധഭാഗങ്ങളിൽ നിലവിലുള്ള വിലകൾ അന്വേഷിച്ച് വിവിധ സ്ഥലങ്ങളിൽ അടിസ്ഥാന വിലകൾ നിശ്ചയിക്കേണ്ടതാണ്. ഇതിലും കുറഞ്ഞ വിലക്ക് നടക്കുന്ന വില്പനകൾ തടയേണ്ടതാണ്.

## പുതിയ വിഭവ സമാഹരണത്തിനുള്ള നിർദ്ദേശങ്ങൾ

1. തൃശൂർ പട്ടണത്തിൻെറ ഏറ്റവും സമീപം കിടക്കുന്ന ഈ പഞ്ചായത്തിൽ ഷോപ്പിങ്ങ് കോംപ്ലക്സോ, പൊതുമാർക്കറ്റോ നിലവിലില്ല എന്നത് വളരെ ശോചനീയമാണ്. വിവിധ വികസന ഏജൻസികളിൽ കൂടി ഇതിനാവശ്യമായ പണം വായ്പയായും ഗ്രാൻറായും ലഭിക്കുന്നതിനുള്ള സാഹചര്യം ഇന്ന് നിലവിലുണ്ട്. പഞ്ചായത്തിൻേറതായ ധാരാളം ഒഴിഞ്ഞ സ്ഥലങ്ങളും മർമ്മ പ്രധാനമായ സ്ഥാനങ്ങളിൽ ലഭ്യമാണെന്നിരിക്കെ എന്തു കൊണ്ടാണ് പഞ്ചായത്തിൻെറ വരുമാനത്തിൽ ഗണ്യമായി വന്നേക്കാവുന്ന ഷോപ്പിങ്ങ് കോപ്ലക്സും, പൊതുമാർക്കറ്റും പണിയാത്തത് എന്ന് മനസ്സിലാകുന്നില്ല. ഈ പോരായ്മ നികത്തക്കവണ്ണം പൊതു സ്ഥലങ്ങളിൽ ഷോപ്പിങ്ങ് കോംപ്ലക്സ് പണിതും, മാർക്കറ്റുകൾ പണിതും വാടകയ്ക്ക് നൽകി വിഭവ സമാഹരണം നടത്തേണ്ടതാണ്. അതിനായി താഴെ പറയുന്ന സ്ഥലങ്ങൾ മുൻഗണനാടിസ്ഥാനത്തിൽ നിശ്ചയിക്കാവുന്നതാണ്.

a. കണിമംഗലം ശ്മശാനത്തിൻെറ മുൻഭാഗത്ത് റോഡ് സൈഡിൽ 3 ഉം 4 ഉം നിലയുള്ള ഷോപ്പിങ്ങ് കോംപ്ലക്സും, അതിനു പിൻവശത്തായി ഒരു പൊതുമാർക്കറ്റും നിർമ്മിക്കേണ്ടതാണ്.

b. 11-ാം വാർഡിൽ കുരിയച്ചിറ കോയിക്കര പൈലി മകൻ കൊച്ചുവർക്കിയുടെ സ്ഥലം പഞ്ചായത്തിനു വിധിയായിട്ടുള്ളതാണ്.ഈ സ്ഥലത്ത് ആധുനിക രീതിയിൽ ഷോപ്പിങ്ങ് കോംപ്ലക്സും , പൊതു മാർക്കറ്റും പണിയാവുന്നതാണ്.

2. പഞ്ചായത്തിലെ മർമ്മ പ്രധാനമായ സ്ഥലങ്ങളിൽ ഓട്ടോറിക്ഷ, ടാക്സികാർ, മറ്റു മോട്ടോർ വാഹനങ്ങൾക്ക് വേണ്ടതായ സ്റ്റാൻറ് നിർമ്മിക്കുകയും അവിടെ പാർക്ക് ചെയ്യുന്ന വാഹനങ്ങൾക്ക് പാർക്കിങ്ങ് ഫീ ഏർപ്പെടുത്തി പിരിച്ചെടുക്കേണ്ടതാണ്.

3. പഞ്ചായത്തിൽ നിർമ്മിക്കുന്ന അഞ്ച് ലക്ഷത്തിൽ കൂടുതൽ വരുന്ന കെട്ടിടങ്ങൾക്ക് പ്രത്യേക നിർമ്മാണ നികുതി ഏർപ്പെടുത്തുകയും ആയത് സ്ലാബ് അടിസ്ഥാനത്തിൽ ഏർപ്പെടുത്തുകയും ചെയ്യുക.

ഉദാഹരണത്തിന് :-

5 ലക്ഷം മുതൽ 7 ലക്ഷം വരെ - 1/2 %

7 ലക്ഷം മുതൽ 10 ലക്ഷം വരെ 1 %

10 ലക്ഷം മുകളിൽ 1 1/2 %

4. കേബിൾ T.V കണക്ഷൻ എടുക്കുന്ന വ്യക്തികളിൽ നിന്നും കേബിൾ T.V സ്ഥാപനങ്ങളിൽ നിന്നും പ്രത്യേക നികുതി ഏർപ്പെടുത്തി ഈടാക്കേണ്ടതാണ്. ( കേബിൾ T.V കണക്ഷനുകൾ പഞ്ചായത്തിൻെറ റോഡിൽ തലങ്ങും വിലങ്ങും കേബിൾ വലിക്കുന്നത് കാരണം)

5. വീടുപണികൾക്ക് മാർബിൾ, ഗ്രേനൈറ്റ് മുതലായ ആഡംബര വസ്തുക്കൾ ഉപയോഗിക്കുന്നതിന് പ്രത്യേക നികുതികൾ ഏർപ്പെടുത്തണം.

6. വിവിധ മേഖലകളിൽ നടത്തേണ്ട വികസന പദ്ധതികൾക്ക് അതത് മേഖലകളിൽ പ്രത്യേക ജനകീയ സമിതികൾ രൂപീകരിക്കുകയും ടി ജനകീയ സമിതികൾ ഉൽപ്പന്നമായും , പണമായും സ്വരൂപിക്കുന്ന ഫണ്ടും, പഞ്ചായത്ത് ഫണ്ടും കൂടി ഉപയോഗപ്പെടുത്തുകയാണെങ്കിൽ വികസനപ്രവർത്തനങ്ങൾക്ക് പഞ്ചായത്തിനെ വിഭവ സമാഹരണത്തിന് സഹായകരമാണ്.

7. പഞ്ചായത്തിൽ ഇന്ന് നിലവിലുള്ളതും പുതിയതായി വരുന്ന ചെറുകിട വ്യാപാര സ്ഥാപനങ്ങളിൽ നിന്നും പെട്ടികടകളിൽനിന്നും ഫീസ് ഏർപപെടുത്തി പിരിച്ചെടുക്കുക.

8. പഞ്ചായത്തിൽ നിലവിലുള്ളതും ആരംഭിക്കുന്നതുമായ ഇടത്തരവും ചെറുകിടവുമായ വ്യവസായ സ്ഥാപനങ്ങളിൽ തൊഴിൽനികുതി ഏർപ്പെടുത്താത്ത ആളുകൾക്ക് തൊഴിൽ നികുതി ഏർപ്പെടുത്തി പിരിച്ചെടുക്കുക.

9. പഞ്ചായത്തിൻെറ അതിർത്തിക്കുള്ളിലുള്ള കുളങ്ങളിലും ചതുപ്പു നില പ്രദേശങ്ങളിലും മത്സ്യ കൃഷി ചെയ്യുവാൻ വേണ്ട നടപടികൾ എടുത്തുകൊണ്ട് വരുമാനം വർദ്ധിപ്പിക്കുക.

10. 5-ാം വാർഡിൽ മദാമ്മ തോപ്പിലേക്കുള്ള ജലപാത ഇപ്പോൾ ഉപയോഗ്യശൂന്യമായി കിടക്കുകയാണ്. എല്ലാ കാലങ്ങളിലും ശുദ്ധജലം ലഭ്യമായ ജലപാതയിൽ വലിയ തോതിൽ മത്സ്യ കൃഷി ചെയ്യുവാൻ സാധിക്കുന്നതാണ്. പഞ്ചായത്തിൽ നിന്നുംനേരിട്ടോ സഹകരണ അടിസ്ഥാനത്തിലോ ഇതിനു വേണ്ട ഒരു പദ്ധതി ഉണ്ടാക്കുന്ന പക്ഷം പഞ്ചായത്തിലേക്ക് വലിയൊരു വരുമാനം ഉണ്ടാക്കാവുന്നതാണ്.

11. വിഭവസമാഹരണത്തെ കുറിച്ച് പരിചിന്തിക്കുമ്പോൾ മുകളിൽ പ്രതിപാദിച്ചതായ നേരിട്ട വരുമാന വർദ്ധനവിനു പുറമേ പഞ്ചായത്തിലെ 1000 കണക്കിനുള്ള സ്കൂൾ വിദ്യാർത്ഥിനികളുടെയും, യുവജനങ്ങളുടേയും മനുഷ്യ വിഭവശേഷി ഉപയോഗപ്രദമാക്കുന്നതിനെ സംബന്ധിച്ച് കാര്യമായ പരിഗണനന നൽകേണ്ടതാണ്. വികസന പ്രവർത്തനങ്ങളിൽ ഈ മനുഷ്യവിഭവശേഷി ശരിയായി ഉപയോഗപ്പെടുത്തുവാൻ സാധിച്ചാൽ അത് ജനകീയ പങ്കാളിത്തത്തിൻെറ ഉത്തമമായൊരു മാതൃകയായി. ഇതിലേക്കു വേണ്ടി പഞ്ചായത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ സന്നദ്ധസേനകൾ, ക്ലബുകൾ മുതലായ ഏജൻസികളിൽ നിന്നും സഹകരണം ലഭ്യമാക്കേണ്ടതാണ്.

13. വിഭവസമാഹരണത്തിൽ പഞ്ചായത്തിൽ നിന്നും ലഭ്യമായ അസംസ്കൃത വിഭവങ്ങൾ ശേഖരിക്കുകയും അതിൻെറ ഉചിതമായ ഉപയോഗം ഉറപ്പാക്കുകയും വേണം. ഈ പഞ്ചായത്തിനെ സംബന്ധിച്ച് ലഭ്യമായ അസംസ്കൃത വസ്തുക്കൾ കാർഷിക മേഖലയിൽനിന്നുള്ള വിഭവങ്ങളാണ് ഇതിൽ മുഖ്യമായത് നെല്ല്, നാളികേരം മുതലായവയാണ്. ഈ വിഭവങ്ങൾ സമാഹരിച്ച് പ്രോസസ്സിങ്ങ്നടത്തി ഈ പഞ്ചായത്ത് അതിർത്തിയിലേക്ക് വേണ്ടതായ അരി, വെളിച്ചെണ്ണ മുതലായത് ഉൽപ്പാദിപ്പിക്കുന്നതിനും അതുമൂലം പഞ്ചായത്തിലേക്ക് ഒരു വരുമാന മാർഗ്ഗം കണ്ടെത്തുകയും വേണം.

14. പഞ്ചായത്തിൻെറ മുൻസിപ്പൽ വക അറവുശാലയിൽ നിന്നും നല്ലൊരു സംഖ്യ ലൈസൻസ് ഫീസ് ഈടാക്കേണ്ടതാണ്. ഇപ്പോൾ എന്തുകൊണ്ടാണ് ചെയ്യാത്തതെന്ന് മനസ്സിലാകുന്നില്ല, അതിനാൽ ഫീസ് ഈടാക്കുവാനുള്ള നടപടികൾ കൈകൊള്ളേണ്ടതാണ്.

15. പഞ്ചായത്തിൻെറ ചിലവുകളിൽ ചുരുക്കാവുന്ന ചിലവുകളെ സംബന്ധിച്ച് പഞ്ചായത്ത് തന്നെ വിലയിരുത്തുകയും ചിലവ് ചുരുക്കലിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

മേൽ നിർദ്ദേശങ്ങളെല്ലാം കൂടുതൽ വിദഗ്ധമായ സമിതികൾ പരിഗണിക്കേണ്ടതുണ്ട്. ഇതിനു വേണ്ടതായ നടപടികൾ പഞ്ചായത്തു തന്നെ കൈകൊള്ളേണ്ടാതാണ്.



ഭാരതത്തിൻെറ ആത്മാവ്
ഗ്രാമങ്ങളിൽ ജീവിക്കുന്നു.
മഹാത്മാ ഗാന്ധി

# 6

# ഉപസംഹാരം

കഴിഞ്ഞ കാലാനുഭവങ്ങളുടെ ബാക്കി പത്രം നമ്മെ പഠിപ്പിക്കുന്നത് ഇതുവരെ തുടർന്നതും നിലവിലുള്ളതുമായ വികസന സമീപനങ്ങൾ അശാസ്ത്രീയമായിരുന്നു എന്നതാണ്. വികസനമെന്നാൽ റോഡും, പാലവും, വെള്ളവും മാത്രമാണെന്ന അബദ്ധ ജടില ധാരണകൾ ജന സമൂഹത്തിന്റെ ബുദ്ധിയിലും ചിന്തയിലും കടന്നു കൂടിയിട്ട് കാലമേറെയായി. അതുകൊണ്ട് കാർഷികം വ്യവസായം തുടങ്ങിയ വികസന മേഖലകളിലെ ഉൽപ്പാദനവും ഉൽപ്പാദനക്ഷമ തയും വർദ്ധിപ്പിക്കുക, നീതിപൂർവ്വമായ വിതരണം നടത്തുകഎന്നീ മൗലിക വീക്ഷണത്തിന്റെ ആത്യന്തിക ലക്ഷ്യം നമുക്കന്യമായി. വികസനത്തിന്റെ ഇത്തരം നൈതിക മൂല്യങ്ങളെ മാറ്റി നിർത്തുന്നതും വികസനേതര താല്പര്യങ്ങൾ സംരക്ഷിക്കുന്നതും ഡിപ്പാർട്ടുമെന്റുകളുടെ സങ്കുചിത കാഴ്ചപ്പാടുകളായി. കൂട്ടത്തിൽ കൂടപ്പിറപ്പായ അഴിമതിയും സർവ്വ സാധാരണമാവുകയും ചെയ്തു. ഇതൊക്കെ ജനവിരുദ്ധമല്ലെ? എന്ന ചോദ്യത്തിനുത്തരം 'അതെ' എന്നു തന്നെയാണ്. ഇത്തരം അലോസരങ്ങളിൽ നിന്ന് എങ്ങനെ വികസനരംഗം വിമുക്തമാക്കാമെന്നുള്ള ഉൾക്കാഴ്ച്ചയും വികസന പ്രക്രിയ പ്രോജ്വലമാക്കണമെന്ന ദൃഢനിശ്ചയവും ഉണ്ടാകേണ്ടിയിരിക്കുന്നു.

പണമില്ലാതെ വികസനം സാദ്ധ്യമല്ല. ധന സമാഹരണത്തിന് പുതിയ രീതികളവലംബിക്കാൻ ഗ്രാമപഞ്ചായത്തിന് കഴിയണം. സർക്കാരേതര ഏജൻസികളെ കണ്ടെത്തി പറ്റിയ പദ്ധതികൾ സമർപ്പിച്ച് ഫണ്ട് ശേഖരിക്കൽ ഏറ്റവും പ്രാധാന്യമർഹിക്കുന്നു.

പദ്ധതികൾ നടപ്പിൽ വരുത്തുമ്പോൾ നിരവധി തർക്കവിതർക്കങ്ങൾ സാമൂഹ്യ രാഷ്ട്രീയ രംഗങ്ങളിൽ ഉണ്ടാവുക സ്വാഭാവികമാണ്. പ്രശ്നങ്ങൾ മനോനിഷ്ഠമായി വിലയിരുത്താതിരിക്കുകയും വസ്തു നിഷ്ഠമായി തെളിവുകളുടെ അടിസ്ഥാനത്തിൽ വിലയിരുത്തുകയുമാണ് ഇതിനുള്ള ഏക പോം വഴി. അതോടെ തർക്കങ്ങളില്ലാതാവുകയും ഐക്യം വർദ്ധിക്കുകയും ചെയ്യും. വിവിധ സർവ്വേ റിപ്പോർട്ടുകൾ വിഭവ ഭൂപടങ്ങൾ എന്നിവ വസ്തു നിഷ്ഠ അറിവുകളാണ്. പ്രകൃതി വിഭവങ്ങളും മനുഷ്യവിഭവങ്ങളും പ്രയോജനപ്പെടുത്തി ചരിത്ര സാഹചര്യ ബന്ധങ്ങളെ നിഷ്കൃഷ്ടമായി വിശകലനംചെയ്ത് പ്രായോഗിക ബുദ്ധിയോടെ പദ്ധതികൾ രൂപപ്പെടുത്തേണ്ടിയിരിക്കുന്നു. ജനകീയവും കാര്യക്ഷമവുമായ മാനദണ്ഡങ്ങളെ ആസ്പദമാക്കിയാവണം മുൻഗണന നിശ്ചയിക്കേണ്ടത്. അത് നിർണ്ണയിക്കാനും പദ്ധതികൾ നടപ്പിലാക്കാനുമുള്ള പ്രതിബദ്ധത ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമാണ്.

സർക്കാരേതര ഏജൻസികളിൽ നിന്ന് പരമാവധി ധനം സമാഹരിക്കാനുള്ള ജാഗ്രത പാലിക്കേണ്ടതുണ്ട്. അവരുടെ നിബന്ധനകൾ പഠിച്ച് അതാത് വിഷയങ്ങളിൽ പ്രോജക്റ്റുകൾ സമർപ്പിക്കുന്നതിന് വിദഗ്ദ്ധരുൾപ്പെടുന്ന കർമ്മ സമിതി സ്ഥിരമായി പ്രവർത്തിക്കേണ്ടത് അനിവാര്യമാണ്. ചുവട്ടിൽ നിന്ന് മുകളിലേക്കുള്ള ആസൂത്രണത്തിന്റെ ഈ ദിശാമാറ്റം ജനാധിപത്യപരമായ നേട്ടമായി പരിഗണിക്കുന്നതോടൊപ്പം മാത്രമാണ് വികസന മുന്നേറ്റം നേടാനാവുന്നത്. ഇത് ജനതയുടെ ആഗ്രഹാഭിലാഷങ്ങളെ പ്രചോദിപ്പിക്കാനുതകുന്ന കേവല പാഴ്വേലയല്ല. മറിച്ച് ജനകോടികൾക്കുപകാര പ്രദമായ ജനകീയ പദ്ധതികൾ ദ്രുതഗതിയിൽ ഫലപ്രദമായി നടപ്പാക്കാനുള്ള ഒരു സാമൂഹ്യോപാധിയാണ്. അതുകൊണ്ട് "സമഗ്ര വികസന രേഖ" ഗൗരവപൂർവ്വം വിചിന്തനം ചെയ്യുവാനും സംപുഷ്ടമാക്കുവാനും സമ്പൂർണ്ണമായി നടപ്പിലാക്കാനുമുള്ളകടമ നമുക്കുണ്ട്. ഇതിന് സമൂഹം ഒന്നിക്കണം; കക്ഷി രാഷ്ട്രീയങ്ങൾക്കപ്പുറത്ത് രൂപപ്പെടുന്ന ഒരു പുത്തൻ വികസന രാഷ്ട്രീയവും അതിൽ നിന്ന് യഥാർത്ഥ ജനകീയ രാഷ്ട്രീയവും ഉയർന്നു വരും. അത്തരത്തിലുള്ള "ജനശക്തിയ്ക്കു മാത്രമേ ഗ്രാമവികസനത്തിന്റെ പുത്തൻ ചക്രവാളങ്ങൾ നിർമ്മിക്കാൻ കഴിയൂ. അനതിവിദൂരഭാവിയിൽ നമ്മുടെ മഹത് പ്രതീക്ഷകൾ സഫലമാക്കാൻ കഴിയുമെന്ന പ്രത്യാശയോടെ, പരിപൂർണ്ണമായ ഒരു രേഖയാണിതെന്ന് അവകാശപ്പെടാതെ, പരിമിതികൾ നിരവധിയുണ്ടെന്ന ഉത്തമബോധ്യത്തോടെ വിശദമായ ചർച്ചയ്ക്കും വിശകലനത്തിനും വേണ്ടി ഈ "സമഗ്ര വികസന രേഖ" കൂർക്കഞ്ചേരി ഗ്രാമപഞ്ചായത്ത് വികസന സെമിനാറിന്നു മുമ്പിൽ സമർപ്പിക്കുന്നു.

## വികസനരേഖ തയ്യാറാക്കിയ കോർ ഗ്രൂപ്പ്

**കൃഷി ജലസേചനം**

രാജൻ പാറമേൽ (കൺവീനർ)
പി.കെ. സരസ്വതി
എം.കെ. വാസു

**മൃഗസംരക്ഷണം മത്സ്യബന്ധനം**

എം.കെ. ബാലകൃഷ്ണൻ (കൺവീനർ)
എം.എസ്. ശങ്കരനാരായണൻ

**വ്യവസായം**

കെ.എക്സ്. ജോസ് (കൺവീനർ)
ഇ.എം. അഷറഫ്
കെ.കെ. ബാബു
റാഫേൽ

**വിദ്യാഭ്യാസം**

ജയകുമാർ.പി.ആർ (കൺവീനർ)
സന്ദേശ് പി.വി.
സാവിത്രി കെ.എ.
റീന ജോസ് പാല്യേക്കര
ശിവനാഥൻ
സി.എസ്സ്.സന്തോഷ്

**കുടിവെള്ളവും പൊതുജനാരോഗ്യവും**

ടി.വി. സുകുമാരൻ (കൺവീനർ)
ശ്രീകുമാർ
അനിയൻ ചേക്കാട്ടിൽ

**ഊർജ്ജം, ഗതാഗതം, മാർക്കറ്റ്**

സദാനന്ദൻ, കെ. ആർ. (കൺവീനർ)
പി.എം. ശശിധരൻ
അനിൽകുമാർ സി.പി
പി.വി. നാരായണൻ നായർ
എൻ. സുകുമാരൻ ആശാരി
വർഗ്ഗീസ് പി.എ

**പാർപ്പിടം സാമൂഹ്യക്ഷേമം**

ദാസ് നെടുപുഴ (കൺവീനർ)
ഉഷാ ശശിധരൻ
സനിഷ് കെ.എൻ.

**സംസ്കാരം**

അനിൽകുമാർ ടി.യു. (കൺവീനർ)
ആൻറണി കൊള്ളന്നൂർ
അഭിമാലിക് വി.എസ്
ചന്ദ്രഹാസൻ

**സ്ത്രീപദവി**

ഗ്രേയ്സ് എം.ഡി. (കൺവീനർ)
വസന്താ മുരളീധരൻ
പി.പി. ഡേവിസ്

**സഹകരണം**

പി.കെ. ജനാർദ്ദനൻ (കൺവീനർ)
രാജൻ കൈമാം
കെ.സി. കുമാരൻ

**പട്ടികജാതി പട്ടികവർഗ്ഗ വികസനം**

എൽസി ജോൺ (കൺവീനർ)
വത്സല സി.കെ.
കെ.എസ്.സഹദേവൻ

**വിഭവസമാഹരണം**

എം.എൻ. കേശവൻ (കൺവീനർ)
പി.ആർ. വിത്സൻ

**നാട്ടറിവ് ചരിത്രം**

കെ.കെ. കൊച്ചാമിമാസ്റ്റർ
ടി.പി. വിജയരാഘവൻ

Type setting - Haritha, Thrissur 8, Printing - Pioneer, Pattikad, Cover - Phoneix, R.V.Puram

അധികാരം ജനങ്ങളിലേക്ക്



൯-ാം പദ്ധതി ജനകീയ പദ്ധതി